Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 8 / Pages32
16
സെപ്റ്റംബർ 2026
ബുധനാഴ്ച
1202 ചിങ്ങം 31

www.vachakam.com
news@vachakam.com
canada@vachakam.com

# ഫെഡറൽ റിസർവിന്റെ സർജിക്കൽ സ്‌ട്രൈക്ക്: യുഎസിൽ പലിശനിരക്ക് ഉയർന്നു; ആഗോള വിപണിയിൽ ആശങ്ക



യുഎസ് ഫെഡറൽ റിസർവ് അടിസ്ഥാന പലിശ നിരക്കിൽ 0.25 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയത് ആഗോള സാമ്പത്തിക രംഗത്ത് വലിയ ചർച്ചകൾക്ക് വഴി തുറന്നിരിക്കുകയാണ്. 2023 ജൂലൈക്ക് ശേഷം ഇതാദ്യമായാണ് ഫെഡറൽ റിസർവ് ഇത്തരമൊരു കടുത്ത തീരുമാനത്തിലേക്ക് കടക്കുന്നത്. മിഡിൽ ഈസ്റ്റിലെ യുദ്ധ സാഹചര്യങ്ങളും ഇന്ധനവില വർദ്ധനവും മൂലം അമേരിക്കയിൽ ഓഗസ്റ്റിലെ പണപ്പെരുപ്പം 3.4 ശതമാനത്തിലേക്ക് ഉയർന്നതാണ് കേന്ദ്ര ബാങ്കിനെ ഈ നീക്കത്തിന് പ്രേരിപ്പിച്ചത്. പണപ്പെരുപ്പം 2 ശതമാനത്തിലേക്ക് താഴ്ത്തുക എന്ന ലക്ഷ്യത്തോടെ ചെയർമാൻ കെവിൻ വാർഷിന്റെ നേതൃത്വത്തിലാണ് സമിതി ഈ തീരുമാനമെടുത്തത്. ഈ പലിശ വർദ്ധനവ് അമേരിക്കയിലെ സാധാരണക്കാരായ പൗരന്മാരുടെ നിത്യ ജീവിതത്തെ നേരിട്ട് ബാധിക്കും. വ്യക്തിഗത വായ്പകൾ, വാഹന വായ്പകൾ, ക്രെഡിറ്റ് കാർഡ്

ശേഷം പേജ് 8ൽ

പാപം ചെയ്തവർ കല്ലെറിയുമ്പോൾ (സി. രാധാകൃഷ്ണൻ എഴുതുന്നു) ...................... പേജ് 05

ഇനിയും തിളങ്ങുമോ ചെന്താരകം ? ...................... പേജ് 14

വയോജന സൗഹൃദത്തിന്റെ സ്‌കാൻഡിനേവിയൻ സ്വപ്നവുമായി കേരളം ...................... പേജ് 15

മോഹൻലാൽ സിനിമയിലേക്ക് ...................... പേജ് 18

പി.ബി.ക്കും ബേബിക്കും ഹൈവോൾട്ടേജ് ഗോവിന്ദന് പവർകട്ട് ! ...................... പേജ് 24

## കാനഡയ്ക്കുള്ള യൂറോപ്യൻ യൂണിയന്റെ 'അസോസിയേറ്റ് അംഗത്വ' ഓഫറും ട്രംപിന്റെ മുന്നറിയിപ്പുകളും

# സാമ്പത്തിക യുദ്ധം പ്രഖ്യാപിക്കുമോ?



അന്താരാഷ്ട്ര നയതന്ത്ര റിപ്പോർട്ടുകൾ പ്രകാരം, ട്രാൻസ് അറ്റ്ലാന്റിക് മേഖലയിൽ വലിയ തരത്തിലുള്ള രാഷ്ട്രീയ മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ, കാനഡയ്ക്ക് യൂറോപ്യൻ യൂണിയന്റെ ആദ്യത്തെ 'അസോസിയേറ്റ് മെമ്പർ' പദവി വാഗ്ദാനം ചെയ്തതും, കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ഗവൺമെന്റ് ബ്രിട്ടന്റെ നേതൃത്വത്തിലുള്ള 'ജോയിന്റ് എക്സ്പെഡിഷനറി ഫോഴ്സ്' എന്ന സൈനിക സഖ്യത്തിൽ ചേരാൻ ഔദ്യോഗികമായി അപേക്ഷിച്ചതുമാണ് വൻശക്തി തർക്കങ്ങൾക്ക് വഴിമരുന്നിട്ടിരിക്കുന്നത്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഈ നീക്കങ്ങൾക്കെതിരെ അതിരൂക്ഷമായി പ്രതികരിക്കുകയും, കാനഡയെ ഇയു അസോസിയേറ്റ് അംഗമാക്കാൻ അനുമതി നൽകുന്നത് അമേരിക്കയ്ക്ക് നേരെ നടത്തുന്ന 'ശത്രുതാപരമായ നടപടിയായി' കാണുമെന്ന് മുന്നറിയിപ്പ് നൽകു

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്‌സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്‌കാൻ ചെയ്യൂ

# 177 ബില്യൺ ഡോളറിന്റെ കേന്ദ്ര ഫണ്ട് വെട്ടിച്ചുരുക്കി ട്രംപ് ഭരണകൂടം! ആഘാതത്തിൽ എല്ലാ അമേരിക്കൻ സംസ്ഥാനങ്ങളും!

അമേരിക്കയിലെ പുതിയ ട്രംപ് ഭരണകൂടത്തിന് കീഴിൽ രാജ്യത്തെ അമ്പത് സംസ്ഥാനങ്ങൾക്കുമുള്ള കേന്ദ്ര സഹായ ഫണ്ടുകളിൽ വൻ വെട്ടിക്കുറവുകൾ വരുത്തിയതായി ഞെട്ടിക്കുന്ന റിപ്പോർട്ട്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അധികാരം ഏറ്റെടുത്തതിന് ശേഷം വിവിധ പദ്ധതികൾക്കായി മാറ്റിവെച്ചിരുന്ന 177 ബില്യൺ ഡോളറിന്റെ ഫണ്ടുകളാണ് മരവിപ്പിക്കുകയോ നിർത്തലാക്കുകയോ വൈകിപ്പിക്കുകയോ ചെയ്തിരിക്കുന്നത്.

'സ്റ്റേറ്റ്സ് യുണൈറ്റഡ് ഡെമോക്രസി സെന്റർ', 'ഗ്രാന്റ് വിറ്റ്നസ്' എന്നീ ഗവേഷണ സംഘടനകൾ സംയുക്തമായി പുറത്തുവിട്ട പുതിയ ട്രാക്കിംഗ് വിവരങ്ങളിലാണ് ഈ നിർണായക കണക്കുകൾ വ്യക്തമാക്കുന്നത്. അമേരിക്കയിലെ ഫെഡറൽ ഭരണകൂടത്തിന്റെ വിവേചനാധികാര ഫണ്ടിന്റെ ഏകദേശം 10 ശതമാനത്തോളം വരുന്ന തുകയാണ് ഇത്തരത്തിൽ തടഞ്ഞുവെക്കപ്പെട്ടിരിക്കുന്നത്.

ആരോഗ്യം, പോഷകാഹാരം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം തുടങ്ങിയ പ്രധാന മേഖലകളെയാണ് ഈ തീരുമാനം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത്. വികസന പദ്ധതികൾ പെട്ടെന്ന് നിലച്ചതോടെ പ്രാദേശിക തലത്തിൽ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും തടസ്സപ്പെട്ടിട്ടുണ്ട്.



അമേരിക്കയിലെ ചരിത്രത്തിൽ ഭരണമാറ്റം നടക്കുമ്പോൾ ഉണ്ടാകുന്ന സാധാരണ ഫണ്ട് വ്യതിയാനങ്ങളേക്കാൾ വളരെ വലുതാണ് നിലവിലെ നടപടികളെന്നാണ് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്. ഇത് രാജ്യത്തെ സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

കാലിഫോർണിയ, ടെക്സാസ്, ന്യൂയോർക്ക്, ഇല്ലിനോയി, നോർത്ത് കരോലിന എന്നീ സംസ്ഥാനങ്ങൾക്കാണ് ഏറ്റവും വലിയ തുകയുടെ ഫണ്ട് തടസ്സപ്പെട്ടത്. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ഈ പ്രമുഖ സംസ്ഥാനങ്ങളിൽ വലിയ പദ്ധതികൾ ഇതോടെ അനിശ്ചിതത്വത്തിലായി.

മിഷിഗണിൽ ഗർഭിണികളുടെയും അമ്മമാരുടെയും ആരോഗ്യ പരിപാലനത്തിനായുള്ള പദ്ധതികളുടെ ഫണ്ടുകൾ മരവിപ്പിച്ചു. മിസിസിപ്പിയിൽ വിദ്യാഭ്യാസ ഗവേഷണങ്ങൾക്കുള്ള സഹായവും അയോവയിൽ ന്യൂനപക്ഷ കർഷകർക്ക് ലഭിക്കേണ്ട ധനസഹായങ്ങളും തടസ്സപ്പെട്ടവയിൽ ഉൾപ്പെടുന്നു.

ഫെഡറൽ സർക്കാരിന്റെ വൻകിട ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം ഫണ്ട് വെട്ടിക്കുറയ്ക്കലുകൾ നടപ്പിലാക്കുന്നതെന്നാണ് വൈറ്റ് ഹൗസുമായി ബന്ധപ്പെട്ട വൃത്തങ്ങൾ നൽകുന്ന സൂചന. എങ്കിലും ഓരോ സംസ്ഥാനങ്ങൾക്കും ലഭിക്കേണ്ട ഫണ്ടുകളിൽ വന്ന ഈ തടസ്സം പ്രാദേശിക ഭരണകൂടങ്ങൾക്ക് വലിയ തലവേദന സൃഷ്ടിക്കുന്നു.

വിവിധ ഫെഡറൽ ഏജൻസികളിൽ നിന്ന് നൽകുന്ന ഗ്രാന്റുകൾ തടഞ്ഞുവെച്ചതിനെതിരെ ചില സംസ്ഥാനങ്ങൾ കോടതികളെ സമീപിച്ചിട്ടുണ്ട്. ഏതാനും കേസുകളിൽ ട്രംപ് ഭരണകൂടത്തിന്റെ ഉത്തരവുകൾക്കെതിരെ കോടതികൾ വിധിക്കുകയും ഫണ്ടുകൾ തിരികെ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ജനങ്ങൾക്ക് തങ്ങളുടെ സംസ്ഥാനങ്ങളിൽ എത്രത്തോളം ഫണ്ട് വെട്ടിക്കുറച്ചു എന്ന് കൃത്യമായി മനസ്സിലാക്കാൻ 'ലോസ്റ്റ് ഫണ്ട്സ്' എന്ന പേരിൽ ഒരു പൊതു ഡാറ്റാബേസും ഗവേഷകർ പുറത്തിറക്കിയിട്ടുണ്ട്. ഔദ്യോഗിക വിവരങ്ങൾ പരിശോധിച്ചാണ് ഈ പോർട്ടൽ തയ്യാറാക്കിയിരിക്കുന്നത്.

കർഷകർ, വിദ്യാർത്ഥികൾ, ദുരന്ത ബാധിതർ തുടങ്ങിയ സമൂഹത്തിലെ വിവിധ തുറകളിലുള്ള ആളുകളെ ഈ തീരുമാനം നേരിട്ട് ബാധിക്കുന്നുണ്ട്. പണം ലഭിക്കാത്തതിനെ തുടർന്ന് ചില ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും മന്ദഗതിയിലായി. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾ രാജ്യത്തിന്റെ ധനകാര്യ മേഖലയെ സുതാര്യമാക്കാൻ ഉദ്ദേശിച്ചുള്ളതാണെന്ന് അനുകൂലികൾ വാദിക്കുമ്പോൾ, ഇത് പൗരന്മാരുടെ അടിസ്ഥാന സൗകര്യങ്ങളെ തകർക്കുന്നുവെന്നാണ് എതിരാളികൾ ആരോപിക്കുന്നത്.

നിയമപോരാട്ടങ്ങളും നയതന്ത്ര ചർച്ചകളും തുടരുന്ന സാഹചര്യത്തിൽ വരും മാസങ്ങളിൽ കൂടുതൽ ഫണ്ടുകൾ മരവിപ്പിക്കപ്പെടാൻ സാധ്യതയുണ്ടെന്നാണ് വിവരങ്ങൾ നൽകുന്ന സൂചന. വിഷയത്തിൽ വരും ദിവസങ്ങളിൽ യുഎസ് രാഷ്ട്രീയത്തിൽ കൂടുതൽ തർക്കങ്ങൾ ഉയർന്നേക്കും.

അമേരിക്കൻ വിപണിയിലും സംസ്ഥാന ബജറ്റുകളിലും ഈ തീരുമാനം ഉണ്ടാക്കുന്ന തരംഗങ്ങൾ പ്രകടമാണ്. വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ ബാക്കി ലഭിക്കേണ്ട ഫണ്ടുകൾ നേടിയെടുക്കാൻ സംസ്ഥാനങ്ങൾ നിയമവഴികൾ തേടുകയാണ്.

ഫെഡറൽ ഫണ്ടുകളെ മാത്രം ആശ്രയിച്ചു പ്രവർത്തിക്കുന്ന നിരവധി സന്നദ്ധ സംഘടനകളും ഇതോടെ സാമ്പത്തിക പ്രതിസന്ധിയിലായിട്ടുണ്ട്. തടഞ്ഞുവെച്ച ധനസഹായങ്ങൾ പുനഃസ്ഥാപിക്കാൻ ജനപ്രതിനിധികളും ശക്തമായ സമ്മർദ്ദം ചെലുത്തുന്നു. ഭാവിയിൽ ഭരണകൂടം സ്വീകരിക്കുന്ന തീരുമാനങ്ങളെ ആശ്രയിച്ചായിരിക്കും ഈ പദ്ധതികളുടെ തുടർചലനങ്ങൾ. യുഎസ് ധനകാര്യ വിപണിയിലെ ഈ അസ്ഥിരത ആഗോള തലത്തിലും ശ്രദ്ധ നേടുന്നുണ്ട്.

# നികുതി വെട്ടിക്കുറയ്ക്കുമെന്ന പ്രതീക്ഷകൾ തെറ്റിച്ച് ഫെഡറൽ റിസർവ്: സ്വന്തം അപ്പോയിന്റിക്കെതിരെ പൊട്ടിത്തെറിച്ച് ഡൊണാൾഡ് ട്രംപ്

അമേരിക്കയിൽ അടിസ്ഥാന പലിശനിരക്കുകൾ കാൽ ശതമാനം ഉയർത്തിയ ഫെഡറൽ റിസർവ് നടപടിയ്ക്കെതിരെ കടുത്ത അമർഷം പ്രകടിപ്പിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഫെഡറൽ റിസർവ് ചെയർമാനായി താൻ തന്നെ നാമനിർദ്ദേശം ചെയ്ത കെവിൻ വാർഷിന്റെ തീരുമാനത്തെ തള്ളിക്കൊണ്ടാണ് ട്രംപ് ശക്തമായി രംഗത്തെത്തിയിരിക്കുന്നത്. പലിശനിരക്ക് കുറയ്ക്കുമെന്ന ഭരണകൂടത്തിന്റെ പ്രതീക്ഷകൾ തകിടം മറിച്ചുകൊണ്ടാണ് യുഎസ് ഫെഡറൽ റിസർവ് സമിതി ഏകകണ്ഠമായി പലിശനിരക്ക് ഉയർത്താൻ തീരുമാനിച്ചത്. മൂന്ന് വർഷത്തിന് ശേഷമാണ് ഫെഡറൽ റിസർവ് രാജ്യത്തെ വായ്പാ പലിശനിരക്കുകളിൽ ഈ രീതിയിലുള്ള വർദ്ധനവ് വരുത്തുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com
E-Paper reading
visit vachakam.com
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

ഫെഡറൽ റിസർവിന്റെ മാൻഡേറ്റിനെയും പുതിയ തീരുമാനത്തെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലൂടെ ട്രംപ് കടുത്ത ഭാഷയിൽ വിമർശിച്ചു. രാജ്യത്തെ വായ്പാ പലിശനിരക്ക് ഒരു ശതമാനമോ അതിലും താഴെയോ ആയി അടിയന്തിരമായി വെട്ടിക്കുറയ്ക്കണമെന്ന് ട്രംപ് പരസ്യമായി ആവശ്യപ്പെട്ടു.

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ ലോകത്തിലെ ഏറ്റവും മികച്ച ക്രെഡിറ്റ് പിന്തുണയുള്ള സുരക്ഷിതമായ ഒന്നായാണ് ട്രംപ് വിശേഷിപ്പിച്ചത്. രാജ്യത്തേക്ക് വൻതോതിലുള്ള വിദേശ നിക്ഷേപങ്ങൾ ഒഴുകിയെത്തുമ്പോൾ ഉയർന്ന പലിശനിരക്ക് ബിസിനസ്സ് മേഖലയ്ക്ക് തിരിച്ചടിയാകുമെന്ന് ട്രംപ് വാദിക്കുന്നു. മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അമേരിക്കൻ വ്യാപാര മേഖല തിരിച്ചടി നേരിടുന്നതിന് കാരണം ഉയർന്ന പലിശനിരക്കാണെന്നാണ് ട്രംപിന്റെ ആരോപണം. ബാങ്കിംഗ് മേഖലയിൽ വലിയ സാമ്പത്തിക പരിഷ്കാരങ്ങൾ അത്യാവശ്യമാണെന്നും അദ്ദേഹം കുറിച്ചു.

അതേസമയം രാജ്യത്ത് നിലനിൽക്കുന്ന കടുത്ത പണപ്പെരുപ്പം നേരിടാൻ പലിശനിരക്ക് ഉയർത്തുകയല്ലാതെ മറ്റ്



മാർഗ്ഗങ്ങളില്ലെന്ന് ഫെഡറൽ റിസർവ് ചെയർമാൻ കെവിൻ വാർഷ് വ്യക്തമാക്കി. പണപ്പെരുപ്പം രണ്ട് ശതമാനത്തിലേക്ക് എത്തിക്കുകയാണ് കേന്ദ്ര ബാങ്കിന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. യുഎസ് വിപണിയിൽ ഇന്ധനവില കുതിച്ചുയരുന്നതും രാജ്യാന്തര തലത്തിലുള്ള യുദ്ധ അനിശ്ചിതത്വങ്ങളുമാണ് നിലവിലെ പണപ്പെരുപ്പത്തിന് കാരണം. ഇതോടൊപ്പം ട്രംപ് ഭരണകൂടം കൊണ്ടുവന്ന കടുത്ത ഇറക്കുമതി തീരുവകളും വിലക്കയറ്റത്തിന് ആക്കം കൂട്ടിയതായി സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

താൻ ചുമതലപ്പെടുത്തിയ സമിതിയായതിനാൽ കേന്ദ്ര ബാങ്കിന്റെ തീരുമാനത്തിൽ തനിക്ക് അസംതൃപ്തിയുണ്ടെങ്കിലും വിപണിയുടെ സ്വയംഭരണ അവകാശത്തെ മാനിക്കുന്നതായി ട്രംപ് പറഞ്ഞു. എങ്കിലും കേന്ദ്ര ബാങ്കിന്റെ നിലപാടുകൾ രാഷ്ട്രീയപരമായി പ്രേരിതമാണെന്ന ആരോപണം അദ്ദേഹം ഉന്നയിച്ചു.

യുഎസിനോട് വലിയ വ്യാപാര മിച്ചം പുലർത്തുന്ന രാജ്യങ്ങളുമായുള്ള ഇടപാടുകൾ നിർത്തലാക്കുമെന്ന മുന്നറിയിപ്പും ട്രംപ് ആവർത്തിച്ചിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് സമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും പണപ്പെരുപ്പം കുറയ്ക്കാനുള്ള കടുത്ത തീരുമാനങ്ങളോട് അനുകൂലമായാണ് വോട്ട് ചെയ്തത്. അടുത്ത മാസങ്ങളിലും ഇതിന് സമാനമായ വർദ്ധനവ് വിപണിയിൽ ഉണ്ടായേക്കാമെന്ന് സാമ്പത്തിക സമിതി സൂചന നൽകുന്നു.

പലിശനിരക്ക് ഉയർതോടെ അമേരിക്കൻ വിപണിയിലെ ഓഹരി സൂചികകളിൽ ഇടിവ് രേഖപ്പെടുത്തി. ഉപഭോക്തൃ വായ്പകളും ക്രെഡിറ്റ് കാർഡ് കുടിശ്ശികകളും കൂടുതൽ ചെലവേറിയതായി മാറുമെന്ന ആശങ്കയിലാണ് യുഎസ് പൗരന്മാർ. നിർണ്ണായകമായ ഇടക്കാല തെരഞ്ഞെടുപ്പ് വരാനിരിക്കെ സാമ്പത്തിക രംഗത്തുണ്ടാകുന്ന ഈ വടംവലി ഡൊണാൾഡ് ട്രംപിന് വലിയ രാഷ്ട്രീയ വെല്ലുവിളിയാണ് ഉയർത്തുന്നത്. നിക്ഷേപകർ അതീവ ജാഗ്രതയോടെയാണ് വിപണിയുടെ ഭാവി നീക്കങ്ങൾ നിരീക്ഷിക്കുന്നത്.

കെവിൻ വാർഷിന്റെ കടുത്ത സാമ്പത്തിക നിലപാടുകൾ വരും ദിവസങ്ങളിലും തുടർന്നാൽ യുഎസ് ഫെഡറൽ റിസർവും വൈറ്റ് ഹൗസും തമ്മിലുള്ള ഭിന്നത വീണ്ടും രൂക്ഷമായേക്കാം. സാമ്പത്തിക സ്ഥിരത കൈവരിക്കാനുള്ള നീക്കങ്ങൾ തുടരുമെന്ന് ഫെഡറൽ വൃത്തങ്ങൾ അറിയിച്ചു.

സ്വന്തം നാമനിർദ്ദേശത്തിന് എതിരായി നിലപാടെടുത്ത പുതിയ ഫെഡറൽ റിസർവ് തലവന്റെ രീതി ടെക് വിപണിയിലും അസ്വസ്ഥതകൾക്ക് വഴിവെച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക പാദങ്ങളിലെ ഡാറ്റ പരിശോധിച്ചാകും ബാങ്ക് കൂടുതൽ നയപരമായ തീരുമാനങ്ങളിലേക്ക് നീങ്ങുക.

ആഗോളതലത്തിൽ ട്രംപിന്റെ പുതിയ വ്യാപാര നയങ്ങളും പലിശ നിരക്കുകളുണ്ടാക്കുന്ന പ്രതിഫലനങ്ങളും നിരീക്ഷണത്തിലാണ്. ബാങ്കിംഗ് സ്വാതന്ത്ര്യവും ഭരണകൂടത്തിന്റെ ആവശ്യങ്ങളും തമ്മിലുള്ള തർക്കം അമേരിക്കൻ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കൂട്ടുന്നു.

## റീ...പോളിംഗ്




*സാങ്കേതിക വിദ്യയും ധാതുക്കളും രാഷ്ട്രീയ ആയുധമാക്കരുതെന്ന് മോദി*

# ഷിക്കാഗോ സോഷ്യൽ ക്ലബ് ഓണാഘോഷം; കേരളത്തിൽ നിന്നുള്ള ജനപ്രതിനിധികൾ അതിഥികളായി



ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഈ വർഷത്തെ ഓണാഘോഷം വിവിധ കലാസാംസ്കാരിക പരിപാടികളോടെ വിപുലമായി സംഘടിപ്പിച്ചു. കേരളത്തിൽ നിന്നെത്തിയ പ്രമുഖ ജനപ്രതിനിധികളുടെ സാന്നിധ്യം ആഘോഷത്തിന് കൂടുതൽ തിളക്കമേകി.

കേരള ആഭ്യന്തര വകുപ്പ് മന്ത്രി രമേഷ് ചെന്നിത്തല, ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ്, രാജ്യസഭാംഗം ജോസ് കെ. മാണി, ആലുവ എം.എൽ.എ. അൻവർ സാദത്ത്, മുൻ മന്ത്രി പന്തളം സുധാകരൻ തുടങ്ങിയവർ ആഘോഷങ്ങളിൽ പങ്കെടുത്തു.

ലോകത്തിന്റെ ഏത് ഭാഗത്തായാലും മലയാളികൾ ഒരുമിച്ച് ഓണം ആഘോഷിക്കുന്നത് കേരളത്തിന്റെ സംസ്കാരവും ഐക്യവും ഉയർത്തിപ്പിടിക്കുന്നതാണെന്ന് രമേഷ് ചെന്നിത്തല പറഞ്ഞു. പ്രവാസി മലയാളികളുടെ കൂട്ടായ്മകളിൽ ഷിക്കാഗോ സോഷ്യൽ ക്ലബ് ശ്രദ്ധേയമായ സ്ഥാനമാണ് വഹിക്കുന്നതെന്നും, ക്ലബ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരം സമ്മാനത്തുകയിലും ജനപങ്കാളിത്തത്തിലും ലോകശ്രദ്ധ നേടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽലഹരിക്കെതിരെശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ രണ്ടാംഘട്ടം ഗ്രാമപഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. മയക്കുമരുന്നിനെതിരെയുള്ള പോരാട്ടത്തിൽ പൊലീസിനൊപ്പം പൊതുജനങ്ങളും സജീവമായി പങ്കാളികളാകണമെന്ന് അഭ്യർത്ഥിച്ച അദ്ദേഹം, സംസ്ഥാനത്ത് വൻതോതിൽ മയക്കുമരുന്ന് പിടിച്ചെടുത്തതായും വ്യക്തമാക്കി.

ഷിക്കാഗോ സോഷ്യൽ ക്ലബ് ശക്തവും മാതൃകാപരവുമായ പ്രവാസി കൂട്ടായ്മയാണെന്ന് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. ക്ലബ്ബിന്റെ ഓണാഘോഷത്തിലും അന്താരാഷ്ട്ര വടംവലി മത്സരത്തിലും പങ്കെടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും പ്രവാസി മലയാളികളെയും കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെയും കൂടുതൽ അടുത്ത് ബന്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഓണം മലയാളികൾക്ക് വെറുമൊരു ആഘോഷമല്ല, പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഓർമ്മപ്പെടുത്തലാണെന്ന് ജോസ് കെ. മാണി എം.പി. പറഞ്ഞു. ഒരു കുടുംബം പോലെ പ്രവർത്തിക്കുന്നതാണ് ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വിജയത്തിന്റെ പ്രധാന കാരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരി വ്യാപനത്തിന് പുതിയ സാങ്കേതിക മാർഗങ്ങൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ അനിവാര്യമാണെന്നും കേരളത്തിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങൾ പോലും പ്രാധാന്യം നൽകുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ കൂട്ടായ്മ ഇനിയും കൂടുതൽ ശക്തമായി മുന്നോട്ടുപോകട്ടെയെന്ന് അൻവർ സാദത്ത് എം.എൽ.എ. ആശംസിച്ചു. ലഹരിക്കെതിരെയുള്ള സർക്കാർ പദ്ധതികൾക്ക് പൊതുസമൂഹത്തിന്റെ പൂർണ പിന്തുണ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

വടംവലിക്ക് പ്രത്യേക പ്രാധാന്യം നൽകി ഓണാഘോഷം സംഘടിപ്പിക്കുന്നതിലൂടെ ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രവാസലോകത്ത് വേറിട്ട മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് മുൻ മന്ത്രി പന്തളം സുധാകരൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു പോകണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ അതിഥികളെ സ്വാഗതം ചെയ്തു. ലഹരിക്കെതിരെയുള്ള ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പിന്തുണ പ്രഖ്യാപിച്ച അദ്ദേഹം പദ്ധതിക്ക് നേതൃത്വം നൽകുന്ന രമേഷ് ചെന്നിത്തലയെ അഭിനന്ദിച്ചു. തുടർന്ന് ക്ലബ് ഭാരവാഹികളും ജനപ്രതിനിധികളും ചേർന്ന് രമേഷ് ചെന്നിത്തലയെ പൊന്നാട അണിയിച്ച് ആദരിച്ചു. ഷിക്കാഗോയിലെ സാമൂഹിക രംഗത്ത് ദീർഘകാലമായി സജീവമായും കഴിഞ്ഞ നിരവധി വർഷങ്ങളായി ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന് നേതൃത്വം നൽകുകയും ചെയ്യുന്ന ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിലിനെയും ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂത്തേത്ത് , പി.ആർ.ഒ. അനിൽ മറ്റത്തിക്കുന്നേൽ , സാജു കണ്ണമ്പള്ളി ഉൾപ്പെടെയുള്ള കമ്മിറ്റി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

കേരളത്തിന്റെ പാരമ്പര്യവും പ്രവാസി മലയാളികളുടെ കൂട്ടായ്മയും ഒരേ വേദിയിൽ സംഗമിച്ച ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഓണാഘോഷം പങ്കെടുത്തവർക്ക് അവിസ്മരണീയ അനുഭവമായി മാറി.

◗ *അനിൽ മറ്റത്തിക്കുന്നേൽ*

# ഗോൾഫ് വ്യൂ ഡെവലപ് സെന്റർ സമ്മർ പിക്നിക് സെപ്തം. 26 ന്

ഷിക്കാഗോ: ഗോൾഫ് വ്യൂ ഡെവലപ് സെന്റർ സ്റ്റാഫ്, മുൻ സ്റ്റാഫ് ആയിട്ടുള്ളവരുടെ മലയാളി കുടുംബങ്ങൾ ആദ്യമായി സമ്മർ പിക്നിക് നടത്തുന്നു. 2026 സെപ്തംബർ 26 ശനിയാഴ്ച രാവിലെ 11 ന് ആരംഭിക്കുന്ന പിക്നിക് ഡിസ്പ്ലേയ്ൻസ് ലയ്ൻസ് വുഡ് (Lions Woods, 6 River Rd Des Plaines 60016) ൽ ആണ് ക്രമീകരിച്ചിരിക്കുന്നത്.

പിക്നിക്കിൽ പങ്കെടുള്ളുന്നവർക്കായി ഗെയിംസ്, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കും. പരിപാടികൾ നാലുമണിക്ക് സമാപിക്കും.

ഷിക്കാഗോയിലേക്ക് പ്രവാസികളായി കുടിയേറുന്ന മലയാളികളുടെ തൊഴിൽ കേന്ദ്രമായി നിരവധി ദശകങ്ങളായി നിലനിൽക്കുന്ന ഡിസ്പ്ലെയ്ൻസ് ഗോൾഫ് വ്യൂ ഡെവലൊപ്മെന്റൽ സെന്റർ ഷിക്കാഗോ ലാൻഡ് മലയാളികൾക്ക് സുപരിചിതമായ സ്ഥാപനമാണ്. ഗോൾഫ് വ്യൂ സെന്റർ മലയാളി സ്റ്റാഫ് കൂട്ടായ്മയുടെ ഈ ആദ്യത്തെ ഫാമിലി പിക്നിക്ക് എല്ലാ അംഗങ്ങളെയും പരസ്പരം നേരിൽ കാണാനും സന്തോഷം പങ്കിടാനുമുള്ള അവസരമായിരിക്കുമെന്ന് സംഘാടകർ പറഞ്ഞു.

ഈ ഒത്തുചേരലിലേക്ക് ഏവരെയും കുടുംബസമേതം സ്വാഗതം ചെയ്യുന്നതായി പ്രോഗ്രാം കമ്മറ്റി അംഗങ്ങളായ സച്ചിൻ ജേക്കബ്, ജോസഫ് കാളാശ്ശേരി, സോണി അബ്രഹാം, റോയ് തോമസ്, ജിനേഷ് കുര്യൻ, ജീമോൻ അറക്കൽ, തോമസ് മത്തായി, ജോണി പെരുമാനൂർ എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സച്ചിൻ ജേക്കബ് 224-408-0912

◗ *തോമസ് ഡിക്രൂസ്*






# ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ബാഡ്മിന്റൺ ടൂർണമെന്റ് ഒക്ടോബർ 03ന്

ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ബാഡ്മിന്റൺ ടൂർണമെന്റ് ഒക്ടോബർ 03 ഷാംബർഗിലുള്ള പ്ലേ ആൻഡ് ത്രിവ് ക്ലബ്ബിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ പ്രായത്തിലുള്ള ബാഡ്മിന്റൺ കളിക്കാർക്കും പങ്കെടുക്കാവുന്ന വിധത്തിലാണ് മത്സര ഇനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. 2 അംഗങ്ങളുള്ള ടീം ഇനം ആയാണ് മത്സരങ്ങൾ. ഇത്തവണ പുരുഷ, വനിത, ജൂനിയർ (അണ്ടർ 18) ഇനങ്ങളിൽ ഇദംപ്രഥമമായി എല്ലാ ഇന്ത്യക്കാർക്കും മത്സരിക്കുവാൻ സാധിക്കുന്നതാണ്. ഓപ്പൺ (പ്രായപരിധി ഇല്ല) വിഭാഗത്തിൽ മാത്രമായിരിക്കും ഈ മത്സരങ്ങൾ നടത്തുന്നത്. എന്നാൽ മലയാളികൾക്ക് മാത്രമായിരിക്കും താഴെ പറയുന്ന മത്സര ഇനങ്ങൾ.

1. സബ് ജൂനിയർ (14 വയസിൽ താഴെ), 2. സീനിയർ (45ന് മുകളിൽ), 3. സീനിയർ (100) കമ്പെയിൻഡ്, 4. വനിതാ വിഭാഗത്തിൽ (സീനിയർ 35ന് മുകളിൽ) എന്നിവ ആയിരിക്കും മലയാളികൾക്ക് മാത്രമായി നടത്തുന്നത്.

ആകർഷകമായ പ്രൈസ്മണിയും ട്രോഫികളും ജേതാക്കൾക്കും രണ്ടാം സ്ഥാനക്കാർക്കും ലഭിക്കുന്നതാണ്. പുരുഷ ഓപ്പൺ വിഭാഗത്തിലെ വിജയികൾക്ക് അമേരിക്കയിലെ ഏറ്റവും വലിയ ബാഡ്മിന്റൺ ക്ലബായ പ്ലൂമ ബാഡ്മിന്റൺ ക്ലബ് നൽകുന്ന ക്യാഷ് അവാർഡ് ലഭിക്കുന്നതായിരിക്കും. ഗ്രെയ്റ്റർ ഷിക്കാഗോയിലെ 30ൽ അധികം ബിസിനസ് സംരംഭകരാണ് ഈ ടൂർണമെന്റിന്റെ സ്പോൺസേർസ്.

ഒക്ടോബർ 03നു രാവിലെ 8 മണിക്ക് തന്നെ ആദ്യ മത്സരം ആരംഭിക്കുന്നതായിരിക്കും. ഷോംബർഗിലുള്ള പ്ലേ ആൻഡ് ത്രൈവ് ബാഡ്മിന്റൺ ക്ലബ് (1230 N Roselle Rd, Schaumburg, IL 60195) വച്ചായിരിക്കും ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ബാഡ്മിന്റൺ ടൂർണമെന്റ് നടക്കുന്നത്.

പങ്കെടുക്കുന്ന എല്ലാവർക്കും പ്രഭാത ഭക്ഷണം നൽകുന്നതായിരിക്കും. റെജിസ്ട്രേഷൻ ഫീ ടീമിന് 60ഡോളർ ആയിരിക്കും. കൂടുതൽ വിവരങ്ങൾക്കും രെജിസ്ട്രേഷൻ, മത്സര നിയമാവലി എന്നിവക്കായി കമ്മിറ്റി അംഗങ്ങളെ ബന്ധപ്പെടുക. ഞങ്ങളുടെ വെബ്സൈറ്റിൽ റെജിസ്ട്രേഷൻ ലഭ്യമാണ് (www.greatercma.org).

ടൂർണമെന്റിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഒരു കായിക താരത്തിന് സഹ താരത്തിനെ ലഭിക്കുന്നതിനായി കമ്മിറ്റി അംഗങ്ങളെ ബന്ധപ്പെടുക.

അനിഷ് ആന്റോ 773-655-0004, സന്തോഷ് കാട്ടൂക്കാരൻ 773-469-5048, ജോൺ കൂള (847-668-5795, റോഷ്നി ബൈജു 312-636-2200, ജിതേഷ് ചുങ്കത്ത് 224-522-9157


# ഇൻഡ്യൻ കാത്തലിക് ഹെറിറ്റേജ് ഡേ ആഘോഷം ഫിലഡൽഫിയായിൽ: ബിഷപ് സ്റ്റെഫാനോസ് മുഖ്യാതിഥി

ഫിലഡൽഫിയ: വിശാല ഫിലഡൽഫിയ റീജിയണിലെ ഇൻഡ്യൻ കത്തോലിക്കരുടെ പ്രത്യേകിച്ച് കേരളതനിമയിലുള്ള കത്തോലിക്കരുടെ സ്നേഹകൂട്ടായ്മയായ ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയാ (ഐ.എ.സി.എ.) ഇൻഡ്യൻ കാത്തലിക് ഹെറിറ്റേജ് ദിനം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

48 സംവൽസരങ്ങൾ പൂർത്തിയാക്കി 2028 ൽ സുവർണജൂബിലിയിലേക്ക് കുതിക്കുന്ന ഫിലാഡൽഫിയ കാത്തലിക് അസോസിയേഷൻ ഒക്ടോബർ 10 ശനിയാഴ്ച്ചയാണ് ഇൻഡ്യൻ കത്തോലിക്കരുടെ പൈതൃകദിനാഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

ഒക്ടോബർ 10 ശനിയാഴ്ച്ച വൈകുന്നേരം നാലുമണിമുതൽ ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ പള്ളിയിൽ (608 Welsh Road, Philadelphia PA 19115) നടക്കുന്ന ഹെറിറ്റേജ് ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നത് സീറോമലങ്കര കത്തോലിക്കാസഭയുടെ വടക്കേ അമേരിക്ക-കാനഡ എന്നിവയുടെ ചുമതലവഹിക്കുന്ന ബിഷപ്മാർ ഫീലിപ്പോസ് സ്റ്റെഫാനോസ് ആണ്. അന്നേദിവസം നാലുമണിക്ക് അഭിവന്ദ്യ ബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിലും, സ്നേഹകൂട്ടായ്മയുടെ നേതൃത്വം വഹിക്കുന്ന വൈദികരുടെ സഹകാർമ്മികത്വത്തിലും സീറോമലങ്കര റീത്തിലുള്ള കൃതഞ്ജതാ ബലിയർപ്പണം നടക്കും.

2026 ജനുവരിമുതൽ ഡിസംബർവരെയുള്ള കാലയളവിൽ പുതുതായി വിവാഹിതരായ ദമ്പതിമാരെയും, 2026 ൽ ദാമ്പത്യജീവിതത്തിന്റെ രജതജൂബിലി, സുവർണജൂബിലി (25, 50) എന്നീവിശേഷാൽവിവാഹവാർഷികങ്ങൾ ആഘോഷിക്കുന്ന



ദമ്പതിമാരെയും ദിവ്യബലിമദ്ധ്യേ ബിഷപ് ആശീർവദിക്കുകയും, അഭിനന്ദിക്കുകയും ചെയ്യും. ഫിലാഡൽഫിയാ അതിരൂപതയുടെകീഴിൽപ്രവാസി-അഭയാർത്ഥി കാര്യാലയത്തിന്റെ (പാസ്റ്ററൽ കെയർ ഫോർ റഫ്യൂജീസ് ആന്റ് മൈഗ്രന്റ്സ്) ചുമതലവഹിക്കുന്ന ഡയറക്ടർ സിസ്റ്റർ ജെർത്രൂഡ് ബോർസിനെ തദവസരത്തിൽ ഐ.എ.സി.എ. ആദരിക്കും.

ഫിലാഡൽഫിയ ഇൻഡ്യൻ ലാറ്റിൻ കാത്തലിക് മിഷൻ ഡയറക്ടർ റവ. ഫാ. ലെനിൻ ഫെർണാണ്ടസ് ഡയറക്ടർ ബോർഡ് ചെയർമാനും, സെന്റ് ജൂഡ് സീറോമലങ്കരപള്ളി വികാരി റവ. ഫാ. ബാബു മഠത്തിൽപറമ്പിൽ, സെ. തോമസ് സീറോമലബാർ പള്ളി വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സെ. ജോൺ ന്യൂമാൻ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടർ റവ. ഫാ. ബിപ്പി മാത്യു തറയിൽ എന്നിവർ ഡയറക്ടർമാരുമായി കമ്മിറ്റിയിൽ പ്രവർത്തിക്കുന്നു.

ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഭാരവാഹികളായ തോമസ് സൈമൺ (പ്രസിഡന്റ്), ചാർലി ചിറയത്ത് (ജനറൽ സെക്രട്ടറി), സ്വപ്ന സജി സെബാസ്റ്റ്യൻ (ട്രഷറർ), ജോഷ്വാ ജേക്കബ് (വൈസ് പ്രസിഡന്റ്), മെർലിൻ അഗസ്റ്റിൻ (ജോ. സെക്രട്ടറി), ഫിലിപ് (ബിജു) ജോൺ (ജോ. ട്രഷറർ), അനീഷ് ജയിംസ് (മുൻ പ്രസിഡന്റ്), സബ് കമ്മിറ്റി ചെയർപേഴ്സൺസ് ആയ ജോസ് മാളേയ്ക്കൽ, ജോസഫ് മാണി, ജസ്റ്റിൻ തോമസ്, ഫിലിപ് എടത്തിൽ, സേവ്യർ മൂഴിക്കാട്ട്, റോമിയോ ഡാൽഫി, കുരുവിള ജയിംസ്, ജറിക്ക് എബ്രാഹം എന്നിവരും, വൈദികർക്കൊപ്പം ഡയറക്ടർ ബോർഡ് അംഗങ്ങളായ അലക്സ് ജോൺ, തോമസ് നെടുമാക്കൽ, ജോസഫ് തോമസ്, ജോൺസൺ ഫെർണാണ്ടസ് എന്നിവരടങ്ങുന്ന (ഐ.എ.സി.എ.) എക്സിക്യൂട്ടീവ് കമ്മിറ്റി ഹെറിറ്റേജ് ദിനാഘോഷങ്ങളുടെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഐ.എ.സി.എയുടെ കാരുണ്യപ്രവർത്തികളുടെ ഭാഗമായി സെപ്റ്റംബർ 20 മുതൽ 27 വരെ വസ്ത്രശേഖരണം നടത്തുന്നുണ്ട്. പുതിയതോ, അധികം ഉപയോഗിക്കാത്തതോ, മുഷിയാത്തതോ ആയ അമേരിക്കൻ വസ്ത്രങ്ങളും, ബെഡ് ഷീറ്റുകളും, കമ്പിളി വസ്ത്രങ്ങളും ഈ കാലയളവിൽ അംഗദേവാലയങ്ങളായ സെന്റ് ജൂഡ് സീറോമലങ്കരപള്ളി, സെ. തോമസ് സീറോമലബാർ പള്ളി, സെ. ജോൺ ന്യൂമാൻ ക്നാനായ കാത്തലിക് മിഷൻ എന്നിവയുടെ ലോബിയിലുള്ള ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറി ചാർലി ചിറയത്തുമായി 215-791-0439 എന്ന നമ്പരിൽ ബന്ധപ്പെടുക.

◗ *ജോസ് മാളേയ്ക്കൽ*

# ചന്ദ്രനിൽ പോലും പോരാടാൻ അമേരിക്കൻ സേന തയാറെടുക്കണം; ജനറൽ ഡാൻ കെയ്ൻ

ഭൂമിയിലെ കടൽത്തട്ടുകൾ മുതൽ ചന്ദ്രനും ഭൂമിക്കുമിടയിലുള്ള അന്തരീക ബഹിരാകാശ മേഖലകളിൽ വരെ യുദ്ധം ചെയ്യാനും വിജയം നേടാനും അമേരിക്കൻ സായുധ സേന സജ്ജമാകണമെന്ന് യുഎസ് ജോയിന്റ് ചീഫ്സ് ഓഫ് സ്റ്റാഫ് ചെയർമാൻ ജനറൽ ഡാൻ കെയ്ൻ വ്യക്തമാക്കി. അമേരിക്കൻ സായുധ സേനയിലെയും വ്യവസായ രംഗത്തെയും പ്രമുഖരെ അഭിസംബോധന ചെയ്ത് സംസാരിക്കവേയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുതിർന്ന സൈനിക ഉപദേശകനായ ജനറൽ ഡാൻ കെയ്ൻ ഈ നിർണായക സന്ദേശം നൽകിയത്.

ഭൂമിക്ക് ചുറ്റുമുള്ള ഭ്രമണപഥത്തിൽ അമേരിക്ക ആയുധങ്ങൾ വിന്യസിച്ചു കഴിഞ്ഞുവെന്ന വ്യോമസേനാ സെക്രട്ടറി ട്രോയ് മെയ്ങ്കിന്റെ പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെയാണ് തന്ത്രപ്രധാനമായ ഈ പ്രതികരണം പുറത്തുവന്നിരിക്കുന്നത്. ഓർബിറ്റൽ സ്പേസ് കൺട്രോൾ ആയുധങ്ങൾ ഭൂമിയുടെ ഭ്രമണപഥത്തിൽ പ്രവർത്തനസജ്ജമാക്കിയ വിവരം യുഎസ് ഭരണകൂടം ആദ്യമായാണ് ഔദ്യോഗികമായി വെളിപ്പെടുത്തുന്നത്.

മനുഷ്യരാശി ബഹിരാകാശത്തിന്റെ ആഴങ്ങളിലേക്ക് കൂടുതൽ മുന്നേറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യുഎസിന്റെ ആഗോള താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് അമേരിക്കൻ സ്പേസ് ഫോഴ്സ് കോംബാറ്റ് ഫോഴ്സസ് കമാൻഡ് തലവൻ ലഫ്റ്റനന്റ് ജനറൽ ഗ്രിഗറി ഗാ ഗ്നൺ വ്യക്തമാക്കി.

ചൈന അടക്കമുള്ള എതിരാളികൾ ബഹിരാകാശത്ത് ശക്തമായ സൈനിക വിന്യാസങ്ങൾ നടത്തുന്നുണ്ടെന്ന് യുഎസ് സൈനിക മേധാവികൾ ചൂണ്ടിക്കാണിക്കുന്നു. 2024ൽ തന്നെ ചൈന ബഹിരാകാശ പ്രതിസന്ധികൾ കൈകാര്യം ചെയ്യാനായി പ്രത്യേക സൈനിക വിഭാഗത്തിന് രൂപം നൽകിയിരുന്നു.

എന്നാൽ അമേരിക്കയുടെ പുതിയ ബഹിരാകാശ ആയുധ വിന്യാസത്തിൽ ചൈന കടുത്ത പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ബഹിരാകാശത്തിന്റെ സമാധാനപരമായ ഉപയോഗത്തെ തടസ്സപ്പെടുത്തുന്ന നീക്കങ്ങളിൽ നിന്നും അമേരിക്ക പിന്മാറണമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ഗുവോ ജിയാകുൻ ആവശ്യപ്പെട്ടു.

1967 ലെ അന്താരാഷ്ട്ര ബഹിരാകാശ ഉടമ്പടി അനുസരിച്ച് ചന്ദ്രനും മറ്റ് ബഹിരാകാശ ഗോളങ്ങളും പൂർണ്ണമായും സമാധാനപരമായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്നാണ് ചട്ടം.

ബഹിരാകാശത്ത് ആണവായുധങ്ങളോ മറ്റ് നശീകരണ ആയുധങ്ങളോ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണെന്ന് ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ ചട്ടങ്ങൾ വ്യക്തമാക്കുന്നു. റഷ്യ ബഹിരാകാശ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നു എന്ന റിപ്പോർട്ടുകൾക്ക് പിന്നാലെ ബഹിരാകാശത്തെ ആയുധവൽക്കരണം തടയാൻ യുഎൻ തലത്തിൽ ശ്രമങ്ങൾ നടന്നിരുന്നു.

അടുത്ത തലമുറ സൈനിക സാങ്കേതികവിദ്യകൾ ബഹിരാകാശത്ത് എത്തിക്കുക വഴി അമേരിക്കൻ ആധിപത്യം ഉറപ്പിക്കാനാണ് ഭരണകൂടം ലക്ഷ്യമിടുന്നത്. ആഗോള ഉപഗ്രഹ ആശയവിനിമയ ശൃംഖലകളും നിരീക്ഷണ സംവിധാനങ്ങളും സുരക്ഷിതമായി നിലനിർത്താൻ ബഹിരാകാശ പ്രതിരോധ സംവിധാനങ്ങൾ അത്യാവശ്യമാണെന്നാണ് പെന്റഗണിന്റെ വാദം. ഇതിനായി കോടിക്കണക്കിന് ഡോളറിന്റെ പുതിയ പദ്ധതികൾക്കാണ് വികസനം കുറിക്കുന്നത്.










കഥയില്ലായ്മകൾ

# പാപം ചെയ്തവർ കല്ലെറിയുമ്പോൾ



സി. രാധാകൃഷ്ണൻ

കേരളത്തിലെ ഒരു നാട്ടുരാജാവ് പണ്ടൊരിക്കൽ ഭാര്യയുമായി ശീമ (ലണ്ടൻ) കാണാൻ പോയി. അവിടെ ചെന്ന് ഇറങ്ങിയപ്പോൾ കെട്ടിലമ്മയെ കാണാതായി. 27 ദിവസം കഴിഞ്ഞ് രാജാവ് തിരിച്ചുപോരുമ്പോഴേ അവരെ ആരോ കൊണ്ടുവന്നു കപ്പലിൽ തിരികെ കയറ്റിയുള്ളൂ. ഒരു ബാരിസ്റ്ററെ വിളിച്ച് കേസ് കൊടുക്കാൻ രാജാവ് തയ്യാറായി. തട്ടിക്കൊണ്ടുപോയത് ആരാണ് എന്ന് വക്കീൽ കെട്ടിലമ്മയോട് ചോദിച്ചു. നിശ്ചയമില്ല എന്ന് കെട്ടിലമ്മ. എണ്ണം പറയാമോ എന്ന് വക്കീൽ. എണ്ണിയെണ്ണി മതിയായി എന്ന് കെട്ടിലമ്മ.

അപ്പോഴാണ് വക്കീൽ നിർദ്ദേശിച്ചത്: 'എങ്കിൽ ഒരു 'അന്യായം' എഴുതി കടലിൽ ഇട്ടാൽ മതി!'


കേരളത്തിലെ സ്ഥിതി ഇപ്പോൾ ഇതാണ്. കട്ടും കവർന്നും ദുബായിൽ ഇട്ട മഹാ മനീഷികളുടെ കണക്കിന് കണക്കില്ല! അവിടന്നും പോയി ബ്രിട്ടനിലും അമേരിക്കയിലും ഒക്കെ നിക്ഷേപിച്ചവരും ഉണ്ട് എന്ന് കേൾക്കുന്നു. എവിടെയൊക്കെ ഒരു മട കണ്ടോ അവിടെയൊക്കെ നമ്മുടെ പ്രഗത്ഭമതികളായ നേതാക്കന്മാർ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടത്രെ.

ഇതിൽ ഓരോന്നും നാം അറിയുന്നത് മറ്റുള്ളവർ പറയുമ്പോഴാണ്. പത്രത്തിൽ വലിയ വാർത്ത. ഉടൻ അറസ്റ്റ് എന്നൊക്കെ കേൾക്കാം. അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പിന്നത്തെ വാർത്ത. എഫ്.ഐ.ആർ ആയില്ല എന്നും കേൾക്കാം. അന്വേഷണം മുറക്ക് നടക്കുന്നു എന്നും കേൾക്കാം. ആഴത്തിൽ പഠിക്കാൻ ഒരു കമ്മീഷനെ വെച്ചു എന്നും ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാൻ സമയം എടുക്കുമല്ലോ എന്നും കൂടി.

വർഷങ്ങൾ കഴിയുമ്പോൾ നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നു എന്ന് ഒരു ചെറിയ വാർത്തയും കൂടി കാണാം. അന്വേഷണത്തിന്റെ ശവമടക്കം ആരും അറിയാതെയാണ് നടക്കുക.

അധികാരം മാറിയാൽ മറുപുറത്തുള്ളവരെപ്പറ്റി അന്വേഷിച്ചു നടക്കുകയായി. മുറ ഇതുതന്നെ. ഇന്നേവരെ ഭരണാധികാരം കയ്യാളിയവരിൽ മുക്കാൽ ഓഹരിയുടെയും പേരിൽ ആരോപണങ്ങളും ചാർജ് ഷീറ്റുകളും കമ്മീഷനുകളും നിലവിലുണ്ട്.

കണ്ടിരിക്കാൻ രസമുള്ള നാടകം. അടിവസ്ത്രം അഴിച്ചു വാങ്ങി എന്തോ ചെയ്തതിന്റെ ആരോപണം പോലും ഉണ്ട്. പാലം വിഴുങ്ങിയവരും ദ്വാരപാലകരെ കട്ടുകൊണ്ടു പോയവരും അരിമുതൽ വൈദ്യുതി വരെ വാങ്ങിയതിൽ കമ്മീഷൻ പറ്റിയവരും മയക്കുമരുന്ന് കള്ളക്കടത്തിൽ സംരക്ഷകരായവരും കുറ്റപത്രം സമർപ്പിക്കാൻ വൈകിയത് കൊണ്ട് കോടതി വെറുതെ വിട്ടവരും അന്വേഷണം അവസാനിക്കാത്തത് കൊണ്ട് പ്രതികൾ മരിച്ചുപോയതിനാൽ കേസ് ഇല്ലാതായ സംഭവങ്ങളും കുറവല്ല.




ചുരുക്കത്തിൽ പാർട്ടി ഏതായാലും ഈ നാടകം കളിച്ചാൽ മതി. അഭിനയം നന്നാവണം. ചാട്ടുളി പോലെയുള്ള ഡയലോഗുകൾ വേണം. വാചകമടി നന്നായാൽ കയ്യടി ഉണ്ട്. അപ്പോഴല്ലേ പോക്കറ്റടി നടക്കൂ?

ഭരണഘടനയും മതഗ്രന്ഥങ്ങളും മാറിമാറി ഉദ്ധരിക്കണം. സംഭാഷണങ്ങൾ കേട്ടാൽ ഇപ്പോൾ അടി വീഴും എന്ന് തോന്നണം. ആംബുലൻസുകൾ തയ്യാറാക്കി നിർത്തണം. ആരോപണ പ്രത്യാരോപണങ്ങൾ ഏറ്റുപിടിക്കുന്ന അണികളെ അടിച്ചു തല പൊട്ടിച്ച് ആ ആംബുലൻസുകളിൽ കയറ്റാം. അവരിൽ ആരെങ്കിലും മരിച്ചുകിട്ടിയാൽ ഫണ്ട് ആയി, മുദ്രാവാക്യവും.

കറണ്ട് മുന്നറിയിപ്പില്ലാതെയേ ഓഫാക്കാവൂ എന്ന് നിർദ്ദേശമുണ്ടത്രെ! കുടിവെള്ള പൈപ്പ് പൊട്ടിയിരിക്കുന്നു എന്ന് ഏറ്റവും പുതിയ വാർത്ത. ഇനിയും ജില്ലകൾ വേണോ മണ്ഡലങ്ങൾ വേണോ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വേണോ പുതിയ കടം വാങ്ങണോ അതോ ഇനിയും നികുതി കൂട്ടിയാൽ മതിയോ അല്ല നോട്ട് വെറുതെ അടിച്ചാൽ പോരെ എന്നൊക്കെയാണുപോൽ ഇപ്പോൾ അകത്തും പുറത്തും കാര്യമായ ചർച്ച.

പണ്ടത്തെ ബാരിസ്റ്റർ നാട്ടുരാജാവിനോട് നിർദ്ദേശിച്ചതിന്റെ ചുവടു പിടിച്ച് ഏതൊക്കെയോ ചില പൊതുതാൽപര്യക്കാർ കടലവകാശ നിയമം അനുസരിച്ച് എഴുതി അറബിക്കടലിലിട്ട പരാതികൾ മത്സ്യത്തിന് പകരം മീൻപിടുത്തക്കാർക്ക് കിട്ടി ബോട്ടുകളും വഞ്ചികളും നിറയെ തിരികെ എത്തിയിരിക്കുന്നു എന്നുമുണ്ട് ഒരു വാർത്ത.

ഒരു കാര്യമേ ഇപ്പോൾ തീർച്ചയായി ഉള്ളൂ: കുരു പാണ്ഡവരിൽ അമ്പു കൊള്ളാത്തവർ ആരും ഇല്ല! ഈ യുദ്ധത്തിൽ ഇവർ ആരും ഒരുകാലത്തും ജയിക്കുകയോ തോൽക്കുകയോ ഇല്ല കടലിൽ പോകുന്നവരും കരയിൽ കഴിയുന്നവരും അല്ലാതെ. ആകാശചാരികൾക്ക് ഏതു വഴിയിൽ എത്ര കുഴി എത്ര ആഴത്തിൽ ഉണ്ടായാൽ എന്ത്!

ഒരു കഥ കൂടി പറയാം: ചെമ്മീൻ കറി വേവുമ്പോൾ അമ്മായി തന്നെ വരും വേവ് നോക്കാൻ. കുത്തി കുത്തി എടുത്ത് ഓരോന്നായി തിന്നും. അമ്മായി എവിടെ എന്ന് അറിയാതെ പരിഭ്രമിച്ച് അന്വേഷിച്ചു വരുന്ന വലിയ അമ്മാവൻ അമ്മായിയെ ശാസിക്കും: 'വായും നാക്കും കുടലും പൊള്ളാതെ നോക്കണം, കേട്ടോ!'

# ഷിക്കാഗോ കെ.സി.എസ്. ഗോൾഡീസ് മീറ്റ് 2026: ഓണാഘോഷവും സൗഹൃദ കൂട്ടായയും സംഘടിപ്പിച്ചു!!



ഷിക്കാഗോ കെ.സി.എസ്. ഗോൾഡീസ് മീറ്റ് 2026 ഓണാഘോഷങ്ങളുടെ ഭാഗമായി ഡെസ് പ്ലെയിൻസിലെ കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ ആവേശപൂർവ്വം സംഘടിപ്പിച്ചു. അമ്പതിലധികം ഗോൾഡീസ് അംഗങ്ങൾ പങ്കെടുത്ത ഈ സംഗമം ഓണത്തിന്റെ സന്തോഷവും സൗഹൃദവും ഒരുമയും പങ്കുവെച്ച മനോഹരമായ വേദിയായി.

പരമ്പരാഗത ഓണസദ്യയോടൊപ്പം അംഗങ്ങൾ തങ്ങളുടെ ഓർമ്മകളിലെ ഓണക്കാല അനുഭവങ്ങൾ പങ്കുവെക്കുകയും പരമ്പരാഗത ഓണപ്പാട്ടുകൾ ആലപിക്കുകയും ചെയ്തു. ഒരുമിച്ചിരുന്ന് സദ്യ ആസ്വദിക്കുകയും പഴയ ഓർമ്മകൾ പങ്കുവെക്കുകയും ചെയ്തപ്പോൾ സംഗമം ഏറെ ഹൃദ്യമായി മാറി.

വിരമിക്കൽ ജീവിതത്തിലെ അനുഭവങ്ങളും ഈ ജീവിതഘട്ടം കൂടുതൽ സന്തോഷകരവും സംതൃപ്തികരവും അർത്ഥവത്തുമാക്കുന്നതിനുള്ള ആശയങ്ങളും അംഗങ്ങൾ പരസ്പരം പങ്കുവെച്ചു. ജീവിതാനുഭവങ്ങളുടെയും സൗഹൃദത്തിന്റെയും ശക്തമായ ബന്ധമാണ് ഈ ചർച്ചകളിലൂടെ പ്രകടമായത്.

പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്നായിരുന്നു സാമ്പത്തിക ഉപദേഷ്ടാക്കളായ റെൻജി തോമസും സോഫി പുത്തൻപുരയിലും നടത്തിയ വിജ്ഞാനപ്രദമായ ക്ലാസ്. റിട്ടയർമെന്റ് ഫണ്ടുകൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നതിനെക്കുറിച്ചുള്ള അവരുടെ അവതരണം അംഗങ്ങൾക്ക് ഏറെ പ്രയോജനകരവും ആസ്വാദ്യകരവുമായിരുന്നു.

കുര്യൻ നെല്ലാമറ്റം, മാത്യു കുളങ്ങര, ജെയിംസ് മണിമല, ഫിലിപ്പ് ഏലക്കാട്ടിൽ എന്നിവരായ ഗോൾഡീസ് കോർഡിനേറ്റർമാരുടെ മികച്ച ഏകോപനത്തിലൂടെയാണ് പരിപാടി വിജയകരമായി സംഘടിപ്പിച്ചത്.

കെ.സി.എസ്. ട്രഷറർ ടീന നെടുവമ്പുഴയും പരിപാടിയിൽ പങ്കെടുത്തു. ഗോൾഡീസ് മീറ്റ് അംഗങ്ങൾക്കിടയിലെ ഒരുമയും സൗഹാർദ്ദവും ഐക്യവും പ്രകടമാക്കിയ അതിമനോഹരമായ സംഗമമായിരുന്നു എന്ന് അവർ അഭിപ്രായപ്പെട്ടു.

ഷിക്കാഗോ കെ.സി.എസ്. ഗോൾഡീസ് മീറ്റ് 2026 ഓണത്തിന്റെ പാരമ്പര്യവും ഓണസദ്യയുടെ മാധുര്യവും പരമ്പരാഗത ഗാനങ്ങളുടെ സൗന്ദര്യവും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും സന്തോഷവും ഒരുമിച്ച് ആഘോഷിച്ച ഒരു ഹൃദ്യമായ സംഗമമായി മാറി.

◗ ഷാജി പള്ളിവീട്ടിൽ





# ഫൊക്കാന സാഹിത്യ കമ്മറ്റിയെ നിയമിച്ചു

ഫൊക്കാന സാഹിത്യ കമ്മറ്റിയുടെ ചെയർമാനായി ബെന്നി നെച്ചൂർ, വൈസ് ചെയർമാനായി മുരളി ജെ. നായർ, കോ-ഓർഡിനേറ്റർമാരായി സോണി അബൂക്കൻ, ഗീത ജോർജ്ജ്, ജോർജ്ജ് നടവയൽ, ബിജു ജോർജ്ജ് എന്നിവരെ തിരഞ്ഞെടുത്തു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചാരണവും വളർച്ചയും ഫൊക്കാന രൂപീകരണകാലം മുതൽ തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നായി മുൻനിർത്തിയിട്ടുണ്ടെന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

പുതിയ നിയമനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി ജെ. കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, വുമൺസ് ഫോറം ചെയർ ഷൈനി രാജു എന്നിവർ ഐക്യകണ്ഠേന സ്വാഗതം ചെയ്തു.



# മോക്സ് കാർണിവൽ ആലുവ എം.എൽ.എ. അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു

മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റൻ സൊസൈറ്റിയുടെ രണ്ടാമത് ഫുഡ് ഫെസ്റ്റിവലും കാർണിവലും ആലുവയുടെ എം.എൽ.എ അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. രാവിലെ 11ന് ആരംഭിച്ച ഈ കലാകായിക രുചി കൂട്ട് സംഗമം വൈകുന്നേരം 6 മണി വരെ നീണ്ടുനിന്നു. ഷിക്കാഗോയുടെ പ്രാന്തപ്രദേശത്ത് നിന്ന് ആയിരക്കണക്കിന് ആളുകൾ തങ്ങളുടെ കുട്ടികളുമായി ഈ സംഗമത്തിൽ പങ്കെടുക്കാനെത്തിയിരുന്നു.

തമ്മിൽ കാണുന്നതിനും പരിചയം പുതുക്കുന്നതിനുംസൗഹൃദങ്ങൾപങ്കുവെക്കുന്നതിനുമുള്ള ഒരു വേദിയായി ഇങ്ങനെയുള്ള പരിപാടികൾ പ്രയോജനപ്പെടുമെന്ന്എം.എൽ.എഅൻവർസാദത്ത് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. തന്റെ അമേരിക്കൻ സന്ദർശനത്തിൽ ആദ്യമായി പങ്കെടുക്കുന്ന ഒരുപരിപാടിയായതിനാൽ ഇത് തന്റെ മനസ്സിൽ എന്നും തങ്ങി നിൽക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മോക്സ് പ്രസിഡന്റ് ഡോ. ബിനു ഫിലിപ്പ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ജനറൽ കൺവീനർ എബ്രഹാം വർക്കി എം.എൽ.എ അൻവർ സാദത്തിനെ സദസിന് പരിചയപ്പെടുത്തി. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ തങ്ങളുടെ ക്ഷണം സ്വീകരിച്ചെത്തിയ എം.എൽ.എയ്ക്ക് ഡോ. എബ്രഹം ജോസഫ് നന്ദി രേഖപ്പെടുത്തി.

കുട്ടികൾക്കായുള്ള ഫേയ്സ് പെയിന്റിങ്ങുകൾക്കും മെഹന്തിക്കും വലിയ നിര തന്നെ ഉണ്ടായിരുന്നു. വിവിധ റസ്റ്റോറന്റുകളുടെ സ്റ്റാളുകളിൽ വിവിധയിനം ഭക്ഷണങ്ങൾ നൽകിയതിലൂടെ ആളുകൾക്ക് തങ്ങളുടെ രുചിഭേദമനുസരിച്ച് ഭക്ഷണങ്ങൾ തെരഞ്ഞെടുക്കാൻ അതൊരവസരമായി.

സ്റ്റേജുകളിൽ തങ്ങളുടെ കലാപരിപാടികൾ അതവരിപ്പിക്കാൻ അവസരം നൽകിയതിലൂടെ മോഹിനിയാട്ടം, നാടോടിനൃത്തം, തുടങ്ങി അനേകം ശാസ്ത്രീയ നടനങ്ങളും, ഗാനമേളകളും നടത്തുവാൻ ധാരാളം കലാകാരന്മാരും മുമ്പോട്ട് വന്നു.

ഈ പരിപാടി ഒരു വമ്പിച്ച വിജയമാക്കിയ ഷിക്കാഗോ നിവാസികളോട് സെക്രട്ടറി അജിത്ത് ഏലിയാസ്, ജോയിന്റ് കൺവീനേഴ്സായ ഏലിയാസ് തോമസ്, ജിജി ജോൺ, ഫുഡ് കമ്മിറ്റി കൺവീനേഴ്സായ ഏലിയാമ്മ പുന്നൂസ്, ആൽബിൻ എബ്രഹാം, ഫൈനാനസ് കമ്മിറ്റി ചെയർപേഴ്സൺ ഫിലിപ്പ് കുന്നേൽ, ജോസഫ് എന്നിവർ നന്ദി അറിയിച്ചു. സിബിൽ ഫിലിപ്പ്, നിഷാ ജോണി എന്നിവർ എം.സിമാരായി പ്രവർത്തിച്ചു.

◗ *ജോർജ് പണിക്കർ*



# ചില ഫോമാ റീജിയനുകളെ ഭൂമിശാസ്ത്രപരമായി വിഭജിക്കുന്നു

റീജിയനുകളുടെ വിഭജനം ഫോമായുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് 2025 ഒക്ടോബർ 25ന് ചേർന്ന ഫോമാ ജനറൽ ബോഡി യോഗത്തിൽ, അംഗങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രാദേശിക പ്രാതിനിധ്യം ശക്തിപ്പെടുത്തുന്നതിനും ഫോമായുടെ പ്രവർത്തനങ്ങളിലും വിവിധ ഇടപെടലുകളിലും കൂടുതൽ സജീവമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമായി, ചില ഫോമാ റീജിയനുകളെ ഭൂമിശാസ്ത്രപരമായി വിഭജിക്കുന്നതിനുള്ള ഭേദഗതികൾ അംഗീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി വെസ്റ്റേൺ റീജിയൻ, സതേൺ റീജിയൻ, സൺഷൈൻ റീജിയൻ, എംപയർ റീജിയൻ എന്നീ റീജിയനുകൾ വിഭജിച്ചു.

തിരഞ്ഞെടുപ്പിന് മുമ്പുതന്നെ വെസ്റ്റേൺ റീജിയനെ മൂന്ന് റീജിയനുകളായി വിഭജിക്കുകയും സൺഷൈൻ റീജിയനെ രണ്ട് റീജിയനുകളായി വിഭജിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു.

ജനറൽ ബോഡി കൈക്കൊണ്ട തീരുമാനത്തിന്റെയും തുടർന്ന് നാഷണൽ കൗൺസിൽ നടത്തിയ ചർച്ചകളുടെയും ബന്ധപ്പെട്ട പ്രതിനിധികളുമായി നടത്തിയ കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ സൺഷൈൻ റീജിയൻ താഴെപ്പറയുന്ന രണ്ട് റീജിയനുകളായി വിഭജിക്കുന്നതാണ്:

**സൺഷൈൻ റീജിയൻ**: ആർ.വി.പി: ബാബു തോമസ്, നാഷണൽ കൗൺസിൽ അംഗം: സന്തോഷ്, നാഷണൽ കൗൺസിൽ അംഗം: ജിനോ

**സൗത്ത് ഫ്ളോറിഡ റീജിയൻ**: ആർ.വി.പി: സുശീൽ, നാഷണൽ കൗൺസിൽ അംഗം: മോൾ മാത്യു, നാഷണൽ കൗൺസിൽ അംഗം: വിപിൻ വിൻസന്റ്

◗ *ശ്രീകുമാർ*

# അമേരിക്കൻ ഗ്രീൻ കാർഡ് ലഭിച്ചവർക്ക് പണി കിട്ടി! സ്വാഗത മാർഗ്ഗനിർദ്ദേശ പുസ്തകം ഇനി വീട്ടിലെത്തില്ല

അമേരിക്കയിൽ സ്ഥിരതാമസത്തിന് അനുമതി ലഭിക്കുന്ന പുതിയ ഗ്രീൻ കാർഡ് ഉടമകളെ തേടി യുഎസ് ഭരണകൂടത്തിൽ നിന്നും നിർണായക മാറ്റം. ഗ്രീൻ കാർഡിനൊപ്പം തപാലിൽ അയച്ചിരുന്ന ഔദ്യോഗിക വെൽക്കം മാർഗ്ഗനിർദ്ദേശ പുസ്തകം വിതരണം ചെയ്യുന്നത് യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് നിർത്തലാക്കി.

അമേരിക്കയിൽ പുതുതായി എത്തുന്ന നിയമപരമായ സ്ഥിരതാമസക്കാർക്ക് തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കി നൽകാനാണ് പരമ്പരാഗതമായി ഈ പുസ്തകം നൽകിയിരുന്നത്. വെൽക്കം ടു ദി യുണൈറ്റഡ് സ്റ്റേറ്റ്സ്: എ ഗൈഡ് ഫോർ ന്യൂ ഇമ്മിഗ്രന്റ്സ് എന്ന പേരിലുള്ള കൈപ്പുസ്തകമാണ് ഇത്തരത്തിൽ വിതരണം ചെയ്തിരുന്നത്. അടുത്തിടെ ഗ്രീൻ കാർഡ് കൈപ്പറ്റിയ നിരവധി പേർക്ക് ഈ ഗൈഡ് ലഭിക്കാതിരുന്നതോടെയാണ് പുതിയ മാറ്റം പുറംലോകമറിഞ്ഞത്. ഇമിഗ്രേഷൻ സർവീസസ് ഈ മാർഗ്ഗനിർദ്ദേശ പുസ്തകം തപാലിൽ അയക്കുന്നത് അവസാനിപ്പിച്ചു എന്ന് സ്ഥിരീകരിക്കുന്ന വിവരങ്ങളാണ് പുറത്തുവരുന്നത്. എന്നാൽ പുതിയ മാറ്റം ഗ്രീൻ കാർഡ് ഉടമകളുടെ നിയമപരമായ പദവിയെയോ അവകാശങ്ങളെയോ യാതൊരു വിധത്തിലും ബാധിക്കില്ലെന്ന് അധികൃതർ വ്യക്തമാക്കി. വിതരണം നിർത്തിയെങ്കിലും ഇതിലെ വിവരങ്ങളെല്ലാം ഇമിഗ്രേഷൻ ഏജൻസിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഡിജിറ്റലായി ലഭ്യമാണ്. പുതിയ രാജ്യത്ത് വാസസ്ഥലം കണ്ടെത്തുന്നത് മുതൽ നികുതി അടയ്ക്കേണ്ട രീതികളും തൊഴിൽ അവകാശങ്ങളും വരെയുള്ള വിവരങ്ങൾ ഈ ഗൈഡിൽ വിശദീകരിച്ചിട്ടുണ്ട്. രാജ്യത്തെ വിദേശികളുടെ നിയമപരമായ കടമകളെക്കുറിച്ചും ഇതിൽ വ്യക്തമാക്കുന്നു. പ്രിന്റിംഗ് ചെലവുകളും തപാൽ നിരക്കുകളും കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാൻ ഇമിഗ്രേഷൻ ഏജൻസി തയ്യാറായത്.





# മല്ലപ്പള്ളിയുടെ കായിക പുത്രൻ പ്രിൻസ് തോമസിന് ഷിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ്

ഷിക്കാഗോ: വോളിബോൾ കായിക മേഖലയിൽ നൽകിയ സമഗ്ര സംഭാവനകളെ ബഹുമാനിച്ച് പ്രിൻസ് തോമസിനെ ഷിക്കാഗോ പൗരാവലി ആദരിച്ചു. സീറോ മലബാർ അതിരൂപത ബിഷപ്പ് ജോയി ആലപ്പാട്ട് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ കേരള സംസ്ഥാന ജലസേചന വകുപ്പ് മന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എം.പി. എന്നിവർ ചേർന്നാണ് ആദരവ് അദ്ദേഹത്തിനും പ്രിയ പത്നി അനിത പ്രിൻസിനും സമർപ്പിച്ചത്. പ്രിൻസ് തോമസ് കളിക്കളത്തിലും തുടർന്ന് വോളിബോൾ രംഗത്ത് മികച്ച കളിക്കാരെ വാർത്തെടുക്കുന്നതിന് അതോടൊപ്പം തന്നെ കൈരളി ലയൺസ് എന്ന വോളിബോൾ കൂട്ടായ്മയിലൂടെയും ഷിക്കാഗോയിലെ കായിക രംഗത്ത് ഉജ്ജ്വലമായ നേതൃത്വം ആണ് നൽകിക്കൊണ്ടിരിക്കുന്നത്. കൈരളി ലയൺസിന്റെ പ്രസിഡന്റായിരിക്കെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജിമ്മി മെമ്മോറിയൽ ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിലും ശ്രദ്ധേയമായ നേതൃത്വപാഠവും വഹിച്ചിട്ടുണ്ട്. കേരളത്തിലെ പിന്നോക്ക രംഗങ്ങളിൽ നിൽക്കുന്ന കായിക താരങ്ങളുടെ വ്യത്യസ്തമായ ജീവിത രംഗങ്ങളിലെ വളർച്ചയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന വിവിധ പ്രോജക്ടുകൾ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. പ്രിൻസിന്റെ പിതാവ് പ്രയാറ്റു കുന്നേൽ തോമസ് കേരള സംസ്ഥാന വോളിബോൾ ടീം അംഗമായിരുന്നു. കായികരംഗത്തെ അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും സമർപ്പിതമായ പ്രവർത്തനങ്ങൾക്ക് ഏറെ അഭിനന്ദനങ്ങൾ.



# 'അബ്രഹാമിൻ ഗദ്ഗദം' ക്രിസ്തീയ ഭക്തിഗാന ആൽബത്തിന്റെ പ്രകാശനം ഷിക്കാഗോയിൽ നടത്തി

ഷിക്കാഗോ: ഷിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയുടെ ഇരുപതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് 'അബ്രഹാമിൻ ഗദ്ഗദം' എന്ന ക്രിസ്തീയ ഭക്തിഗാന വീഡിയോ ആൽബത്തിന്റെ ഔപചാരിക പ്രകാശനം നടന്നു.

അജിത്ത് ബേബിയുടെ വോയ്സ് ഓഫ് ആഡം ന്റെ സഹകരണത്തോടെ അനിൽ മറ്റത്തിക്കുന്നേൽ നേതൃത്വം നൽകുന്ന ജേക്കബ് മീഡിയാ ഓഫ് ഷിക്കാഗോ അവതരിപ്പിക്കുന്ന ഈ ഗാനത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ജോബി ഓളിയിൽ ആണ്. അനിൽ മറ്റത്തിക്കുന്നേൽ സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്ന ഗാനം സജി മാലിത്തിരുത്തേലും പ്രശസ്ത പിന്നണി ഗായിക എലിസബത്ത് രാജുവും ചേർന്നാണ് ആലപിച്ചിരിക്കുന്നത്.

കല്ലറ ഓളിയിൽ പരേതനായ കെ. കെ. എബ്രഹാമിന്റെ 17-ാം ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണയ്ക്കായാണ് ഈ ഗാനം നിർമ്മിച്ചിരിക്കുന്നത്. കെ.കെ. എബ്രഹാമിന്റെ ഭാര്യ തങ്കമ്മ എബ്രഹാമിൽ നിന്ന് ഗാനത്തിന്റെ പോസ്റ്റർ ഏറ്റുവാങ്ങിക്കൊണ്ട്, സെന്റ് തോമസ് സീറോ മലബാർ രൂപത വികാരി ജനറലും ക്നാനായ റീജിയൺ ഡയറക്ടറുമായ മോൺ. തോമസ് മുളവനാലും, സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവക വികാരി ഫാ. എബ്രഹാം കളരിക്കലും ചേർന്ന് ഔപചാരിക പ്രകാശനകർമ്മം നിർവഹിച്ചു.

സേക്രഡ് ഹാർട്ട് ക്നാനായ ഇടവകാംഗമായ ജോബി ഓളിയിൽ രചിച്ച ഗാനം, ഇടവകയുടെ ഗായകസംഘത്തിന് ദീർഘകാലമായി നേതൃത്വം നൽകിവരുന്ന സജി മാലിത്തിരുത്തേൽ പ്രശസ്ത ഗായിക എലിസബത്ത് രാജുവിനൊപ്പം ആലപിക്കുമ്പോൾ, അത് സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവകയ്ക്കും സമൂഹത്തിനും അഭിമാനകരമായ നിമിഷമാണെന്ന് ഫാ. എബ്രഹാം കളരിക്കൽ പറഞ്ഞു.

ഷിക്കാഗോ ക്നാനായ സമൂഹത്തിന്റെ ഭാഗമായ അനിൽ മറ്റത്തിക്കുന്നേൽ സംഗീതസംവിധാനം നിർവഹിക്കുന്ന ആറാമത്തെ ഗാനമാണിത്. മുൻ ഗാനങ്ങളെപ്പോലെ തന്നെ ഈ ഗാനവും സംഗീതാസ്വാദകരുടെയും വിശ്വാസി സമൂഹത്തിന്റെയും ശ്രദ്ധ നേടുമെന്ന പ്രതീക്ഷ മോൺ. തോമസ് മുളവനാൽ പങ്കുവച്ചു. ഗാനത്തിന്റെ ഓർക്കസ്ട്രേഷൻ പ്രദീപ് ടോം നിർവഹിച്ചിരിക്കുന്നു. റെക്കോർഡിംഗ് ബെന്നി തോമസ് - ബെൻ സ്റ്റുഡിയോ, ഷിക്കാഗോ കൂടാതെ സിഎസി, കൊച്ചി എന്നിവിടങ്ങളിലായാണ് പൂർത്തിയാക്കിയത്.

സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവക, ഷിക്കാഗോയും സെന്റ് തോമസ് ക്നാനായ കത്തോലിക്കാ ഇടവക, കല്ലറയും പശ്ചാത്തലമാക്കി ഒരുക്കിയ വീഡിയോയുടെ ചിത്രീകരണം ജോബി ചെറുപച്ചിക്കരയും സാജു വർഗീസും ചേർന്ന് നിർവഹിച്ചു. വീഡിയോ എഡിറ്റിംഗ് ജോബി ചെറുപച്ചിക്കരയും ഡിസൈൻ ആസ്ട്രയും നിർവഹിച്ചിരിക്കുന്നു.

ഈ ഗാനത്തിന്റെ നിർമ്മാണത്തിന് പിന്തുണയും ആശംസകളും നൽകിയ മോൺ. തോമസ് മുളവനാൽ, ഫാ. എബ്രഹാം കളരിക്കൽ, കല്ലറ സെന്റ് തോമസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. പ്രിൻസ് മുളകുമറ്റത്തിൽ എന്നിവർക്കും പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും അണിയറ പ്രവർത്തകർ നന്ദി അറിയിച്ചു.

വോയ്സ് ഓഫ് ആഡം ഡയറക്ടർ അജിത്ത് ബേബിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ലിവിംഗ് വിത്ത് ക്രൈസ്റ്റ് എന്ന ആൽബത്തിന്റെ ഭാഗമായ 'അബ്രഹാമിൻ ഗദ്ഗദം' സെപ്തംബർ അവസാനത്തോടെ വോയ്സ് ഓഫ് ആഡം യൂട്യൂബ് ചാനലിലൂടെ പ്രേക്ഷകരിലേക്ക് എത്തുമെന്ന് അജിത്ത് ബേബി അറിയിച്ചു.

# അമേരിക്കൻ കോൺഗ്രസിലും ഉപരോധ ബിൽ പാസായി! റഷ്യൻ എണ്ണ വാങ്ങുന്ന ഇന്ത്യയ്ക്ക് 100% നികുതി ഭീഷണി; ട്രംപ് ഒപ്പിടുന്നതോടെ നിയമമാകും!

റഷ്യയിൽ നിന്ന് പ്രകൃതിവാതകവും ക്രൂഡ് ഓയിലും ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്കെതിരെ കടുത്ത സാമ്പത്തിക നടപടികൾ സ്വീകരിക്കാൻ അധികാരം നൽകുന്ന സുപ്രധാന ഉപരോധ ബില്ലിന് അമേരിക്കൻ ജനപ്രതിനിധി സഭയുടെ അംഗീകാരം ലഭിച്ചു. റഷ്യൻ ഊർജ്ജ ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഇന്ത്യ, ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾക്കും മേൽ നൂറ് ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്താൻ ഈ ബിൽ അനുവാദം നൽകുന്നു.

പ്രതിനിധി സഭയിൽ നടന്ന വോട്ടെടുപ്പിൽ 159 നെതിരെ 262 വോട്ടുകൾക്കാണ് പുതിയ നിയമനിർമ്മാണം പാസായത്. റിപ്പബ്ലിക്കൻ പാർട്ടിയംഗങ്ങൾക്ക് പുറമേ ഡെമോക്രാറ്റിക് ജനപ്രതിനിധികളും ബില്ലിനെ പിന്തുണച്ച് രംഗത്തെത്തുകയായിരുന്നു.

നേരത്തെ ഓഗസ്റ്റ് മാസത്തിൽ യുഎസ് സെനറ്റ് 11 നെതിരെ 86 വോട്ടുകളുടെ വൻ ഭൂരിപക്ഷത്തോടെ ഈ ബിൽ പാസാക്കിയിരുന്നു. ഇപ്പോൾ ഇരുസഭകളുടെയും അംഗീകാരം ലഭിച്ചതോടെ ബിൽ അന്തിമമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഒപ്പിനായി അയച്ചിരിക്കുകയാണ്.

ട്രംപ് ഒപ്പുവെക്കുന്നതോടെ 'ലിൻഡ്സെ ഒ ഗ്രഹാം സാൻക്ഷനിംഗ് റഷ്യ ആൻഡ് ഇറാൻ ആക്ട് 2026' ഔദ്യോഗിക നിയമമായി പ്രാബല്യത്തിൽ വരും. ബില്ലിൽ പ്രസിഡന്റ് ഒപ്പുവെച്ചാൽ റഷ്യയിൽ നിന്ന് വലിയ തോതിൽ എണ്ണ വാങ്ങുന്ന ഇന്ത്യയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് മേൽ 100 ശതമാനം വരെ നികുതി ചുമത്താൻ ട്രംപിന് നിയമപരമായ അധികാരം ലഭിക്കും.

റഷ്യയും ഉക്രെയ്നും തമ്മിലുള്ള യുദ്ധം തുടരുന്ന സാഹചര്യത്തിൽ മോസ്കോയുടെ പ്രധാന വരുമാന സ്രോതസ്സായ ഊർജ്ജ കയറ്റുമതിയെ ത തകർക്കുക എന്നതാണ് ഈ നീക്കത്തിന്റെ പ്രധാന ലക്ഷ്യം. എണ്ണ വിൽപനയിലൂടെ ലഭിക്കുന്ന പണമാണ് റഷ്യൻ സൈനിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് എന്ന്




അമേരിക്കൻ നിയമനിർമ്മാതാക്കൾ ആരോപിക്കുന്നു. റഷ്യൻ ക്രൂഡ് ഓയിലിന്റെ ഏറ്റവും വലിയ ഉപഭോക്താക്കളിൽ ഒന്നായ ഇന്ത്യയെയും ചൈനയെയും ലക്ഷ്യമിട്ടാണ് ബില്ലിൽ പുതിയ നികുതി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളേക്കാൾ കൂടുതൽ റഷ്യൻ എണ്ണ നിലവിൽ ഇന്ത്യ ഇറക്കുമതി ചെയ്യുന്നുണ്ട്.

അതേസമയം ബിൽ പാസായ ഉടൻ ഇന്ത്യയ്ക്കുമേൽ 100 ശതമാനം നികുതി താനേ നിലവിൽ വരില്ല. മറിച്ച് രാജ്യത്തിന്റെ നയതന്ത്ര ആവശ്യങ്ങൾ മുൻനിർത്തി അത്തരം നികുതി ചുമത്താനും ഒഴിവാക്കാനും ഭരണകൂടത്തിന് പ്രത്യേക വിവേചനാധികാരം ബിൽ നൽകുന്നുണ്ട്. അമേരിക്കൻ ജനപ്രതിനിധി സഭയിൽ ഡെമോക്രാറ്റുകൾക്കിടയിൽ ഈ നികുതി വ്യവസ്ഥ വലിയ തർക്കങ്ങൾക്ക് വഴിവെച്ചിരുന്നു. ട്രംപിന് കൂടുതൽ നികുതി അധികാരങ്ങൾ നൽകുന്നത് അമേരിക്കൻ ഉപഭോക്താക്കൾക്ക് കൂടുതൽ തിരിച്ചടിയാകുമെന്നാണ് ചില ജനപ്രതിനിധികൾ വാദിച്ചത്.

റഷ്യയുടെ പ്രധാന ബാങ്കുകൾ, ഭരണാധികാരികൾ, ഔദ്യോഗിക ഉദ്യോഗസ്ഥർ എന്നിവർക്ക് പുറമേ അനധികൃതമായി എണ്ണ കടത്താൻ ഉപയോഗിക്കുന്ന 'ഷാഡോ ഫ്ലീറ്റ്' കപ്പലുകളെയും ബില്ലിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഇറാനുമേലുള്ള സാമ്പത്തിക ഉപരോധത്തിന്റെ കാലാവധി നീട്ടാനും ബില്ലിൽ വകുപ്പുകളുണ്ട്.

ഇന്ത്യൻ കയറ്റുമതി മേഖലയ്ക്ക് വൻ പ്രഹരമേൽപ്പിക്കുന്നതാണ് പുതിയ അമേരിക്കൻ ബിൽ എന്നതിനാൽ ന്യൂഡൽഹി സ്ഥിതിഗതികൾ അതീവ ജാഗ്രതയോടെയാണ് വീക്ഷിക്കുന്നത്. തങ്ങളുടെ ആഭ്യന്തര ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ ഏത് രാജ്യത്തുനിന്നും കുറഞ്ഞ നിരക്കിൽ എണ്ണ വാങ്ങുമെന്ന നിലപാടിലാണ് ഇന്ത്യ മുന്നോട്ട് പോകുന്നത്.

വാഷിംഗ്ടണും ന്യൂഡൽഹിയും തമ്മിൽ പുതിയ വ്യാപാര കരാറുകൾക്കായി ചർച്ചകൾ നടക്കുന്നതിനിടെയാണ് അമേരിക്കൻ കോൺഗ്രസിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു നിയമ നിർമ്മാണം നടപ്പിലാകുന്നത്. ഇത് വരും ദിവസങ്ങളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചേക്കാം.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഈ ബില്ലിൽ എപ്പോൾ ഒപ്പുവെക്കുമെന്നും അതിനുശേഷം ഇന്ത്യയ്ക്കെതിരെ നികുതി വ്യവസ്ഥകൾ പ്രയോഗിക്കുമോ എന്നുമാണ് നയതന്ത്ര ലോകം ഉറ്റുനോക്കുന്നത്. വിഷയം സമവായത്തിലൂടെ പരിഹരിക്കാൻ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം ശ്രമങ്ങൾ തുടരുകയാണ്.

# സാമ്പത്തിക യുദ്ധം പ്രഖ്യാപിക്കുമോ?

(ഒന്നാം പേജ് തുടർച്ച)

കയും ചെയ്തു. യൂറോപ്പുമായി കാനഡ ഇത്തരം സഹകരണങ്ങൾക്ക് മുതിർന്നാൽ യൂറോപ്യൻ യൂണിയനുമേൽ കൂടുതൽ കനത്ത താരിഫുകൾ ഈടാക്കുമെന്നും ചില മേഖലകളിലെ വാണിജ്യ ബന്ധങ്ങൾ പൂർണ്ണമായി വിച്ഛേദിക്കുമെന്നും ട്രംപ് ഭീഷണിപ്പെടുത്തി. ഈ പുതിയ നീക്കങ്ങൾ അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിലും നാറ്റോ സഖ്യത്തിനുള്ളിലും വരുത്തുന്ന വലിയ പ്രത്യാഘാതങ്ങൾ താഴെ സമഗ്രമായി പരിശോധിക്കാം:

**യൂറോപ്യൻ യൂണിയൻ വച്ചുനീട്ടിയ 'അസോസിയേറ്റ് അംഗത്വവും' കാനഡയുടെ തന്ത്രപരമായ പ്രതികരണങ്ങളും**

വാഷിംഗ്ടണിന്റെ പരമ്പരാഗത സാമ്പത്തിക ഭീഷണികളിൽ നിന്നും രക്ഷനേടാനാണ് ഒട്ടാവ യൂറോപ്യൻ വൻകരയുമായി കൂടുതൽ അടുത്ത നയതന്ത്ര ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നത്.

**എന്താണ് യൂറോപ്യൻ യൂണിയന്റെ 'അസോസിയേറ്റ് അംഗത്വം'?**

യൂറോപ്യൻ യൂണിയന്റെ നിലവിലുള്ള ഔദ്യോഗിക ഉടമ്പടികളിൽ എവിടെയും 'അസോസിയേറ്റ് മെമ്പർ' എന്ന പ്രത്യേക പദവി വ്യവസ്ഥ ചെയ്തിട്ടില്ല. സമ്പൂർണ്ണ അംഗത്വം നൽകുന്നതിന് പകരം, സിംഗിൾ മാർക്കറ്റ് ആനുകൂല്യങ്ങൾ, ആർട്ടിക് സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അപൂർവ്വ മിനറലുകൾ, ഉൽപ്പാദന മേഖലകൾ എന്നിവയിൽ കാനഡയ്ക്ക് കൂടുതൽ പങ്കാളിത്തം നൽകുന്ന പങ്കാളിത്ത മാതൃകയാണിത്. യൂറോപ്യൻ യൂണിയന്റെ നയരൂപീകരണങ്ങളിൽ വോട്ടിംഗ് അവകാശമില്ലാതെ തന്നെ അതിർത്തി വിസ രഹിത സഹകരണങ്ങൾ ഉറപ്പാക്കാനാണ് ഒട്ടാവ ലക്ഷ്യമിടുന്നത്.

**മാർക്ക് കാർണി ഗവൺമെന്റ് ലക്ഷ്യമിടുന്ന 'അദ്വിതീയ സഖ്യങ്ങൾ'**

കാനഡ തങ്ങളുടെ ആകെ കയറ്റുമതിയുടെ 70 ശതമാനവും അയക്കുന്നത് അമേരിക്കയിലേക്കാണ്. എന്നാൽ ട്രംപ് ഭരണകൂടം കാനഡയ്ക്ക് മേൽ നിരന്തരം പുതിയ താരിഫുകൾ ഏർപ്പെടുത്തുകയും, കാനഡയെ അമേരിക്കയുടെ '51-ാം സ്റ്റേറ്റ്' എന്ന് വിശേഷിപ്പിക്കുകയും ചെയ്തതോടെയാണ് വാഷിംഗ്ടണിനെ മാത്രം ആശ്രയിക്കുന്ന രീതി അവസാനിപ്പിക്കാൻ കാർണി തീരുമാനം എടുത്തത്. കാനഡയുടെ പരമാധികാരം സംരക്ഷിച്ചുകൊണ്ട് തന്നെ യൂറോപ്പുമായി അദ്വിതീയ സാമ്പത്തിക തന്ത്രങ്ങൾ മെനയുകയാണ് ഒട്ടാവ ചെയ്യുന്നത്.

**ഇയു അംഗരാജ്യങ്ങളുടെ അനുമതിയും സങ്കീർണ്ണതകളും**

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് വോൺ ഡെർ ലെയ്ൻ ഇത്തരം ഒരു ആശയം മുന്നോട്ടുവെച്ചെങ്കിലും, അത് യാഥാർത്ഥ്യമാകണമെങ്കിൽ ഇയുവിലെ 27 അംഗരാജ്യങ്ങളുടെയും ഏകകണ്ഠമായ പിന്തുണയും അംഗീകാരവും ആവശ്യമാണ്. നിലവിലുള്ള കാനഡ-ഇയു സമഗ്ര സാമ്പത്തിക വാണിജ്യ കരാർ പോലും ചില യൂറോപ്യൻ രാജ്യങ്ങൾ പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. അതിനാൽ ഈ പുതിയ നിയമ നിർമ്മാണം വരും മാസങ്ങളിൽ കൂടുതൽ ചർച്ചകൾക്ക് വഴിവെക്കും.

**യൂറോപ്യൻ യൂണിയനിലേക്ക് വരാനിരിക്കുന്ന മറ്റ് രാജ്യങ്ങളുടെ പ്രതികരണങ്ങൾ**

ഉക്രെയ്ൻ, മോൾഡോവ, അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ വർഷങ്ങളായി യൂറോപ്യൻ യൂണിയനിൽ പൂർണ്ണ അംഗത്വത്തിനായി കാത്തിരിക്കുമ്പോൾ, യൂറോപ്യൻ ഭൂഖണ്ഡത്തിന് പുറത്തുള്ള കാനഡയ്ക്ക് വേഗത്തിൽ ഇളവുകൾ നൽകുന്നത് മറ്റ് ഉക്രെയ്ൻ പോലുള്ള രാജ്യങ്ങളിൽ അമർഷത്തിന് ഇടയാക്കിയേക്കാം. എങ്കിലും അമേരിക്കൻ സാമ്പത്തിക ഭീഷണികളെ ഒന്നിച്ചു നേരിടാൻ കാനഡയുടെ സാന്നിദ്ധ്യം അത്യാവശ്യമാണെന്ന് യൂറോപ്യൻ നേതാക്കൾ കരുതുന്നു.

**യുകെ സഖ്യത്തിലുള്ള 'ജെഇഎഫ്'സൈനിക ബാന്ധവവും നാറ്റോ പ്രതിഫലനങ്ങളും**

സാമ്പത്തിക സുരക്ഷയ്ക്ക് പുറമെ വിദേശ പ്രതിരോധ തന്ത്രങ്ങളിലേക്കും കാനഡ തങ്ങളുടെ സ്വാധീനം വിപുലീകരിക്കുകയാണ്.

**ജഇഎഫ് സഖ്യത്തിൽ ചേരാനുള്ള കാനഡയുടെ അപേക്ഷ**

യൂറോപ്പിലെ വടക്കൻ അന്താരാഷ്ട്ര സമുദ്ര സുരക്ഷ മുൻനിർത്തി യുകെ നേതൃത്വം നൽകുന്ന 10 നാറ്റോ അംഗരാജ്യങ്ങളുടെ ദ്രുത പ്രതികരണ സൈനിക സഖ്യമാണ് 'ജോയിന്റ് എക്സ്പെഡിഷനറി ഫോഴ്സ്' ബ്രിട്ടൻ, ഡെന്മാർക്ക്, ഫിൻലാൻഡ്, നോർവേ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്ന ഈ സഖ്യത്തിൽ ചേരാൻ കാനഡ അപേക്ഷ നൽകിയത് തങ്ങളുടെ സ്വന്തം നാവിക സമുദ്ര സുരക്ഷയും ആർട്ടിക് ബോർഡറുകളും കാത്തുസൂക്ഷിക്കാനാണ്.

**ഗ്ലോബൽ കൊംബാറ്റ് എയർ പ്രോഗ്രാമിലെ കാനഡയുടെ പങ്ക്**

ബ്രിട്ടീഷ് പ്രധാനമന്ത്രി ആന്റി ബേൺഹാമുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം, യുകെ, ഇറ്റലി, ജപ്പാൻ എന്നിവർ ചേർന്ന് വികസിപ്പിക്കുന്ന അത്യാധുനിക ആറാം തലമുറ പോർവിമാന പദ്ധതിയായ 'ജിസിഎപി' കരാറിലും കാനഡ തങ്ങളുടെ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. അമേരിക്കൻ എഫ്-35 നിർമ്മാണ കുത്തകകളെ മാത്രം ആശ്രയിക്കുന്നത് കുറയ്ക്കാൻ ഈ ആയുധ വികസനങ്ങൾ കാനഡയെ സഹായിക്കും.

**നാറ്റോ സൈനിക സഖ്യത്തിനുള്ളിൽ ഉണ്ടാകുന്ന വിള്ളലുകൾ**

അമേരിക്കയുടെ പിന്തുണയില്ലാതെ തന്നെ പ്രാദേശിക പ്രതിരോധ കൂട്ടായ്മകൾ നിർമ്മിക്കാൻ ബ്രിട്ടനും കാനഡയും യൂറോപ്യൻ രാജ്യങ്ങളും കൈകോർക്കുന്നത് നാറ്റോയുടെ പരമ്പരാഗത സമവാക്യങ്ങളെ മാറ്റിമറിക്കും. തങ്ങൾ ഇല്ലാതെ യൂറോപ്യൻ രാഷ്ട്രങ്ങൾ സമാന്തര സൈനിക സഖ്യങ്ങൾ ഉണ്ടാക്കുന്നത് ട്രംപ് ഭരണകൂടത്തെ കൂടുതൽ പ്രകോപിപ്പിക്കാനാണ് സാധ്യത.

**ആർട്ടിക് മേഖലയിലെ അമേരിക്കൻ-ചൈനീസ് അതിക്രമങ്ങൾക്കുള്ള തടസ്സങ്ങൾ**

ആർട്ടിക് സമുദ്രത്തിൽ ചൈനയും റഷ്യയും തങ്ങളുടെ റഡാർ താവളങ്ങൾ വികസിപ്പിക്കുമ്പോൾ കാനഡ ഒറ്റപ്പെട്ടുപോയിരുന്നു. ബ്രിട്ടീഷ് സൈനിക സഖ്യത്തോടൊപ്പം ചേരുന്നതിലൂടെ വടക്കൻ ധ്രുവ അതിർത്തികളിൽ അമേരിക്കയുടെ സഹായമില്ലാതെ തന്നെ ശക്തമായ സൈനിക വിന്യാസങ്ങൾ നടത്താൻ കാനഡയ്ക്ക് സാധിക്കും.

**ട്രംപിന്റെ ഉപരോധ ഭീഷണികളും അന്താരാഷ്ട്ര സാമ്പത്തിക പ്രതിസന്ധികളും**

കാനഡയുടെയും യൂറോപ്പിന്റെയും സൈനിക-സാമ്പത്തിക കൈകോർക്കൽ അമേരിക്കയിൽ പുതിയ രാഷ്ട്രീയ കൊടുങ്കാറ്റ് ഉയർത്തിയിട്ടുണ്ട്.

**'ശത്രുതാപരമായ നടപടി': ഡൊണാൾഡ് ട്രംപിന്റെ മുന്നറിയിപ്പുകൾ**

നോർത്ത് കരോലിനയിലെ ചാർലറ്റിൽ നടന്ന പ്രസംഗത്തിൽ ട്രംപ് യൂറോപ്യൻ നീക്കങ്ങൾക്കെതിരെ കടുത്ത ഭാഷയിലാണ് പ്രതികരിച്ചത്. കാനഡയെ ഒപ്പം കൂട്ടാൻ യൂറോപ്പ് തയാറായാൽ അത് അമേരിക്കയ്ക്കെതിരെയുള്ള നേരിട്ടുള്ള യുദ്ധ നീക്കമായി കാണുമെന്നും ഇയുവിൽ നിന്നുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും മേൽ റെക്കോർഡ് താരിഫുകൾ പ്രഖ്യാപിക്കുമെന്നും ട്രംപ് വ്യക്താമാക്കി. കാനഡയെ മോശം വ്യാപാരി എന്നും ട്രംപ് പരിഹസിച്ചു.

**യുഎസ്-ഇയു വ്യാപാരം നിരോധിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ**

അമേരിക്കയും യൂറോപ്യൻ യൂണിയനും തമ്മിൽ പ്രതിവർഷം ട്രില്യൺ കണക്കിന് ഡോളറിന്റെ ചരക്ക് സേവന വിനിമയങ്ങളാണ് നടക്കുന്നത്. ട്രംപ് ഭീഷണിപ്പെടുത്തുന്നത് പോലെ ഇയുമായുള്ള എക്സ്പോർട്ട്-ഇമ്പോർട്ട് ബന്ധങ്ങൾ വൻതോതിൽ റദ്ദാക്കിയാൽ, അമേരിക്കൻ നഗരങ്ങളിൽ സാങ്കേതിക വിദ്യകളുടെയും ആഡംബര കാറുകളുടെയും ക്ഷാമവും കടുത്ത പണപ്പെരുപ്പവും ഉണ്ടാകും. യൂറോപ്പിലും ഉൽപ്പാദന വിപണികൾ നിശ്ചലമാകും.

# ഫെഡറൽ റിസർവിന്റെ സർജിക്കൽ സ്ട്രൈക്ക്

(ഒന്നാം പേജ് തുടർച്ച)

കുടിശ്ശികകൾ എന്നിവയുടെ പലിശനിരക്ക് ഇതോടെ ഉടനടി ഉയരും. നിലവിൽ വായ്പയെടുത്തിട്ടുള്ളവരും പുതിയതായി ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നവരും വരുന്ന മാസങ്ങളിൽ കൂടുതൽ തിരിച്ചടവ് ഭാരം പേറേണ്ടി വരും. ഭവന വായ്പാ നിരക്കുകളിൽ പെട്ടെന്ന് വലിയ മാറ്റമുണ്ടായില്ലെങ്കിലും ബോണ്ട് വിപണിയിലെ അസ്ഥിരത തുടർന്നാൽ വീടുവാങ്ങാൻ ആഗ്രഹിക്കുന്നവർക്കും തിരിച്ചടിയുണ്ടാകും.

സാധാരണക്കാർക്ക് തിരിച്ചടിയാകുമെങ്കിലും സമ്പാദ്യ ശീലമുള്ളവർക്ക് ഈ തീരുമാനം ആശ്വാസകരമാണ്. ബാങ്ക് നിക്ഷേപങ്ങൾക്കും ഹൈ-യീൽഡ് സേവിംഗ്സ് അക്കൗണ്ടുകൾക്കും കൂടുതൽ പലിശ വരുമാനം ലഭിക്കാൻ ഇത് വഴിയൊരുക്കും. എന്നാൽ പ്രതിദിന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും വീട്ടുവാടക വർദ്ധനവും മൂലം ബുദ്ധിമുട്ടുന്ന ഉപയോക്താക്കൾക്ക് ഈ ചെറിയ ലാഭം എത്രത്തോളം ആശ്വാസമാകുമെന്നത് കണ്ടറിയേണ്ടിയിരിക്കുന്നു.

യുഎസ് ഫെഡറലിന്റെ ഈ നടപടി കാനഡയുമായുള്ള വ്യാപാര മേഖലയിലും പ്രകടമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കും. കാനഡയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണ് അമേരിക്ക. അമേരിക്കയിൽ പലിശനിരക്ക് ഉയരുമ്പോൾ മൂലധനം യുഎസ് ഡോളറിലേക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും, കാനഡിയൻ ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ യുഎസ് ഡോളർ ശക്തിപ്പെടുകയും ചെയ്യും. ഇത് കാനഡയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് അമേരിക്കൻ വിപണിയിൽ ആകർഷകത്വം കൂട്ടുമെങ്കിലും കാനഡയിലെ പണപ്പെരുപ്പ സമ്മർദ്ദം വർദ്ധിപ്പിക്കും.


അമേരിക്കൻ വിപണിയിലെ ഈ മാറ്റം കാനഡയുടെ കേന്ദ്ര ബാങ്കായ ബാങ്ക് ഓഫ് കാനഡയെയും സ്വന്തം പലിശ നയങ്ങൾ പുനപരിശോധിക്കാൻ നിർബന്ധിതരാക്കും. കാനഡിയൻ ഡോളറിന്റെ മൂല്യം അമിതമായി ഇടിയുന്നത് തടയാനും രാജ്യത്തെ വിലക്കയറ്റം നിയന്ത്രിക്കാനും കാനഡയ്ക്കും പലിശനിരക്കുകൾ ഉയർത്തേണ്ടി വന്നേക്കാം. ഇത് കാനഡയിലെ ബിസിനസ് വായ്പകളെയും ഭവന വിപണിയെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഫെഡറൽ റിസർവും തമ്മിലുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ വടംവലിയെ കൂടുതൽ രൂക്ഷമാക്കുന്നതാണ് പുതിയ തീരുമാനം. പലിശനിരക്ക് ഒരു ശതമാനമോ അതിൽ താഴെയോ ആയി കുറയ്ക്കണമെന്ന് ട്രംപ് പരസ്യമായി ആവശ്യപ്പെട്ടിരുന്നു. ട്രംപിന്റെ ഇറക്കുമതി തീരുവകളും വ്യാപാര നയങ്ങളും പണപ്പെരുപ്പത്തിന് ആക്കം കൂട്ടിയെന്ന് ഒരു വിഭാഗം സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുമ്പോൾ, ഫെഡറലിന്റെ തീരുമാനം രാഷ്ട്രീയ പ്രേരിതമാണെന്നാണ് ട്രംപിന്റെ ആരോപണം. വരുന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ ഇത് ഭരണകൂടത്തിന് വലിയ രാഷ്ട്രീയ വെല്ലുവിളിയാകും.

ഓഹരി വിപണികളിലും ഈ തീരുമാനത്തിന്റെ ആഘാതം പ്രകടമാണ്. സാമ്പത്തിക വളർച്ചയേക്കാൾ പണപ്പെരുപ്പ നിയന്ത്രണത്തിന് പ്രാധാന്യം നൽകിയത് നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും യുഎസ് ഓഹരി സൂചികകളിൽ ഇടിവിന് കാരണമാവുകയും ചെയ്തു. ബിസിനസ്സ് സ്ഥാപനങ്ങൾ കൂടുതൽ തുക പലിശയായി നൽകേണ്ടി വരുമ്പോൾ നിർമ്മാണ-സാങ്കേതിക മേഖലകളിലെ നിക്ഷേപങ്ങൾ മന്ദഗതിയിലാകാൻ സാധ്യതയുണ്ട്.

യുഎസ് പലിശനിരക്ക് ഉയർന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലും പ്രകടമായ ചലനങ്ങൾ സൃഷ്ടിക്കും. ഡോളർ ശക്തമാകുന്നതോടെ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ ഇന്ത്യൻ ഓഹരി വിപണിയിൽ നിന്ന് പണം പിൻവലിച്ച് യുഎസ് സെക്യൂരിറ്റികളിലേക്ക് മാറ്റാൻ സാധ്യതയുണ്ട്. ഇത് ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ സമ്മർദ്ദമുണ്ടാക്കാനും ഡോളറിനെതിരെ രൂപ ഇടിയാനും വഴിവെക്കും. ഇന്ധന ഇറക്കുമതി ചെലവേറുന്നതും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്ക് സ്വന്തം പലിശനിരക്കുകൾ വെട്ടിക്കുറയ്ക്കുന്നതിന് തടസ്സമാകുന്നതും ഇന്ത്യൻ വ്യവസായ മേഖലയ്ക്ക് വെല്ലുവിളിയാകും.






## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#081226

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#081226

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–744–0046**

#081226

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#081226

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#081226








## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാം ഡേവിഡ്**

#081926

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ക്രിസ്റ്റി ഫെർണാണ്ടസ്**

#081926

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

# ഷിക്കാഗോ സീറോ മലബാർ
# മലയാളം സ്കൂൾ 34–ാം വർഷത്തിലേക്ക്

ഷിക്കാഗോ: ഒന്നിലധികം ഭാഷകൾ പഠിക്കുന്നത് ഭാഷാപരമായ ആശയക്കുഴപ്പം കുട്ടികളിലുണ്ടാക്കുമെന്ന പഴയധാരണകളെ തിരുത്തിക്കുറിച്ചുകൊണ്ട് ഷിക്കാഗോ സീറോ മലബാർ കത്തീഡ്രലിൽ 'സ്കൂൾ ഓഫ് ലാങ്ഗ്വേജസ്' (മലയാളം സ്കൂൾ) 34-ാം വർഷത്തിലേക്ക് കാൽകുത്തുന്നു.

ഷിക്കാഗോ രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ച് 2026 ജൂലൈ 11ന് ഷിക്കാഗോ മക്കൊർമിക് പ്ലെയിസിൽ വച്ചു നടന്ന മലയാളം സ്കൂൾ മീറ്റിൽ സ്കൂൾ ഡയറക്ടർ വെരി റവ. ഫാ. തോമസ് കടുകപ്പിള്ളിൽ 'സ്നേഹിക്കാനും ശുശ്രൂഷിക്കാനും' എന്ന മോട്ടോയാൽ നയിക്കപ്പെടുന്ന ഷിക്കാഗോ രൂപതയുടെ ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് തന്റെ നർമ്മബോധം കൊണ്ടും പാണ്ഡിത്യംകൊണ്ടും മാതൃഭാഷയിലൂടെ ദൈവികതയെ ജനഹൃദയങ്ങളിലേക്ക് ഒഴുക്കുന്ന റവ. ഫാ. ജോസഫ് പുത്തൻപുര ഒ.എഫ്.എം. രമു എന്നിവർ മലയാള ഭാഷാപഠനത്തിന്റെ വിവിധ വശങ്ങളെ അസ്പദമാക്കി വളരെ വിശദമായി സംസാരിച്ചു.



മാതൃഭാഷാ പഠനം കൊണ്ട് ഒരു ഭാഷ പഠിക്കുക എന്നതിലുപരി ഒരു സംസ്കാരം മുഴുവൻ ഉൾക്കൊള്ളുകയാണെന്നും ഭാഷയിലെ വിവിധ 'സമ്പത്ത്' അന്യമാകാതെ തലമുറകളിലേക്ക് കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്നും അതിനായി ലക്ഷ്യമിട്ടിരിക്കുന്ന ഷിക്കാഗോയിലെ മലയാളം സ്കൂളിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും അഭിവന്ദ്യ ജേക്കബ് പിതാവ് ഉദ്ബോധിപ്പിച്ചു. ഭാഷയുടെ അർത്ഥം മനസ്സിലാക്കി അത് ലളിതമായ രീതിയിൽ എങ്ങനെ കുട്ടികളിലേക്കു പകർന്നു കൊടുക്കാമെന്നും ദ്രാവിഡ ഭാഷയായ മലയാളത്തിലെ 'രാരാരോ, രാരിരാരോ' തുടങ്ങിയ താരാട്ടിലും മറ്റും ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ ഒരു അദ്ധ്യാപകനെങ്ങനെ തന്മയത്വത്തോടെ സരസമായി അവതരിപ്പിക്കാമെന്നുമൊക്കെ പുത്തൻപുര അച്ചൻ വ്യക്തമാക്കി. ജൂബിലിയുടെ നിറവിലായ അഭിവന്ദ്യ ജേക്കബ് പിതാവിനെ പ്ലാക്ക് നൽകി മലയാളം സ്കൂൾ ആദരിച്ചു.

അമേരിക്കയിൽ വളരുന്ന കുട്ടികൾക്ക് മലയാള ഭാഷയിൽ വിദ്യാഭ്യാസം നൽകുന്നത് അവരുടെ സാംസ്കാരിക വേരുകൾ നിലനിർത്തുന്നതിനും ബൗദ്ധികമായ വളർച്ചക്കും ഏറെ ഉതകുമെന്നും ഏവരും പറയുകയുണ്ടായി.

ഷിക്കാഗോയിൽ നിന്നും മറ്റുസംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഈ മീറ്റിൽ പങ്കെടുത്തു. മലയാളം സ്കൂൾ പ്രിൻസിപ്പൽ റോസമ്മ ജെ. തെനിയപ്ലാക്കൽ, വി.പി. ജേക്കബ് തോമസ് എന്നിവർ നേതൃത്വം നൽകിയ മീറ്റിൽ അദ്ധ്യാപകരും മറ്റു ആളുകളും പങ്കെടുത്തു. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രായഭേദമെന്യേ ഏവർക്കും സ്വാഗതം.

ക്ലാസ് എല്ലാ ഞായറാഴ്ച രാവിലെ 8.30-9.30വരെ

രജിസ്ട്രേഷൻ സെപ്തംബർ 20ന് ഞായറാഴ്ച തീരും. For registration: https://stthomas.parishon.net/Cathedral

*റോസമ്മ ജെ. തെനിയപ്ലാക്കൽ*

# മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് യുഎസ്സിൽ റീട്ടെയിൽ സാന്നിധ്യം ശക്തിപ്പെടുത്തുന്നു




വാഷിങ്ടണിലെ സീയാറ്റിലിൽ 9-ാമത് ഷോറൂം പ്രവർത്തനമാരംഭിച്ചു. 14 രാജ്യങ്ങളിലായി 450ലധികം ഷോറൂമുകളുള്ള ലോകത്തിലെ ഏറ്റവും വലിയ നാലാമത്തെ ജ്വല്ലറി ശൃംഖലയായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്, വാഷിംഗ്ടണിലെ സീയാറ്റിലിൽ പുതിയ ഷോറൂം ആരംഭിച്ചുകൊണ്ട് യു.എസ്.എയിലെ ബ്രാൻഡിന്റെ സാന്നിധ്യം വിപുലീകരിക്കുന്നു. വാഷിംഗ്ടൺ സ്റ്റേറ്റിലെ ബ്രാൻഡിന്റെ ആദ്യ ഔട്ട്ലെറ്റായ ഈ പുതിയ ഷോറൂം ഉദ്ഘാടനത്തോടെ യു.എസ്.എയിലെ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ആകെ ഷോറൂമുകളുടെ എണ്ണം 9 ആയി.

സീയാറ്റിലിലെ ഇന്ത്യൻ കോൺസലേറ്റ് കോൺസൽ ജനറൽ പ്രകാശ് ഗുപ്ത ഷോറൂം ഉദ്ഘാടനം ചെയ്തു. മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ അബ്ദുൾ സലാം കെ.പി., മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്റർനാഷണൽ ഓപ്പറേഷൻസ് എം.ഡി. ഷംലാൽ അഹമ്മദ്, നോർത്ത് അമേരിക്കൻ ഓപ്പറേഷൻസ് റീജിയണൽ ഹെഡ് ജോസഫ് ഈപ്പൻ, മലബാർ ഗ്രൂപ്പ് ചീഫ് ഡിജിറ്റൽ ഓഫീസർ ഷാജി

കക്കോടി, യു.എസ്.എ ബ്രാഞ്ച് ഹെഡ് ജസാർ ആർ, മറ്റ് സീനിയർ മാനേജ്മന്റ് അംഗങ്ങൾ, ഉപഭോക്താക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

യു.എസ്സിൽ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ഒൻപതാമത്തെ ഷോറൂം സീയാറ്റിലിൽ തുറക്കാനായതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. 2018ൽ ആരംഭിച്ച ഗ്രൂപ്പിന്റെ നോർത്ത് അമേരിക്കൻ യാത്രയിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണിത്. ഉപഭോക്താക്കൾ അർപ്പിച്ച വിശ്വാസത്തിന്റെ പിൻബലത്തിലാണ് ബ്രാൻഡിന് ഈ നേട്ടം സാധ്യമായത്. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ഷോറൂമുകളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഓരോ പ്രോഡക്ടിലും പ്രകടമാകുന്ന ഏറ്റവും മികച്ച കരകൗശലവിദ്യയും സമാനതകളില്ലാത്ത ഉപഭോക്തൃ അനുഭവവുമാണ് ബ്രാൻഡിന്റെ വളർച്ചയ്ക്ക് ആധാരം.

'മെയ്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന ആശയത്തിന്റെ പ്രധാന വക്താക്കൾ എന്ന നിലയിൽ ഓരോ അന്താരാഷ്ട്ര ഷോറൂമിനെയും ഇന്ത്യയുടെ കരകൗശലവിദ്യ ലോകമെമ്പാടും എത്തിക്കാനുള്ള ഒരു വേദിയായാണ് ഞങ്ങൾ കാണുന്നത്. ആ ദൗത്യത്തിലേക്കുള്ള അഭിമാനകരമായ ഒരു കൂട്ടിച്ചേർക്കലാണ് സീയാറ്റിലിലെ ഈ പുതിയ ഷോറൂം. നോർത്ത് അമേരിക്കയിലുടനീളമുള്ള ഞങ്ങളുടെ ഉപഭോക്താക്കൾക്കും പങ്കാളികൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു, അവരുടെ ആത്മവിശ്വാസമാണ് ഈ വിപുലീകരണം സാധ്യമാക്കിയത് എന്ന് മലബാർ ഗ്രൂപ്പ് ചെയർമാനായ എം.പി അഹമ്മദ് പറഞ്ഞു.

സ്വർണം, ഡയമണ്ട്, മറ്റ് അമൂല്യ രത്നങ്ങൾ എന്നിവയിലായി തയ്യാറാക്കിയ 25ഓളം എക്സ്ക്ലൂസീവ് ബ്രാൻഡുകളിൽ നിന്നുള്ള ഇരുപതിനായിരത്തിലധികം വൈവിധ്യമാർന്ന ആഭരണ ശേഖരമാണ് ബെല്ലെവ്യൂ ഷോറൂമിൽ ഒരുക്കിയിരിക്കുന്നത്. വിവാഹ ആവശ്യങ്ങൾക്കുള്ള ആഭരണങ്ങൾ മുതൽ ഡെയിലി യൂസിനു അനുയോജ്യമായ ലേറ്റസ്റ്റ് ഓഫീസ് വെയർ ഡിസൈനുകൾ വരെ, എല്ലാ വിഭാഗം ആളുകളുടെയും അഭിരുചിക്കനുസരിച്ചുള്ള ആഭരണങ്ങൾ ഇവിടെ ലഭ്യമാണ്. കൂടാതെ, വിദഗ്ദ്ധരായ കലാകാരന്മാരുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് ഇഷ്ടപ്രകാരം ആഭരണങ്ങൾ ഡിസൈൻ ചെയ്യാനുള്ള സൗകര്യവും, അത്യാധുനിക ലോഞ്ചിൽ വച്ച് സൗകര്യപ്രദമായി ആഭരണങ്ങൾ തിരഞ്ഞെടുക്കാനുള്ള മികച്ച സേവനവും പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്.

വളർച്ചയ്ക്കൊപ്പം ഉത്തരവാദിത്തമുള്ള ഒരു ജ്വല്ലറി ബ്രാൻഡ് ആയി നിലകൊള്ളാൻ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് എപ്പോഴും പ്രതിജ്ഞാബദ്ധരാണ്. ധാർമ്മികമായ സോഴ്സിങ് രീതികൾ,

സുതാര്യമായ വിലവിവരങ്ങൾ, ഉപഭോക്താക്കളുടെ വിശ്വാസത്തിന് മുൻഗണന നൽകുന്ന നയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് സീയാറ്റിലിലെ പുതിയ ഷോറൂം ഉൾപ്പടെ, പുതുതായി ആരംഭിക്കുന്ന ഓരോ ഷോറൂമും പ്രവർത്തിച്ചുവരുന്നത്. ഇതിനോടൊപ്പം തന്നെ കമ്പനി

പ്രവർത്തിക്കുന്ന എല്ലാ പ്രദേശങ്ങളിലും സാമൂഹികവും പരിസ്ഥിതിപരവുമായ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നു. കാരണം, ഞങ്ങളെ സംബന്ധിച്ച് ബിസിനസ്സ് വളർച്ചയും സമൂഹത്തിന്റെ ക്ഷേമവും ഒരുമിച്ചു മുന്നേറേണ്ട കാര്യങ്ങളാണ് എന്ന് മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ.പി. അബ്ദുൾസലാം പറഞ്ഞു.

റെസ്പോൺസിബിൾ ജ്വല്ലറി ബ്രാൻഡ് എന്ന നിലയിൽ ഉപഭോക്താക്കളുടെ വിശ്വാസ്യത നേടിയെടുത്ത സ്ഥാപനമാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ

നിന്നുമുള്ള ഓരോ പർച്ചേസും മലബാർ പ്രോമിസിന്റെ സംരക്ഷണയിൽ വരുന്നതാണ്. വിട്ടുവീഴ്ചയില്ലാത്ത ഗുണനിലവാരവും സേവനമികവും വാഗ്ദാനം ചെയ്യുന്ന പ്രതിബദ്ധതയാണ് മലബാർ പ്രോമിസ്. സുതാര്യമായ വിലനിർണയം, 14 രാജ്യങ്ങളിലെ എല്ലാ ഷോറൂമുകളിലും ആഭരണങ്ങൾക്ക് ആജീവനാന്ത സൗജന്യ മെയിന്റനൻസ്, സ്വർണാഭരണവും വജ്രാഭരണവും എക്സ്ചേഞ്ച് ചെയ്യുമ്പോൾ 100% മൂല്യം, ബൈബാക്ക് ഗ്യാരന്റി, ഹാൾമാർക്ക്ഡ് പരിരക്ഷ, സെർട്ടിഫൈഡ് ഡയമണ്ടുകൾ, ധാർമ്മികമായ നിർമ്മാണ രീതികൾ, ഫെയർ പ്രൈസ്, മികച്ച തൊഴിൽ അന്തരീക്ഷം എന്നീ ഉറപ്പായ സേവനങ്ങൾ മലബാർ പ്രോമിസിലൂടെ ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു.

വളരെ ശ്രദ്ധാപൂർവം ഞങ്ങൾ നിരീക്ഷിച്ചിട്ടുള്ള ഒരു വിപണിയാണ് സീയാറ്റിൽ. പുതിയ ഷോറൂം ആരംഭിക്കാൻ ഇതിലും മികച്ച സമയം വേറെയില്ല. ഒരുപാട് സൗത്ത് ഏഷ്യൻ വംശജർ അധിവസിക്കുന്ന മേഖലയാണ് പസഫിക് നോർത്ത് വെസ്റ്റ്. മറ്റു യു.എസ് ഷോറൂമുകൾക്ക് ലഭിച്ച മികച്ച സ്വീകാര്യതയുടെ തുടർച്ചയായി വാഷിംഗ്ടൺ സ്റ്റേറ്റിൽ ആരംഭിക്കുന്ന പുതിയ ഷോറൂം ഈ മേഖലയിൽ ഞങ്ങളുടെ ആദ്യത്തെ ചുവടുവെപ്പാണ്. വ്യത്യസ്ത സംസ്കാരങ്ങളിലുള്ള ഉപഭോക്താക്കളും അതിവേഗം വളരുന്ന സാമ്പത്തികരംഗവുമുള്ള സീയാറ്റിൽ, ഭാവിയിൽ വലിയ സാധ്യതകളുള്ള ഒരു വിപണിയാണ്.

രാജ്യവ്യാപകമായി ബ്രാൻഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായാണ് ഈ പുതിയ ഷോറൂം. വെസ്റ്റ് കോസ്റ്റിൽ സാൻ ഫ്രാൻസിസ്കോ, സാൻ ഡിയേഗോ, ഫീനിക്സ് എന്നിവിടങ്ങളിലും ഈസ്റ്റ് കോസ്റ്റിൽ ന്യൂയോർക്ക്, ചാർലറ്റ്, ടാമ്പ, വിർജീനിയ, ഹൂസ്റ്റൺ, ഡിട്രോയിറ്റ് എന്നിവിടങ്ങളിലും പുതിയ ഷോറൂമുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്റർനാഷണൽ ഓപ്പറേഷൻസ് എംഡി ഷംലാൽ അഹമ്മദ് പറഞ്ഞു.

1993ൽ പ്രവർത്തനം ആരംഭിച്ചതു മുതൽ സാമൂഹികവും പാരിസ്ഥികവുമായ ഉത്തരവാദിത്തം നിറവേറ്റുന്ന ഇഎസ്ജി പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് മലബാർ ഗ്രൂപ്പ് നൽകിവരുന്നത്. പ്രവർത്തിക്കുന്ന ഓരോ രാജ്യത്തിലേയും ലാഭത്തിന്റെ 5% അതാത് രാജ്യങ്ങളിലെ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഗ്രൂപ്പ് വിനിയോഗിക്കുന്നുണ്ട്.

ആരോഗ്യം, ഹംഗർ ഫ്രീ വേൾഡ്, ഭവന നിർമ്മാണം, വിദ്യാഭ്യാസം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലാണ് ഗ്രൂപ്പ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മലബാർ ഗ്രൂപ്പിന്റെ പ്രധാന സാമൂഹിക സേവന പദ്ധതിയായ 'ഹംഗർ ഫ്രീ വേൾഡ് ' വഴി, സാംബിയയിലെ മൂന്ന് സ്കൂളുകൾ ഉൾപ്പെടെ 170 കേന്ദ്രങ്ങളിലായി പ്രതിദിനം 1,42,000ത്തിലധികം സൗജന്യ ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്.

കൂടാതെ, ഇന്ത്യയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1,02,000ത്തിലധികം കുട്ടികൾക്ക് പഠനസഹായം നൽകുന്നതിനായി 2,553 മൈക്രോ ലേണിംഗ് സെന്ററുകൾ സ്ഥാപിക്കുകയും, അവരെ പൊതുവിദ്യാഭ്യാസത്തിലേക്ക് എത്തിക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസവും മികച്ച ഭാവിയും ഉറപ്പാക്കുന്നതിനായി 1,45,000ത്തിലധികം സ്കോളർഷിപ്പുകളും ഗ്രൂപ്പ് ഇതുവരെ നൽകിയിട്ടുണ്ട്.

സാമൂഹിക നന്മ ലക്ഷ്യമാക്കി, പാവപ്പെട്ട സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന 'ഗ്രാൻഡ്മ ഹോം' പദ്ധതിയും മലബാർ ഗ്രൂപ്പ് നടപ്പാക്കിയിട്ടുണ്ട്. ബ്രാൻഡിന്റെ വിജയം നിരവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലൂടെ അതാത് പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്നുണ്ടെന്ന് ബ്രാൻഡ് ഉറപ്പുവരുത്തുന്നുണ്ട്.

JAIBU MATHEW KULANGARA, EA
TAX SERVICES FOR PERSONAL & BUSINESS
Enrolled to Practice Before IRS | Free Electronic Filing

Office: 773 792 2117
Home: 847 298 0786
Cell: 312 718 6337
7215 W Touhy, Suite 6
Chicago, Illinois 60631


# ഫൊക്കാനയുടെ പുതിയ ഭരണസമിതി രേഖാ കൈമാറ്റവും ഔപചാരീകമായ ഉദ്ഘാടനവും സെപ്തംബർ 20ന്

ന്യൂയോർക്ക്: ഫൊക്കാനയുടെ 2026–2028 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതിയുടെ പ്രവർത്തന പരിപാടികളുടെ ഔപചാരീകമായ ഉദ്ഘാടനവും, രേഖാ കൈമാറ്റവും സെപ്തംബർ 20 ഞായറാഴ്ച നടക്കും. ന്യൂയോർക്കിൽ റോക്‌ലാൻഡ് കൗണ്ടിയിലുള്ള ക്നാനായ കമ്മ്യൂണിറ്റി സെൻ്ററിൽ വെച്ച് വൈകിട്ട് 4:30 നാണു ചടങ്ങുകൾ ആരംഭിക്കുക.




ഓഗസ്റ്റ് മാസം കലഹാരി ഇൻ്റർനാഷണൽ കൺവെൻഷനോട് ചേർന്ന് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ചവർ ഓഗസ്റ്റ് മാസം എട്ടാം തീയതി സത്യപ്രതിജ്ഞയെടുത്തു അധികാരമേറ്റിരുന്നു. ഇരുപതു ഞായറാഴ്ച രേഖാ കൈമാറ്റവും ഔപചാരീകമായ ഉദ്ഘാടനവും ആണ് നടക്കുന്നത്. രാഷ്ട്രീയ, സാമൂഹീക, സാംസ്കാരിക, മത നേതാക്കന്മാർ സമ്മേളനത്തിൽ പങ്കെടുക്കും. ഗിന്നസ് റെക്കോർഡ് നേടിയ ചെണ്ട മേളം, മോഹിനിയാട്ടം ഉൾപ്പടെ വിവിധ കലാപരിപാടികളും സമ്മേളനത്തിൽ അരങ്ങേറും.

പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രെഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസ്സി ജെ. കാരക്കാട്ടു, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രെഷറർ അപ്പുക്കുട്ടൻ പിള്ളെ, അഡിഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയ ജോസഫ്, വിമൻസ് ഫോറം ചെയർ ഷൈനി രാജു, നാഷണൽ കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട അജു എബ്രഹാം, അനിൽകുമാർ ദാമോദരൻപിള്ളെ, ആന്റണി മാത്യു, അദാർഷ് രവീന്ദ്രൻ, ബിജോ വിതയത്തിൽ, ചെറിയാൻ പെരുമാൾ, ജോർജ് നടവയൽ ദേവസ്യ, ജിൻസ് ജോസഫ്, മേരി ഫിലിപ്പ്, റോണി വർഗീസ്, ഷൈമി ജേക്കബ്, ശിവ തഷ്ണാത്, സുജ ജോസ്, സുഷ്മ പ്രവീൺ, റെജി വർഗീസ്, ബിജു ജോർജ്, ഷിബു ജോൺ, റീജിയണൽ വൈസ് പ്രസിഡന്റുമാരായ ഫോബി പോൾ ചിറ്റിശ്ശേരി, ഉഷ ജോർജ്, അഭിലാഷ് പുലിക്കത്തോടി, എബ്രഹാം പോത്തൻ, അജിത് ചാണ്ടി, സ്റ്റാൻലി എത്തുനിക്കൽ, ലോണ ബാബു, രാജീവ് വി കുമാരൻ, ജോൺസൺ കരിക്കൽ, റെജി വി കുര്യൻ, ഗീത ജോർജ്, ലത മേനോൻ, യൂത്ത് പ്രതിനിധികളായ അഷിത അലക്സ്, എബി അലക്സ്, ബിനിൽ ബെന്നി, സാറ പേഠത്തൻ, റ്റിയ കെ. ബാബു, അനിത ബിജു ജോർജ്, ജൂലി ജോസ്സി കാരക്കാട്ടു, യൂത്ത് കമ്മിറ്റി മെംബേർസ് ആയി നോമിനേറ്റഡ് ചെയ്യപ്പെട്ട ഫെയ്ത് മരിയ എൽദോ, ജോഹാൻ ഷിജോ ജോസഫ് , ബോർഡ് ഓഫ് ട്രസ്റ്റീ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ജോയി വി. ചാക്കപ്പൻ, മനോജ് ജെ. ഇടമന, കെവിൻ ജോസഫ്, നിലവിലുള്ള അംഗങ്ങളായ സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, സതീശൻ നായർ, മാമ്മൻ സി. ജേക്കബ്, ബിജു ജോൺ കൊട്ടാരക്കര, തോമസ് തോമസ്, ഓഡിറ്റേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ട വർഗീസ് ജേക്കബ്, ജോൺ ജോസഫ് എന്നിവരാണ് പുതിയ പ്രവത്തന സമിതിയിലുള്ളത്.

ഫൊക്കാനയുടെ 3 ദിവസം നീണ്ടു നിൽക്കുന്ന കേരള കൺവെൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചി ബോൾഗാട്ടി ഗ്രാന്റ് ഹയാത്ത് വെച്ച് നടക്കും.

കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ തിരിച്ചറിഞ്ഞു അമേരിക്കൻ മലയാളീ സമൂഹത്തിന്റെ പോഷണത്തിനായി പ്രവർത്തിക്കുമെന്നു പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് സെക്രട്ടറി സന്തോഷ് നായർ ട്രഷറർ ആന്റോ വർക്കി എന്നിവർ പറഞ്ഞു.

ഈ മഹനീയമായ ചടങ്ങിൽ പങ്കെടുക്കുവാനായി ഏവരെയും ഫൊക്കാന ചുമതലക്കാർ ഹാർദ്ദവമായി സ്വാഗതം ചെയ്തു.

# ഡൊണാൾഡ് ട്രംപിന് കനത്ത തിരിച്ചടി! ഇറാൻ യുദ്ധം അവസാനിപ്പിക്കാൻ യുഎസ് ജനപ്രതിനിധി സഭയിൽ വീണ്ടും പ്രമേയം പാസായി

ഇറാനെതിരെയുള്ള സൈനിക നടപടികൾ തുടരുന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കനത്ത തിരിച്ചടി നൽകിക്കൊണ്ട് യുഎസ് ജനപ്രതിനിധി സഭയിൽ പ്രമേയം പാസായി. കോൺഗ്രസിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഇറാനെതിരെ തന്നിഷ്ടപ്രകാരം സൈനിക നീക്കങ്ങൾ നടത്താനുള്ള ട്രംപിന്റെ അധികാരങ്ങളെ വറ്റിക്കുന്ന വാർ പവേഴ്സ് റെസല്യൂഷനാണ് ജനപ്രതിനിധി സഭ പാസാക്കിയത്.

തുടർച്ചയായി മൂന്നാം തവണയാണ് യുഎസ് ജനപ്രതിനിധി സഭ ഇറാൻ യുദ്ധം നിർത്തിവെക്കാൻ ആവശ്യപ്പെടുന്ന പ്രമേയം വോട്ടനിട്ട് പാസാക്കുന്നത്.

ഡെമോക്രാറ്റിക് അംഗങ്ങൾക്ക് പുറമെ ട്രംപിന്റെ സ്വന്തം റിപ്പബ്ലിക്കൻ പാർട്ടിയിൽപ്പെട്ട പ്രമുഖ അംഗങ്ങളും പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തത് ഭരണകൂടത്തിന് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 204 നെതിരെ 220 വോട്ടുകൾക്കാണ് പ്രതിനിധി സഭയിൽ ബിൽ കടന്നുകൂടിയത്. സഭയിലെ എല്ലാ ഡെമോക്രാറ്റിക് ജനപ്രതിനിധികളും വോട്ടെടുപ്പിൽ ഒറ്റക്കെട്ടായി പ്രമേയത്തെ പിന്തുണച്ചു.

ഇതിനുപുറമെ ഭരണകക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിയിലെ ഏഴ് ജനപ്രതിനിധികളും സ്വന്തം പ്രസിഡന്റിന്റെ നയങ്ങൾക്കെതിരെ വോട്ട് രേഖപ്പെടുത്തി എന്നത് ഏറെ ശ്രദ്ധേയമാണ്. വരാനിരിക്കുന്ന ഇടക്കാല തെരഞ്ഞെടുപ്പ് മുൻനിർത്തിയാണ് പല റിപ്പബ്ലിക്കൻ അംഗങ്ങളും യുദ്ധത്തിനെതിരായ നിലപാട് സ്വീകരിച്ചത്.



# കേരള പാരമ്പര്യവും ഒരുമയും ആഘോഷമാക്കി MASCONN ഓണം 2026

സതേൺ കണക്റ്റിക്കട്ടിലെ മലയാളി അസോസിയേഷൻ (MASCONN) ഓണം 2026 പൂർവാധികം ആവേശത്തോടും, അഭിമാനത്തോടും സമൂഹ പങ്കാളിത്തത്തോടും കൂടി ആഘോഷിച്ചു. സ്ട്രാറ്റ് ഫോർഡിലെ ഫ്ളഡ് മിഡിൽ സ്കൂളിൽ നടന്ന 18–ാമത് വാർഷിക ഓണാഘോഷം കേരളത്തിന്റെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിതോടൊപ്പം, അമേരിക്കയിൽ വളരുന്ന യുവതലമുറയിൽ സാംസ്കാരിക സ്വത്വം ശക്തിപ്പെടുത്തുന്നതിനുള്ള ങഅടഇഛചചന്റെ തുടർച്ചയായ ശ്രമവും, പ്രതിബദ്ധതയും എടുത്തുകാട്ടി. ഈ വർഷത്തെ ആഘോഷത്തിന് പ്രത്യേക പ്രാധാന്യമുണ്ട്, ശക്തരായ വനിതാ നേതാക്കൾ ഉൾപ്പെടുന്ന ഒരു ടീമാണ് ങഅടഇഛചചനെ നയിച്ചത്.

പ്രസിഡന്റ് ജയ ജിബിയുടെ നേതൃത്വത്തിൽ, വൈസ് പ്രസിഡന്റുമാരായ രശ്മി പാറക്കൽ, ജോ കളരിക്കൽ, സെക്രട്ടറി ദീപ കേലോത്ത്, ജോയിന്റ് സെക്രട്ടറി ജൂലിജെയിംസ്, ട്രഷറർ രഞ്ജിത്ത് എസ്. പിള്ള, ജോയിന്റ് ട്രഷറർ ജോബിൻ ജോർജ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, വോളണ്ടിയർമാർ, യൂത്ത് ലീഡേഴ്സ്, സമൂഹാംഗങ്ങൾ എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് ഈ ആഘോഷങ്ങൾ യഥാർഥ്യമാക്കുന്നതിനായി അഹോരാത്രം പ്രവർത്തിച്ചത്.

മനോഹരമായി അലങ്കരിച്ച പൂക്കളം, രമ്പരാഗത കേരള അലങ്കാരങ്ങൾ, നിലവിളക്ക് കൊളുത്തൽ എന്നിവയോടെയുള്ള വർണ്ണാഭമായ ചടങ്ങോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. പരമ്പരാഗത കേരള വസ്ത്രം ധരിച്ച കുടുംബങ്ങൾ നാട്ടിലെ ഓണാഘോഷങ്ങളെ അനുസ്മരിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിച്ചു. MASCONN പ്രസിഡന്റ് ജയ ജിബി സദസ്സിനെ സ്വാഗതം ചെയ്യുകയും 18 വർഷം സംഘടനയുടെ നേതൃത്വത്തിന് കീഴിൽ MASCONN നടത്തിയ നിരവധി സംരംഭങ്ങൾ അവർ എടുത്തുപറഞ്ഞു. പരിപാടിയിലെ പ്രധാന ആകർഷണം ഗംഭീരമായ മാവേലി ഘോഷയാത്രയായിരുന്നു.

കണക്റ്റിക്കട്ട് സ്റ്റേറ്റ് സെനറ്റർ സുജാത ഗാഡ്കർവിൽകോക്സ് ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളുടെ സാന്നിധ്യം പരിപാടിയെ ധന്യമാക്കി. സമൂഹ നിർമ്മാണത്തിനും സാംസ്കാരിക സംരക്ഷണത്തിനുമുള്ള MASCONNന്റെ സമർപ്പണത്തെ അവർ അഭിനന്ദിച്ചു.

"MASCONN പോലുള്ള സംഘടനകൾ സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം സമൂഹങ്ങൾക്കിടയിൽ പാലങ്ങൾ പണിതുകൊണ്ട് കണക്റ്റിക്കട്ടിനെ സമ്പന്നമാക്കുന്നു. നിരവധി കുടുംബങ്ങളും യുവാക്കളും അവരുടെ പൈതൃകം അഭിമാനത്തോടെ ആഘോഷിക്കുന്നതും നമ്മുടെ സംസ്ഥാനത്തിന്റെ വൈവിധ്യത്തിനും ശക്തിക്കും അർത്ഥവത്തായ സംഭാവനകൾ നൽകുന്നതും കാണുന്നത് പ്രചോദനകരമാണ്. ഊർജ്ജസ്വലവും സ്വാഗതാർഹവുമായ ഒരു സമൂഹം സൃഷ്ടിച്ചതിന് MASCONN നേതൃത്വത്തെയും വോളണ്ടിയർമാരെയും അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു,' സെനറ്റർ പറഞ്ഞു.

കണക്റ്റിക്കട്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 74 സ്ത്രീകൾ അവതരിപ്പിച്ച അതിമനോഹരമായ മെഗാ തിരുവാതിര കലാപരമായ മികവിന്റെയും സാംസ്കാരികആഘോഷത്തിന്റെയും ഒരു വിരുന്നിനു തുടക്കം കുറിച്ചു. പ്രാർത്ഥനാ ഗാനത്തോടെയും രേഷ്മയും ദിവ്യ രാജനും മലയാളത്തിലും ഇംഗ്ലീഷിലുമായി അവതരിപ്പിച്ച സ്വാഗത പ്രസംഗത്തോടെയുമാണ് സാംസ്കാരിക പരിപാടികൾ ആരംഭിച്ചത്.

ങഅടഇഛചച കിഡ്സ് ക്ലബ്ബും ആഘോഷങ്ങളിൽ പ്രധാന പങ്ക് വഹിച്ചു. യുവ അംഗങ്ങൾ കിഡ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും MASCONN-ന്റെ ലിറ്റിൽ സ്റ്റാർസിന്റെ മനോഹരമായ 'ആരാന്നെ ആരാന്നെ' അവതരണം ഉൾപ്പെടെ നിരവധി പരിപാടികൾ അവതരിപ്പിച്ച് സദസ്സിനെ ആനന്ദിപ്പിക്കുകയും ചെയ്തു.

വിവിധതരം പരമ്പരാഗത വിഭവങ്ങളും മധുരപലഹാരങ്ങളും അടങ്ങിയ ഗംഭീരമായ ഭക്ഷണം, കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും വീണ്ടും ഒന്നിക്കാനും ഒരുമിച്ച് ഓണത്തിന്റെ മനോഭാവം ആഘോഷിക്കാനുമുള്ള അവസരം നൽകി. ദീപ കേലോത്തിന്റെ ഹൃദയസ്പർശിയായ നന്ദി പ്രകാശനത്തോടെ പരിപാടി സമാപിച്ചു.

◗ ജോസ് കടപ്പുറം





# പരി. മറിയം വേദനയിൽ എപ്പോഴും കൂടെയുള്ള അമ്മയെന്ന് ഷിക്കാഗോ സീറോ മലബാർ രൂപത മെത്രാൻ മാർ ജോയ് ആലപ്പാട്ട്

ന്യൂയോർക്ക്: റോക്ക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ഭക്തിനിർഭരമായ ചടങ്ങുകളോടെ സമാപിച്ചു. ആഗസ്റ്റ് 28 മുതൽ സെപ്തംബർ 6 വരെ നടന്ന തിരുനാൾ ആഘോഷങ്ങളിൽ ഇടവകാംഗങ്ങളും വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വിശ്വാസികളും സജീവമായി പങ്കെടുത്തു.

പ്രധാന തിരുനാൾ ദിനത്തിൽ നടന്ന ആഘോഷമായ വിശുദ്ധ കുർബാനയിൽ ഷിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമികത്വം വഹിച്ചു. തിരുന്നാൾ സന്ദേശം നൽകിയ മാർ ജോയ് ആലപ്പാട്ട് പിതാവ് പരി. മറിയം വേദനയിൽ കൂടെയുണ്ടാകുന്ന അമ്മയെന്നും യേശുവിന്റെ ജീവിതത്തിൽ സന്തോഷത്തിന്റെ സമയത്ത് മാത്രമല്ല, കാൽവരിയിലെ കുരിശിന്റെ സമയത്തും മറിയം കൂടെയുണ്ടായിരുന്നു.

ഫാ. പത്രോസ് ചമ്പക്കര, ഫാ. സ്റ്റീഫൻ കണ്ണിപ്പള്ളി, ഫാ. മോസസ് പുതുപ്പള്ളിമ്യലിൽ എന്നിവർ സഹകാർമികരായി. തുടർന്ന് നടന്ന തിരുനാൾ പ്രദക്ഷിണത്തിലും വാഴ്‌വിലും വലിയ ജനപങ്കാളിത്തമുണ്ടായി. ഇടവകയുടെ പത്താം വാർഷികാഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു. മലങ്കര റീത്തിലുള്ള വിശുദ്ധ കുർബാനയ്ക്ക് ഫാ. റിജോ പുത്തൻപറമ്പിൽ കാർമികത്വം വഹിച്ചു. ഇംഗ്ലീഷ് വിശുദ്ധ കുർബാനയ്ക്ക് ഫാ. ബിപി മാത്യു തറയിൽ കാർമികത്വം വഹിച്ചു.

തിരുനാൾ ആഘോഷങ്ങളുടെ വിജയത്തിനായി പ്രവർത്തിച്ച കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനകൾ, വാർഡുകൾ, പ്രസുദെന്തിമാർ, ഇടവകാംഗങ്ങൾ എന്നിവർക്കു സംഘാടകർ നന്ദി അറിയിച്ചു. ഇടവക വികാരി ഫാ. ജോബി പുച്ചുക്കണ്ടത്തിൽ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കൈക്കാരന്മാരായ ജെയിംസ് ജസ്റ്റിൻ, ജോസഫ് കിഴങ്ങാട്ട്, ജിമ്മി പുളിയനാൽ, സെക്രട്ടറി സിബി മണലേൽ എന്നിവരും വിവിധ തിരുനാൾ കമ്മിറ്റികളും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

◗ ജസ്റ്റിൻ ചാമക്കാല

# മന്ത്ര തീർത്ഥയാത്ര 2026: അയോധ്യ, കാശി, പ്രയാഗ്‌രാജ് പുണ്യഭൂമികളിലേക്ക് സെപ്തം.18ന്

മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ് (മന്ത്ര) സംഘടിപ്പിക്കുന്ന 'മന്ത്ര തീർത്ഥയാത്ര 2026' സെപ്തം. 18ന് ആരംഭിക്കുന്നു. പത്ത് ദിവസം നീണ്ടുനിൽക്കുന്ന തീർത്ഥയാത്രയിൽ അയോധ്യ, കാശി, പ്രയാഗ്‌രാജ് ഉൾപ്പെടെയുള്ള പുണ്യകേന്ദ്രങ്ങൾ സന്ദർശിക്കും. പ്രതീക്ഷിച്ചതിലും നേരത്തേ മുഴുവൻ സീറ്റുകളും ബുക്ക് ചെയ്യപ്പെട്ടതോടെ കഴിഞ്ഞ മാസം തന്നെ രജിസ്ട്രേഷൻ അവസാനിപ്പിച്ചിരുന്നു. ആത്മീയ വഴിയിൽ തീർത്ഥയാത്രകൾ സംഘടിപ്പിക്കുക എന്നത് മന്ത്രയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നുമാണ്.

'ആത്മീയതയ്ക്ക് മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ സമൂഹത്തിന് സമർപ്പിക്കുക എന്ന മന്ത്ര യുടെ ദൗത്യം ഇത്തരം തീർത്ഥ യാത്രകളിലൂടെ നിറവേറ്റപ്പെടുന്നു. അതിന്റെ ഭാഗമായി തുടക്കത്തിൽ പ്രഖ്യാപിച്ച തീർത്ഥയാത്ര ഇന്ന് ഈശ്വരാനുഗ്രഹത്തോടെയും സമൂഹത്തിന്റെ മികച്ച പിന്തുണയോടെയും യാഥാർഥ്യമാകുകയാണ്,' എന്ന് മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ പറഞ്ഞു. പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഈ ബൃഹത്തായ തീർത്ഥയാത്രയുടെ ഏകോപനത്തിന് മന്ത്ര ജനറൽ സെക്രട്ടറി ഉണ്ണി തൈക്കാട്ട് നേതൃത്വം നൽകുന്നു.

യാത്രയിലുടനീളം നാടൻ കേരളീയ ഭക്ഷണം ലഭ്യമാക്കുന്നതിനായി പരിചയസമ്പന്നരായ പാചകക്കാരും ഷെഫുമാരും ഉൾപ്പെടുന്ന പ്രത്യേക സംഘം യാത്രികർക്കൊപ്പം സഞ്ചരിക്കും. തീർത്ഥയാത്രയുടെ ആത്മീയതയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി പൂജാരിമാരും സംഘത്തോടൊപ്പം സഞ്ചരിക്കും. ക്ഷേത്രദർശനം, പൂജകൾ, ഗംഗാസ്നാനം, പ്രാർത്ഥനകൾ, മറ്റ് ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ആത്മീയ മാർഗനിർദേശവും നേതൃത്വവും അവർ നൽകും. ഈ വർഷത്തെ തീർത്ഥയാത്രയ്ക്ക് ലഭിച്ച മികച്ച പ്രതികരണം, ഇത്തരം ആത്മീയ സംരംഭങ്ങൾ കൃത്യമായ ഇടവേളകളിൽ തുടർന്നും സംഘടിപ്പിക്കാനുള്ള ആത്മവിശ്വാസം മന്ത്രയ്ക്ക് നൽകിയിട്ടുണ്ട്.

അതോടൊപ്പം, മന്ത്ര നടപ്പാക്കുന്ന ഓരോ ആത്മീയ, സാംസ്കാരിക, സാമൂഹിക സംരംഭവും ശക്തേയം 2027ന്റെ വിജയത്തിലേക്കുള്ള ഓരോ ചുവടുവയ്പ്പായാണ് നേതൃത്വം കാണുന്നത്. സമൂഹത്തെ കൂടുതൽ ഒരുമിപ്പിച്ചും സംഘടനാപരമായും ആത്മീയമായും ശക്തിപ്പെടുത്തിയും 2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിൽ നടക്കുന്ന ശാക്തേയം കൺവെൻഷൻ വിജയകരമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായും ഇത്തരം പ്രവർത്തനങ്ങളെ മന്ത്ര കാണുന്നു.

◗ രഞ്ജിത് ചന്ദ്രശേഖർ



# ഷിക്കാഗോ സെന്റ് മേരീസിൽ എട്ടു നോയമ്പ് തിരുനാൾ ആഘോഷിച്ചു

ഷിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ പരിശുദ്ധ കന്യാമറിയത്തിന്റെ ജനന തിരുനാൾ എട്ടു നോയമ്പ് തിരുനാളായി ഭക്തിപൂർവ്വം ആഘോഷിച്ചു.

സെപ്തംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ ദിവസവും കൊന്ത നമസ്കാരവും ലദീഞ്ഞും വി. കുർബാനയും നേർച്ചയും ഉണ്ടായിരുന്നു. സെപ്തം. 8നു വൈകുന്നേരം ഏഴു മണിക്ക് നടന്ന തിരുനാൾ കുർബാനക്ക് വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യ കാർമ്മികനായിരുന്നു. അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര തിരുനാൾ സന്ദേശം നൽകി. വി. കുർബാനക്ക് മുമ്പായി കൊന്ത നമസ്കാരവും ലദീഞ്ഞും ഉണ്ടായിരുന്നു.

വിശുദ്ധ കുർബാനക്ക് ശേഷം മേരി നാമധാരികളുടെ ഫീസ്റ്റ് ആഘോഷിച്ചു. എല്ലാ മേരി നാമധാരികൾക്കും വൈദികർ പുഷ്പങ്ങൾ സമ്മാനിച്ചു. തുടർന്ന് അന്നേ ദിവസം ഫീസ്റ്റ് ആഘോഷിക്കുന്ന പാരീഷ് സെക്രട്ടറി കൂടെയായ സി. ശാലോം SVM, മറ്റു മേരി നാമധാരികൾക്ക് ഒപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു. തുടർന്ന് തിരുനാളിന്റെ ഭാഗമായി ഏവർക്കും പാച്ചോർ നേർച്ചയും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

തിരുനാൾ ക്രമീകരണങ്ങൾക്ക് ട്രസ്റ്റിമാരായ സേവ്യർ നടുപറമ്പിൽ, ജോബി പോളക്കൽ, മജോ കുന്നശേരി, സിസ്റ്റേഴ്സും, ഗായക സംഘവും, അൾത്താരശുശ്രൂഷികളും മറ്റു വോളന്റീയേർസും നേതൃത്വം നൽകി.

◗ റോയി ചേലമലയിൽ

# ലോസ് ആഞ്ചലസിനെ നടുക്കി ഇരട്ട ദുരന്തം

ലോസ് ആഞ്ചലസ്: വാഹനാപകടത്തിന്റെ വാർത്ത റിപ്പോർട്ട് ചെയ്യാനെത്തിയ ടിവി വാർത്താ ഹെലികോപ്റ്റർ തകർന്നു വീണ് മാധ്യമപ്രവർത്തകരുൾപ്പെടെ മൂന്ന് പേർ കൊല്ലപ്പെട്ടു. ലോസ് ആഞ്ചലസിൽ ഒരു സിറ്റി ബസിലേക്ക് എസ്.യു.വി ഇടിച്ചുകയറി രണ്ടുപേർ മരിക്കുകയും ആറുപേർക്ക് പരിക്കേൽക്കുകയും ചെയ്ത ദാരുണ സംഭവത്തിന് തൊട്ടുപിന്നാലെയാണ് നാടിനെ കൂടുതൽ നടുക്കിയ രണ്ടാമത്തെ ദുരന്തം അരങ്ങേറിയത്. എസ്.യു.വി ഓടിച്ചിരുന്ന സിമി വാലി സ്വദേശി ബെയ്‌ലി ലിൻ റിയോസിനെ (36) വധശ്രമത്തിനും കൊലപാതക കുറ്റത്തിനും പോലീസ് അറസ്റ്റ് ചെയ്തു.

ചൊവ്വാഴ്ച രാത്രി തിരക്കേറിയ റോഡിൽ തെറ്റായ ദിശയിൽ വാഹനം ഓടിച്ച ബെയ്‌ലി ലിൻ, റെഡ് ലൈറ്റ് അവഗണിച്ച് മറ്റൊരു കാറിലിടിച്ച ശേഷമാണ് സിറ്റി ബസിലേക്ക് അതിവേഗം ഇടിച്ചുകയറിയത്. ഇടിയുടെ ആഘാതത്തിൽ ബസിലുണ്ടായിരുന്ന യാത്രക്കാർ പുറത്തേക്ക് തെറിച്ചുവീണു. അനിയന്ത്രിതമായ ഡ്രൈവിംഗിലൂടെ വൻദുരന്തത്തിന് വഴിവെച്ച ഇവർക്കെതിരെ കേസെടുത്ത പോലീസ് 4 ദശലക്ഷം ഡോളർ ജാമ്യത്തുക നിശ്ചയിച്ച് ജയിലിലടച്ചു.

വാഹനാപകടത്തിന്റെ തത്സമയ ദൃശ്യങ്ങൾ ആകാശത്തുനിന്ന് പകർത്തിക്കൊണ്ടിരുന്ന എൻ.ബി.സി, ടെലിമുണ്ടോ ചാനലുകളുടെ മാധ്യമ സംഘം സഞ്ചരിച്ചിരുന്ന ഹെലികോപ്റ്ററാണ് തൊട്ടടുത്ത മണിക്കൂറുകളിൽ ദുരന്തത്തിൽപ്പെട്ടത്. സാങ്കേതിക തകരാറിനെ തുടർന്ന് സാൻ ഫെർണാണ്ടോ വാലിയിലെ ചാറ്റ്സ്വർത്തിൽ ഹെലികോപ്റ്റർ തകർന്നുവീഴുകയായിരുന്നു. പ്രമുഖ എയർ ബോൺ റിപ്പോർട്ടർ എലിയാന മൊറേനോ, പൈലറ്റ് ജോർജ്ജ് മാർസിനിവ് എന്നിവർ തൽക്ഷണം കൊല്ലപ്പെട്ടു. ഹെലികോപ്റ്റർ തകർന്നുവീണ പാർക്കിംഗ് ലോട്ടിലുണ്ടായിരുന്ന ഗ്വാട്ടിമാല സ്വദേശിയായ എഡി ഗുട്ടിയെറസ് മെജിയ (29) എന്ന യുവാവും മരണപ്പെട്ടു. എഞ്ചിന്റെ കരുത്ത് നഷ്ടപ്പെട്ട് റോട്ടറിന്റെ വേഗത പെട്ടെന്ന് കുറഞ്ഞതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.






# മെസിയുടെ പേരിൽ സർക്കാരിനെ വഞ്ചിച്ചെന്ന് കേസ്: റിപ്പോർട്ടർ ടി.വി ചാനലിലും ഉടമകളുടെ വീട്ടിലും റെയ്ഡ്

## റിപ്പോർട്ടർ ടിവി ഉടമ ആന്റോ അഗസ്റ്റിൻ അറസ്റ്റിൽ

കൊച്ചി: റിപ്പോർട്ടർ ടിവി ഉടമ ആന്റോ അഗസ്റ്റിൻ അറസ്റ്റിൽ. അളവിൽ കവിഞ്ഞ മദ്യം കൈവശം വെച്ച കേസിലാണ് അറസ്റ്റ്. എക്സൈസ് എസി ബൈജുവിന്റെ നേതൃത്വത്തിൽ ഉള്ള സംഘമാണ് ആന്റോയെ കൊച്ചിയിലെ ഓഫീസിൽ എത്തി അറസ്റ്റ് ചെയ്തത്.




ഫുട്ബോൾ ഇതിഹാസം മെസിയുടെ പേരിൽ കോടികളുടെ സാമ്പത്തിക തട്ടിപ്പ് നടത്തിയെന്ന കേസിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിൽ പോലീസ് റെയ്ഡ്. കളമശേരിയിലെ ആസ്ഥാനം, ഉടമകളായ അഗസ്റ്റിൻ സഹോദരന്മാരുടെ കൊച്ചിയിലെ ഫ്ളാറ്റുകൾ, പരസ്യകമ്പനിയായ ഗോട്ട് ആഡിന്റെ ഓഫീസ്, വയനാട്ടിലെ തറവാട്ടു വീട് എന്നിവിടങ്ങളിൽ ഒരേസമയമായിരുന്നു പരിശോധന.

വിദേശ കറൻസികൾ, ഡിജിറ്റൽ രേഖകൾ, വിദേശ ബാങ്കുകളുടെ ക്രെഡിറ്റ് കാർഡുകൾ എന്നിവ കസ്റ്റഡിയിലെടുത്തതായി സൂചന. മാനേജിംഗ് എഡിറ്റർ ആന്റോ അഗസ്റ്റിൻ ഒന്നാം പ്രതിയും റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി രണ്ടാം പ്രതിയുമാണ്. വഞ്ചന, തട്ടിപ്പ്, ഗൂഢാലോചന എന്നിവയാണ് കുറ്റങ്ങൾ. പ്രാഥമിക അന്വേഷണത്തെ തുടർന്ന് എസ്.ഐ.ടി അംഗമായ പി. വിക്രമന്റെ പരാതിയിലാണ് കേസ്.

എ.ഡി.ജി.പി പി. വിജയന്റെ നേതൃത്വത്തിലുള്ള എസ്.ഐ.ടിയിലെ ഓഫീസർകൂടിയായ തൃക്കാക്കര അസിസ്റ്റന്റ് പോലീസ് കമ്മിഷണർ ബിനോയ് ചന്ദ്രന്റെ സംഘമാണ് റെയ്ഡ് നടത്തിയത്. ബിനോയ് ചന്ദ്രന്റെ നേതൃത്വത്തിൽ ചാനൽ ഓഫീസിൽ എത്തിയപ്പോൾ, മറ്റു സംഘങ്ങൾ ഫ്ളാറ്റുകളിലും പരസ്യകമ്പനിയിലും റെയ്ഡ് നടത്തി.

ഫ്ളാറ്റിൽ ആന്റോയുടെ മൊബൈലും ലാപ് ടോപ്പും പരിശോധിച്ചു. ആന്റോയുമായി ചാനൽ ഓഫീസിൽ എത്തി. പുലർച്ചെ നാലിനാരംഭിച്ച പരിശോധന വൈകിട്ടുവരെ നീണ്ടു.

ആന്റോയും മറ്റും 2024 ഡിസംബർ മുതൽ ഗൂഢാലോചന നടത്തി. വ്യാജവും നിയമവിരുദ്ധവുമായ വ്യവസ്ഥകൾ അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ഉണ്ടാക്കിയ കരാറിൽ എഴുതിച്ചേർത്ത് സർക്കാരിനെയും മറ്റുള്ളവരെയും വഞ്ചിക്കുകയും അന്യായലാഭം ഉണ്ടാക്കുകയും ചെയ്തു തുടങ്ങിയ കുറ്റങ്ങളാണ് എഫ്.ഐ.ആറിലുള്ളത്.

### ന്യൂസ് ഡെസ്കിൽ പോലീസ്, പ്രതിഷേധം

ന്യൂസ് ഡെസ്കിലേക്ക് പോലീസ് കയറിയത് പ്രതിഷേധത്തിന് ഇടയാക്കി. മാദ്ധ്യമപ്രവർത്തകരുടെയും സാങ്കേതിക പ്രവർത്തകരുടെയും മൊബൈൽ ഫോണുകൾ പിടിച്ചുവച്ചു. ന്യൂസ്, ഡിജിറ്റൽ ഡെസ്കുകളിലുണ്ടായിരുന്നവരെ മാറ്റി. ഡയറികളും മേശവലിപ്പുകളും ഫയലുകളും പരിശോധിച്ചു. ഒന്നര മണിക്കൂറോളം സംപ്രേഷണം തടസപ്പെടുത്തിയെന്ന് റിപ്പോർട്ടർ ടി.വി അറിയിച്ചു.

പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മുൻമന്ത്രി പി. രാജീവ്, കേരള പത്രപ്രവർത്തക യൂണിയൻ തുടങ്ങിയവർ പ്രതിഷേധിച്ചു.

### 43 ലിറ്റർ വിദേശമദ്യം ഉൾപ്പെടെ 67.5 ലിറ്റർ മദ്യശേഖരം പിടിച്ചു

കൽപ്പറ്റ: ആന്റോ അഗസ്റ്റിന്റെ വാഴവറ്റയിലെ തറവാട് വീട്ടിൽ വൈൻ അടക്കം വിലകൂടിയ 67.5 ലിറ്റർ വിദേശ നിർമ്മിത മദ്യം കണ്ടെത്തി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി.ഷറഫുദ്ദീന്റെ നേതൃത്വത്തിലുള്ള സംഘം മദ്യം പിടിച്ചെടുത്തു. ജാമ്യമില്ലാ കേസെടുത്തു. ലിറ്ററിന് 50000 രൂപയ്ക്ക് മുകളിൽ വിലയുള്ള മദ്യം ഉൾപ്പെടെ പിടിച്ചെന്നാണ് വിവരം.

എസ്.ഐ.ടി. അംഗമായ വയനാട് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി പി.എൽ.ഷാജുവിന്റെ നേതൃത്വത്തിലായിരുന്നു റെയ്ഡ്. രാവിലെ 6 മണിക്ക് ആരംഭിച്ച പരിശോധന വൈകിട്ട് 6.15 വരെ നീണ്ടു. ജീവനക്കാർ മാത്രമാണുണ്ടായിരുന്നത്. ബന്ധുക്കളെന്ന് പറഞ്ഞെത്തിയവരെഅകത്തേക്ക്പ്രവേശിപ്പിച്ചില്ല.


സെർച്ച് വാറന്റോടെയാണ് പരിശോധന. റിപ്പോർട്ടറിന്റെ വാർത്താ സംപ്രേഷണംതടസപ്പെടുത്തിയിട്ടില്ല.നടപടികൾ ക്യാമറയിൽ പകർത്തിയിട്ടുണ്ടെന്ന് എസ്.ഐ.ടി.തലവൻ എ.ഡി.ജി.പി. പി. വിജയൻ പറഞ്ഞു.

## 30 രൂപയ്ക്ക് വൈദ്യുതി വാങ്ങില്ല: പ്രതിസന്ധിക്ക് അടുത്ത മാസം പരിഹാരം: മുഖ്യമന്ത്രി

തിരുവനന്തപുരം: വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ യൂണിറ്റിന് 30രൂപ നൽകി വാങ്ങാൻ തീരുമാനിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ അറിയിച്ചു. പ്രതിസന്ധി താൽക്കാലികമാണ്. ഒക്ടോബർ ഒന്നോടെ തീരും. നിലവിലെ സാഹചര്യത്തിൽ പ്രതിസന്ധി ആവർത്തിക്കാനിടയുണ്ട്. അത് ഒഴിവാക്കാനുള്ള പദ്ധതികളാണ് ആലോചിക്കുന്നത്. നിലവിൽ 6000 മെഗാവാട്ട് വരെ വൈദ്യുതി ഉപഭോഗം എത്തിയിട്ടുണ്ട്. കഴിഞ്ഞ സെപ്തംബറിൽ വേണ്ടിവന്നതിനേക്കാൾ 925 മെഗാവാട്ടിന്റെ ഉപഭോഗം ഇപ്പോഴുണ്ടായി.

2030 ഓടെ ഉപഭോഗം 10000 മെഗാവാട്ടിലെത്തും. അത് മനസിലാക്കി ആഭ്യന്തര ഉൽപാദനം കൂടിയിട്ടില്ല. ദീർഘകാല കരാറുമില്ല. അതാണ് പ്രതിസന്ധിയുണ്ടാക്കുന്നത്. ഇത് മറികടക്കാൻ പുനരുപയോഗ ഊർജ്ജ ഉൽപാദനം 6000 മെഗാവാട്ടിലെത്തിക്കും. നിലവിൽ 2500 മെഗാവാട്ടാണ്. ഇത് രാത്രികാലത്ത് ഉപയോഗിക്കാൻ സ്റ്റോറേജ് സംവിധാനം സജ്ജമാക്കും. ഈ മേഖലയിൽ സ്വകാര്യനിക്ഷേപം അനുവദിക്കും. പമ്പ്ഡ് സ്റ്റോറേജ് സംവിധാനം നടപ്പാക്കും. പുതിയ ദീർഘകാല കരാറുണ്ടാക്കാനും ശ്രമിക്കുന്നുണ്ട്. ജനുവരി മുതൽ അടുത്ത മൺസൂൺ വരെ വൈദ്യുതി ഉപഭോഗം കുത്തനെ ഉയരുമെന്നാണ് സൂചന.



# ഇനിയും തിളങ്ങുമോ ചെന്താരകം?



അണയാൻ തുടങ്ങുന്ന പ്രസ്ഥാനത്തെ ഒരു തരി കനലിൽ നിന്ന് ഒരിക്കൽ കൂടി ഊതിക്കാച്ചി എടുക്കാനുള്ള ശ്രമത്തിലാണ് കേരളത്തിൽ ഇടതുപക്ഷം. പ്രത്യേകിച്ച് സി.പി.എം. ഇന്ത്യയിൽ മറ്റെങ്ങും ഭരണത്തിൽ ഇല്ല എന്നതുകൊണ്ടല്ല പ്രസ്ഥാനം അണയാൻ തുടങ്ങുന്നു എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. അപൂർവമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഒരു പതിറ്റാണ്ട് കേരളം തുടർച്ചയായി ഭരിച്ച രാഷ്ട്രീയ കക്ഷിയുടെ വീഴ്ച എന്ന അർത്ഥത്തിലാണത്.

ചിത്രത്തിലെ ആകെയുള്ള ചുവപ്പ് രേഖ മാഞ്ഞു പോകരുത് എന്ന് ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് പാർട്ടി അംഗങ്ങളുടെയും അനുഭാവികളുടെയും സ്വപ്നമാണ് ഒരു വീണ്ടെടുപ്പ്.

തെരഞ്ഞെടുപ്പ് തോൽവിയെ ഒരു മഹാസംഭവമായി കാണേണ്ടതില്ല. എന്നാൽ, തോൽവിക്ക് പിന്നാലെ പാർട്ടി നേതൃത്വം കൈകൊണ്ട് നിലപാടുകളാണ് അണികളിൽ ആശയക്കുഴപ്പവും അസംതൃപ്തിയും പടർത്തിയത്.

ഭരണത്തിൽ എവിടെയോ തകരാർ സംഭവിച്ചു എന്ന് ഏവർക്കും മനസ്സിലായ ഒരു ജനകീയ വിധി. വീണുടഞ്ഞ തുടർഭരണ സ്വപ്നം. ഉയർന്നുവന്ന അനവധി ചോദ്യങ്ങൾ. നേതാക്കൾ സ്വയം ചമച്ച വ്യാഖ്യാനങ്ങൾ. അവയിലെ പൊരുത്തക്കേടുകൾ. ഭരണത്തിൽ ഇരിക്കെ കേൾക്കാത്ത അഴിമതിയുടെ അപസർപ്പക കഥകൾ. ഉത്തരം പറഞ്ഞേ മതിയാവൂ എന്ന നില. എങ്കിൽ ഉത്തരം പറഞ്ഞേക്കാം എന്ന കാലാവസ്ഥ.

തിരുത്തലിന്റെ അവസ്ഥാന്തരങ്ങൾ കാത്തിരുന്ന അണികൾക്ക് ഒടുവിൽ എന്താണ് ലഭിച്ചത് ?

## അണികൾക്ക് ലഭിച്ചത്

നിയമസഭാ തെരഞ്ഞെടുപ്പിലെ പരാജയത്തെ തുടർന്ന്, അവസാനം നടന്ന സി.പി.എമ്മിന്റെ വിപുലീകൃത സംസ്ഥാന കമ്മിറ്റി പറഞ്ഞത്, തെറ്റ് തിരുത്തി പാർട്ടി മുന്നോട്ട് പോവും എന്നതായിരുന്നു. ഏതൊക്കെ തെറ്റാണ് തിരിച്ചറിഞ്ഞത്, അവയിൽ ഏതൊക്കെയാണ് പാർട്ടി തിരുത്താൻ സന്നദ്ധമാകുന്നത്? ഈ ചോദ്യം വിശാല സംസ്ഥാന കമ്മിറ്റി അവസാനിക്കുമ്പോഴും ബാക്കിയാവുകയാണ്. അധികാരകേന്ദ്രീകരണം എന്ന വാക്ക് വലതുപക്ഷ വ്യതിയാനത്തിന്റെ ഒന്നാന്തരം സൂചനയായി പാർട്ടിയുടെ നെഞ്ചത്തേക്ക് വന്നെങ്കിലും അതിന്റെ അമ്പുവന്നു കൊണ്ടത് സാക്ഷാൽ പോളിറ്റ്ബ്യൂറോ അംഗം പിണറായി വിജയന് നേരെ.

മറ്റൊന്ന് വ്യക്തിപൂജയായിരുന്നു. സഖാവ് കൃഷ്ണപിള്ളയെയും എ.കെ.ജിയെയും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയും പൂജിച്ച കാലമല്ല. അത്തരം പൂജ അർഹിക്കുന്ന നേതാക്കളെ പ്രതീക്ഷിക്കുന്ന ഒരു തലമുറയും ഇപ്പോൾ ഇവിടെയില്ല. മതേതര പ്രതിച്ഛായയ്ക്ക് പരിക്കേറ്റത് അധികമാരും ശ്രദ്ധിച്ചില്ല. ന്യൂനപക്ഷ വിഭാഗങ്ങളുടെ അകൽച്ച പലപ്പോഴും നിസാരമായി കണ്ടു. ഇതിനെല്ലാം ഉപരി ജനങ്ങളിൽ നിന്നുള്ള അകൽച്ചയാണ് പാർട്ടി ഭേദമന്യേ ഏറെ ചർച്ചയായത്. അതിനും മുഖ്യ കാരണക്കാരനായി പാർട്ടിയുടെ മുഖ്യമന്ത്രി മാറി.

'കടക്ക് പുറത്ത് ' എന്ന പ്രയോഗം വ്യാപകമായി ശത്രുക്കളാൽ ദുരുപയോഗം ചെയ്യപ്പെട്ടു. പിണറായി വിജയന്റെ ശരീര ഭാഷ മാധ്യമങ്ങൾക്ക് വിരുന്നായി. മകളും മരുമകനും ഉൾപ്പെട്ട മാസപ്പടി വിവാദവും അതിന്റെ അലയൊലികളും ഒരു കുടുംബത്തെ മാത്രമല്ല, ഒരു പ്രസ്ഥാനത്തെ തന്നെ പിടിച്ചുലയ്ക്കുന്ന സംഭവമായി മാറി. എല്ലാത്തിനും മറുപടി ആര് നൽകും?

പാർട്ടി നൽകണം. എന്താണ് പാർട്ടി? അത് പിണറായി തന്നെ!

അപ്പോൾ ഇടതുപക്ഷ ഭരണകൂടത്തിന് ആശയപരമായ വ്യതിയാനം സംഭവിച്ചോ എന്ന ചോദ്യത്തിന് എന്ത് പ്രസക്തി?

എന്നാൽ, എല്ലാറ്റിനും പരിഹാരം രൂപപ്പെടുത്താൻ സ്വാഭാവികമായും ഈ സംഘടനാ വ്യായാമംകൊണ്ട് സാധിച്ചിട്ടില്ല. പാർട്ടി നേതൃത്വവും സാധാരണ പ്രവർത്തകരും തമ്മിൽ രൂപപ്പെട്ടിരിക്കുന്ന വിടവ് നികത്തുന്നതിനാണ് പാർട്ടി ശ്രമിക്കുന്നത്. പരസ്പരവിശ്വാസം പാർട്ടിയിൽ ശക്തമായാൽ ജനങ്ങളുമായുള്ള ബന്ധം പുനസ്ഥാപിക്കാനാകുമെന്ന് നേതൃത്വം കരുതുന്നു.

പിണറായി വിജയന്റെ പാർലമെന്ററി നേതൃത്വത്തിലും എം.വി.ഗോവിന്ദന്റെ സംഘടനനേതൃത്വത്തിലും കാര്യങ്ങൾ ഭദ്രമാണെന്ന വിലയിരുത്തൽ കേന്ദ്രനേതൃത്വത്തിലെ എല്ലാവർക്കും ഇല്ല. തിരുത്തലിനും മാറ്റങ്ങൾക്കും അവരെയും വിധേയരാക്കാമെന്ന പ്രതീക്ഷ നേതാക്കൾ പങ്കുവയ്ക്കുന്നുണ്ടെങ്കിലും എത്രകണ്ടെന്നു സംശയമുണ്ട്. വിമർശനങ്ങൾ ഉൾക്കൊണ്ടു പ്രവർത്തനശൈലിയിൽ മാറ്റത്തിനു ഗോവിന്ദൻ ശ്രമിക്കുന്നു. പക്ഷേ, തളിപ്പറമ്പിൽ പി.കെ.ശ്യാമളയെ മത്സരിപ്പിച്ചതും അവിടെ തോൽവിയും അവനെ പിന്തുടരുന്നു. നേതൃത്വത്തിൽ ഇരുവരും തുടരുമെങ്കിലും പഴയതുപോലെ പാർട്ടിയുടെ ആകെ പിന്തുണ ഉറപ്പക്കേണ്ടത് ഇരുവരുംതന്നെയാണെന്നാണ് കേന്ദ്രനേതാക്കൾ കരുതുന്നത്.

അതിനിടെ, സംസ്ഥാന സെക്രട്ടേറിയറ്റിൽ രൂപപ്പെട്ടുവരുന്ന ചേരിതിരിവുകളിൽ കേന്ദ്രനേതൃത്വം സംശയദൃഷ്ടിയിലൂടെ നോക്കിക്കാണുകയാണ്.

സെക്രട്ടേറിയറ്റ് പുനസംഘടിപ്പിക്കണമെന്ന വാദം ചർച്ചകളിലുണ്ട്. സമിതിയുടെ തുടർനടപടികൾ പിബി ആലോചിക്കുന്ന ഘട്ടത്തിൽ അത്തരം കാര്യങ്ങൾ വരും. പാർട്ടിയുടെ അനൗദ്യോഗിക വക്താക്കളായി അതിനു ശോഭിക്കാൻ കഴിയുന്നവരെ നിയോഗിക്കുന്നത് ആലോചനയിലുണ്ട്. വലിയ തിരിച്ചടിയുണ്ടായ ജില്ലകളിലെ കണക്കിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വിമർശനങ്ങൾ ചില അഴിച്ചുപണികൾ ആലോചിക്കുന്നുണ്ട്. പാർട്ടി അനുബന്ധ സംഘടനകളിലും മാറ്റങ്ങളും.

ഏതായാലും, കടുത്ത വിമർശനങ്ങൾ ഏറ്റുവാങ്ങിയെങ്കിലും പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ യാതൊരു പരിക്കമില്ലാതെ അടുത്ത സംസ്ഥാന സമ്മേളനം വരെ തുടരുമെന്ന് ഉറപ്പായി. പേരെടുത്ത് പിണറായിയെ വിമർശിക്കാനും ആരും ധൈര്യം കാട്ടിയില്ല. പരോക്ഷമായി എം.എ. ബേബിയുടെ ചില പരാമർശങ്ങൾ. ഒരു കൊതിക്കെറിവു പോലെ പുറമേ പറഞ്ഞുനടക്കുന്ന തോമസ് ഐസക്കുമാരുടെ ജല്പനങ്ങൾ. ഇതൊന്നുമല്ല സി.പി.എമ്മിനെ സ്നേഹിക്കുന്ന സാധാരണക്കാർ പ്രതീക്ഷിക്കുന്നത്.

സംസ്ഥാന സെക്രട്ടേറിയറ്റിൽ രൂപപ്പെട്ടുവരുന്ന ചേരിതിരിവുകളിൽ കേന്ദ്രനേതൃത്വത്തിന് ഉത്കണ്ഠയുണ്ട്. അടുത്ത നിര കടന്നുവരേണ്ട സമയമായെന്നു കരുതുന്നവരുണ്ട്. സെക്രട്ടേറിയറ്റ് പുനസംഘടിപ്പിക്കണമെന്ന വാദം. തുടർനടപടികൾ പിബി ആലോചിക്കുന്ന ഘട്ടത്തിൽ അത്തരം കാര്യങ്ങൾ ആലോചിച്ചു വരാം. പാർട്ടിയുടെ അനൗദ്യോഗിക വക്താക്കളായി അതിനു ശോഭിക്കാൻ കഴിയുന്നവരെ നിയോഗിക്കുന്നത് ആലോചനയിലുണ്ട്. വലിയ തിരിച്ചടിയുണ്ടായ ജില്ലകളിലെ കണക്കിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വിമർശനങ്ങൾ ചില അഴിച്ചുപണികൾ ആലോചിക്കുന്നുണ്ട്. പാർട്ടി അനുബന്ധ സംഘടനകളിലും മാറ്റങ്ങളും.

സമ്മേളന വേദിയിൽ ഉയർത്തിയ രക്ത പതാകയിൽ നിന്ന് അഴിമതിയുടെ റെഡ് ബുക്ക് പിണറായി വിജയന്റെയും മരുമകന്റെയും കയ്യിലേയ്ക്ക് വീഴുന്ന കാർട്ടൂൺ വലിയ കോളിളക്കമാണ് സൃഷ്ടിച്ചത്. അത് പതാകയോടുള്ള അവഹേളനം മാത്രമല്ല, പ്രസ്ഥാനത്തോടുള്ള അവമതിപ്പ് കൂടിയാണെന്ന് വിമർശനം ഉണ്ടായി. എതിർ വാർത്തകൾ എഴുതിയ ഒരു മാധ്യമപ്രവർത്തകൻ മരിച്ചപ്പോഴും അയാളുടെ ചിത്രത്തിന് ചുവട്ടിൽ വലിയ സൈബർ ആക്രമണം ഉണ്ടായി.

ആശയ പൊരുത്തം ഇല്ലാത്തവരെ ആക്രമിച്ചു കീഴ്പ്പെടുത്തുക എന്ന മനുഷ്യസഹജമായ ബലഹീനതകളായി അവയെ തള്ളിക്കളയാം. എന്നാൽ ജീവിച്ചിരിക്കുന്ന എതിരാളികൾക്ക് ചരമക്കുറിപ്പും അന്ത്യാഞ്ജലിയും അർപ്പിക്കുന്നിടത്തോളം മലയാളി സമൂഹം 'വളർന്നെങ്കിൽ' അതിന് ചികിത്സ ആവശ്യമാണ്.

*പ്രിജിത്ത് രാജ്*



# വയോജന സൗഹൃദത്തിന്റെ സ്കാൻഡിനേവിയൻ സ്വപ്നവുമായി കേരളം

വാർധക്യത്തിൽ ഒറ്റപ്പെടലും പരിചരണക്കുറവും അനുഭവിക്കുന്നവരുടെ തോത് കുതിച്ചുയരുന്ന കാലത്തിലാണ് കേരളം ജീവിക്കുന്നത്. ഈ സാമൂഹിക യാഥാർത്ഥ്യത്തിന് ശാശ്വതവും സർഗാത്മകവുമായ പരിഹാരം കണ്ടെത്താനുള്ള വി.ഡി സതീശൻ സർക്കാരിന്റെ പ്രതിബദ്ധത സാമൂഹിക ശാസ്ത്രജ്ഞരുടെ അഭിന്ദനം പിടിച്ചുപറ്റുന്നുണ്ട്. രാജ്യത്ത് ആദ്യമായി വയോജന ക്ഷേമകാര്യങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കപ്പെട്ടതും ബജറ്റിൽ പ്രത്യേകം തുക അനുവദിച്ചതും കൂടാതെ സംസ്ഥാനത്തെ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും വയോജന സൗഹൃദമാക്കാൻ വയോജനക്ഷേമ വകുപ്പ് ഉത്തരവിറക്കി.



കേരള സംസ്ഥാന വയോജന (പരിചരണവും അവകാശ സംരക്ഷണവും) ബില്ലിന്റെ നടപടി വേഗം പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ വ്യക്തമാക്കിയിട്ടുണ്ട്. വയോജന പരിചരണം, ക്ഷേമം, അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കുന്ന വയോജന സൗഹൃദ സമഗ്ര സംവിധാനം രൂപപ്പെടുത്തുകയാണ് ലക്ഷ്യം. പരിചരണ കേന്ദ്രങ്ങൾ, അനുബന്ധ സൗകര്യങ്ങൾ, പകൽവീട്, ഹോം കെയർ ഏജൻസി തുടങ്ങിയ സേവനങ്ങൾക്ക് നിലവാരവും ഉത്തരവാദിത്വവും നിയമ വിധേയമാക്കും. പരിണത പ്രജ്ഞനായ മുൻ മന്ത്രി പി.ജെ. ജോസഫിന് പുതുതായി രൂപീകരിക്കുന്ന വയോജന കമ്മീഷന്റെ ചെയർമാൻ സ്ഥാനം കാബിനറ്റ് പദവിയോടെ നൽകണമെന്ന കേരള കോൺഗ്രസിന്റെ ആവശ്യം യു.ഡി.എഫ് വൈകാതെ അംഗീകരിക്കുമെന്നാണറിയുന്നത്.

വയോജന കമ്മീഷൻ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്ത് ഈ രംഗത്ത് കൂടുതൽ രചനാത്മക നടപടികൾക്കു വഴിയൊരുങ്ങുമെന്ന് സാമൂഹിക നിരീക്ഷകർ കരുതുന്നു. വയോജനക്ഷേമ വകുപ്പിന് പ്രത്യേകം മന്ത്രിയെന്നത് ദീർഘകാല ആവശ്യമാണെങ്കിലും നിലവിൽ മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ കൂടെത്തന്നെയാണിത്. മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ ഗൗരവപൂർവം പഠിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും വേണമെങ്കിൽ പ്രത്യേകം മന്ത്രി തന്നെ ഉണ്ടാവണമെന്ന നിർദ്ദേശവും ഉയരുന്നുണ്ട്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ മുതിർന്നവരുടെ പരിചരണം സർക്കാരിന്റെ ഉത്തരവാദിത്തമാണ്. സാവധാനമെങ്കിലും കേരളവും ഇതേ മാതൃകയിലേക്കു വരുമെന്ന പ്രതീക്ഷയുയരുന്നുണ്ട്.

കാലവും തലമുറയും പുതിയതായിരിക്കേ സ്വാഭാവികമായും പുതിയ തലമുറയുടെ ശബ്ദത്തിന് ലോകം കതോർക്കും. ഈ തലമുറയ്ക്ക് ജന്മം നല്കിയ തലമുറയെ 'സീനിയർ സിറ്റിസൺസ്' എന്ന് ബഹുമാന സൂചകമായി വിളിക്കുമ്പോഴും 'പഴഞ്ചന്മാർ' എന്നതാണ് പൊതുമനോഭാവമെന്ന യാഥാർത്ഥ്യവുമുണ്ട്. അവരുടെ ദുർബലവും ദീനവുമായ ശബ്ദത്തിന് അധികമാരും കതോർക്കുകയില്ലെന്നു മാത്രമല്ല, പരിഗണനയും ആ വിധമാകും. അറുപത് വയസ് പിന്നിട്ടവരുടെ ജനസംഖ്യാ ശരാശരി രാജ്യത്ത് 13 ശതമാനമായിരിക്കേ, കേരളത്തിൽ അത് 21 ശതമാനമാണ്. അതാകട്ടെ, നിലവിൽ രാജ്യത്തെ ഉയർന്ന ശരാശരിയുമാണ്. പത്തുവർഷംകൊണ്ട് സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യാ ശരാശരിയിൽ ഒരു ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഉയർന്ന ആയുർദൈർഘ്യവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുമൊക്കെ ഇതിന് കാരണമായി പറയാമെങ്കിലും, മുതിർന്ന പൗരന്മാർക്കുള്ള ക്ഷേമകാര്യങ്ങളുടെയും പരിഗണനയുടെയും കാര്യം വരുമ്പോൾ സ്ഥിതി വ്യത്യസ്തമാകും.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും വയോജന സൗഹൃദമാക്കാനുള്ള തീരുമാനം ഉചിതവും അഭിനന്ദിക്കപ്പെടേണ്ടതുമാണ്. ഉത്തരവ് നടപ്പിലാകുമ്പോൾ മുതിർന്ന പൗരന്മാർക്ക് സർക്കാർ ഓഫീസുകളിലേക്ക് പടിക്കെട്ടുകൾ ചവിട്ടാതെ തന്നെ പ്രവേശനത്തിന് സൗകര്യമുണ്ടാകും. താഴത്തെ നിലയിൽ ശൗചാലയം, കൗണ്ടറുകളിൽ മുൻഗണനാ ക്യൂ എന്നിവയുണ്ടാകും. അതിനേക്കാൾ പ്രധാനമാണ് മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾക്കായി പ്രത്യേക ചുമതലയുള്ള ഉദ്യോഗസ്ഥരുണ്ടാകുകയെന്നത്. മക്കളും ചെറുമക്കളുമൊക്കെ വിദേശത്തോ ദൂരദിക്കുകളിലോ ആയിരിക്കേ, വീടുമായും പുരയിടവുമായും മറ്റും ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ എത്തുന്നത് അച്ഛനോ അമ്മയോ അപ്പൂപ്പനോ അമ്മൂമ്മയോ ഒക്കെയാവും. അവരുടെ അപേക്ഷകൾക്കും ആവശ്യങ്ങൾക്കും മുൻഗണനയും മുന്തിയ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കൽ ഏറ്റവും പ്രധാനം തന്നെ.

വയോജനങ്ങൾ പടി ചവിട്ടാതെയും, കാത്തുനിൽക്കാതെയും വേഗത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ആവശ്യം അതേ വേഗതയിൽ പരിഹരിക്കപ്പെടുമ്പോഴാണ് വയോജനക്ഷേമം പൂർണവും അർത്ഥവത്തുമാവുക. അക്കാര്യം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനവും പ്രത്യേക നടപടിക്രമങ്ങളും ഫലപ്രദമാകണം. വയോജനങ്ങൾക്ക് ഏർപ്പെടുത്തുന്ന സൗകര്യങ്ങളുടെ മികവ് പരിഗണിച്ച് സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം സ്കോർ നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ സർട്ടിഫിക്കേഷനും കിട്ടും. പ്രവേശനക്ഷമത, സേവനരീതി, ജീവനക്കാരുടെ പരിശീലനവും പെരുമാറ്റവും, വിവര വിനിമയം, പങ്കാളിത്തം എന്നിവയാണ് സ്കോറിനുള്ള പരിഗണനാ വിഷയങ്ങൾ. അതേസമയം, മുതിർന്ന പൗരന്മാരുടെ ആവശ്യത്തിന്മേലോ അപേക്ഷികളിന്മേലോ അതിവേഗം തീർപ്പുണ്ടാക്കി എന്നത് ഏതു ഗണത്തിൽ വരുമെന്ന സംശയവുമുയരുന്നു.

സർക്കാർ ഓഫീസുകളിൽ പ്രത്യേക സൗകര്യമൊരുക്കുക എന്നത് വയോജനക്ഷേമ വകുപ്പിനെ കാത്തിരിക്കുന്ന സേവന പ്രവർത്തനങ്ങളുടെ ചെറിയ തുടക്കം മാത്രമാണ്. മക്കളും ഉറ്റവരും അന്യദേശങ്ങളിലായതിനാൽ നാട്ടിൽ ഒറ്റയ്ക്കാകുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം, ആരോഗ്യ ക്ഷേമം, താമസസ്ഥലത്ത് സർക്കാർ സേവനങ്ങൾ എത്തിച്ചുനല്കൽ, വീടുകളിൽത്തന്നെ അവഗണനയും പീഡനവും നേരിടേണ്ടിവരുന്ന സംഭവങ്ങൾ, നിയമ സേവനം തുടങ്ങിയവയിലൊക്കെ വകുപ്പിന്റെ അതിവേഗ ഇടപെടലും നടപടികളും ഉണ്ടാകേണ്ടതാവശ്യം.

സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ മുതിർന്നവരുടെ പരിചരണം സർക്കാരിന്റെ ഉത്തരവാദിത്തമാണെങ്കിലും, അതിനായുള്ള നയരൂപീകരണവും നടത്തിപ്പും പ്രദേശിക ഭരണകൂടങ്ങളാണ് (മുനിസിപ്പാലിറ്റികൾ) കൈകാര്യം ചെയ്യുന്നത്. അതേസമയം, അടിയന്തര ചികിത്സയും ആശുപത്രി സേവനങ്ങളും പ്രദേശിക ഭരണമേഖലയിലെ ഉന്നത അധികൃതരുടെ (റീജിയണൽ അതോറിറ്റികൾ) പരിധിയിൽ വരുന്നു. ഡെൻമാർക്കിൽ, പരമ്പരാഗത നഴ്സിംഗ് ഹോമുകൾക്ക് പകരം, ആവശ്യമായ പരിചരണത്തോടെ സ്വന്തം വീട്ടിൽ തന്നെ താമസിക്കുന്ന രീതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. 1980കൾ മുതൽ തന്നെ സ്വീഡനും മുതിർന്ന പൗരന്മാരെ സ്വന്തം വീട്ടിൽ താമസിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നെതർലാൻഡ്സിലും മുതിർന്നവർക്കുള്ള ഗൃഹാധിഷ്ഠിത പരിചരണത്തിനാണ് (ഹോം കെയർ) കൂടുതൽ പ്രാധാന്യം നൽകുന്നത്.

ഡെൻമാർക്കിൽ പ്രചാരത്തിലുള്ള ഒരു രീതിയാണ് 'റിയേബിൾമെന്റ്'. മുതിർന്ന പൗരന്മാരെ കഴിയുന്നത്ര കാലം സ്വതന്ത്രമായി ജീവിക്കാൻ സഹായിക്കുന്ന ഒരു സമീപനമാണിത്. അവരുടെ ജീവിതനിലവാരവും സ്വയംപര്യാപ്തതയും വീണ്ടെടുക്കുന്നതിനായി അവരുമായി സഹകരിച്ച് പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഉദാഹരണത്തിന്, ആശുപത്രി വാസത്തിന് ശേഷം വീട്ടിൽ തിരിച്ചെത്തുമ്പോൾ, കുറച്ചു കാലത്തേക്ക് അധിക സഹായവും പിന്തുണയും ലഭിക്കാൻ ഈ രീതി സഹായിക്കുന്നു. കുളിക്കുക, വസ്ത്രം ധരിക്കുക തുടങ്ങിയ ദൈനംദിന കാര്യങ്ങളിൽ മാത്രമല്ല, മറിച്ച് അവരുടെ സ്വന്തം കഴിവുകൾ മെച്ചപ്പെടുത്തുന്നതിലും ഈ സഹായം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിനുശേഷവും ആവശ്യമാണെങ്കിൽ മാത്രമേ തുടർന്ന് ഗൃഹാധിഷ്ഠിത പരിചരണം നൽകൂ. പ്രയോഗികമായി പറഞ്ഞാൽ, ഭക്ഷണം നേരിട്ട് എത്തിച്ചുനൽകുന്ന സേവനത്തേക്കാൾ, പാചകം ചെയ്യാനുള്ള പരിശീലനം നേടാനാണ് മുതിർന്ന പൗരന്മാരെ പ്രേരിപ്പിക്കുന്നത്.

## 'ടൈം ബാങ്ക്'

വയോജന സൗഹൃദത്തിന്റെ സ്കാൻഡിനേവിയൻ സ്വപ്നം കേരളത്തിലും പങ്കുവയ്ക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന സാമൂഹികനീതി വകുപ്പ്. ഇതിനായി സന്നദ്ധസേവനത്തിന് മുൻഗണന നൽകി വകുപ്പ് ആവിഷ്കരിക്കുന്ന ഏറ്റവും പുതിയ ആശയമാണ് 'ടൈം ബാങ്ക്'.

ലളിതമായി പറഞ്ഞാൽ, പണത്തിന് പകരം സേവന സമയം ബാങ്കിലെന്നപോലെ നിക്ഷേപിക്കുകയും ആവശ്യമുള്ളപ്പോൾ അത് തിരികെ ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണിത്.

'സമയം ഒരു സാമൂഹിക നിക്ഷേപം' എന്ന ആശയമാണ് ടൈം ബാങ്കിന്റെ അടിസ്ഥാനം. യുവാക്കൾ മുതിർന്ന പൗരന്മാർക്കായി നൽകുന്ന ഒരോ മണിക്കൂർ സേവനവും ടൈം ക്രെഡിറ്റായി ഡിജിറ്റലായി രേഖപ്പെടുത്തും. ഉദാഹരണത്തിന്, ഒരു യുവാവ് മുതിർന്ന വ്യക്തിയെ ആശുപത്രിയിലെത്തിക്കാൻ രണ്ടു മണിക്കൂർ ചെലവഴിച്ചാൽ ആ സമയം ടൈം ക്രെഡിറ്റായി അക്കൗണ്ടിൽ വരും. അതായത് ഇന്ന് നിങ്ങൾ മറ്റൊരാൾക്ക് നൽകുന്ന സമയം, നാളെ നിങ്ങൾക്ക് ആവശ്യമായി വരുമ്പോൾ ഒരു സമ്പാദ്യമായി തിരികെ ലഭിക്കുന്നു.

ആശുപത്രിയിൽ കൂട്ടുപോകുക, മരുന്നുകൾ വാങ്ങിക്കൊടുക്കുക, വീട്ടുചുമതലകളിൽ സഹായിക്കുക, അല്ലെങ്കിൽ വെറുതെ ഒപ്പമിരുന്ന് സംസാരിച്ച് മാനസികമായ പിന്തുണ നൽകുക എന്നിവയെല്ലാം സേവനത്തിൽ ഉൾപ്പെടാം. ഭാവിയിൽ, ഈ സേവനം ചെയ്ത വ്യക്തിക്ക് അല്ലെങ്കിൽ അവരുടെ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമുള്ള ഘട്ടത്തിൽ, അല്ലെങ്കിൽ അവർ വാർധക്യത്തിലേക്ക് എത്തുമ്പോൾ ഈ ടൈം ക്രെഡിറ്റ് ഉപയോഗിച്ച് സൗജന്യമായി തിരികെ സേവനം ലഭ്യമാക്കാം. നൽകിയ സേവനത്തിന്റെ അടിസ്ഥാനത്തിൽ തിരികെ സേവനം ലഭിക്കുന്നതിന് സാമൂഹികനീതി വകുപ്പ് ഇടനിലക്കാരന്റെ റോളിൽ പ്രവർത്തിക്കും.

സ്കാൻഡിനേവിയൻ രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ടിത്. എന്നാൽ അവിടുത്തെ സാമൂഹിക അന്തരീക്ഷമല്ല കേരളത്തിലുള്ളത്. അതിനാൽ വിദേശ മാതൃക അതുപോലെ പകർത്തുന്നതിന് പകരം കേരളത്തിന്റെ തനിമയ്ക്കും സാമൂഹികസാമ്പത്തിക സാഹചര്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ ഈ പദ്ധതി രൂപപ്പെടുത്താനാണ് സർക്കാരിന്റെ നീക്കം. 'തലമുറകൾ തമ്മിലുള്ള അകലം കുറയ്ക്കുക (ഇന്റർഗ്രേഷണൽ ബ്രിഡ്ജിംഗ്) എന്ന പ്രധാന ലക്ഷ്യത്തോടെയാണ് ഈ ആശയം വയോജന വകുപ്പ് ആവിഷ്കരിക്കുന്നത്.



ബാബു കദളിക്കാട്

ജനറേഷൻ ടുഗെതർ യൂത്ത് ആൻഡ് ഇന്റർ ജനറേഷനൽ പാർട്ണർഷിപ്പ് പ്രോഗ്രാമി'ന്റെ ഭാഗമായാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ പ്രയോഗികതയെക്കുറിച്ചും നിർവ്വഹണ രീതിയെക്കുറിച്ചും ശാസ്ത്രീയമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രമുഖ അക്കാദമിക് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും താൽപര്യ പത്രം ക്ഷണിച്ചുകഴിഞ്ഞു. ടാറ്റാ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സോഷ്യൽ സയൻസസ് പോലുള്ളവ ഇതിൽ താത്പര്യം കാണിച്ചിരുന്നു. സ്കാൻഡിനേവിയൻ മാതൃകയിൽ വാർധക്യ കാലത്ത് മാത്രം സേവനം തിരികെ ലഭിക്കുന്ന രീതിക്ക് പുറമെ, യുവാക്കൾക്ക് തൽക്കാലം പ്രയോജനപ്പെടുന്ന ഇൻസെന്റീവുകളും ഇതിൽ ഉൾപ്പെടുത്താൻ പരിഗണിക്കുന്നുണ്ട്.

കേളേജ്, സ്കൂൾ വിദ്യാർത്ഥികൾ വയോജന പരിചരണത്തിനായി ചെലവഴിക്കുന്ന സമയം അവരുടെ ഗ്രേസ് മാർക്ക് സിസ്റ്റത്തിലോ കേളേജ് ഗ്രേഡിംഗ് സിസ്റ്റത്തിലോ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നുണ്ട്. എൻ.എസ്.എസ്, എൻ.സി.സി, സകൗട്ട്സ് ആൻഡ് ഗൈഡ്സ്, കുടുംബശ്രീ, യുവജന ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തവും പദ്ധതിയിൽ ഉപയോഗപ്പെടുത്തിയേക്കും. മുതിർന്ന പൗരന്മാരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കാനും തലമുറകൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും പദ്ധതി വഴി സാധിക്കുമെന്നാണ് സാമൂഹികനീതി വകുപ്പ് പ്രതീക്ഷിക്കുന്നത്.




# മികച്ച സാമൂഹിക പ്രവർത്തകരെ ഷിക്കാഗോ പൗരാവലി ആദരിച്ചു


ഈശ്വര പ്രാർത്ഥന - ശാന്തി ജെയ്സൺ


കെ. എം. ഈപ്പൻ


സിറിയക് കൂവക്കാട്ടിൽ


പീറ്റർ കുളങ്ങര


ജോസഫ് ചാമക്കാല


അനിൽകുമാർ പിള്ള

വ്യത്യസ്ഥമേഖലകളിൽ നിസ്വാർത്ഥ സേവനംചെയ്യുന്ന പൗരപ്രമുഖരെ ഷിക്കാഗോ പൗരാവലി ആദരിച്ചു. ഷിക്കാഗോയിൽ ഇദംപ്രഥമായി നടത്തപ്പെട്ട ഈ പരിപാടി സണ്ണി വള്ളിക്കളം, ജോൺ പാട്ടപ്പതി, പീറ്റർ കുളങ്ങര, അഗസ്റ്റിൻ ആലപ്പാട്ട് എന്നിവരുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. സെപ്റ്റംബർ 14ന് ഷിക്കാഗോ സെന്റ്മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ച് നടന്ന ഈ പരിപാടിയിൽ സാമൂഹിക,സാമുദായിക, മാദ്ധ്യമ, കലാ-കായിക, ജീവകാരുണ്യ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ പ്രതിഭാശാലികളെയാണ് ആദരിച്ചത്. വിശിഷ്ടാതിഥികളായി ഷിക്കാഗോ സീറോമലബാർ രൂപത ബിഷപ് മാർ ജോയി ആലപ്പാട്ട്, കേരള സംസ്ഥാന ജലസേചന - ഭവന നിർമ്മാണവകുപ്പുമന്ത്രി മോൻസ് ജോസഫ്, ഭാരത രാജ്യസഭാംഗം ജോസ് കെ. മാണി, സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടവരെ പൊന്നാടയണിയിച്ച് ആദരിച്ചു. ഈ പ്രോഗ്രാമിന്റെ മുഖ്യ സംഘാടകനും ഷിക്കാഗോയിലെ അറിയപ്പെടുന്ന സാമൂഹിക-സാമൂദായിക-രാഷ്ട്രീയ പ്രവർത്തകനുമായ സണ്ണി വള്ളിക്കളം സ്വാഗതം ആശംസിച്ചു.

വളരെ മികച്ച രീതിയിൽ അടുക്കും ചിട്ടയോടുംകൂടി നടത്തപ്പെട്ട ചടങ്ങിന്റെ എംസിയായി ജോസ് കണിയാലി സ്തുത്യർഹമായി പ്രവർത്തിച്ചു. പ്രാർത്ഥനാഗാനം ശാന്തി ജെയിസൺ ആലപിച്ചു. തുടർന്ന് നടന്ന സ്നേഹവിരുന്നോടുകൂടി പരിപാടികൾ സമാപിച്ചു.

ഫോട്ടോ: മോനു വർഗ്ഗീസ്


ജോസ് ചെന്നിക്കര


ചിന്നു തോട്ടം


വക്കച്ചൻ പുതുക്കുളം


സതീശൻനായർ


പ്രിൻസ് തോമസ്


തോമസ് ഒറ്റക്കുന്നേൽ


സണ്ണി വള്ളിക്കളം


ജോൺ പാട്ടപ്പതി


അഗസ്റ്റിൻ ആലപ്പാട്ട്


നിഷ ജോസ് കെ. മാണി


സോണിയ മോൻസ്


ജോസ് കണിയാലി


ജോൺസൺ കണ്ണൂക്കാടൻ


ബിഷപ്പ് മാർ ജോയി ആലപ്പാട്ട്


മോൻസ് ജോസഫ്


ജോസ് കെ. മാണി


ഫാ. സിജു മുടക്കോടിൽ


മോനു വർഗ്ഗീസ്


അനിൽ മറ്റത്തിക്കുന്നേൽ




ജോസ് കണിയാലി


സണ്ണി വള്ളിക്കളം


ജോൺ പാട്ടപ്പതി


അഗസ്റ്റിൻ ആലപ്പാട്ട്

# മോഹൻലാൽ സിനിമയിലേക്ക്



CELEBRATING 48 MOHANLAL YEARS

വിസ്മയനടനം 04



ജോഷി ജോർജ്

മോഹൻലാൽ കോളേജിൽ ഡിഗ്രി ഒന്നാം വർഷ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ആദ്യമായി ക്യാമറയ്ക്ക് മുന്നിലെത്തുന്നത്. പതിനെട്ടിനും ഇരുപത്തിമൂന്നിനും ഇടയിൽ പ്രായമുള്ള കുറച്ചു ചെറുപ്പക്കാരുടെ വാശിയും ആവേശവും കലർന്ന കൂട്ടായ്മയിൽ നിന്നാണ് 'തിരനോട്ടം' എന്ന സിനിമയുടെ ജനനം.

അക്കാലത്ത് തിരുവനന്തപുരത്ത് രാജീവ് നാഥ് സംവിധാനം ചെയ്യുന്ന "സൂര്യന്റെ മരണം" എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് നടക്കുകയായിരുന്നു. മോഹൻലാലിന്റെ പ്രിയ സുഹൃത്ത് അശോകന്റെ മൂത്ത സഹോദരനാണ് രാജീവ് നാഥ്. തിരുവനന്തപുരം മുൻ മേയർ ഗോവിന്ദൻകുട്ടി നായരുടെ മകനായ ശശികുമാറും അശോകനും ഒരേ ക്ലാസിലായിരുന്നു പഠിച്ചിരുന്നത്. ഇവർ രണ്ടുപേരും കൂടിയാണ് ഒരു ദിവസം ഷൂട്ടിംഗ് കാണാൻ പോയത്.

എന്നാൽ രാജീവ് നാഥ് അശോകനെയും ശശിയെയും അത്ര കാര്യമായി ഗൗനിച്ചില്ല. ഇവർക്കാണെങ്കിൽ രാജീവ് നാഥിന്റെ സ്വാധീനത്തിൽ അവിടുത്തെ സിനിമാതാരങ്ങളെ ഒന്നു പരിചയപ്പെടണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. സത്യത്തിൽ അതിനുവേണ്ടി മാത്രമാണ് അവർ അന്ന് ക്ലാസ് കട്ട് ചെയ്ത് ലൊക്കേഷനിൽ എത്തിയത്.

എന്നാൽ ചെറിയ കുട്ടികളാണെന്ന ഭാവത്തിൽ രാജീവ് നാഥ് അവരെ ഒന്നിനോടും അടുപ്പിച്ചില്ല. ഇതോടെ അശോകനും ശശിക്കും വാശിയായി. കടുത്ത ആവേശത്തോടെ അവർ ഒരു തീരുമാനമെടുത്തു; എങ്ങനെയെങ്കിലും സ്വന്തമായി ഒരു സിനിമയെടുക്കണം!

തമ്പാനൂരിലെ മാഞ്ഞാലിക്കുളം റോഡിൽ അന്ന് ശശികുമാറിന്റെ കുടുംബത്തിന്റെ വക ഒരു കെട്ടിടമുണ്ടായിരുന്നു. അവിടെ അവർ ഒരു പാരലൽ കോളേജ് നടത്തിവന്നിരുന്നു. വൈകുന്നേരമായാൽ ഈ കൂട്ടുകാരെല്ലാം അവിടെ ഒത്തുകൂടി കഥ പറഞ്ഞിരിക്കുന്നത് പതിവായിരുന്നു. രാജീവ് നാഥിനോടുള്ള ആ വാശി തീർക്കാൻ അന്ന് വൈകിട്ട് അവർ പാരലൽ കോളേജിൽ ഒത്തുകൂടി.

ആദ്യം ഒരു ചലച്ചിത്ര സംഘടന ഉണ്ടാക്കുക, കലാമേന്മയുള്ള ചിത്രങ്ങൾ നിർമ്മിക്കുക, നല്ല സിനിമകൾ പ്രചരിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ആ സംഘടനയ്ക്ക് അവർ 'ഭാരത് സിനി ഗ്രൂപ്പ്' എന്ന് പേരിട്ടു. അതിന്റെ ഓഫീസും അവിടെത്തന്നെ ആരംഭിച്ചു. സംഘടന രൂപീകരിച്ചെങ്കിലും ആദ്യഘട്ടത്തിൽ അശോകനും ശശിയും മാത്രമായിരുന്നു അതിലെ അംഗങ്ങൾ. ഇവർ തങ്ങളുടെ സിനിമാ മോഹത്തെക്കുറിച്ച് ആദ്യമായി സംസാരിച്ചത് മോഹൻലാലിനോടായിരുന്നു.

സിനിമ എന്നുകേട്ടപ്പോൾ ലാലിന് ആവേശമായി. അന്നുമുതൽ ലാൽ ഈ സായാഹ്നക്കൂട്ടായ്മയിലെ സ്ഥിരം സാന്നിധ്യമായി മാറി. അശോകൻ കുമാറും ശശിയും ചേർന്ന് സിനിമയ്ക്കായി ഒരു തിരക്കഥ തയ്യാറാക്കി. അതിന് 'തിരനോട്ടം' എന്ന് പേരിടുകയും ചെയ്തു. ക്യാമറാമാനായി കുമാറിനെ നിശ്ചയിച്ചു.

ചിത്രത്തിലെ പ്രധാന വേഷത്തിലേക്ക് പ്രശസ്ത നടൻ നെടുമുടി വേണുവിനെ കാസ്റ്റ് ചെയ്താൽ സിനിമ സൂപ്പറാകുമെന്ന് ലാലാണ് നിർദ്ദേശിച്ചത്. അന്ന് തിരുവനന്തപുരത്ത് പരമേശ്വരൻ മാസ്റ്റർ എന്ന സുഹൃത്തിനൊപ്പം ഒരു ഡാൻസ് സ്കൂളിന്റെ ഷെഡിലായിരുന്നു നെടുമുടി വേണുവിന്റെ താമസം.

നെടുമുടി വേണുവിനെ തങ്ങളുടെ സിനിമയിലേക്ക് ബുക്ക് ചെയ്യാനായി വലിയ ആകാംക്ഷയോടെ മോഹൻലാലും അശോകനും കൂടി ആ ഷെഡിലേക്ക് ചെന്നു. ഷെഡിന്റെ മുന്നിൽ നീണ്ട താടിയും മുടിയുമായി ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. അശോകൻ ലാലിന്റെ ചെവിയിൽ രഹസ്യമായി പറഞ്ഞു:

'ഇത് വല്ല പണിക്കാരനുമായിരിക്കും, നമ്മളെ ഒട്ടും ഗൗനിക്കുന്നില്ലല്ലോ...' ലാൽ ഒട്ടും മടി കൂടാതെ ആ താടിക്കാരനോട് അല്പം കടുപ്പത്തിൽ ചോദിച്ചു:



'ഡേയ്... നെടുമുടി വേണു സാർ എവിടെയാ...?' ചോദ്യം കേട്ട് ആസ്വദിച്ച താടിക്കാരൻ തന്റെ തുടയിൽ താളമടിച്ചുകൊണ്ട് തിരിച്ചു ചോദിച്ചു:

'ഉം... എന്താ കാര്യം?"

അത് തന്നോട് പറയാൻ പറ്റിയ വിഷയമല്ല...' ശശിയാണ് അത് പറഞ്ഞത്.

'ഓഹോ..! നെടുമുടി വേണു സാറിനോട് പറയാനുള്ളത് എന്നോട് പറഞ്ഞാൽ മതി...' താടിക്കാരൻ ശബ്ദമുയർത്തി പറഞ്ഞു.

'അതിന് താൻ ആരാ? നെടുമുടി വേണു സാറിന്റെ പി.എ. ആണോ...?' ലാലും വിട്ടുകൊടുത്തില്ല.

'ഞാൻ പി.എ. അല്ല, നെടുമുടി വേണു തന്നെയാണ്...!' ഇത് പറഞ്ഞ് ആ താടിക്കാരൻ ഉറക്കെ ചിരിച്ചു.

ലാലിനെയും കൂട്ടരെയും പറ്റിക്കാൻ പഴയ മോണോആക്ട് കലാകാരനായ വേണുഗോപാൽ എന്ന നെടുമുടി വേണു ശബ്ദം മാറ്റി സംസാരിച്ചതായിരുന്നു അത്. അതോടെ ലാലും കൂട്ടരും നന്നായി ചമ്മി. പിന്നെ അവിടെ വലിയ ചിരിയും ബഹളവുമായി. തുടർന്ന് ആ കൊച്ചുസംഘം തങ്ങളുടെ വരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കി. അങ്ങനെ അവർ നെടുമുടി വേണുവിനെ ചിത്രത്തിലേക്ക് ബുക്ക് ചെയ്തു. അദ്ദേഹം എല്ലാ ഡേറ്റുകളും ഒക്കെ പറഞ്ഞു എല്ലാവർക്കും ഹസ്തദാനം നൽകി.

തുടർന്ന് ലാലും കൂട്ടരും സന്തോഷത്തോടെ മടങ്ങി. എന്നാൽ ഈ വിവരമറിഞ്ഞപ്പോൾ കൂട്ടത്തിലുള്ള ആരോ ചോദിച്ചു:

'അദ്ദേഹം ഡേറ്റ് ഉറപ്പായി തരുമെന്ന് പറഞ്ഞോ?"

ഉവ്വ്, ഉറപ്പായും തരാമെന്ന് പറഞ്ഞു. "എങ്കിൽ വിശ്വസിക്കരുത്, അദ്ദേഹം ചിലപ്പോൾ ഒഴിഞ്ഞുമാറും."

'അയ്യോ... ചതിച്ചോ! ഇനിയിപ്പോൾ എന്ത് ചെയ്യും?' ലാലും അശോകനും പരസ്പരം മുഖത്തോടുമുഖം നോക്കി നിന്നു.

അപ്പോൾ ശശിയാണ് പറഞ്ഞത്, രവികുമാർ തിരുവനന്തപുരത്തുണ്ട്, നമുക്ക് അദ്ദേഹത്തെ നായകനാക്കിയാലോ എന്ന്. ശരി, മൂവർ സംഘം ഉടൻതന്നെ രവികുമാറിനെ കണ്ട് ഡേറ്റ് ബുക്ക് ചെയ്തു.

'തിരനോട്ടം' സിനിമയിൽ ലാലിന് ലഭിച്ചത് ഒരു മന്ദബുദ്ധിയായ വീട്ടജോലിക്കാരന്റെ വേഷമായിരുന്നു. പ്രശസ്ത നടി റാണിചന്ദ്രയുടെ സഹോദരി രേണുചന്ദ്രയായിരുന്നു ചിത്രത്തിലെ നായിക. അശോകനും ശശിയുമൊക്കെ ലാലിന്റെ ആത്മസുഹൃത്തുക്കളായിരുന്നെങ്കിലും, സിനിമയിലേക്ക് തിരഞ്ഞെടുക്കുന്നതിന് മുൻപ് അവർ ലാലിനെ ഒരു 'ഇന്റർവ്യൂ'വിന് വിധേയനാക്കി. തനിക്ക് ലഭിച്ച വേഷം ലാൽ കൃത്യമായി അഭിനയിക്കുമോ എന്നറിയാനുള്ള ഒരു പരീക്ഷണം കൂടിയായിരുന്നു അത്. ആ യോഗ്യതാ പരീക്ഷ അങ്ങേയറ്റം രസകരമായിരുന്നു. അശോകനും ശശിയും ചേർന്നാണ് ആ ടെസ്റ്റ് നടത്തിയത്.

സംഭവം ഇങ്ങനെയായിരുന്നു: മോഹൻലാലിനെ യാതൊരു മുൻകരുതലുമില്ലാതെ തിരുവനന്തപുരം നഗരത്തിന്റെ തിരക്കിലേക്ക് ഇറക്കിവിടുക. ലാൽ അവിടെ ഒരു മന്ദബുദ്ധിയായി അഭിനയിച്ച് കാണിക്കണം. അഭിനയം മികച്ചതാണെങ്കിൽ 'തിരനോട്ട'ത്തിൽ അവസരം നൽകും. മോഹൻലാൽ അതൊരു വെല്ലുവിളിയായിത്തന്നെ സ്വീകരിച്ചു. ശശി ഒരു കടലാസ് പൊതി ലാലിന്റെ കക്ഷത്തിൽ തിരുകിക്കൊടുത്തു.

തനി ഗ്രാമീണനായ ഒരു പൊട്ടനെപ്പോലെ വേണം നടക്കാൻ എന്നായിരുന്നു അശോകന്റെ നിർദ്ദേശം. ലാലിന് തൊട്ടുപിന്നാലെ കാര്യങ്ങൾ നിരീക്ഷിക്കാൻ രണ്ട് സുഹൃത്തുക്കളെയും അവർ വിട്ടു. ലാൽ നേരെ വൈ.ഡബ്ല്യു.സി.എ.യുടെ മുന്നിലേക്ക് നടന്നു. കൗമാരക്കാരനായ ലാൽ ആ സ്ഥലം തിരഞ്ഞെടുത്തത് ഒരേസമയം പരീക്ഷണവും ഒപ്പം അല്പം വിനോദവും ആകാം എന്ന ചിന്തയിലാണ്. വൈ.ഡബ്ല്യു.സി.എയുടെ മുന്നിൽ വലിയൊരു കൊമ്പൻമീശക്കാരൻ വാച്ചർ കാവൽ നിൽക്കുന്നുണ്ടായിരുന്നു. പെൺകുട്ടികൾ കൂട്ടംകൂട്ടമായി അകത്തേക്ക് പോകുന്നുണ്ട്. അവരുടെ പിന്നാലെ ലാലും അകത്തേക്ക് കയറാൻ ശ്രമിച്ചു. എന്നാൽ വാച്ചർ വെറുതെ വിടുമോ? അയാൾ ലാലിന്റെ ഷർട്ടിന്റെ കോളറിൽ കുത്തിപ്പിടിച്ചു.

'നിൽക്കെടാ അവിടെ!' അയാൾ കഠിനമായ സ്വരത്തിൽ ഗർജ്ജിച്ചു.'

'എന്തൊരു പണിയാ അണ്ണാ ഇത്...?' അങ്ങേയറ്റം നിഷ്കളങ്കമായ ഭാവത്തിൽ മോഹൻലാൽ ചോദിച്ചു.

'ഇതെന്തിരാ അണ്ണാ ഇത്ര വലിയ കെട്ടിടം...?' ആ കൊമ്പൻമീശക്കാരൻ വാച്ചറുടെ കൈക്കരുത്തിനെ ഒട്ടും ഭയപ്പെടാതെ ലാൽ ചോദ്യങ്ങൾ തുടർന്നു. അയാൾ ലാലിനെ ഒരു അസ്സൽ കാട്ടുപൊട്ടൻ എന്ന മട്ടിൽ ആകെയൊന്ന് ഉഴിഞ്ഞുനോക്കി.

'ഇവിടെ എന്തരാ അണ്ണാ പരിപാടികൾ? ഇവരൊക്കെ എങ്ങോട്ടാ ഈ പോകുന്നത്? എനിക്കും കൂടെ പൊയ്ക്കൂടേ...?

"പോടാ ദൂരെ...!' വാച്ചർ ദേഷ്യപ്പെട്ടു.

'എടാ, ഇത് പെൺപിള്ളേർ മാത്രം താമസിക്കുന്ന സ്ഥലമാണ്. ഇവരൊക്കെ സ്കൂളും കോളേജും വിട്ടുവരുന്ന പെൺകുട്ടികളാണ്...'

'തന്നേ...?' മോഹൻലാൽ അത്ഭുതം കൂറി.

'അതെന്തരാ അണ്ണാ ഈ പെണ്ണുങ്ങൾക്ക് മാത്രം ഒരിടം?' മന്ദബുദ്ധിയായ ആ നാട്ടിൻപുറത്തുകാരൻ പയ്യന്റെ ചോദ്യങ്ങൾ വാച്ചറെ വല്ലാതെ ചൊടിപ്പിച്ചു. അയാളുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നുതുടുത്തു.

'പോടാ അവിടുന്ന്!' അയാൾ കണ്ണുരുട്ടി. ലാൽ അല്പം പേടിച്ചതുപോലെ മാറിനിന്നു. എന്നിട്ട് ചുറ്റും നോക്കി പതുക്കെ വാച്ചറോട് ചോദിച്ചു:

'എന്നെയും കൂടി ഇവരുടെ കൂടെ താമസിപ്പിക്കുമോ അണ്ണാ...?'

'ലേഡീസ് ഹോസ്റ്റലിൽ തന്നെക്കൂടി താമസിപ്പിക്കുമോ' എന്ന ലാലിന്റെ ചോദ്യം കേട്ടതും വാച്ചർ സർവ്വശക്തിയുമെടുത്ത് ലാലിനെ അടിക്കാൻ ഓങ്ങി. അത് മുൻകൂട്ടി പ്രതീക്ഷിച്ചിരുന്ന ലാൽ ജീവനും കൊണ്ട് അവിടുന്ന് ഒരോട്ടമായിരുന്നു! പിന്നാലെ വന്ന അശോകനും ശശിയും ഒന്നും അറിയാത്തതുപോലെ മാറിനിന്ന് ഇത് കണ്ട് ആസ്വദിക്കുകയായിരുന്നു.

മോഹൻലാലിന്റെ ആ ഓട്ടം ചെന്നുനിന്നത് ഒരു ബസ് സ്റ്റോപ്പിലാണ്. അവിടെ ബസ് കാത്തുനിന്നവരോടും അവൻ ഓരോ മണ്ടൻ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ഏതോ വട്ടുപിടിച്ച മന്ദബുദ്ധിയാണെന്ന് കരുതി ചിലർ സഹതാപത്തോടെ ലാലിനെ നോക്കി. മറ്റുചിലർ അവനെ തിരിഞ്ഞുപോലും നോക്കിയില്ല. ഉടൻതന്നെ ലാൽ റോഡരികിലുള്ള ഒരു പെട്ടിക്കട ലക്ഷ്യമാക്കി നീങ്ങി. ആ കച്ചവടക്കാരന്റെ കഷ്ടകാലം എന്നല്ലാതെ എന്ത് പറയാൻ! പിന്നീട് ആ പെട്ടിക്കടയ്ക്ക് മുന്നിലായിരുന്നു ലാലിന്റെ തകർപ്പൻ പ്രകടനം.

'എന്തരാ അണ്ണാ ഈ പഴത്തിന് വില?' കടയിൽ തൂക്കിയിട്ടിരുന്ന ഒരു വലിയ പഴക്കുലയിലാണ് ലാൽ പിടിച്ചത്. കടക്കാരൻ വില പറയുന്നതിന് മുൻപ് തന്നെ ഒരു ഇളിഞ്ഞ ചിരിയോടെ ലാൽ അഞ്ചാറെണ്ണം തിന്ന് തീർത്തു!

'പഴം കൊള്ളാമല്ലോ അണ്ണാ... നല്ല സ്വാദ്...' ലാൽ അയാളെ നോക്കി നിഷ്കളങ്കമായി ചിരിച്ചു. ചുറ്റും നിന്നവർ ഇവൻ ഏത് കോട്ടാമ്പുറത്ത് നിന്ന് വന്നവനാണെന്ന മട്ടിൽ നോക്കി നിന്നു. കടക്കാരന് ദേഷ്യം വന്നുതുടങ്ങി.

'അണ്ണാ, പഴത്തിന്റെ കാശ്...' എന്ന് പറഞ്ഞ് വലിയ ഗമയിൽ പോക്കറ്റിൽ നിന്നും മുപ്പത് പൈസ എടുത്ത് ലാൽ അയാൾക്ക് നേരെ നീട്ടി. കടക്കാരന്റെ മുഖം കനത്തു. ചുരുങ്ങിയത് നാലഞ്ചു രൂപയുടെ പഴമെങ്കിലും അതിനകം ലാൽ വയറ്റിലാക്കിയിരുന്നു! കടക്കാരൻ ദേഷ്യത്തോടെ ചാടിയിറങ്ങിയതും ലാൽ അവിടുന്ന് ഒരൊറ്റ ഓട്ടം! കടക്കാരൻ പിന്നിൽ നിന്ന് എന്തൊക്കെയോ തെറി വിളിച്ചുപറയുന്നുണ്ടായിരുന്നു. ജീവനും കൊണ്ട് ഓടുന്നതിനിടയിൽ ലാൽ അതൊന്നും കേട്ടതേയില്ല. ഓടി തളർന്ന് ഒടുവിൽ സ്റ്റാച്യു ജംഗ്ഷനിൽ എത്തിയ ലാലിന്റെ മുന്നിൽ പെട്ടെന്ന് വാളും പിടിച്ച് ഒരാൾ വന്നുനിന്നു! ലാൽ വീണ്ടും അവിടെ തന്റെ അഭിനയം തുടർന്നു. (തുടരും)

## ജോലിക്ക് ഹാജരാകില്ല; എം.എൽ.എയുടെ അനന്തരവൾക്ക് ശമ്പളം 70,000 രൂപ

ബ്ഗളൂരു: ജോലിക്ക് ഹാജരാകാതെ എം.എൽ.എയുടെ അനന്തരവൾ 70,000 രൂപ മാസ ശമ്പളമായി കൈപ്പറ്റുന്നെന്ന് പരാതി. കർണാടക ബാഗൽകോട്ട് എം.എൽ.എ ഉമേഷ് മേതിയുടെ മരുമകൾ ഡോ. അങ്കിത യാരഗലിനെതിരെയാണ് ആരോപണം. ബാഗൽകോട്ടിലെ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നമ്മ ക്ലിനിക്കിൽ മെഡിക്കൽ ഓഫിസറായിരുന്നു അങ്കിത.

കഴിഞ്ഞ മാർച്ചു മുതൽ ഇവർ ജോലിക്ക് ഹാജരായിട്ടില്ല. ഇതോടെ ആശുപത്രിയിൽ ഡോക്ടർ ഇല്ലാതായി. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇവർ ഒരു സ്വകാര്യ മെഡിക്കൽ കോളേജിൽ ബിരുദാനന്തര ബിരുദം ചെയ്യുകയാണെന്നും ജോലിയിൽ നിന്ന് വിട്ട് നിന്നിട്ടും ഇവർ ശമ്പളം പിൻവലിച്ചുകൊണ്ടിരിക്കുകയാണെന്നാണ് അധികൃതർ കണ്ടെത്തിയത്.

ഇതുസംബന്ധിച്ച് ബഗൽകോട്ട് ജില്ലാ പഞ്ചായത്ത് സി.ഇ.ഒ ഗജനൻ ബാലെ ചോദ്യം ചെയ്യലിനായി വിളിപ്പിച്ചെങ്കിലും അങ്കിത ഹാജരായില്ല. 18ന് ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് അങ്കിതയ്ക്ക് നോട്ടിസ് നൽകിയിട്ടുണ്ട്. ജോലിക്ക് ഹാജരാകാത്ത കാലയളവിൽ അങ്കിത കൈപ്പറ്റിയ മുഴുവൻ ശമ്പളവും ഓണറേറിയവും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തിരിച്ചുപിടിക്കുമെന്നും അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആരോപണങ്ങളെത്തുടർന്ന് അങ്കിതയെ ജില്ലാ ഹെൽത്ത് ഓഫീസർ രാജ്കുമാർ യാരഗൾ ചുമതലയിൽ നിന്ന് നീക്കി.

# ഇന്ത്യൻ യുദ്ധക്കപ്പലിൽ പാക് നാവിക കപ്പൽ കൊണ്ടിടിച്ച് പ്രകോപനം

ന്യൂഡൽഹി: അന്താരാഷ്ട്ര സമുദ്ര മേഖലയിൽ പാക് പ്രകോപനം. വടക്കൻ അറബിക്കടലിൽ നിരീക്ഷണം നടത്തുകയായിരുന്ന ഇന്ത്യൻ യുദ്ധക്കപ്പലിൽ പാക് നാവിക കപ്പൽ കൊണ്ടിടിച്ചു. പാക് കപ്പൽ അതിവേഗതയിൽ പാഞ്ഞടുക്കുകയായിരുന്നു. ചൊവ്വാഴ്ച വൈകിട്ടായിരുന്നു സംഭവം. ആർക്കും പരിക്കില്ല.

ഇത്തരം പ്രവൃത്തികൾ വച്ചുപൊറുപ്പിക്കില്ലെന്ന് വ്യക്തമാക്കിയ വിദേശകാര്യ മന്ത്രാലയം, ഡൽഹിയിലെ പാക് നയതന്ത്ര ഉദ്യോഗസ്ഥനെ വിളിച്ചു വരുത്തി കടുത്ത പ്രതിഷേധം അറിയിച്ചു. പാക് നടപടി അംഗീകരിക്കാനാകില്ല. അൺപ്രൊഫഷണൽ സമീപനമാണുണ്ടായത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന് താക്കീതും നൽകി.

ഇന്ത്യൻ യുദ്ധക്കപ്പലിന് കാര്യമായ പ്രശ്നങ്ങളുണ്ടായിട്ടില്ലെന്നാണ് സൂചന. പാക് കപ്പലിന്റെ ഒരു ഭാഗം തകർന്നെന്നാണ് റിപ്പോർട്ടുകൾ. പാക് സേനാ വിഭാഗങ്ങളുടെ ഇത്തരം നീക്കങ്ങൾ വച്ചുപൊറുപ്പിക്കില്ല.

ഇരുപക്ഷവും തമ്മിൽ 1991ൽ ഒപ്പിട്ട കരാറിനെ കുറിച്ചും വിദേശകാര്യ മന്ത്രാലയം പാകിസ്ഥാനെ ഓർമ്മിപ്പിച്ചു. സൈനികാഭ്യാസങ്ങൾ, സൈനിക നീക്കങ്ങൾ എന്നിവ സംബന്ധിച്ച് മുൻകൂർ അറിയിപ്പ് നൽകേണ്ടതാണ്. ഇരു രാജ്യങ്ങളുടെയും നാവികസേനാ കപ്പലുകളും അന്തർവാഹിനികളും തമ്മിൽ കുറഞ്ഞത് മൂന്ന് നോട്ടിക്കൽ മൈൽ അകലം പാലിക്കേണ്ടതുണ്ട്. ഇതെല്ലാം പാകിസ്ഥാൻ ലംഘിച്ചു. പാകിസ്ഥാനെ പ്രതിഷേധമറിയിക്കാൻ ഇസ്ലാമാബാദിലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി.

2011ലും സമാനമായ സംഭവമുണ്ടായി. പാക് യുദ്ധക്കപ്പലായ പി.എൻ.എസ് ബാബർ ഇന്ത്യൻ പടക്കപ്പലിൽ കൊണ്ടിടിക്കുകയായിരുന്നു. അന്നും നയതന്ത്രതലത്തിൽ ഇന്ത്യ വിഷയം ശക്തമായി കൈകാര്യം ചെയ്തിരുന്നു.

## അനന്ത് നാഗിന് ദാദാ സാഹിബ് ഫാൽക്കെ അവാർഡ്



ന്യൂഡൽഹി: ഇന്ത്യൻ സിനിമയുടെ വളർച്ചയ്ക്ക് നൽകിയ സംഭാവനകളെ മാനിച്ച് 2024ലെ രാജ്യത്തെ പരമോന്നത ചലച്ചിത്ര പുരസ്കാരമായ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് കന്നഡ നടൻ അനന്ത് നാഗിന് സമ്മാനിക്കും. 22ന് ഗുജറാത്തിലെ കെവാഡിയയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി അവാർഡ് നൽകും.

കന്നഡചിത്രം സങ്കൽപ്പിലൂടെ അരങ്ങേറ്റം കുറിച്ച അനന്ത് നാഗ് അഞ്ച് പതിറ്റാണ്ടിലേറെ നീണ്ട ചലച്ചിത്ര സപര്യയിൽ കന്നഡ, ഹിന്ദി, തെലുങ്ക്, മലയാളം, തമിഴ്, മറാത്തി ഭാഷകളിലെ 300ൽ അധികം ചിത്രങ്ങളിൽ വൈവിദ്ധ്യമാർന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ചു. ശ്യാം ബെനഗലിന്റെ 'അങ്കുർ' (1974) ആണ് ശ്രദ്ധേയനാക്കിയത്. ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത മലയാളചിത്രം സ്വാതി തിരുന്നാളിൽ നായക വേഷം ഗംഭീരമാക്കി. ഹിറ്റ് ചിത്രം കെ.ജി.എഫിന്റെ രണ്ട് ഭാഗങ്ങളിലും അഭിനയിച്ചു. ആർ.കെ. നാരായണിന്റെ കഥകളെ ആധാരമാക്കിയ ദൂരദർശൻ പരമ്പര 'മാൽഗുഡി ഡേയ്സിലും' ശ്രദ്ധേയ വേഷം ചെയ്തു. അഞ്ച് ഫിലിംഫെയർ അവാർഡും മികച്ച നടനുള്ള അഞ്ച് കർണാടക സംസ്ഥാന അവാർഡും ബാംഗ്ലൂർ യൂണിവേഴ്സിറ്റി ഓണററി ഡോക്ടറേറ്റും നേടി. 2025ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു. ജനതാപാർട്ടി ലേബലിൽ 1988–1994 വരെ കർണാടക ലെജിസ്ലേറ്റീവ് കൗൺസിൽ അംഗവും 1994–1999ൽ എം.എൽ.എയുമായി. പിന്നീട് ജെ.ഡി.എസിൽ ചേർന്നു. 2023 മുതൽ ബി.ജെ.പിയിലാണ്.












# ബഹിരാകാശ യുദ്ധത്തിനായുള്ള ഒരുക്കങ്ങൾ അവസാനിപ്പിക്കൂ; അമേരിക്കയുടെ ആയുധ വിന്യാസ നീക്കങ്ങൾക്കെതിരെ കടുത്ത മുന്നറിയിപ്പുമായി ചൈന!



അന്താരാഷ്ട്ര നയതന്ത്ര തലത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട്, ബഹിരാകാശത്ത് ആയുധങ്ങൾ വിന്യസിക്കാനും ഭ്രമണപഥങ്ങളെ യുദ്ധക്കളമാക്കാനും അമേരിക്ക നടത്തുന്ന നീക്കങ്ങൾ അടിയന്തിരമായി നിർത്തിവെക്കണമെന്ന് ചൈന ആവശ്യപ്പെട്ടു. അമേരിക്കൻ സ്പേസ് ഫോഴ്സിന്റെ അത്യാധുനിക പ്രതിരോധ പദ്ധതികളും ഉപഗ്രഹ വിരുദ്ധ ആയുധ പരീക്ഷണങ്ങളും ആഗോള ശാന്തിക്ക് ഭീഷണിയാണെന്ന് ചൈനീസ് പ്രതിരോധ മന്ത്രാലയം ഔദ്യോഗികമായി പ്രസ്താവിച്ചു.

ബഹിരാകാശത്ത് സ്വന്തം സൈനിക ആധിപത്യം ഉറപ്പിക്കാൻ വാഷിംഗ്ടൺ ശ്രമിക്കുന്നത് അന്താരാഷ്ട്ര ബഹിരാകാശ ഉടമ്പടികളുടെ ലംഘനമാണെന്ന് ബെയ്ജിംഗ് ആരോപിക്കുന്നു. ബഹിരാകാശ പ്രതിരോധ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ നിന്നും അമേരിക്ക പിന്മാറണമെന്ന ചൈനയുടെ മുന്നറിയിപ്പും അതിന്റെ ഭൗമരാഷ്ട്രീയ വശങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

**ചൈനീസ് പ്രതിരോധ മന്ത്രാലയത്തിന്റെ പ്രസ്താവനകളും അമേരിക്കയ്ക്കെതിരെയുള്ള വൻ ആരോപണങ്ങളും**

വാഷിംഗ്ടണിന്റെ സൈനിക താല്പര്യങ്ങൾ ആഗോള ബഹിരാകാശ സമാധാനത്തിന് വൻ വെല്ലുവിളിയാണ് ഉയർത്തുന്നത് എന്ന് ബെയ്ജിംഗ് ചൂണ്ടിക്കാണിക്കുന്നു.

**1. ബഹിരാകാശത്തെ യുദ്ധക്കളമാക്കുന്ന അമേരിക്കൻ നയങ്ങൾ**

അമേരിക്ക ബഹിരാകാശത്തെ ഒരു സാധാരണ യുദ്ധരംഗമായി നിർവ്വചിക്കുകയും അവിടുത്തെ ആധിപത്യത്തിനായി ആയുധങ്ങൾ സംഭരിക്കുകയും ചെയ്യുന്ന രീതി അപകടകരമാണെന്ന് ചൈന പ്രസ്താവിച്ചു. ഭൂമിക്കു പുറത്ത് സൈനിക നീക്കങ്ങൾ വികസിപ്പിക്കുന്നത് യുദ്ധ സാധ്യതകൾ വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കൂ.

**2. ഉപഗ്രഹ വിരുദ്ധ ആയുധങ്ങളും ഡ്രോൺ പരീക്ഷണങ്ങളും**

അമേരിക്കൻ സൈന്യം വികസിപ്പിക്കുന്ന സാറ്റലൈറ്റ് നിർവീര്യമാക്കൽ സാങ്കേതികവിദ്യകളും ഭ്രമണപഥങ്ങളിൽ കറങ്ങുന്ന രഹസ്യ ബഹിരാകാശ പേടകങ്ങളും അന്താരാഷ്ട്ര ഉപഗ്രഹ ശൃംഖലകൾക്ക് ഭീഷണിയാണ്. ഉപഗ്രഹങ്ങൾ തകർത്താൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ മറ്റ് നിഷ്കളങ്കമായ ദൗത്യങ്ങളെ തകരാറിലാക്കുമെന്ന് ബെയ്ജിംഗ് വെളിപ്പെടുത്തി.

**3. ബഹിരാകാശ ഉടമ്പടികളുടെ ലംഘനങ്ങൾ**

1967ലെ അന്താരാഷ്ട്ര ബഹിരാകാശ ഉടമ്പടി പ്രകാരം പ്രപഞ്ചം എല്ലാ മനുഷ്യരാശിയുടെയും പൊതു സ്വത്താണ്. അത്തരം കരാറുകളെ തള്ളിപ്പറഞ്ഞ് സ്വന്തം സൈനിക ശേഷി വർദ്ധിപ്പിക്കാൻ ബഹുരാഷ്ട്ര കമ്പനികളെ അമേരിക്ക ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്ന് ചൈന വക്താക്കൾ വ്യക്തമാക്കി.

**4. നയതന്ത്ര കരാറുകളിൽ നിന്നും ഏകപക്ഷീയ പിന്മാറ്റങ്ങൾ**

ബഹിരാകാശത്ത് ആയുധങ്ങൾ വിന്യസിക്കുന്നത് തടയാൻ റഷ്യയും ചൈനയും മുൻകൈ എടുത്ത് അവതരിപ്പിച്ച കരാറുകളിൽ നിന്നും അമേരിക്ക വിട്ടുനിൽക്കുകയാണ്. സമാധാനപരമായ ചർച്ചകൾക്ക് തയ്യാറാകാതെ ആയുധ ശക്തിയിലൂടെ മേൽക്കോയ്മ സ്ഥാപിക്കാനാണ് വാഷിംഗ്ടൺ ശ്രമിക്കുന്നത്.

**ആഗോള ബഹിരാകാശ മത്സരങ്ങളും സങ്കീർണ്ണമായ മത്സരങ്ങളും**

വൻശക്തി രാഷ്ട്രങ്ങൾക്കിടയിലുള്ള സാങ്കേതിക ആധിപത്യ പോരാട്ടങ്ങൾ ഭൂമിയുടെ അതിരുകൾ കടന്ന് മുന്നേറുകയാണ്.

**1. ചൈനീസ് ബഹിരാകാശ നിലയവും ആധുനിക ദൗത്യങ്ങളും**

സ്വന്തമായി 'തിയാങ്കോങ് ' ബഹിരാകാശ നിലയം സ്ഥാപിച്ച ചൈന, 2030ഓടെ ചന്ദ്രനിൽ പൗരന്മാരെ ഇറക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനെ പ്രതിരോധിക്കാൻ അമേരിക്കയുടെ നേതൃത്വത്തിലുള്ള 'ആർട്ടിമിസ് ' സഖ്യം സജീവമാകുന്നതാണ് പുതിയ തർക്കങ്ങൾക്ക് കാരണം.

**2. അമേരിക്കയുടെ സ്പേസ് ഫോഴ്സും ഭ്രമണപഥ കവചങ്ങളും**

ട്രംപ് ഭരണകൂടം സ്ഥാപിച്ച അമേരിക്കൻ സ്പേസ് ഫോഴ്സ് നിലവിൽ അത്യാധുനിക റഡാറുകളും ഉപഗ്രഹ സുരക്ഷാ സംവിധാനങ്ങളും വിന്യസിച്ചുവരുന്നു. ചൈനയും റഷ്യയും തങ്ങളുടെ ഉപഗ്രഹങ്ങളെ ആക്രമിച്ചേക്കാം എന്ന സംശയത്തിലാണ് സ്വയം പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതെന്ന് വാഷിംഗ്ടൺ വാദിക്കുന്നു.

**3. റഷ്യൻ പങ്കാളിത്തവും ബഹുമുഖ സഖ്യങ്ങളും**

ബഹിരാകാശ പ്രതിരോധ രംഗത്ത് റഷ്യയും ചൈനയും ശക്തമായ സഹകരണമാണ് പുലർത്തുന്നത്. പാശ്ചാത്യ ഉപരോധങ്ങൾ നേരിടുന്ന റഷ്യൻ സ്പേസ് ഏജൻസിയായ റോസ്കോസ്മോസ് (ചൈനയുടെ ചാന്ദ്ര പദ്ധതികളിൽ പങ്കാളിയാകാൻ ധാരണയായിട്ടുണ്ട്.

**4. സ്വകാര്യ ടെക് കമ്പനികളുടെ വിനാശകരമായ സാന്നിദ്ധ്യം**

സ്റ്റാർലിങ്ക് പോലെയുള്ള വൻകിട ഉപഗ്രഹ ശൃംഖലകൾ വാണിജ്യ ആവശ്യങ്ങൾക്ക് പുറമെ സൈനിക ആശയവിനിമയങ്ങൾക്കും ഉപയോഗിക്കപ്പെടുന്നുണ്ട്. ഇത് ഭൂമിയിലെ യുദ്ധങ്ങളിൽ നേരിട്ട് സ്വാധീനം ചെലുത്താൻ ബഹുരാഷ്ട്ര കമ്പനികളെ പ്രാപ്തരാക്കുന്നു.

**ഇന്ത്യൻ ബഹിരാകാശ സുരക്ഷയും തന്ത്രപ്രധാന മുൻഗണനകളും**

അയൽരാജ്യമായ ചൈനയും വൻശക്തികളും തമ്മിലുള്ള ഈ ബഹിരാകാശ ആയുധ മത്സരം ഇന്ത്യയുടെ സുരക്ഷാ ബോധ്യങ്ങൾക്കും പുതിയ സന്ദേശമാണ് നൽകുന്നത്.

**1. ഡിഫൻസ് സ്പേസ് ഏജൻസിയുടെ കാവൽ നിരകൾ**

വൻശക്തി രാഷ്ട്രങ്ങളുടെ ആയുധ മത്സരങ്ങൾ ഭാരതത്തിന്റെ ഉപഗ്രഹ ശൃംഖലകൾക്ക് ഭീഷണിയാകാതിരിക്കാൻ ഇന്ത്യയുടെ ഡിഫൻസ് സ്പേസ് ഏജൻസി നിരന്തരം നിരീക്ഷണം നടത്തുന്നുണ്ട്. സ്വന്തം സാറ്റലൈറ്റുകളെ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും സ്വയം പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ ഭാരതം വികസിപ്പിച്ചു വരുന്നു.

**2. 'മിഷൻ ശക്തി' എസാറ്റ് പ്രതിരോധ ശേഷികൾ**

2019ൽ നടത്തിയ 'മിഷൻ ശക്തി' പരീക്ഷണത്തിലൂടെ ഉപഗ്രഹങ്ങളെ നേരിട്ട് തകർക്കാൻ ശേഷിയുള്ള ആന്റിസാറ്റലൈറ്റ് മിസൈൽ സാങ്കേതികവിദ്യ സ്വന്തമാക്കിയ ലോകത്തിലെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. ഇത് വിദേശ രാജ്യങ്ങളിൽ നിന്നും ഉണ്ടാകാനിടയുള്ള ഭീഷണികളെ ചെറുക്കാൻ ഇന്ത്യക്കു കവചമൊരുക്കുന്നു.

**3. സമാധാനപരമായ ബഹിരാകാശ വികസനങ്ങളിലെ ഇന്ത്യൻ നിലപാടുകൾ**

ബഹിരാകാശ സാങ്കേതികവിദ്യകൾ ആയുധവൽക്കരിക്കപ്പെടുന്നതിനെ ഇന്ത്യ എതിർക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെ സമാധാനപരമായ ഗവേഷണങ്ങൾക്കും മനുഷ്യ നന്മയ്ക്കുമായി ബഹിരാകാശ വിഭവങ്ങൾ ഉപയോഗിക്കണമെന്നതാണ് ഇന്ത്യൻ നയതന്ത്രത്തിന്റെ കാതൽ.

**4. തദ്ദേശീയ വ്യവസായങ്ങൾക്കുള്ള സുരക്ഷാ മുന്നറിയിപ്പുകൾ**

ഐ.എസ്.ആർ.ഒയുടെ കമ്മ്യൂണിക്കേഷൻ, നാവിഗേഷൻ, നാവിക് ഉപഗ്രഹങ്ങൾ സംരക്ഷിക്കാൻ ഉയർന്ന സുരക്ഷാ കവചങ്ങൾ അത്യാവശ്യമാണ്. ആഗോള ബഹിരാകാശ വ്യതിയാനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് ദേശീയ സുരക്ഷ ഭദ്രമാക്കാൻ ഇന്ത്യ സജ്ജമാണ്.

# ഒറ്റ വിസയിൽ 5 വർഷം പറക്കാം! ദുബായ് സൂപ്പർ വീസ: അറിയേണ്ടതെല്ലാം



ആഗോള ബിസിനസ് കേന്ദ്രമെന്ന നിലയിലും പ്രിയപ്പെട്ട വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിലും ദുബായ് എന്നും ലോകശ്രദ്ധ ആകർഷിക്കുന്ന നഗരമാണ്. ദുബായിലേക്ക് ഇടയ്ക്കിടെ യാത്ര ചെയ്യുന്ന പ്രവാസികൾക്കും വ്യവസായികൾക്കും കുടുംബങ്ങൾക്കും വലിയ ആശ്വാസകരമായ വാർത്തയാണ് ദുബായ് ജനറൽ ഡയറക്ടറേറ്റ് ഓഫ് ഐഡന്റിറ്റി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് അവതരിപ്പിച്ചിരിക്കുന്ന അഞ്ച് വർഷ കാലാവധിയുള്ള മൾട്ടിപ്പിൾ എൻട്രി ടൂറിസ്റ്റ് വിസ. ഓരോ തവണ യുഎഇയിലേക്ക് വരമ്പോഴും പുതിയ ടൂറിസ്റ്റ് വീസയ്ക്കായി കാത്തുനിൽക്കേണ്ടതില്ല എന്നതും, സ്പോൺസറോ ഹോസ്റ്റോ ഇല്ലാതെ തന്നെ സ്വന്തമായി അപേക്ഷിക്കാം എന്നതുമാണ് ഈ വീസയുടെ ഏറ്റവും വലിയ സവിശേഷത.

ഈ സൂപ്പർ വിസ സ്വന്തമാക്കുന്നതിലൂടെ അഞ്ച് വർഷത്തെ ദീർഘകാലയളവിനുള്ളിൽ ഒന്നിലധികം തവണ യുഎഇയിലേക്ക് പ്രവേശിക്കാനും മടങ്ങിപ്പോകാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം യാത്രികർക്ക് ലഭിക്കുന്നു. സാധാരണ വിസകളുടെ സങ്കീർണ്ണമായ നിയമനടപടികളിൽനിന്നും വീണ്ടും വീണ്ടുമുള്ള അപേക്ഷകളിൽ നിന്നും ഇത് യാത്രക്കാരെ മുക്തരാക്കുന്നു. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ബിസിനസ് കൂടിക്കാഴ്ചകൾക്കും കുടുംബാംഗങ്ങളെ കാണാനുള്ള പെട്ടെന്നുള്ള യാത്രകൾക്കും ഒഴിവുകാല ആഘോഷങ്ങൾക്കുമെല്ലാം ഇനി നിമിഷനേരം കൊണ്ട് ദുബായിലേക്ക് പറക്കാൻ ഈ ദീർഘകാല വിസ സൗകര്യം വഴിയൊരുക്കുന്നു.

വിസ ഉടമയ്ക്ക് ഒരു വർഷത്തെ കാലയളവിൽ തുടർച്ചയായോ ഇടവിട്ടോ 90 ദിവസം വരെ യുഎഇയിൽ തങ്ങാനുള്ള അനുവാദമുണ്ട്. ആവശ്യമാണെങ്കിൽ നിശ്ചിത നിബന്ധനകൾ പാലിച്ചുകൊണ്ട് താമസകാലയളവ് 90 ദിവസം കൂടി നീട്ടിയെടുക്കാനും സംവിധാനമുണ്ട്. എന്നാൽ നീട്ടിയ കാലയളവ് ഉൾപ്പെടെ ഒരു വർഷത്തിൽ ആകെ താമസിക്കാവുന്ന ദിവസങ്ങളുടെ പരിധി 180 ദിവസത്തിൽ കൂടാൻ പാടില്ലെന്ന കൃത്യമായ നിബന്ധന അധികൃതർ മുന്നോട്ടുവെക്കുന്നുണ്ട്. ഒരു പ്രവശ്യത്തെ സന്ദർശനത്തിൽ അനുവദിച്ച 90 ദിവസം മുഴുവനായി ഉപയോഗിച്ചില്ലെങ്കിൽ, ബാക്കിയുള്ള ദിവസങ്ങൾ അടുത്ത വർഷത്തെ താമസപരിധിയിലേക്ക് മാറ്റിവെക്കാൻ സാധിക്കില്ലെന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്.

വിസ അനുവദിച്ച് കഴിഞ്ഞാൽ ആ ദിവസം മുതൽ രണ്ട് മാസത്തിനുള്ളിൽ അപേക്ഷകൻ യുഎഇയിൽ ആദ്യമായി പ്രവേശിച്ചിരിക്കണം. എന്നാൽ എന്തെങ്കിലും അടിയന്തര സാഹചര്യങ്ങൾ നിമിത്തം യാത്ര ചെയ്യാൻ സാധിച്ചില്ലെങ്കിൽ ഈ കാലയളവ് രണ്ട് മാസത്തേക്ക് കൂടി നീട്ടാനുള്ള അവസരവും ലഭ്യമാണ്. വീസ ഉടമ ആദ്യമായി യുഎഇ അതിർത്തി കടക്കുന്ന തിയതി മുതലാണ് അദ്ദേഹത്തിന്റെ ഒരു വർഷത്തെ താമസ കണക്കുകൂട്ടലുകൾ ആരംഭിക്കുന്നത്.

ലാളിത്യവും വേഗതയുമാണ് ഈ അപേക്ഷാ പ്രക്രിയയുടെ പ്രധാന മേന്മ. ഈ വീസ ലഭിക്കുന്നതിനായി കുറഞ്ഞത് ആറ് മാസത്തെ കാലാവധിയുള്ള പാസ്പോർട്ട്, സമീപകാലത്തെടുത്ത ഫോട്ടോ, യുഎഇയിലെ താമസകാലയളവിലേക്ക് സാധുതയുള്ള ആരോഗ്യ ഇൻഷുറൻസ്, റിട്ടേൺ ടിക്കറ്റ് എന്നിവ അത്യാവശ്യമാണ്. കൂടാതെ കഴിഞ്ഞ ആറ് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റും, അപേക്ഷകന്റെ സ്വന്തം അക്കൗണ്ടിൽ കുറഞ്ഞത് 4,000 യുഎസ് ഡോളർ അഥവാ ഏകദേശം 14,690 ദിർഹം ബാലൻസ് ഉണ്ടെന്ന് തെളിയിക്കുന്ന ഔദ്യോഗിക രേഖയും സമർപ്പിക്കേണ്ടതുണ്ട്.

ഈ വിസയ്ക്ക് അപേക്ഷിക്കുന്നത് തികച്ചും ഡിജിറ്റലായും എളുപ്പത്തിലും പൂർത്തിയാക്കാവുന്ന കാര്യമാണ്. ജിഡിആർഎഫ്എ വെബ്സൈറ്റ് വഴിയോ, യുഎഇ പാസ് ഉപയോഗിച്ചോ, നേരിട്ട് ഉപഭോക്തൃ കേന്ദ്രങ്ങളിലൂടെയോ ആമർ സർവീസ് സെന്ററുകൾ വഴിയോ വീസയ്ക്കായി അപേക്ഷ നൽകാം. വ്യക്തിഗത വിവരങ്ങളും യാത്രയുടെ ലക്ഷ്യവും രേഖപ്പെടുത്തി, നിശ്ചിത വീസ ഫീസും അടച്ചാൽ നടപടികൾ പൂർത്തിയാകും. അപേക്ഷകന് അധിക രേഖകൾ ആവശ്യമായി വരികയോ യുഎഇയിൽ വച്ച് തന്നെ വീസ സ്റ്റാറ്റസ് മാറ്റുകയോ ചെയ്യുകയാണെങ്കിൽ അതിനുള്ള അധിക ഫീസും നൽകേണ്ടിവരും.

നടപടിക്രമങ്ങൾ കൃത്യമായി പൂർത്തിയായിക്കഴിഞ്ഞാൽ വീസ അനുവദിച്ച വിവരങ്ങൾ എസ്എംഎസ് വഴി അപേക്ഷകനെ അറിയിക്കും. കൂടാതെ വിസയുടെ ഡിജിറ്റൽ കോപ്പി നൽകിയിട്ടുള്ള ഇമെയിൽ വിലാസത്തിലേക്ക് അയച്ചു നൽകുകയും ചെയ്യും. ചുരുക്കത്തിൽ, പ്രവാസി കുടുംബങ്ങൾക്ക് തങ്ങളുടെ പ്രിയപ്പെട്ടവരെ അടിക്കടി ദുബായിലേക്ക് എത്തിക്കാനും, വ്യാപാരികൾക്ക് തടസ്സങ്ങളില്ലാതെ ബിസിനസ് ആവശ്യങ്ങൾക്കായി വന്നുപോകാനും സഹായിക്കുന്ന ഈ അഞ്ച് വർഷ മൾട്ടിപ്പിൾ എൻട്രി വീസ ദുബായ് യാത്രകളെ കൂടുതൽ സുഗമവും ഹൃദ്യവുമാക്കും.

# ഹാരിയോടും മേഗനോടും അകലം പാലിക്കാൻ പ്രിൻസ് വില്യവും കാതറിനും!




ബ്രിട്ടീഷ് രാജകുടുംബത്തിൽ നിന്നും മാറി യുഎസിൽ താമസമാക്കിയിരുന്ന പ്രിൻസ് ഹാരിയും മേഗൻ മാർക്കിളും യുകെയിലേക്ക് തിരിച്ചെത്തിയതോടെ രാജകുടുംബത്തിലെ വരുംനാളുകളിലെ നിലപാടുകളെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നു. ഹാരിയുടെ സഹോദരനും വെയിൽസ് രാജകുമാരനുമായ പ്രിൻസ് വില്യവും കാതറിൻ മിഡിൽട്ടണും (കേറ്റ്) ഈ മാറ്റങ്ങളെ എങ്ങനെ നേരിടുമെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ ഉറ്റുനോക്കുന്നത്. കാലിഫോർണിയയിലായിരുന്നപ്പോൾ ഈ വിഷയങ്ങൾ അകലെയായിരുന്നെങ്കിലും, ഇപ്പോഴത് നേരിട്ട് അഭിമുഖീകരിക്കേണ്ട സാഹചര്യമാണെന്ന് വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.വില്യമും കേറ്റും നിലവിൽ സ്വന്തം കുടുംബ കാര്യങ്ങളിലാണ് പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെങ്കിലും, ഭാവിയിൽ ഹാരിയോടും മേഗനോടും അവർ എങ്ങനെ ഇടപെടും എന്നതിൽ പൊതുസമൂഹത്തിൽ നിന്നും സമ്മർദ്ദമുണ്ടാകാൻ സാധ്യതയുണ്ടെന്ന് 'വില്യം ആൻഡ് കാതറിൻ' എന്ന പുസ്തകത്തിന്റെ രചയിതാവ് റസ്സൽ മേയേഴ്സ് വ്യക്തമാക്കി. ഹാരിയുടെ രാജകുടുംബത്തിലേക്കുള്ള തിരിച്ചുവരവിനെപ്പറ്റി കിംഗ് ചാൾസിനും പ്രിൻസ് വില്യമിനും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും, ഹാരിയും മേഗനും ഇനി രാജകുടുംബത്തെ ഔദ്യോഗികമായി പ്രതിനിധീകരിക്കേണ്ടതില്ലെന്ന കാര്യത്തിൽ ഇരുവരും ഒരേ നിലപാടിലാണ്.ഹാരിയുമായി ഇനി ഔദ്യോഗികമായോ വ്യക്തിപരമായോ യാതൊരുവിധ ബന്ധവും പുലർത്താൻ പ്രിൻസ് വില്യം ആഗ്രഹിക്കുന്നില്ലെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതേസമയം, ഹാരിയും മേഗനും തങ്ങളുടെ മക്കളായ ആർച്ചിക്കും ലിലിബെറ്റിനുമൊപ്പം ഓഗസ്റ്റ് 26-നാണ് യുകെയിൽ എത്തിയത്. ഇരുവരും ഇനി 'നോൺ-വർക്കിംഗ് റോയൽസ്' അഥവാ സാധാരണ പൗരന്മാരായി മാത്രം പ്രവർത്തിക്കുമെന്ന് കിംഗ് ചാൾസ് ഔദ്യോഗിക കത്തിലൂടെ അറിയിച്ചിരുന്നു.

## സ്പോർട്സ് പരസ്യ നഗ്നതാപ്രദർശനം; പ്രതികരണവുമായി സിഡ്നി സ്വീനി




പ്രശസ്ത ഹോളിവുഡ് നടി സിഡ്നി സ്വീനി അഭിനയിച്ച ഏറ്റവും പുതിയ സ്പോർട്സ് പരസ്യം വലിയ വിവാദങ്ങൾക്കും വിമർശനങ്ങൾക്കുമാണ് വഴി തുറന്നിരിക്കുന്നത്. സ്പോർട്സ് പ്രെഡിക്ഷൻ പ്ലാറ്റ്ഫോമായ 'നോവിഗ്'നു വേണ്ടിയുള്ള പ്രചാരണ പരസ്യത്തിലാണ് താരം പൂർണ്ണ നഗ്നയായി പ്രത്യക്ഷപ്പെട്ടത്. ബാസ്ക്കറ്റ്ബോൾ, റഗ്ബി ബോൾ, ജേഴ്സികൾ എന്നിവ ഉപയോഗിച്ച് ശരീരം മറച്ചുകൊണ്ടുള്ള നടിയുടെ പ്രകടനം കായികരംഗത്തെ സ്ത്രീകളെ ലൈംഗികവത്കരിക്കുന്നതാണെന്നും സ്വയം ഒബ്ജക്റ്റിഫൈ ചെയ്യുകയാണെന്നും ചൂണ്ടിക്കാട്ടി സോഷ്യൽ മീഡിയയിൽ വലിയ പ്രതിഷേധമാണ് ഉയർന്നത്. ഇൻസ്റ്റാഗ്രാം സ്റ്റോറികളിലൂടെ താരം ഇതിനോട് പ്രതികരിച്ചു. മുൻകാലങ്ങളിൽ സ്പോർട്സ് പരസ്യങ്ങൾക്കായി നഗ്നരായി പോസ് ചെയ്തിട്ടുള്ള സെറീന വില്യംസ്, റോണ്ട റൗസി, സ്യൂ ബേർഡ് തുടങ്ങിയ പ്രശസ്ത കായിക താരങ്ങളുടെ ചിത്രങ്ങൾ പങ്കുവെച്ചുകൊണ്ടാണ് സ്വീനി വിമർശകരുടെ വായടപ്പിച്ചത്.കായിക പ്രേമികളുടെ ശ്രദ്ധ ആകർഷിക്കാനും രസകരമായ ഒരു ആശയം അവതരിപ്പിക്കാനുമാണ് താൻ ഈ പരസ്യത്തിന്റെ ഭാഗമായതെന്നാണ് സിഡ്നി സ്വീനിയുടെ വിശദീകരണം. ഈ കമ്പനിയുടെ ഓഹരി പങ്കാളി കൂടിയാണ് സ്വീനി.

## ടോം ക്രൂസിനൊപ്പം ടെയ്‌ലർ സ്വിഫ്റ്റ്; ഗാലറിയിൽ ചിയർ ചെയ്ത് താരം!



ഹോളിവുഡ് താരം ടോം ക്രൂസും പോപ്പ് സംഗീത ലോകത്തെ താരം ടെയ്‌ലർ സ്വിഫ്റ്റും വീണ്ടും ഒത്തുചേർന്നതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈറൽ. കാൻസസ് സിറ്റി ചീഫ്സിന്റെ സീസൺ ഓപ്പണർ മത്സരത്തിലാണ് ഇരുവരും വീണ്ടും ഒന്നിച്ചെത്തിയത്. ജൂലൈ മൂന്നിന് നടന്ന ടെയ്‌ലർ സ്വിഫ്റ്റിന്റെയും ട്രാവിസ് കെൽസിയുടെയും വിവാഹത്തിന് ശേഷം ഇതാദ്യമായാണ് താരം ഭർത്താവ് ട്രാവിസ് കെൽസിയുടെ മത്സരം കാണാൻ ഗാലറിയിലെത്തുന്നത്. മത്സരത്തിനിടയിൽ ടോം ക്രൂസുമായി ഏറെ നേരം സംസാരിച്ചിരിക്കുന്ന സ്വിഫ്റ്റിന്റെ ചിത്രങ്ങളും വീഡിയോകളും ആരാധകർ ഏറ്റെടുത്തു കഴിഞ്ഞു. വിവാഹശേഷം ഗ്രൗണ്ടിലേക്ക് തിരിച്ചെത്തുന്ന ട്രാവിസ് കെൽസിയെ പിന്തുണയ്ക്കാൻ എത്തിയ സ്വിഫ്റ്റ്, എംമി അവാർഡ് ചടങ്ങ് ഒഴിവാക്കിയാണ് മത്സരവേദി തെരഞ്ഞെടുത്തത്.

## വീണ്ടും 'മനസ്സമ്മതം' ചൊല്ലി സൂര്യയും ജ്യോതികയും



തമിഴ് സിനിമാ ലോകത്തെ പ്രിയ ദമ്പതികളായ സൂര്യയും ജ്യോതികയും തങ്ങളുടെ 20-ാം വിവാഹവാർഷിക വേളയിൽ വീണ്ടും വിവാഹിതരായി. കുടുംബാംഗങ്ങളുടെയും അടുത്ത സുഹൃത്തുക്കളുടെയും സാന്നിധ്യത്തിൽ നടന്ന് ചടങ്ങിന്റെ ചിത്രങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിൽ ഇതിനോടകം തരംഗമായി മാറിയിട്ടുണ്ട്. 'ദ സീക്വൽ' എന്ന് വിശേഷിപ്പിച്ചാണ് ഇരുവരും ഈ സന്തോഷവാർത്ത ആരാധകരുമായി പങ്കുവെച്ചത്. ഇത് ഒരു പൂർണ്ണമായ ദാമ്പത്യത്തിന്റെ ആഘോഷമല്ലെന്നും, മറിച്ചു വിട്ടുവീഴ്ചകളുടെയും തങ്ങൾ പരസ്പരം പകർന്നുനൽകിയ സ്നേഹത്തിന്റെയും ആഘോഷമാണെന്നും താരം കുറിച്ചു.ഒരുമിച്ച് കെട്ടിപ്പടുത്ത മനോഹരമായ ജീവിതത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും ജ്യോതിക തന്റെ വ്യക്തമാക്കി.



## ടോം ഹോളണ്ടും സെൻഡായയും വിവാഹിതരായിട്ടില്ല; വ്യാജ പ്രചാരണങ്ങളെന്ന് സ്റ്റൈലിസ്റ്റ് ലോ റോച്ച്



ഹോളിവുഡ് താരങ്ങളായ ടോം ഹോളണ്ടും സെൻഡായയും രഹസ്യമായി വിവാഹിതരായി എന്ന അഭ്യൂഹങ്ങൾക്ക് വീണ്ടും വലിയ ട്വിസ്റ്റ്. ദീർഘകാലമായി പ്രണയത്തിലുള്ള താരങ്ങൾ ഇരുവരും ഔദ്യോഗികമായി വിവാഹം കഴിച്ചിട്ടില്ലെന്ന് സെൻഡായയുടെ അടുത്ത സുഹൃത്തും പ്രശസ്ത സ്റ്റൈലിസ്റ്റുമായ ലോ റോച്ച് വ്യക്തമാക്കി. 2026-ലെ എംമി അവാർഡ് ചടങ്ങിൽ വച്ചാണ് അദ്ദേഹം മുൻപ് താൻ തന്നെ നടത്തിയ പ്രസ്താവനകളിൽ തിരുത്തൽ വരുത്തിയത്. ഇന്റർനെറ്റിൽ പ്രചരിച്ച ഇവരുടെ വിവാഹ ചിത്രങ്ങൾ പൂർണ്ണമായും എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച വ്യാജ ചിത്രങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എങ്കിലും ലോ റോച്ചിന്റെ ഈ വെളിപ്പെടുത്തൽ ആരാധകരുടെ സംശയങ്ങൾ പൂർണ്ണമായി നിവാരണം ചെയ്തിട്ടില്ല. പല പ്രമുഖ ഔദ്യോഗിക അഭിമുഖങ്ങളിലും ടോം ഹോളണ്ട് സെൻഡായയെ 'എന്റെ ഭാര്യ' എന്നാണ് ഇപ്പോഴും വിശേഷിപ്പിക്കാറുള്ളത്. 2024 അവസാനത്തോടെ വിവാഹനിശ്ചയം കഴിഞ്ഞ ഇരുവരും പൊതുവേദികളിൽ ധരിക്കുന്ന മോതിരങ്ങൾ വിവാഹമോതിരങ്ങളാണെന്ന നിഗമനത്തിലായിരുന്നു ആരാധകർ. ഔദ്യോഗികമായി വിവാഹം കഴിഞ്ഞിട്ടില്ലെന്ന് സുഹൃത്ത് പറയുമ്പോഴും, ഹോളണ്ടിന്റെ പ്രതികരണങ്ങൾ കാരണം രഹസ്യ വിവാഹം കഴിഞ്ഞെന്ന സംശയം ആരാധകർക്കിടയിൽ ഇപ്പോഴും ശക്തമായി തുടരുകയാണ്.2017-ൽ 'സ്പൈഡർമാൻ: ഹോംകമിംഗ്' എന്ന ചിത്രത്തിന്റെ സെറ്റിൽ വെച്ച് കണ്ടുമുട്ടിയ ഇരുവരും 2021-ലാണ് തങ്ങളുടെ പ്രണയം പരസ്യമാക്കിയത്. സ്വകാര്യ ജീവിതം വളരെ രഹസ്യമായി സൂക്ഷിക്കുന്ന ഇവർ അടുത്തിടെ തിയേറ്ററുകളിലെത്തിയ 'സ്പൈഡർമാൻ: ബ്രാൻഡ് ന്യൂ ഡേ' എന്ന ചിത്രത്തിലും ഒന്നിച്ചെത്തിയിരുന്നു. ഈ താരജോഡികളുടെ യഥാർത്ഥ വിവാഹ വാർത്തയ്ക്കായി കാത്തിരിക്കുകയാണ് സിനിമാ പ്രേമികൾ.

# 'കിങ്' ഡിസംബർ 24-ന് എത്തുമെന്ന് ഷാറൂഖ് ഖാൻ




ബോളിവുഡ് ബാദ്ഷാ ഷാറൂഖ് ഖാൻ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ബിഗ് ബജറ്റ് ആക്ഷൻ ചിത്രം 'കിങ്' റിലീസ് തീയതിയിൽ മാറ്റില്ല. ഹോളിവുഡ് വമ്പൻ ചിത്രങ്ങളായ 'അവഞ്ചേഴ്സ്: ഡൂംസ്ഡേ', 'ഡ്യൂൺ 3' എന്നിവ ഡിസംബർ 18-ന് റിലീസ് ചെയ്യുന്ന പശ്ചാത്തലത്തിൽ 'കിങ്' റിലീസ് നീട്ടിവെക്കുമെന്ന രീതിയിൽ ഗോസിപ്പുകൾ പ്രചരിച്ചിരുന്നു.എന്നാൽ എക്സ് പ്ലാറ്റ്ഫോമിൽ നടത്തിയ 'ആസ്ക് എസ്ആർകെ' സെഷനിലൂടെയാണ് താരം ഈ അഭ്യൂഹങ്ങൾക്ക് വിരാമമിട്ടത്. ചിത്രം രണ്ടു വലിയ ഹോളിവുഡ് സിനിമകൾക്ക് നടുവിൽ പെട്ടുപോയോ എന്ന ആരാധകന്റെ ചോദ്യത്തിന്, 'ഞങ്ങൾ ആ സാൻഡ്‌വിച്ചിന് നടുവിലെ സ്വാദുള്ള പേറ്റിയാണ്' എന്ന് ഷാറൂഖ് തമാശരൂപേണ മറുപടി നൽകി.ചിത്രീകരണത്തിനിടെ തനിക്ക് ചില പരിക്കുകൾ പറ്റിയിരുന്നെന്നും, അതുകാരണം ഷൂട്ടിങ് പലതവണ നിർത്തിവെക്കേണ്ടിവന്നെന്നും താരം വെളിപ്പെടുത്തി. എന്നാൽ ഇപ്പോൾ പരിക്കുകളെല്ലാം മാറി ചിത്രം പൂർത്തിയാകുന്ന ഘട്ടത്തിലാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സിദ്ധാർത്ഥ് ആനന്ദ് സംവിധാനം ചെയ്യുന്ന ഈ ചിത്രം 2026 ഡിസംബർ 24 ക്രിസ്മസ് റിലീസായി തന്നെ തിയേറ്ററുകളിലെത്തും. 'പത്താൻ', 'ജവാൻ' എന്നീ ഹിറ്റുകൾക്ക് ശേഷമെത്തുന്ന ഷാറൂഖ് ഖാൻ ചിത്രത്തിൽ മകൾ സുഹാന ഖാനും ഒരു പ്രധാന വേഷത്തിൽ എത്തുന്നുണ്ട്. ദീപിക പദുകോൺ, റാണി മുഖർജി, അഭിഷേക് ബച്ചൻ തുടങ്ങിയ വലിയ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്.

## എം.എസ്. സുബ്ബലക്ഷ്മിയുടെ ജീവിതം വെള്ളിത്തിരയിലേക്ക്; പ്രധാന വേഷത്തിൽ രശ്മിക





ഭാരതരത്ന എം.എസ്. സുബ്ബലക്ഷ്മിയുടെ ജീവിതകഥ പറയുന്ന ബയോപിക്കിൽ പ്രശസ്ത നടി രശ്മിക മന്ദാന പ്രധാന വേഷത്തിലെത്തുന്നു. ഗൗതം തിന്നനൂരി സംവിധാനം ചെയ്യുന്ന ഈ ചിത്രം ഗീതാ ആർട്സ്, റോക്ക്‌ലൈൻ വെങ്കടേഷ്, ബണ്ണി വാസ് എന്നിവർ ചേർന്നാണ് നിർമ്മിക്കുന്നത്.ചിത്രത്തിന്റെ സംഗീത സംവിധാനം നിർവ്വഹിക്കുന്നത് അനിരുദ്ധ് രവിചന്ദറാണ്.എം.എസ്. സുബ്ബലക്ഷ്മിയുടെ 110-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ചെന്നൈയിലെ ദി മ്യൂസിക് അക്കാദമിയിൽ വെച്ചാണ് ചിത്രത്തിന്റെ ഗ്രാന്റ് ലോഞ്ച് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്.നടൻ കമൽ ഹാസൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ചരിത്രപ്രസിദ്ധമായ സംഗീത യാത്രയെ വെള്ളിത്തിരയിൽ എത്തിക്കാൻ കഴിയുന്നത് വലിയൊരു ഭാഗ്യമായി കരുതുന്നുവെന്ന് രശ്മിക തന്റെ പോസ്റ്റിൽ കുറിച്ചു.ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തെ ലോകവേദിയിൽ എത്തിച്ച എം.എസ്. സുബ്ബലക്ഷ്മി, ഭാരതരത്ന പുരസ്കാരം ലഭിച്ച ആദ്യ സംഗീതജ്ഞയാണ്. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ സംഗീതക്കച്ചേരി അവതരിപ്പിച്ച ആദ്യത്തെ ഇന്ത്യൻ കലാകാരിയും അവരാണ്.



# ആൻഡ്രൂ സ്കോട്ട് 'സീ വാൾ' സിനിമയാക്കും

പ്രശസ്ത ഹോളിവുഡ് താരം ആൻഡ്രൂ സ്കോട്ട് താൻ രചന നിർവ്വഹിച്ച് അഭിനയിച്ച സൂപ്പർഹിറ്റ് നാടകമായ 'സീ വാൾ' സിനിമയാക്കാൻ ഒരുങ്ങുന്നു. 'വെറൈറ്റി'യാണ് ഈ വാർത്ത പുറത്തുവിട്ടത്. നാടകത്തിലെ അതേ കഥാപാത്രത്തെ തന്നെയാണ് സ്കോട്ട് ചിത്രത്തിലും അവതരിപ്പിക്കുന്നത്.ടീന സാറ്റർ സംവിധാനം ചെയ്യുന്ന ചിത്രം നാടകത്തിന്റെ പുനരാവിഷ്കാരത്തോടൊപ്പമാണ് ചിത്രീകരിക്കുന്നത്. ഒക്ടോബർ 16 മുതൽ 30 വരെ ന്യൂയോർക്കിലെ സ്റ്റുഡിയോ സീവ്യൂവിലാണ് ഈ നാടകം അരങ്ങേറുന്നത്. ടോണി അവാർഡ് വിജയി സൈമൺ സ്റ്റീഫൻസിനൊപ്പമാണ് സ്കോട്ട് ഇതിന്റെ തിരക്കഥ ഒരുക്കിയത്.ഒരു ഫോട്ടോയും അദ്ദേഹത്തിന്റെ കുടുംബ ജീവിതവും പെട്ടെന്നൊരു ദിവസം താറുമാറാകുന്ന കഥയാണ് 'സീ വാൾ' പറയുന്നത്. നാടകത്തിന്റെ അണിയറ കാഴ്ചകളും, വേദിയിലെ പ്രകടനവും, കാണികളുടെ പ്രതികരണങ്ങളും ഉൾപ്പെടുത്തി തികച്ചും വ്യത്യസ്തമായ രീതിയിലാണ് സിനിമ നിർമ്മിക്കുന്നത്. ബാക്ക്സ്റ്റേജ് കാഴ്ചകളും കാണികളും ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളായി മാറും എന്നതാണ് ഈ ചിത്രത്തിന്റെ പ്രത്യേകത. 2018-ൽ ലണ്ടനിലെ ദി ഓൾഡ് വിക് തിയേറ്ററിലും ആൻഡ്രൂ സ്കോട്ട് ഈ നാടകം അവതരിപ്പിച്ചിരുന്നു.'ഷെർലക്', 'റിപ്ലി', 'ഓൾ ഓഫ് അസ് സ്ട്രേഞ്ചേഴ്സ്' എന്നീ ചിത്രങ്ങളിലൂടെ പ്രശസ്തനായ ആൻഡ്രൂ സ്കോട്ടിന്റെ 'എൽസിനോർ' എന്ന പുതിയ ചിത്രവും റിലീസിന് ഒരുങ്ങുകയാണ്. 1989-ൽ എയ്ഡ്സ് ബാധിതനായ നടൻ ഇയാൻ ചാർത്സൺ ഹാംലെറ്റ് നാടകം അവതരിപ്പിച്ച അനുഭവമാണ് ഇതിൽ പറയുന്നത്. ഇതുകൂടാതെ 'ഫോണ്ട', 'എ പ്ലേസ് ഇൻ ഹെൽ', 'വാക്ക് ദി ബ്ലൂ ഫീൽഡ്സ്' എന്നീ സിനിമകളും 'ഇറ്റ് ഗെറ്റ്സ് വേർസ്' എന്ന സീരീസും സ്കോട്ടിന്റേതായി ഒരുങ്ങുന്നുണ്ട്.





## 'ടോമി ആൻഡ് മീ' വരുന്നു! ടോമിയാകാൻ റോബർട്ട് ഡി നീറോ

ലോസ് ആഞ്ചലസ് ഡൊഡ്ജേഴ്സിന്റെ ഇതിഹാസ മാനേജരായ ടോമി ലാസോർഡയുടെ ജീവിത കഥ പറയുന്ന 'ടോമി ആൻഡ് മീ' എന്ന ചിത്രത്തിൽ പ്രശസ്ത ഹോളിവുഡ് താരം റോബർട്ട് ഡി നീറോ അഭിനയിക്കാൻ ഒരുങ്ങുന്നു. ഹോളിവുഡ് വിനോദ മാധ്യമമായ 'ഡെഡ്‌ലൈൻ' ആണ് ഈ വാർത്ത പുറത്തുവിട്ടത്. സ്കൈഡാൻസ് സ്പോർട്സിന്റെ ബാനറിൽ ഒരുങ്ങുന്ന ഈ ചിത്രം മൈക്കിൾ മാജിക് പരമ്പരകളുടെ സംവിധായകനായ റീഡ് കരോലിൻ ആണ് സംവിധാനം ചെയ്യുന്നത്. ഡൊഡ്ജേഴ്സ് ടീമിന്റെ മാനേജരായി രണ്ട് പതിറ്റാണ്ടോളം സേവനമനുഷ്ഠിച്ച ലാസോർഡ, ഹോളിവുഡ് പ്രമുഖരുമായുള്ള അടുത്ത ബന്ധം കൊണ്ടും സ്പോർട്സ് ലോകത്ത് ഏറെ ശ്രദ്ധേയനായിരുന്നു.1976 മുതൽ 1996 വരെ ഡൊഡ്ജേഴ്സിനെ നയിച്ച അദ്ദേഹം 1981, 1988 വർഷങ്ങളിൽ ടീമിനെ വേൾഡ് സീരീസ് ചാമ്പ്യന്മാരാക്കി. കൂടാതെ 2000 സിഡ്നി ഒളിമ്പിക്സിൽ യുഎസ് ബേസ്ബോൾ ടീമിനെ സ്വർണ്ണമെഡൽ നേട്ടത്തിലേക്ക് നയിച്ചതും ലാസോർഡയുടെ ശിക്ഷണത്തിലായിരുന്നു. 2021-ൽ 93-ാം വയസ്സിലാണ് അദ്ദേഹം അന്തരിച്ചത്.മുൻപ് 'റേജിംഗ് ബുൾ' പോലുള്ള സൂപ്പർഹിറ്റ് സ്പോർട്സ് ഡ്രാമകളിൽ അഭിനയിച്ച് കയ്യടി നേടിയ റോബർട്ട് ഡി നീറോയുടെ മറ്റൊരു മികച്ച കഥാപാത്രമായിരിക്കും ഇത്. ചിത്രത്തിന്റെ ഔദ്യോഗിക അഭിനേതാക്കളുടെ പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# അമേരിക്കൻ തീരുവ ഭീഷണികളും സൗദി പൈപ്പ്‌ലൈൻ തടസ്സങ്ങളും; ആഗോള എണ്ണവിപണി ഉലയുമ്പോൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തിരിച്ചടികൾ നേരിടുമോ?

റഷ്യയിൽ നിന്ന് എണ്ണയും വാതകവും വാങ്ങുന്ന പ്രമുഖ രാജ്യങ്ങൾക്ക് മേൽ 100 ശതമാനം വരെ കടുത്ത തീരുവ ചുമത്താൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് അധികാരം നൽകുന്ന 'ലിൻഡ്സെ എൽ ഒ ഗ്രഹാം സാംങ്ഷനിങ് റഷ്യ ആൻഡ് ഇറാൻ ആക്ട് 2026' ബില്ലിന്റെ നടപടികൾ യുഎസ് ഹൗസ് ഓഫ് പ്രതിനിധികളിൽ അടിയന്തിരമായി പൂർത്തിയാക്കി അവസാന വോട്ടെടുപ്പിലേക്ക് നീങ്ങിയിരിക്കുകയാണ്. ഹൗസ് ഭേദഗതികളിൽ ഇന്ത്യ, ചൈന തുടങ്ങിയ പ്രധാന റഷ്യൻ ക്രൂഡ് വാങ്ങലുകാരെ നേരിട്ട് ഉൾപ്പെടുത്തി തുകയിൽ കടുത്ത താരിഫുകൾ ഈടാക്കാനുള്ള വാതിൽ തുറന്നിട്ടിരിക്കുന്നു.

മറ്റൊരു വശത്ത്, പേർഷ്യൻ ഗൾഫ് മേഖലയിലുണ്ടായ ഡ്രോൺ ആക്രമണങ്ങൾ കാരണം തന്ത്രപ്രധാനമായ സൗദി അറേബ്യൻ എണ്ണ പൈപ്പ്‌ലൈനുകൾ പ്രവർത്തനരഹിതമായത് ആഗോള എണ്ണ ഗതാഗത ശൃംഖലയെ കടുത്ത സമ്മർദ്ദത്തിലാക്കി. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില വീണ്ടും ഉയരുകയും അമേരിക്കയുടെ സങ്കീർണ്ണമായ വ്യാപാര ഉപരോധങ്ങൾ ഭീഷണിയാകുകയും ചെയ്യുന്ന ഈ അന്തരീക്ഷം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെയും സാമ്പത്തിക പണപ്പെരുപ്പത്തെയും എങ്ങനെ ബാധിക്കുമെന്നും ഇതിൽ നിന്ന് രാജ്യം എപ്രകാരം കരകയറും എന്നും താഴെ സമഗ്രമായി പരിശോധിക്കാം:



### ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് മേലുണ്ടാകുന്ന കനത്ത ആഘാതങ്ങളും സാമ്പത്തിക ഭാരങ്ങളും

ഇരട്ട ആഗോള ഊർജ്ജസാമ്പത്തിക പ്രതിസന്ധികൾ ഇന്ത്യയുടെ ആഭ്യന്തര ചരക്ക് വിപണിയെയും ധനനയങ്ങളെയും ഒരേസമയം ബാധിക്കുന്നു.

**1. രാജ്യത്തെ ഇറക്കുമതി ചിലവുകളിലെ കുതിച്ചുചാട്ടം**

തങ്ങൾക്ക് ആവശ്യമായ ക്രൂഡ് ഓയിലിന്റെ 85 ശതമാനത്തിലധികവും വിദേശത്തുനിന്നും വാങ്ങുന്ന ഇന്ത്യക്ക്, സൗദി പൈപ്പ്‌ലൈൻ തടസ്സങ്ങൾ മൂലം എണ്ണ വില ക്രമാതീതമായി വർദ്ധിക്കുന്നത് വൻ സാമ്പത്തിക ബാധ്യതയാണ്. ക്രൂഡ് ഓയിൽ ബാരലിന് വില ഉയരുമ്പോൾ അത് ഇന്ത്യയുടെ വിദേശ നാണയ ശേഖരത്തിൽ വലിയ ഇടിവ് ഉണ്ടാക്കുകയും ട്രേഡ് ഡെഫിസിറ്റ് അഥവാ വാണിജ്യ കമ്മി ഇരട്ടിയാക്കുകയും ചെയ്യുന്നു.

**2. രൂപയുടെ മൂല്യത്തകർച്ചയും സാമ്പത്തിക അസ്ഥിരതകളും**

എണ്ണ വാങ്ങാനായി കൂടുതൽ യുഎസ് ഡോളറുകൾ വിപണിയിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത് ഇന്ത്യാ നഗരങ്ങളിൽ ഡോളറിനെതിരെയുള്ള ഇന്ത്യൻ രൂപയുടെ മൂല്യം റെക്കോർഡ് താഴ്ചയിലേക്ക് തള്ളിയിടും. രൂപയുടെ മൂല്യം ഇടിയുന്നത് വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന മറ്റ് അത്യാവശ്യ ഘടകങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിലേക്ക് നയിക്കും.

**3. ആഭ്യന്തര പണപ്പെരുപ്പവും സാധാരണക്കാരന്റെ പോക്കറ്റ് ചോർച്ചയും**

ഇന്ധന വില വർദ്ധിക്കുന്നത് രാജ്യത്തിനുള്ളിലെ ചരക്ക് ഗതാഗത നിരക്കുകൾ ഉയർത്തുന്നതിന് ഇടയാക്കും. അരി, പച്ചക്കറി, മാംസം തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിലേക്ക് ഇത് നയിക്കുമെന്നതിനാൽ സാധാരണ കുടുംബങ്ങളുടെ മാസ ബജറ്റ് പൂർണ്ണമായും താളംതെറ്റും.

**4. റിസർവ് ബാങ്കിന്റെ പലിശ നിരക്കുകളിൽ മാറ്റങ്ങൾ ഉണ്ടാകുന്നത്**

ഉയരുന്ന റീട്ടെയിൽ പണപ്പെരുപ്പം നിയന്ത്രിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്ക് പലിശ നിരക്കുകൾ കുറയ്ക്കാൻ സാധിക്കാതെ വരും. ബാങ്ക് ലോൺ പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുന്നത് ചെറുകിട ബിസിനസ് വായ്പകളെയും ഹൗസിംഗ് വായ്പകളെയും ബാധിക്കുകയും വിപണിയിലെ ജനങ്ങളുടെ വാങ്ങൽ ശേഷി കുറയ്ക്കുകയും ചെയ്യും.

### അമേരിക്കയുടെ 100 ശതമാനം തീരുവ ഭീഷണികളും നയതന്ത്ര സങ്കീർണ്ണതകളും

അമേരിക്കൻ സഭകളിൽ പാസാക്കപ്പെടുന്ന ആയുധസാമ്പത്തിക ബില്ലുകൾ ഇന്ത്യയുടെ നയതന്ത്ര സുരക്ഷയ്ക്കും ആഗോള ആധിപത്യത്തിനും വലിയ ആശങ്കകളാണ് സജ്ജമാക്കുന്നത്.

**1. 100% തീരുവ ഭീഷണിയുടെ വ്യാപ്തികൾ**

യുഎസ് ഹൗസിൽ പുരോഗമിക്കുന്ന ലിൻഡ്സെ ഗ്രഹാം ആക്ട് പാസായാൽ, റഷ്യയിൽ നിന്നും വിലകുറഞ്ഞ ക്രൂഡ് ഓയിൽ വാങ്ങുന്നത് തുടരുന്ന ഇന്ത്യൻ കമ്പനികൾക്കും ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി ഉൽപ്പന്നങ്ങൾക്കും മേൽ 100 ശതമാനം വരെ തീരുവ ചുമത്താൻ ഡൊണാൾഡ് ട്രംപിന് അധികാരം ലഭിക്കും. ഇത് അമേരിക്കയിലേക്ക് വസ്ത്രങ്ങളും ടെക്സ്റ്റൈൽ സാമഗ്രികളും കയറ്റി അയക്കുന്ന ഇന്ത്യൻ സ്ഥാപനങ്ങൾക്ക് വൻ നഷ്ടം വരുത്തും.

**2. റഷ്യൻ ക്രൂഡിന്റെ ലഭ്യത കുറയുന്നത്**

പാശ്ചാത്യ രാജ്യങ്ങളുടെ ഉപരോധങ്ങൾ മറികടന്ന് റഷ്യയിൽ നിന്ന് ഡിസ്കൗണ്ടിൽ വാങ്ങിയിരുന്ന എണ്ണ നിർത്തലാക്കാൻ ഇന്ത്യ നിർബന്ധിതരായാൽ, വിപണിയിലെ കൂടിയ വിലയ്ക്ക് മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും എണ്ണ വാങ്ങേണ്ടി വരും. ഇത് ഇന്ത്യൻ റിഫൈനറികളുടെ ലാഭക്ഷമത കുത്തനെ കുറയ്ക്കും.

**3. 'ഷാഡോ ഫ്ലീറ്റ്' ഉപരോധങ്ങളും സമുദ്ര ഗതാഗത തടസ്സങ്ങളും**

റഷ്യൻ എണ്ണ കൊണ്ടുപോകാൻ ഉപയോഗിക്കുന്ന കപ്പലുകൾക്ക് മേൽ അമേരിക്ക ഉപരോധം കടുപ്പിക്കുമ്പോൾ, കടൽ മാർഗ്ഗമുള്ള എണ്ണ എത്തിക്കൽ അത്യന്തം അപകടകരമാകും. ഇൻഷുറൻസ് ചെലവുകൾ കൂടുമ്പോൾ എണ്ണ എത്തിക്കുന്നതിനുള്ള ഫ്രൈറ്റ് നിരക്കുകൾ വർദ്ധിക്കും.

**4. ഇന്ത്യ–യുഎസ് ഉഭയകക്ഷി വ്യാപാര തർക്കങ്ങൾ**

ഇന്ത്യ തങ്ങളുടെ ആഭ്യന്തര ഊർജ്ജ സുരക്ഷയ്ക്കായി റഷ്യയെ ആശ്രയിക്കുന്നത് അമേരിക്കയുമായുള്ള സൗഹൃദ ഉഭയകക്ഷി വ്യാപാര ചർച്ചകളെ സങ്കീർണ്ണമാക്കാം. ട്രേഡ് എഗ്രിമെന്റുകളിൽ വിലപേശാൻ വാഷിംഗ്ടൺ ഈ തീരുവ പ്രമേയം സാമ്പത്തിക ആയുധമായി ഉപയോഗിക്കും.

### പ്രതിസന്ധി മറികടക്കാൻ ഇന്ത്യ സ്വീകരിക്കേണ്ട തന്ത്രപ്രധാന വഴികൾ

ആഗോളതലത്തിൽ ഉയരുന്ന ഇരട്ട വെല്ലുവിളികളെ അതിജീവിക്കാൻ തദ്ദേശീയവും അന്താരാഷ്ട്രീയവുമായ അടിയന്തിര തന്ത്രങ്ങളാണ് ഇന്ത്യ നടപ്പിലാക്കേണ്ടത്.

**1. വിതരണ ശൃംഖലകൾ വൈവിധ്യവൽക്കരിക്കൽ**

സൗദി പൈപ്പ്‌ലൈൻ തടസ്സങ്ങൾ അനുഭവപ്പെടുമ്പോൾ, വെനസ്വേല, നൈജീരിയ, ബ്രസീൽ തുടങ്ങിയ തെക്കേ അമേരിക്കൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യാനുള്ള സാധ്യതകൾ ഇന്ത്യ ഉപയോഗപ്പെടുത്തണം. എണ്ണ വിതരണക്കാരെ വൈവിധ്യവൽക്കരിക്കുന്നത് ഒരു വിപണിയെ മാത്രം ആശ്രയിക്കുന്ന ഭാരം കുറയ്ക്കും.

**2. നയതന്ത്ര തലത്തിലുള്ള ഇളവ് അപേക്ഷകൾ**

റഷ്യൻ എണ്ണ വാങ്ങുന്നത് ഇന്ത്യയുടെ 1.4 ബില്യൺ വരുന്ന പൗരന്മാരുടെ നിത്യജീവിത ഭാരം കുറയ്ക്കാനാണെന്നും, ആഗോള വിപണിയിലെ വിലക്കയറ്റം തടയാൻ ഇത് ഉപകരിക്കുന്നുണ്ടെന്നും അമേരിക്കൻ പ്രതിനിധികളെയും ഗവൺമെന്റിനെയും ബോധ്യപ്പെടുത്തി നികുതി ഭീഷണിയിൽ നിന്ന് ഒഴിവാക്കലുകൾ നേടിയെടുക്കണം.

**3. തദ്ദേശീയ പൊരുത്തങ്ങളും റിന്യൂവബിൾ എനർജി മാറൽ**

ഇന്ധന ഇറക്കുമതി കുറയ്ക്കാൻ ഇലക്ട്രിക് വാഹനങ്ങൾ, ഗ്രീൻ ഹൈഡ്രജൻ, സൗരോർജ്ജം, എഥനോൾ ബ്ലെൻഡിംഗ് എന്നിവയ്ക്ക് വേഗത കൂട്ടണം. തദ്ദേശീയമായി നിർമ്മിക്കുന്ന പുനരുപയോഗ ഊർജ്ജ സംവിധാനങ്ങൾ അന്താരാഷ്ട്ര ഇന്ധന വിലക്കയറ്റങ്ങളിൽ നിന്നും ഇന്ത്യയെ സംരക്ഷിക്കും.

**4. എഫ്സിഐയും തദ്ദേശീയ വാണിജ്യ കരുതൽ ശേഖരങ്ങളും സജ്ജമാക്കൽ**

ആഗോളതലത്തിൽ ഭക്ഷ്യ ഇന്ധന വില സൂചികകൾ ഉയരുമ്പോൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കരുതൽ ധാന്യ ശേഖരങ്ങൾ വിപണിയിൽ ഇറക്കി വിലക്കയറ്റം തടയണം. അടിയന്തിര എണ്ണ ശേഖരങ്ങൾ ഉപയോഗിച്ച് ആഭ്യന്തര വിപണിയിൽ വില സ്ഥിരത നിലനിർത്താൻ ഗവൺമെന്റ് ഇടപെടലുകൾ നടത്തണം.

# പതിവ് രീതി മതി: തപാൽ വോട്ടിലെ കളിക്ക് സുപ്രീം കോടതിയുടെ പൂട്ടുവീണപ്പോൾ!

2026 നവംബറിൽ നടക്കുന്ന യു.എസ് കോൺഗ്രസ് ഇടക്കാല തിരഞ്ഞെടുപ്പിൽ തപാൽ ബാലറ്റുകൾക്ക് കനത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ശ്രമിച്ച ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന് സുപ്രീം കോടതിയിൽ നിന്ന് തിരിച്ചടി ലഭിച്ചിരിക്കുകയാണ്. തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിൽ അവസാന നിമിഷം ഇത്തരമൊരു മാറ്റം കൊണ്ടുവരുന്നത് അടിയന്തരമായി സ്റ്റേ ചെയ്ത കീഴ്ക്കോടതി വിധി സുപ്രീം കോടതി ശരിവെക്കുകയായിരുന്നു. ഭരണഘടന നൽകുന്ന വോട്ടവകാശത്തിന്മേലുള്ള കടന്നുകയറ്റമാണിതെന്നും വോട്ടർമാരിൽ വൻആശയക്കുഴപ്പംസൃഷ്ടിക്കാൻമാത്രമേഇത്ഉപകരിക്കൂ എന്നും ചൂണ്ടിക്കാണിച്ചാണ് കോടതി ട്രംപിന്റെ നീക്കങ്ങൾക്ക് തടയിട്ടത്.

**മാർച്ച് 31 ലെ വിവാദ ഉത്തരവും വ്യവസ്ഥകളും**

ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി, മറ്റ് ഫെഡറൽ ഏജൻസികൾ എന്നിവയിൽ നിന്നുള്ള രേഖകളുമായി ഒത്തുനോക്കി അയോഗ്യരെന്നു സംശയിക്കുന്നവർക്ക് തപാൽ ബാലറ്റുകൾ എത്തിച്ചുനൽകരുതെന്ന് ആവശ്യപ്പെട്ട് മാർച്ച് 31 നാണ് ട്രംപ് ഉത്തരവിറക്കിയത്. തപാൽ സർവീസ് വഴി ബാലറ്റുകൾ അയക്കുന്നതിന് മുൻപ് സംസ്ഥാനങ്ങൾ അർഹരായ വോട്ടർമാരുടെ പട്ടിക പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും, പ്രത്യേക ബാർകോഡുകളോട് കൂടിയ ഏകീകൃത കവറുകൾ ഉപയോഗിക്കണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. ഈ നിബന്ധന പാലിക്കാത്ത സംസ്ഥാനങ്ങളിലേക്ക് തപാൽബാലറ്റുകൾവിതരണംചെയ്യുന്നതിൽനിന്ന് തപാൽ വകുപ്പിനെ വിലക്കാനും നീക്കമുണ്ടായി.

**നിയമപോരാട്ടവും സംസ്ഥാനങ്ങളുടെ എതിർപ്പും**

ഈ എക്സിക്യൂട്ടീവ് ഉത്തരവിനെതിരെ 23 ഡെമോക്രാറ്റിക് സംസ്ഥാനങ്ങളും ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയയും വിവിധ വോട്ടവകാശ സംരക്ഷണ സംഘടനകളും അടിയന്തരമായി കോടതിയെ സമീപിക്കുകയായിരുന്നു. തിരഞ്ഞെടുപ്പ് ഭരണ സൗകര്യങ്ങളും നിയമങ്ങളും നിശ്ചയിക്കാൻ പ്രസിഡന്റിന് ഭരണഘടനാപരമായ അധികാരമില്ലെന്നും അത് സംസ്ഥാനങ്ങൾക്കും കോൺഗ്രസിനും മാത്രമുള്ളതാണെന്നും വോട്ടവകാശ പ്രവർത്തകർ വാദിച്ചു. അലബാമ, നോർത്ത് കരോലിന, വിസ്കോൺസിൻ തുടങ്ങിയ സംസ്ഥാനങ്ങൾ ഇതിനോടകംതന്നെവോട്ടർമാർക്ക്തപാൽ ബാലറ്റുകൾ അയക്കാൻ തുടങ്ങിയ സാഹചര്യത്തിൽ അവസാന നിമിഷത്തെ ഈ പരിഷ്കാരം ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കുമെന്നും അവർ ചൂണ്ടിക്കാട്ടി.

**സാങ്കേതിക പ്രതിസന്ധികളും ലക്ഷക്കണക്കിന് വോട്ടർമാരുടെ ഭാവിയും**

ട്രംപ് ഭരണകൂടം തപാൽ വകുപ്പ് വഴി നടപ്പിലാക്കാൻ ശ്രമിച്ച പുതിയ സാങ്കേതിക പോർട്ടൽ പൂർണ്ണ സജ്ജമായിരുന്നില്ലെന്ന് വിസിൽ ബ്ലോവർ റിപ്പോർട്ടുകളടക്കം പുറത്തുവന്നിരുന്നു. ഒരു ബാർകോഡ് പിശകോ സിസ്റ്റത്തിലെ പൊരുത്തക്കേടോ ഉണ്ടായാൽ ആയിരക്കണക്കിന് ബാലറ്റുകൾ വോട്ടർമാർക്ക് ലഭിക്കാതെ പോകാനും അത് വിതരണം ചെയ്യാതെ തപാൽ ഓഫീസുകളിൽ കെട്ടിക്കിടക്കാനും സാധ്യതയുണ്ടായിരുന്നു. അമേരിക്കയി



ലെ മൊത്തം വോട്ടർമാരിൽ മൂന്നിലൊന്ന് ആളുകളും തപാൽ മാർഗമാണ് വോട്ട് രേഖപ്പെടുത്തുന്നത്. അതിനാൽ തന്നെ സാങ്കേതിക തിടുക്കങ്ങൾ കാരണം ലക്ഷക്കണക്കിന് പൗരന്മാർക്ക് വോട്ടവകാശം നിഷേധിക്കപ്പെടുമായിരുന്നു.

**സുപ്രീം കോടതിയുടെ ഉത്തരവും കാവനോയുടെ നിരീക്ഷണവും**

കേസിൽഇടപെട്ടസുപ്രീംകോടതിബെഞ്ച് ട്രംപ് ഭരണകൂടത്തിന് താൽക്കാലിക ആശ്വാസം നൽകാൻ വിസമ്മതിച്ച് വ്യക്തമായഒറ്റവണ്ഡികഉത്തരവ്പുറപ്പെടുവിച്ചു. സർക്കാരിന്റെ വാദങ്ങളിൽ കേസിന്റെ നിയമപരമായ വശങ്ങളിൽ ജയിക്കാനുള്ള സാധ്യത കുറവാണെന്ന് കോടതി നിരീക്ഷിച്ചു. കോടതിയുടെ അനുബന്ധ അഭിപ്രായത്തിൽ ജസ്റ്റിസ് ബ്രെറ്റ് കാവനോ ശ്രദ്ധേയമായ നിരീക്ഷണം നടത്തിയിരുന്നു. ഭാവിയിൽ ഇത്തരമൊരു മാറ്റത്തിന് തപാൽ വകുപ്പിന് അധികാരമുണ്ടെന്ന വാദം നിലനിൽക്കാമെങ്കിൽ പോലും, തിരഞ്ഞെടുപ്പിന് ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ ഇത് നടപ്പാക്കുന്നത് തികച്ചും തന്നിഷ്ടപരവും അനിയന്ത്രിതവുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**ഭിന്നവിധിയും ജഡ്ജിമാരുടെ വിയോജിപ്പും**

സുപ്രീം കോടതിയിലെ ഭൂരിപക്ഷ വിധിയോട് ജസ്റ്റിസ് സാമുവൽ അലിറ്റോയും ജസ്റ്റിസ് ക്ലാരൻസ് തോമസും വിയോജിപ്പ് പ്രകടിപ്പിച്ചു. കേസുമായി ബന്ധപ്പെട്ട ഹർജികൾ നൽകിയ സംസ്ഥാനങ്ങളാണ് തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചതെന്നും, സ്വന്തം വീഴ്ച മൂലം കോടതികളെ സമീപിച്ചവർക്ക് അതിന്റെ ആനുകൂല്യം ലഭിക്കാൻ അർഹതയില്ലെന്നുമായിരുന്നു ജസ്റ്റിസ് അലിറ്റോ വിയോജനക്കുറിപ്പിൽ ചൂണ്ടിക്കാണിച്ചത്. എങ്കിലും ഭൂരിപക്ഷം ജഡ്ജിമാരും വോട്ടർമാരുടെ അവകാശ സംരക്ഷണത്തിനും തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനും മുൻഗണന നൽകുകയായിരുന്നു.

**ജനാധിപത്യ പ്രക്രിയക്ക് താങ്ങായി പ്രതികരണങ്ങൾ**

സുപ്രീം കോടതി വിധിയെ ആവേശത്തോടെയാണ് മനുഷ്യാവകാശ സംഘടനകളും ഡെമോക്രാറ്റിക് ജനപ്രതിനിധികളുംസ്വാഗതംചെയ്തത്.രാജ്യത്തെതപാൽ വോട്ടിങ് രീതിയെ അട്ടിമറിച്ച് അമേരിക്കൻ ജനതയുടെ പങ്കാളിത്തം കുറയ്ക്കാനുള്ള നീക്കമാണ് പരാജയപ്പെട്ടതെന്ന് സിവിൽ റൈറ്റ്സ് ഡിവിഷൻ മുൻ മേധാവിയും ചഅഅഇജ ജനറൽ കൗൺസിലുമായ ക്രിസ്റ്റൻ ക്ലാർക്ക് വ്യക്തമാക്കി.

കാലിഫോർണിയയിൽ നിന്നുള്ള ജനപ്രതിനിധി റോബർട്ട് ഗാർഷ്യയും കോടതി തീരുമാനത്തെ അഭിനന്ദിച്ച് രംഗത്തെത്തി. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ അനധികൃതമായി ഇടപെടാനുള്ള പ്രസിഡന്റിന്റെ ശ്രമങ്ങൾക്ക് ലഭിച്ച കനത്ത പ്രഹരമാണിതെന്ന് അദ്ദേഹം വ്യക്തമാക്കി.

**ഇടക്കാല തിരഞ്ഞെടുപ്പിലെ നിർണായക സാധ്യതകൾ**

നവംബറിൽ നടക്കാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പ് യു.എസ് കോൺഗ്രസിന്റെ (പ്രതിനിധി സഭയും സെനറ്റും) ഭൂരിപക്ഷം ആർക്കെന്ന് നിശ്ചയിക്കുന്ന ഏറ്റവും നിർണായകമായ പോരാട്ടമാണ്.

തപാൽ വോട്ടുകളിലെ നിയന്ത്രണം നീങ്ങിയതോടെ മുൻ വർഷങ്ങളിലെ പോലെ തന്നെ സുതാര്യമായും തടസ്സമില്ലാതെയും വോട്ടർമാർക്ക് തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കാൻ കഴിയും.

ഇതോടെ രാഷ്ട്രീയമായ ഇടപെടലുകൾക്കും വോട്ടർമാരെ തടയാനുള്ള അനാവശ്യ നിയമ പരിഷ്കാരങ്ങൾക്കും മുകളിലാണ് ഭരണഘടനയും ജനാധിപത്യ മൂല്യങ്ങളുമെന്ന് വ്യക്തമാക്കുന്ന ഒന്നായി സുപ്രീം കോടതിയുടെ ഈ ചരിത്രപരമായ തീരുമാനം മാറിയിരിക്കുകയാണ്.

# പി.ബി.ക്കും ബേബിക്കും ഹൈവോൾട്ടേജ് ഗോവിന്ദന് പവർകട്ട് !






ആന്റണി ചടയംമുറി



കോഴിക്കോട്ട് നടന്ന സി.പി.എം.ന്റെ വിശാല സമ്മേളനത്തിൽ മൂന്നു ദിവസമായി ഉഴിച്ചിലും പിഴിച്ചിലും ധാരകോരലും അരങ്ങേറി. പിണറായിയുടെ പവർ 'കട്ട്' ചെയ്യാൻ ഒരുമ്പിട്ടിറങ്ങിയ തോമസ് ഐസക്കിനും ടി.പി.രാമകൃഷ്ണനും 'തല' പോയ അവസ്ഥയിലാണ്. ടി.പി.യെ ഇടതുമുന്നണി കൺവീനർ സ്ഥാനത്തു നിന്നും സംസ്ഥാന സെക്രട്ടറിയേറ്റിൽ നിന്നും മാറ്റി നിർത്തിയത്. ടി.പി.ക്ക് 76 വയസ്സായെന്ന ന്യായത്തിലായിരിക്കാം.

എന്നാൽ 73 വയസ്സുള്ള തോമസ് ഐസക്കിന്റെ കാര്യം അങ്ങനെയല്ല. ജനങ്ങൾ നൽകിയ പാർട്ടിക്കുള്ള ഷോക്ക് ട്രീറ്റ്മെന്റ് അംഗീകരിച്ച് നേതാക്കൾ തിരുത്താൻ തയ്യാറാകണമെന്ന് തോമസ് ഐസക്ക് പൊതുവേദിയിൽ തുറന്നടിച്ചത് പിണറായിയെയും ഗോവിന്ദനെയും ലക്ഷ്യമിട്ടായിരുന്നു.

അത് തിരിച്ചറിഞ്ഞ പിണറായി പക്ഷം ഐസക്കിനെതിരെ കരുനീക്കി. തിരുത്താൻ വിളിച്ചു കൂട്ടിയ വിശാല സമ്മേളനം, പിണറായിയെ പരുക്കേൽക്കാതെ പൊതിഞ്ഞു പിടിച്ചതും ഇ.ഡി.ക്കെതിരെ പ്രമേയം പാസാക്കിയതും ഇടതുപക്ഷത്തെ സ്നേഹിക്കുന്നവർക്ക് നല്ല വാർത്തയല്ല.

### സമ്മേളനത്തിൽ എല്ലാം പിഴിഞ്ഞെടുത്തിട്ടും മുറുമുറുപ്പ്...

കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധി യു.ഡി.എഫ്. സർക്കാരിന്റെ കെട്ടുകാര്യസ്ഥതയായി സോഷ്യൽ മീഡിയയിൽ പ്രചരണം കൊഴുപ്പിക്കുന്നുണ്ട് സൈബർ സഖാക്കൾ. എന്നാൽ, കെ.എസ്.ഇ.ബി.യിലെ ചില യൂണിയൻ സഖാക്കൾ ഒരുക്കിവച്ച കെണിയിൽ യു.ഡി.എഫ്. ഭരണകൂടം വീണുപോയെന്നേ പറയാനാവൂ.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 75 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഇടതുസർക്കാരിന്റെ കാലത്ത് കൂടുതലായി ഉൽപ്പാദിപ്പിച്ചിട്ടുള്ളൂ. മാത്രമല്ല, ഇടുക്കി ഡാമിലെ വെള്ളം മുഴുവൻ ഊറ്റി കറന്റുണ്ടാക്കി 'നക്കാ പിച്ച' വിലയ്ക്ക് വിറ്റു തുലച്ചത് ഇടതു സർക്കാരായിരുന്നു.

മാത്രമല്ല, വൈദ്യുതി ലഭ്യമാക്കാനുള്ള ദീർഘകാല കരാറുകളെല്ലാം റദ്ദാക്കി സ്വകാര്യ ഏജൻസികളിൽ നിന്ന് കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി 'പുട്ടടി'ച്ചവരാരെല്ലാമെന്ന് അന്വേഷിച്ചാൽ ഇപ്പോൾ ഈ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തുന്നവരുടെ കളി പുറത്താകും.

ബോർഡിലെ ഇടതു ഓഫീസേഴ്സ് അസോസിയേഷനിലെ ചില നേതാക്കളുടെ സ്വത്ത് വിവരം പോലും അന്വേഷിച്ച് ജനത്തെ കൊള്ളയടിക്കാൻ കൂട്ടു നിന്നവരെ കണ്ടെത്താൻ വൈദ്യുതി മന്ത്രി സണ്ണി വക്കീൽ മടികാണിക്കരുത്. ഒരു കാര്യം തീർച്ചയാണ്. ഇത്രയേറെ ഗുരുതരമായ പ്രതിസന്ധിയുണ്ടാകാമെന്ന സൂചനപോലും മഴ മാറിനിൽക്കുന്നതുവരെ മന്ത്രിയെ ധരിപ്പിക്കുന്നതിൽ ബോർഡ് ചെയർമാൻ രാജമാണിക്യവും കൂട്ടരും വീഴ്ച വരുത്തിയോ?


രാജമാണിക്യത്തെ പൂർണ്ണമായും കുറ്റം പറയാനാവാത്ത മൂന്നിലധികം വകുപ്പുകളുടെ ചുമതല അദ്ദേഹം നേക്കേണ്ടതുണ്ട്. ഇതിനിടെ ദീർഘകാല കരാർ 2023ൽ റദ്ദാക്കിയതിന് 12750 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സ്വകാര്യ വൈദ്യുതി വിതരണ കമ്പനികൾക്കെതിരെ സുപ്രീം കോടതിയിലുള്ള കേരളത്തിന്റെ കേസ് വേഗത്തിലാക്കാൻ പഴയ സർക്കാർ താത്പര്യം കാണിച്ചിരുന്നില്ലെന്ന പരാതിയുണ്ട്.

ഇന്നലെ (ചൊവ്വ) കേസ് വേഗം കേൾക്കണമെന്ന് കേരളത്തിന്റെ അഭിഭാഷകൻ സുപ്രീംകോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ കരാർ സംബന്ധിച്ച്, അന്ന് ബോർഡ് ചെയർമാനായിരുന്ന ഡോ.ബി.അശോക് ഒരു യൂട്യൂബ് ചാനലിനു നൽകിയ 1 മണിക്കൂറും 17 മിനിറ്റും നീണ്ട അഭിമുഖം എന്താണ് നിലവിലെ വൈദ്യുതി പ്രതിസന്ധിയുടെ കാരണമെന്ന് വ്യക്തമാക്കുന്നുണ്ട്.

### വൈദ്യുതി കച്ചവടമെന്ന 'കച്ച കപടം'!

കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന ജലവൈദ്യുതി പദ്ധതികളോ ആണവനിലയ പദ്ധതികളോ കഴിഞ്ഞ 10 വർഷം നടപ്പാക്കാൻ ഇടതുഭരണം ശ്രമിച്ചിട്ടില്ല. കഴിഞ്ഞ 3 വർഷം കൊണ്ട് 5000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കർണാടകത്തിനു വരെ കഴിഞ്ഞു.

റിന്യുവബിൾ എനർജി ഉൽപ്പാദന പദ്ധതികളോട് ബോർഡിലെ പല ഉന്നതർക്കും കടുത്ത എതിർപ്പാണ്. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി, ആ




ഭീമമായ നഷ്ടം ജനത്തിനു മുകളിൽ കെട്ടിവയ്ക്കാനാണ് ബോർഡിലെ ചില ഏമാന്മാർക്ക് താൽപ്പര്യമത്രെ. കമ്മീഷന്റെ പങ്ക് പറ്റാൻ ഭരണകക്ഷിയിലെ ചിലരും കൂട്ടിനുണ്ടാകും.

ദിവസേന മൂന്നുവട്ടമെല്ലാം പവർകട്ട് വേണ്ട സാഹചര്യം മുൻകൂട്ടി കണ്ട് വൈദ്യുതി ലഭ്യമാക്കാൻ ഭരണ മാറ്റത്തിനിടെ ആരും തയ്യാറായില്ല. ഇടതു യൂണിയനുകളും അക്കാര്യത്തിൽ തന്ത്രപൂർവം മൗനം പാലിക്കുകയാണുണ്ടായത്. ഇപ്പോൾ ഹിമാചൽ പ്രദേശിൽ നിന്ന് കേന്ദ്രത്തിലെ ഒരു കോൺഗ്രസ് നേതാവ് വൈദ്യുതി ഉറപ്പാക്കിയെന്ന് സോഷ്യൽ മീഡിയയിൽ കണ്ടു.

മുഖ്യമന്ത്രിയുടെ ബുധനാഴ്ചത്തെ വാർത്താ സമ്മേളനത്തിൽ ഈ പ്രചരണത്തിന്റെ മുന തകർന്നു. രാത്രിയും പകലും ഒരേ നിരക്ക് വച്ചു മാത്രമേ വൈദ്യുതി നൽകാനാവൂ എന്നാണ് ഹിമാചൽ സർക്കാരിന്റെ വാദം. സർക്കാർ ഇപ്പോഴും അവരുമായി 'വിലപേശൽ' നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇതിനിടെ 'പവർകട്ട്' ഒഴിവാക്കാൻ യൂണിറ്റിന് 35 രൂപ നിരക്കിൽ തമിഴ്നാട് സർക്കാർ വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്ന കാര്യവും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഏതായാലും സർക്കാർ 30 രൂപയ്ക്ക് വൈദ്യുതി വാങ്ങാൻ പോകുന്നുവെന്ന മാധ്യമ വാർത്തകൾ മുഖ്യമന്ത്രി തള്ളിക്കളഞ്ഞു.

സൗരോർജ്ജ ഉൽപ്പാദനം സംബന്ധിച്ച നൂലാമാലകൾ സർക്കാർ അതിവേഗം മാറ്റുവാൻ ആലോചന തുടങ്ങിക്കഴിഞ്ഞു. കേരളത്തിന് യൂണിറ്റിന് 10 രൂപയ്ക്ക് മുകളിൽ വൈദ്യുതി വാങ്ങാൻ റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാരിനെതിരെയുള്ള പ്രചരണങ്ങൾ വ്യാജമാണെന്നു പറയേണ്ടിവരും.

### ജനാധിപത്യവും രാഷ്ട്രീയ പാർട്ടികളും

ഇന്നലെ (സെപ്തംബർ 15) അന്താരാഷ്ട്ര ജനാധിപത്യ ദിനമായിരുന്നു. മാതൃഭൂമി ദിനപത്രം മാത്രമാണ് ഈ ദിനത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി ഒരു എഡിറ്റോറിയൽ എഴുതിയത്. 2007 ലാണ് ഈ ദിനാചരണം തുടങ്ങിയത്. ആമുഖ പ്രസംഗത്തിൽ നീതിയുടെ ആവാസസ്ഥാനമായിരിക്കേണ്ട രാഷ്ട്രീയ പാർട്ടികൾ എന്നൊരു പരാമർശമുണ്ട്.

ജനാധിപത്യമെന്ന പദം ഇന്ത്യയിൽ ഏറ്റവും കൂടുതൽ തവണ തങ്ങളുടെ നയപരിപാടികളോട് ഉൾച്ചേർത്ത് പറഞ്ഞിട്ടുള്ള സി.പി.എം.ന്റെ വിശാല സമ്മേളനം സമാപിച്ചതും ഈ ദിവസം തന്നെയായത് കൗതുകമുണർത്തുന്നു. കാരണം, ഉൾപ്പാർട്ടി ജനാധിപത്യം ആ പ്രസ്ഥാനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് പറയാനാവാത്ത വിധം ജീർണ്ണാവസ്ഥയിലാണവർ.

സംസ്ഥാന സെക്രട്ടറിയേറ്റിലെ മൂന്നുപേരെ മാറ്റി നിർത്തിയത്, പാർട്ടിയിലെ ഏതോ ഏകാധിപതിയുടെ താൽപ്പര്യമനുസരിച്ചാണെന്ന വാദഗതികൾ യാഥാർത്ഥ്യത്തോട് അടുത്തുനിൽക്കുന്നു. എന്നാൽ മുൻമന്ത്രി റിയാസിനെതിരെയുള്ള ഇ.ഡി. നടപടികളിൽ സത്യമേയില്ലെന്നു സമ്മതിക്കാൻ പല സഖാക്കൾക്കും കഴിയുന്നില്ല.

കോൺഗ്രസുമായി 'ഡീൽ' ഉണ്ടെന്നു പറയുന്നുണ്ട്. ബി.ജെ.പി. ഇ.ഡി. പിണറായിയെ വേട്ടയാടുന്നുവെന്ന തോന്നൽ അണികൾക്ക് ക്യാപ്സൂളുകളായി നൽകിയതിന്റെ ഗുണം പ്രതിപക്ഷ നേതാവിനു ലഭിച്ചുവെന്നതാണ് നേര്.

ഇപ്പോൾ പാർട്ടി ക്ലാസുകൾക്ക് പ്രത്യേക മൊബൈൽ ആപ്പ് ഏർപ്പെടുത്താൻ സി.പി.എം. തീരുമാനിച്ചുവെങ്കിലും പുതിയ തലമുറയ്ക്ക് 'അരിവാളും ചുറ്റിക'യുമെന്ന ചിഹ്നം ഇപ്പോൾ പ്രീതികരമാകുമോയെന്ന ചിന്ത നല്ലതാണ്. മാത്രമല്ല, ദേശാഭിമാനി എന്ന പാർട്ടി പത്രത്തിന്റെ ഒന്നാം പേജിൽ വർഗീയതയ്ക്കെതിരെ സൂക്ഷ്മാണു പ്രതിരോധമെന്നൊരു തലവാചകമെഴുതിയ പത്രപ്രവർത്തകൻ തീർച്ചയായും ഗോവിന്ദൻമാഷ് എന്ന താത്വികാചാര്യനു പഠിക്കുകയാണെന്ന് പറയേണ്ടിവരും. പാർട്ടിപത്രം വായിക്കേണ്ടവന്റെ ഗതികേട് എന്നല്ലാതെ എന്തുപറയാൻ?

### ട്രീകട്ടർ ടിവിയും റെയിഡും

മരം മുറി ചാനലിന്റെ ഓഫീസുകളിൽ പുലർച്ചെ 4 മണിക്ക് എസ്.ഐ.ടി. സംഘം നടത്തിയ റെയിഡിനെതിരെ പ്രതിപക്ഷ നേതാവിന്റെ പ്രതിഷേധം സോഷ്യൽ മീഡിയയിൽ കണ്ടു. ഈ നേതാവ് മുഖ്യമന്ത്രിയായിരിക്കെ പത്രസ്ഥാപനങ്ങൾക്കും പത്രപ്രവർത്തകർക്കും എതിരെ നടത്തിയ 'കടന്നാക്രമണങ്ങൾ' എല്ലാവരും മറന്നുപേയോ?

2017ൽ വനം വകുപ്പ് മന്ത്രി ശശീന്ദ്രനെ ഹണിട്രാപ്പിൽ പെടുത്തിയെന്ന് ആരോപിച്ചുകൊണ്ട് ആ ടെലിവിഷൻ സ്ഥാപനം റെയ്ഡ് ചെയ്തതും സി.ഇ.ഒ. അടക്കമുള്ളവരെ അറസ്റ്റ് ചെയ്തതും ഓർമ്മയില്ലേ? 2023ൽ ഏഷ്യാനെറ്റ് ന്യൂസിനും, ആ ചാനലിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാറിനുമെതിരെ പിണറായി സർക്കാർ നടത്തിയ ധിക്കാര നടപടികളും നമ്മുടെ ഓർമ്മയിൽ നിന്നും മാഞ്ഞിട്ടില്ല. എന്തിന് മറുനാടൻ ചാനലിന്റെ ഓഫീസിൽ കയറി ലാപ്ടോപ്പും മൊബൈൽ ഫോണുകളും പിടിച്ചെടുത്തത് ഇടതു സർക്കരായിരുന്നില്ലേ?




നവകേരളയാത്രയ്ക്ക് മദ്ധ്യേ ഉണ്ടായ ആക്രമണത്തിന് 24 ചാനലിലെ പത്രപ്രവർത്തകനെതിരെ തിരിഞ്ഞതും, എസ്.എഫ്.ഐ. നേതാവിന്റെ മാർക്ക് ലിസ്റ്റ് വിവാദത്തിനെതിരെ വാർത്ത നൽകിയ ഏഷ്യാനെറ്റ് ന്യൂസിലെ അഖില നന്ദകുമാറിനെതിരെ കേസെടുത്തതും പത്ര സ്വാതന്ത്ര്യംഹനിക്കൽ തന്നെയായിരുന്നില്ലേ? ഇപ്പോൾ പൊലീസ് ഫയൽ ചെയ്ത എഫ്.ഐ.ആറിന്റെയും കോടതി ഉത്തരവിന്റെയും ബലത്തിലാണ് റിപ്പോർട്ടർ ചാനലിന്റെ ഓഫീസ് റെയ്ഡ് ചെയ്തതെന്ന കാര്യം പ്രതിഷേധിക്കുന്നവർ മറന്നുപോകരുത്.



### പാർവതിയെന്ന സൂപ്പർസ്റ്റാർ

അഭിനയത്തിന്റെ കാര്യത്തിൽ പാർവതി തിരുവോത്ത് ഒരു അദ്ഭുതമാണ്. 'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന സിനിമയിൽ പാർവതിയെ നായികയായി അവതരിപ്പിക്കാൻ വേണ്ടി ഒമ്പതുമാസം കാത്തിരുന്നതായി ആ സിനിമയുടെ സംവിധായകൻ ഷഹദ് ഒരു യൂട്യൂബ് ചാനലിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു കേട്ടു.

സിനിമയ്ക്കുള്ളിലെ സിനിമ പോലെ പൊലീസ് വകുപ്പിനുള്ളിലെ ചില കറുത്ത ഏടുകൾ ഇപ്പോൾ വല്ലപ്പോഴും ഒരു സിനിമയായി തിയറ്ററുകളിലെത്തുന്നുണ്ട്. ദിലീഷ് പോത്തൻ നായകനായ 'റോന്ത്' ഈ ഗണത്തിൽ പെട്ട നല്ല സിനിമയാണ്.

ഇപ്പോൾ ഒ.ടി.ടി.യിൽ കാണാൻ കഴിയുന്ന ഈ ചിത്രം തിയറ്ററിൽ വൻ വിജയം നേടാതെ പോയി. നല്ല സിനിമകൾ തെരഞ്ഞു പിടിച്ച് കണ്ട് പ്രോത്സാഹിപ്പിക്കുന്ന പ്രേക്ഷകരുടെ ഒരു പുതിയ നിര രൂപപ്പെടുമെന്നാണ് പ്രതീക്ഷ. അങ്ങനെ സംഭവിക്കട്ടെ. നമുക്ക് കാത്തിരിക്കാം.

# ബ്രിക്സ് ഉച്ചകോടി പ്രസക്തിയും വെല്ലുവിളികളും

## ഡൽഹി ഡെർബാർ

തുടക്കത്തിൽ 5 രാജ്യങ്ങളായിരുന്ന ഈ കൂട്ടായ്മയാണ് പിന്നീട് വിപുലീകരിച്ച് ബ്രസീൽ, ചൈന, ഈജിപ്ത്, ഇത്യോപ്യ, ഇന്ത്യ, ഇന്തൊനീഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യുഎഇ എന്നിങ്ങനെ പതിനൊന്ന് അംഗരാജ്യങ്ങളുള്ള ബ്രിക്സ് കൂട്ടായ്മയായി വളർന്നു വന്നത്.

ആഗോള രാഷ്ട്രീയത്തിലെ മാറ്റങ്ങൾ ന്യൂഡൽഹിയിൽ ഭാരത് മണ്ഡപത്തിൽ സമാപിച്ച 18-ാമത് ബ്രിക്സ് ഉച്ചകോടി ആഗോള ഭൗമരാഷ്ട്രീയത്തിൽ നിർണായകമായ ചില തിരുത്തലുകൾക്ക് തുടക്കമിട്ടിരിക്കുകയാണ്.



പ്രതിരോധം, നവീകരണം, സഹകരണം, സുസ്ഥിരത എന്നിങ്ങനെയുള്ള പ്രമേയത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ന്യൂഡൽഹി പ്രഖ്യാപനം വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക പരമാധികാരത്തെ ഉയർത്തിപ്പിടിക്കുന്ന ഒന്നാണ്.

ഈ ഉച്ചകോടിക്കു ശേഷം ബ്രിക്സ് സഖ്യം ഏതു ദിശയിലേക്കാണ് നീങ്ങുന്നത്? വരും വർഷങ്ങളിൽ ഇത് ലോകക്രമത്തെ എങ്ങനെ സ്വാധീനിക്കും? എന്നീകാര്യങ്ങൾ പരിശോധിക്കുകയാണിവിടെ.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ബ്രിക്സ് വെറുമൊരു സാമ്പത്തിക കൂട്ടായ്മ എന്നതിലുപരി വലിയൊരു രാഷ്ട്രീയ ശക്തിയായി മാറിയിരിക്കുന്നു. ഇന്തോനേഷ്യ, യു.എ.ഇ, ഇറാൻ, ഈജിപ്ത്, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളുടെ വരവോടെ ആഗോള ജനസംഖ്യയുടെയും വിഭവങ്ങളുടെയും വലിയൊരു പങ്ക് ഈ കൂട്ടായ്മയ്ക്ക് കീഴിലായി.

ന്യൂഡൽഹി ഉച്ചകോടിക്കു ശേഷം, പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക ഉപരോധങ്ങൾക്കും നയങ്ങൾക്കും ഇരയാകുന്ന വികസ്വര രാജ്യങ്ങളുടെ ഏറ്റവും വലിയ അഭയകേന്ദ്രമായി ബ്രിക്സ് മാറിയിരിക്കുകയാണ്. ജി7 കൂട്ടായ്മയ്ക്ക് ബദലായി ആഗോള സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കാൻ ബ്രിക്സിന് സാധിക്കുമെന്ന വിലയിരുത്തലുകൾ ശക്തമാണ്.

ന്യൂഡൽഹി ഉച്ചകോടിക്കു ശേഷമുള്ള ഏറ്റവും വലിയ ചർച്ചാവിഷയം അന്താരാഷ്ട്ര വ്യാപാരത്തിൽ അമേരിക്കൻ ഡോളറിന്റെ ആധിപത്യം കുറയ്ക്കുക എന്നതുതന്നെയാണ്. പ്രാദേശിക കറൻസികൾ: ഇന്ത്യയും യു.എ.ഇയും റഷ്യയും തമ്മിലുള്ള വ്യാപാരങ്ങൾ ഇതിനകം തന്നെ രൂപയിലും ദിർഹത്തിലും റൂബിളിലും നടന്നുതുടങ്ങിയിട്ടുണ്ട്.

ഡോളർ അധിഷ്ഠിത സ്വിഫ്റ്റ് പേയ്മെന്റ് സംവിധാനത്തിന് പകരമായി സ്വന്തം ഡിജിറ്റൽ പേയ്മെന്റ് ശൃംഖല ശക്തമാക്കാനുള്ള നീക്കങ്ങൾ ഈ ഉച്ചകോടിയോടെ വേഗത്തിലായി. ഇത് പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക നിയന്ത്രണങ്ങളെ മറികടക്കാൻ വികസ്വര രാജ്യങ്ങളെ സഹായിക്കും. ന്യൂഡൽഹി ഉച്ചകോടിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉയർത്തിയ ഏറ്റവും പ്രധാനപ്പെട്ട മുന്നറിയിപ്പ് സാങ്കേതികവിദ്യയുടെയും നിർണായക ധാതുക്കളുടെയും ആയുധവൽക്കരണത്തിന് എതിരെയായിരുന്നു. സെമികണ്ടക്ടറുകൾ, ഇലക്ട്രിക് വാഹനങ്ങൾ, പ്രതിരോധ മേഖല എന്നിവയ്ക്ക് ആവശ്യമായ ലിഥിയം, കോബാൾട്ട് തുടങ്ങിയ ധാതുക്കളുടെ വിതരണ ശൃംഖല ഏതെങ്കിലും ചില രാജ്യങ്ങളുടെ മാത്രം കുത്തകയാകരുത് എന്ന ധാരണ ഉച്ചകോടിക്കു ശേഷം ശക്തമായിട്ടുണ്ട്. ഇതിനായി, എഐ സാങ്കേതിക വിദ്യ പങ്കുവെക്കൽ എന്നിവയിലൂടെ പരസ്പര സഹകരണം വർദ്ധിപ്പിക്കാൻ രാജ്യങ്ങൾ തീരുമാനിച്ചു.

പുതിയ വികസന ബാങ്കിന്റെ പങ്ക് ബ്രിക്സിന്റെ കീഴിലുള്ള ന്യൂഡെവലപ്മെന്റ് ബാങ്ക് ലോകബാങ്കിനും അന്താരാഷ്ട്ര നാണയ നിധിക്കും ഒരു ബദലായി മാറുകയാണ്. ആഫ്രിക്കൻ, ഏഷ്യൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കടുത്ത നിബന്ധനകൾ ഇല്ലാതെ വായ്പ നൽകാൻ എൻ.ഡി.ബി മുന്നോട്ടുവരുന്നത് ഉച്ചകോടിക്കു ശേഷം വികസ്വര രാജ്യങ്ങൾക്ക് വലിയ ആശ്വാസമാകും.

നേരിടുന്ന പ്രധാന വെല്ലുവിളികൾ ഉച്ചകോടി വിജയകരമായിരുന്നെങ്കിലും, അതിനുശേഷം ബ്രിക്സിന് മുന്നിലുള്ള വെല്ലുവിളികൾ ചെറുതല്ല: ബ്രിക്സിലെ രണ്ട് വലിയ ശക്തികളായ ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തി തർക്കങ്ങളും തന്ത്രപ്രധാനമായ മത്സരങ്ങളും കൂട്ടായ്മയുടെ സുഗമമായ പ്രവർത്തനത്തിന് എപ്പോഴും ഒരു വെല്ലുവിളിയാണ്. പടിഞ്ഞാറൻ വിരുദ്ധ ചേരി എന്ന ലേബൽ: റഷ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങൾ ബ്രിക്സിനെ അമേരിക്കയ്ക്ക് എതിരെയുള്ള ഒരു രാഷ്ട്രീയ ആയുധമാക്കാൻ ശ്രമിക്കുമ്പോൾ, ഇന്ത്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾ പടിഞ്ഞാറൻ രാജ്യങ്ങളുമായി നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ ഒരു സന്തുലിത നയം സ്വീകരിക്കാനാണ് താല്പര്യപ്പെടുന്നത്.

അംഗരാജ്യങ്ങളിൽ ചിലത് നേരിടുന്ന ആഭ്യന്തര സാമ്പത്തിക പ്രശ്നങ്ങളും നാണയപ്പെരുപ്പവും ബ്രിക്സിന്റെ പൊതുവായ മുന്നേറ്റത്തെ ബാധിച്ചേക്കാം. ന്യൂഡൽഹി ഉച്ചകോടിക്കു ശേഷം ലോകം ഉറ്റുനോക്കുന്നത് 2027ൽ ചൈന ആതിഥേയത്വം വഹിക്കുന്ന 19-ാമത് ബ്രിക്സ് ഉച്ചകോടിയിലേക്കാണ്. വരും വർഷങ്ങളിൽ കൂടുതൽ രാജ്യങ്ങൾ ബ്രിക്സിൽ അംഗത്വത്തിനായി അപേക്ഷ നൽകിയിട്ടുള്ളതിനാൽ, ഈ കൂട്ടായ്മയുടെ വ്യാപ്തി ഇനിയും വർദ്ധിക്കും. അമേരിക്ക കേന്ദ്രീകൃതമായ ഒരു ഏകധ്രുവ ലോകത്തിൽ നിന്നും വിവിധ ശക്തികേന്ദ്രങ്ങളുള്ള ഒരു ബഹുധ്രുവ ലോകത്തിലേക്കുള്ള മാറ്റത്തിന് വേഗത കൂട്ടാൻ ന്യൂഡൽഹി ബ്രിക്സ് ഉച്ചകോടിക്ക് കഴിഞ്ഞിട്ടുണ്ട്.

*എമ എൽ എൽവിൻ*

# ആയുസ്സിന്റെ റെക്കോർഡും ജനസംഖ്യാ തകർച്ചയും: ജപ്പാൻ നേരിടുന്ന നിശബ്ദ അടിയന്തരാവസ്ഥ

ലോകത്തെ അത്ഭുതപ്പെടുത്തുന്ന ദീർഘായുസ്സിന്റെ റെക്കോർഡുകൾ ഒരുവശത്ത് തീർക്കുമ്പോഴും, മറുവശത്ത് രാജ്യം ഇന്നേവരെ അഭിമുഖീകരിക്കാത്ത അതിരൂക്ഷമായ ജനസംഖ്യാ അസന്തുലിതാവസ്ഥയിലാണ് ജപ്പാൻ. രാജ്യത്ത് 100 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുടെ എണ്ണം ചരിത്രത്തിലാദ്യമായി ഒരു ലക്ഷം കടന്നുവെന്ന് കഴിഞ്ഞ ദിവസമാണ് ജപ്പാൻ ആരോഗ്യമന്ത്രാലയം പ്രഖ്യാപിച്ചത്.



നിലവിൽ 1,07,677 ശതാബ്ദി പ്രായമുള്ളവർ അവിടെയുണ്ട്, ഇതിൽ 88 ശതമാനവും സ്ത്രീകളാണ്. എന്നാൽ, ആയുർദൈർഘ്യത്തിലെ ഈ നേട്ടം ആഘോഷിക്കുമ്പോഴും തൊഴിലെടുക്കാൻ ശേഷിയുള്ള ചെറുപ്പക്കാരുടെ എണ്ണം അതിവേഗം കുറയുന്നതും ജനനനിരക്ക് സർവ്വകാല താഴ്ചയിലെത്തിയതും ജപ്പാന്റെ സാമൂഹിക സാമ്പത്തിക വ്യവസ്ഥകളെ വലിയ പ്രതിസന്ധിയിലേക്കാണ് തള്ളിവിടുന്നത്. ദീർഘായുസ്സിൽ ജപ്പാൻ കൈവരിച്ച വിജയം അവിടുത്തെ ആരോഗ്യകരമായ ജീവിത രീതിയുടെയും മികച്ച മെഡിക്കൽ സാങ്കേതിക വിദ്യയുടെയും പ്രതിഫലനമാണ്.

മീൻ, പച്ചക്കറികൾ എന്നിവ അടങ്ങിയ കൊഴുപ്പ് കുറഞ്ഞ ഭക്ഷണക്രമവും വ്യായാമ ശീലങ്ങളുമാണ് 114 വയസ്സുള്ള ഫുയോ കിഷിമോട്ടോയെയും 112 വയസ്സുള്ള ഹികാരു കാറ്റോയെയും പോലുള്ള വയോജനങ്ങളെ സൃഷ്ടിക്കാൻ ജപ്പാനെ സഹായിച്ചത്. 1963ൽ വെറും 153 പേർ മാത്രമുണ്ടായിരുന്ന സ്ഥാനത്താണ് ഇന്ന് ഒരു ലക്ഷത്തിലേറെ പേർ നൂറ് വയസ്സ് പിന്നിട്ടിരിക്കുന്നത്. പക്ഷേ സന്തോഷിക്കേണ്ട ഈ യാഥാർത്ഥ്യത്തിന് പിന്നിൽ ജപ്പാനെ കാത്തിരിക്കുന്നത് വൻ അസ്തിത്വ പ്രതിസന്ധിയാണ്.

പ്രായമായവരുടെ ജനസംഖ്യ ഉയരുകയും യുവാക്കളുടെ എണ്ണം ക്രമാതീതമായി കുറയുകയും ചെയ്യുന്നത് രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെത്തന്നെയാണ് ഇളക്കുന്നത്. നിലവിൽ ജപ്പാനിലെ ജനസംഖ്യയുടെ 30 ശതമാനത്തോളം പേരും 65 വയസ്സിന് മുകളിലുള്ളവരാണ്. ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം കുറയുമ്പോൾ രാജ്യത്തെ നികുതി വരുമാനം ഇടിയുകയും അതേസമയം വയോജനങ്ങളുടെ പെൻഷൻ, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായുള്ള സർക്കാറിന്റെ സാമൂഹിക സുരക്ഷാ ചെലവുകൾ വൻതോതിൽ വർദ്ധിക്കുകയും ചെയ്യുന്നു.

രാജ്യത്ത് ചെറുപ്പക്കാരായ തൊഴിലാളികളുടെ കുറവ് ഉൽപ്പാദന മേഖലയെയും വ്യവസായങ്ങളെയും മന്ദഗതിയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ നിശ്ചലാവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു. സാമൂഹിക തലത്തിലും വലിയ മാറ്റങ്ങളാണ് ഈ ജനസംഖ്യാ വ്യതിയാനം സൃഷ്ടിക്കുന്നത്. കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി കുഞ്ഞുങ്ങളുടെ ഡയപ്പറുകളേക്കാൾ കൂടുതൽ മുതിർന്നവർക്കുള്ള ഡയപ്പറുകളാണ് ജപ്പാനിൽ വിറ്റഴിക്കപ്പെടുന്നത് എന്നത് ഈ മാറ്റത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

പ്രായമായവർക്കായി പവേർഡ് എക്സോസ്കെലിറ്റൺ സാങ്കേതിക വിദ്യകളും ഓട്ടോമാറ്റിക്ക് കണ്ണടകളും വിപണി കീഴടക്കുമ്പോൾ, രാജ്യത്ത് വിദ്യാലയങ്ങളും ഡേകെയറുകളും കുട്ടികളില്ലാതെ പൂട്ടിപ്പോകുന്ന കാഴ്ചയാണുള്ളത്. കുടുംബ സംവിധാനങ്ങളിലെ ഈ ഒറ്റപ്പെടൽ പ്രായമായവരിൽ മാനസികാരോഗ്യ പ്രശ്നങ്ങളും വയോജന പരിപാലനത്തിനുള്ള ആളുകളുടെ ക്ഷാമവും രൂക്ഷമാക്കുന്നു.

ഓരോ സ്ത്രീയും കുറഞ്ഞത് രണ്ട് കുട്ടികൾക്കെങ്കിലും ജന്മം നൽകിയാൽ മാത്രമേ ജനസംഖ്യാ സന്തുലിതാവസ്ഥ നിലനിൽക്കൂ എന്നിരിക്കെ ജപ്പാനിലെ പ്രത്യുത്പാദന നിരക്ക് 1.14 എന്ന സർവ്വകാല താഴ്ചയിലാണ്. അമിതമായ ജീവിതച്ചെലവ്, ഉയർന്ന ജോലിഭാരം, വൈകിയുള്ള വിവാഹം, കുഞ്ഞുങ്ങളെ വളർത്തുന്നതിലെ ഭീമമായ സാമ്പത്തിക ബാധ്യത എന്നിവയാണ് യുവാക്കളെ കുടുംബജീവിതത്തിൽ നിന്ന് അകറ്റുന്നത്. 2008ൽ 128 ദശലക്ഷമായിരുന്ന ജപ്പാനിലെ ജനസംഖ്യ 2070ഓടെ 87 ദശലക്ഷമായി ചുരുങ്ങുമെന്നും, ജനസംഖ്യയുടെ 40 ശതമാനത്തോളം പേർ 65 വയസ്സ് പിന്നിട്ടവരായി മാറുമെന്നുമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ ആൻഡ് സോഷ്യൽ സെക്യൂരിറ്റി റിസർച്ച് മുന്നറിയിപ്പ് നൽകുന്നത്.

പ്രധാനമന്ത്രി സനെ തകൈച്ചി തന്നെ ഈ പ്രതിസന്ധിയെ നിശബ്ദമായ അടിയന്തരാവസ്ഥ എന്നാണ് വിശേഷിപ്പിച്ചത്. ഈ ശക്തമായ സാമൂഹികസാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ബഹുമുഖമായ നയപരിഷ്കാരങ്ങളാണ് അടിയന്തരമായി നടപ്പിലാക്കേണ്ടത്. ഒന്നാമതായി ജോലി ചെയ്യുന്ന മാതാപിതാക്കൾക്ക് പൂർണ്ണ പിന്തുണ നൽകുന്ന കുടുംബ സൗഹൃദ നയങ്ങൾ വികസിപ്പിക്കണം. കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിചരണത്തിനുമായി വൻതോതിലുള്ള സാമ്പത്തിക സബ്സിഡികൾ നൽകുകയും, തൊഴിലിടങ്ങളിൽ അയവുള്ള ജോലി സമയവും വർക്ക് ഫ്രം ഹോം രീതികളും പ്രോത്സാഹിപ്പിക്കുകയും വേണം.

മാതാപിതാക്കൾക്ക് തുല്യ പങ്കാളിത്തത്തോടെ കുട്ടികളെ വളർത്താൻ തക്കവണ്ണം പ്രസവപിതൃത്വ അവധികൾ നിർബന്ധമാക്കുന്നത് യുവാക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. രണ്ടാമതായി തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി നിയന്ത്രിതമായ കുടിയേറ്റ നയങ്ങൾ കൂടുതൽ ലളിതമാക്കേണ്ടതുണ്ട്. വിദേശത്തുനിന്നുള്ള വിദഗ്ദ്ധ തൊഴിലാളികളെയും വയോജന പരിപാലന മേഖലയിലേക്കുള്ള ജീവനക്കാരെയും ആകർഷിക്കുന്നത് ഉൽപ്പാദനക്ഷമത നിലനിർത്താൻ സഹായിക്കും. അതോടൊപ്പം, കൃത്രിമബുദ്ധി (എഐ), റോബോട്ടിക്സ്, ഓട്ടോമേഷൻ എന്നിവ ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും വ്യാപകമായി ഉപയോഗിച്ച് മനുഷ്യവിഭവശേഷിയുടെ കുറവ് നികത്താം.

പ്രായമായവരുടെ അനുഭവ സമ്പത്ത് ഉപയോഗപ്പെടുത്താൻ അവർക്ക് അനുയോജ്യമായ രീതിയിൽ വിരമിക്കൽ പ്രായം ഉയർത്തുന്നതും പരിഗണിക്കാവുന്നതാണ്. ചുരുക്കത്തിൽ, ആരോഗ്യ മേഖലയിലെ മികച്ച മുന്നേറ്റം കൊണ്ട് നേടിയെടുത്ത ദീർഘായുസ്സ് രാജ്യത്തിന് ശാപമാകാതിരിക്കാൻ യുവാക്കളെയും പുതിയ തലമുറയെയും പിന്തുണയ്ക്കുന്ന ശക്തമായ സാമൂഹിക മാറ്റമാണ് ജപ്പാനിൽ ഉണ്ടാകേണ്ടത്.

കേവലം സബ്സിഡികൾ നൽകുന്നതിലുപരി യുവതലമുറയ്ക്ക് സാമ്പത്തിക ഭദ്രതയും മികച്ച ഭാവി പ്രതീക്ഷയും നൽകുന്ന സമഗ്രമായ മാറ്റങ്ങളിലൂടെ മാത്രമേ ഈ 'നിശബ്ദ അടിയന്തരാവസ്ഥയെ' അതിജീവിച്ച് മുന്നേറാൻ ജപ്പാന് സാധിക്കൂ.

# ബാലൺ ഡി ഓർ വോട്ടിങ്ങിനിടെ അസ്വാരസ്യം; ഡെംബെലെയും എംബാപ്പയും രണ്ട് തട്ടിൽ



ബാലൺ ഡി ഓർ പോരാട്ടത്തിന്റെ അവസാന ഘട്ടത്തിലെത്തിനിൽക്കെ ഫ്രഞ്ച് ദേശീയ ടീമിലെ അസ്വാരസ്യങ്ങൾ മറനീക്കി പുറത്തുവരുന്നു. നിലവിലെ ബാലൺ ഡി ഓർ ജേതാവും സഹതാരവുമായ ഉസ്മാൻ ഡെംബെലെക്കെതിരെ റയൽ മഡ്രിഡ് താരം കിലിയൻ എംബാപ്പെ നടത്തിയ പരാമർശങ്ങളാണ് ഫ്രഞ്ച് ടീമിൽ വലിയ ഭിന്നതയ്ക്ക് വഴിവെച്ചിരിക്കുന്നത്.താൻ ചെറുപ്പത്തിലേ തന്നെ ലോക ഫുട്ബോളിന്റെ ഉന്നതിയിലെത്തിയവൻ ആണെന്നും, പരിക്കുകൾ കാരണം ഡെംബെലെയ്ക്ക് മറ്റൊരു വഴിയാണ് തിരഞ്ഞെടുക്കേണ്ടി വന്നതെന്നുമുള്ള എംബാപ്പെയുടെ വാദമാണ് ഡെംബെലെയെ ചൊടിപ്പിച്ചത്. എംബാപ്പെയുടെ ഈ വാക്കുകൾ തനിക്ക് വലിയ വഞ്ചനയായി തോന്നിയെന്ന് ഡെംബെലെ വ്യക്തമാക്കിയതായി ഫ്രഞ്ച് മാധ്യമമായ 'ലെ ക്വിപ്പ്' റിപ്പോർട്ട് ചെയ്തു. 'താൻ ഒരിക്കലും തിരഞ്ഞെടുക്കപ്പെട്ടവൻ ആയിരുന്നില്ലെന്നും, കഠിനാധ്വാനം ചെയ്താണ് പാരിസ് സെയ്ന്റ് ജെർമെയ്നൊപ്പം മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയതെന്നും' ഡെംബെലെ പ്രതികരിച്ചു.എംബാപ്പെയുടെ പരാമർശങ്ങൾ ഡെംബെലെയെ മാത്രമല്ല, മറ്റ് ഫ്രഞ്ച് താരങ്ങളെയും ചൊടിപ്പിച്ചിട്ടുണ്ടെന്നും, കളിമുറിയിൽ എംബാപ്പെയുടെ നിലപാടുകൾക്കെതിരെ കളിക്കാർക്കിടയിൽ അമർഷം പുകയുകയാണെന്നും മുൻ പിഎസ്ജി താരം ജെറോം റോത്തൻ വെളിപ്പെടുത്തി.2018-ൽ ഫ്രാൻസിനെ ലോക ചാമ്പ്യന്മാരാക്കിയ ടീം ഐക്യം ഇപ്പോൾ പൂർണ്ണമായും തകർന്നിരിക്കുകയാണ്. ഫ്രഞ്ച് ടീമിൽ നിലവിൽ 'ടീം എംബാപ്പെ', 'ടീം ഡെംബെലെ' എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ രൂപപ്പെട്ടിരിക്കുകയാണെന്നാണ് വിവരങ്ങൾ.ക്യാപ്റ്റൻ എന്ന നിലയിൽ എംബാപ്പെ സഹതാരങ്ങളെ ചെറുതായി കാണുന്നു എന്ന പരാതി കളിക്കാർക്കിടയിൽ ശക്തമായതോടെ ഇത് ഫ്രഞ്ച് ടീമിന്റെ പ്രകടനത്തെ ബാധിക്കുമോ എന്ന ആശങ്കയിലാണ് ഫുട്ബോൾ പ്രേമികൾ.

# ചീഫ് സെലക്ടർ സ്ഥാനത്തുനിന്ന് അജിത് അഗാർക്കർ പടിയിറങ്ങുന്നു!

വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന, ടി20 പരമ്പരകൾക്കുള്ള ഇന്ത്യൻ ടീമിനെ തിരഞ്ഞെടുക്കുന്ന യോഗത്തോടെ അജിത് അഗാർക്കർ ബിസിസിഐ ചീഫ് സെലക്ടർ സ്ഥാനം ഒഴിഞ്ഞേക്കും. കരാർ കാലാവധി നീട്ടിനൽകുന്ന കാര്യത്തിൽ ബിസിസിഐ നേതൃത്വത്തിൽ നിന്ന് അനുകൂല പ്രതികരണങ്ങളൊന്നും ഉണ്ടാകാത്ത സാഹചര്യത്തിലാണ് ഈ തീരുമാനം.ബിസിസിഐ സെക്രട്ടറി ദേവജിത് സൈക്കിയക്ക് നന്ദി അറിയിച്ചുകൊണ്ടുള്ള ഇമെയിൽ അയക്കാൻ അഗാർക്കർ ഒരുങ്ങുന്നതായി വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു. 2023 ജൂലൈയിൽ ചുമതലയേറ്റ അഗാർക്കറുടെ കരാർ ഒക്ടോബർ 4 വരെ ബിസിസിഐ നീട്ടിനൽകിയിരുന്നുവെങ്കിലും അടുത്ത വർഷത്തെ ഏകദിന ലോകകപ്പ് വരെ കാലാവധി നീട്ടിനൽകണമെന്ന അദ്ദേഹത്തിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല.രോഹിത് ശർമ്മയുടെ ഏകദിന കരിയർ അവസാനിപ്പിക്കാൻ ശ്രമിച്ചുവെന്ന ആരോപണങ്ങളും ബിസിസിഐയുമായുള്ള അഭിപ്രായവ്യത്യാസങ്ങളുമാണ് അഗാർക്കറുടെ സ്ഥാനച്ചലനത്തിന് വഴിതെളിച്ചതെന്നാണ് സൂചനകൾ.2027 ലോകകപ്പിൽ രോഹിത് ശർമ്മ സെലക്ടർമാരുടെ പദ്ധതികളുടെ ഭാഗമല്ലെന്ന് അഗാർക്കറും സംഘവും നിലപാടെടുത്തപ്പോൾ ബിസിസിഐ സെക്രട്ടറി രോഹിതിനെ പരസ്യമായി പിന്തുണച്ചിരുന്നു. നിലവിൽ ബിസിസിഐ സെന്റർ ഓഫ് എക്സലൻസ് തലവനായ മുൻ ഇന്ത്യൻ താരം വി.വി.എസ്. ലക്ഷ്മൺ പുതിയ ചീഫ് സെലക്ടറായി ചുമതലയേറ്റേക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അഗാർക്കറുടെ നേതൃത്വത്തിന് കീഴിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം മികച്ച നേട്ടങ്ങളാണ് കൈവരിച്ചത്. 2024, 2026 ടി20 ലോകകപ്പ് കിരീടങ്ങളും, 2025-ലെ ഐസിസി ചാമ്പ്യൻസ് ട്രോഫിയും ഏഷ്യാകപ്പും ഇന്ത്യ സ്വന്തമാക്കിയത് അഗാർക്കർ ചീഫ് സെലക്ടറായിരിക്കെയാണ്.






# ഹാമിഷ് റോഡ്രിഗസ് അന്താരാഷ്ട്ര ഫുട്ബോളിൽനിന്ന് വിരമിച്ചു

കൊളംബിയൻ ഫുട്ബോളിലെ ഇതിഹാസതാരം ഹാമിഷ് റോഡ്രിഗസ് അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. 15 വർഷം നീണ്ട പ്രൊഫഷണൽ കരിയറിനൊടുവിലാണ് 35-കാരനായ റോഡ്രിഗസ് കൊളംബിയൻ ദേശീയ ടീമിന്റെ കുപ്പായം അഴിച്ചുവെക്കുന്നത്.2026 ഫിഫ ലോകകപ്പിൽ സ്വിറ്റ്സർലൻഡിനെതിരായ പ്രീ-ക്വാർട്ടർ പോരാട്ടത്തിലാണ് താരം അവസാനമായി രാജ്യത്തിനായി കളത്തിലിറങ്ങിയത്. സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ച വൈകാരികമായ വീഡിയോ സന്ദേശത്തിലാണ് ഈ വിടവാങ്ങൽ തീരുമാനം അദ്ദേഹം ആരാധകരെ അറിയിച്ചത്.2011 ഒക്ടോബറിൽ ബൊളീവിയയ്ക്കെതിരെ അന്താരാഷ്ട്ര അരങ്ങേറ്റം കുറിച്ച റോഡ്രിഗസ്, ഡേവിഡ് ഓസ്പിനയെ മറികടന്ന് കൊളംബിയയ്ക്കായി ഏറ്റവും കൂടുതൽ മത്സരങ്ങൾ (131) കളിച്ച താരമെന്ന റെക്കോർഡും സ്വന്തമാക്കി.രാജ്യത്തിനായി 131 മത്സരങ്ങളിൽ നിന്ന് 31 ഗോളുകളും 43 അസിസ്റ്റുകളുമാണ് താരം നേടിയത്. 2014-ലെ ബ്രസീൽ ലോകകപ്പിൽ 6 ഗോളുകൾ നേടി ഗോൾഡൻ ബൂട്ട് സ്വന്തമാക്കിയതോടെയാണ് റോഡ്രിഗസ് ലോകശ്രദ്ധ നേടിയത്.

## അർജന്റീന ജേഴ്സിയിലെ മെസ്സിയുടെ അവസാന മത്സരം ഒക്ടോബർ 6ന്




ഫുട്ബോൾ ഇതിഹാസം ലിയോണൽ മെസ്സിയുടെ അന്താരാഷ്ട്ര കരിയറിലെ അവസാന മത്സരമെന്നോണം ന്നോണം ബെനിനെതിരെയുള്ള അർജന്റീന ടീമിൽ താരത്തെ ഉൾപ്പെടുത്തി. ബ്യൂണസ് ഐറീസിൽ ഒക്ടോബർ 6-നാണ് ഈ ചരിത്ര മത്സരം നടക്കുന്നത്. രണ്ടു പതിറ്റാണ്ട് നീണ്ട അർജന്റീനൻ കരിയറിന് വിരാമമിടുകയാണെന്ന് 39-കാരനായ മെസ്സി ഓഗസ്റ്റിൽ പ്രഖ്യാപിച്ചിരുന്നു. അർജന്റീനയ്ക്ക് 2022-ലെ ഫിഫ ലോകകപ്പും 2021, 2024 വർഷങ്ങളിലെ കോപ്പ അമേരിക്ക കിരീടങ്ങളും നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ക്യാപ്റ്റന് അർഹിക്കുന്ന യാത്രയയപ്പ് നൽകാനാണ് അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ തീരുമാനം.ബ്യൂണസ് ഐറീസിലെ റിവർ പ്ലേറ്റിന്റെ 'എസ്റ്റാഡിയോ മോണ്യുമെന്റൽ' സ്റ്റേഡിയത്തിൽ വെച്ചാണ് ഈ വിടവാങ്ങൽ മത്സരം സംഘടിപ്പിക്കുന്നത്. അവിസ്മരണീയമായ ഈ നിമിഷത്തിൽ പങ്കാളികളാകാൻ 2022-ലെ ലോകകപ്പ് വിജയിച്ച അർജന്റീന ടീമിലെ മുഴുവൻ അംഗങ്ങളെയും അർജന്റീന എഫ്എ പ്രസിഡന്റ് ക്ലോഡിയോ ടാപിയ ക്ഷണിച്ചിട്ടുണ്ട്.

## 'കളിക്കാർ റോബോട്ടുകളല്ല, വിമർശനങ്ങൾ വരുമ്പോൾ വൈഫൈ ഓഫ് ചെയ്യും'



ബാറ്റിങ്ങിലെ അസ്ഥിരതയിൽ തനിക്ക് നേരേ വരുന്ന വിമർശനങ്ങളോടും വിശകലനങ്ങളോടു പൊരുത്തപ്പെടാൻ വർഷങ്ങളായി താൻ പഠിച്ചു കൊണ്ടിരിക്കുകയാണെന്നു ഇന്ത്യയുടെ മലയാളി താരം സഞ്ജു സാംസൺ. വിമർശനങ്ങൾ വരുമ്പോൾ വൈഫൈ ഓഫ് ചെയ്യുകയാണ് തന്റെ രീതി എന്ന് തമാശരൂപേണ സഞ്ജു പറഞ്ഞു. എന്നാൽ ചില സമയങ്ങളിൽ മുൻ മുതിർന്ന താരങ്ങളുടെ അഭിപ്രായങ്ങളും സോഷ്യൽ മീഡിയ കമന്റുകളും ശ്രദ്ധയിൽപ്പെടാറുണ്ടെന്നും, തങ്ങൾ റോബോട്ടുകളോ യന്ത്രങ്ങളോ അല്ലാത്തതിനാൽ അത്തരം കാര്യങ്ങൾ തുടക്കത്തിൽ സങ്കടമുണ്ടാക്കാറുണ്ടെന്നും സഞ്ജു തുറന്നുസമ്മതിച്ചു. കഴിഞ്ഞ അഞ്ച് ട്വന്റി-20 മത്സരങ്ങളിൽ കുറഞ്ഞ സ്കോറുകൾക്ക് പുറത്തായ സഞ്ജുവിനെതിരെ വലിയ രീതിയിലുള്ള വിമർശനങ്ങൾ ഉയർന്നിരുന്നു.

## സെഫെപൈം ആന്റിബയോട്ടിക് മരണസാധ്യത 94 ശതമാനം ഉയർത്തുന്നതായി ഞെട്ടിക്കുന്ന പഠന റിപ്പോർട്ട്!



ആശുപത്രികളിൽ അണുബാധകൾക്കും രോഗബാധകൾക്കും വ്യാപകമായി നൽകിപ്പോരുന്ന ആന്റിബയോട്ടിക് മരുന്നുകളിൽ ഒന്നായ സെഫെപൈം മരണസാധ്യത വർദ്ധിപ്പിക്കുന്നതായി പ്രമുഖ അന്താരാഷ്ട്ര ശാസ്ത്ര പഠനം. മറ്റ് ബീറ്റാലാക്ടം വിഭാഗത്തിൽപ്പെട്ട ആന്റിബയോട്ടിക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സെഫെപൈം ഉപയോഗിക്കുന്ന രോഗികളിൽ മരണനിരക്ക് വളരെ ഉയർന്ന തോതിലാണെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.

പ്രസിദ്ധ മെഡിക്കൽ ജേണലായ ജാമ നെറ്റ്‌വർക്ക് ഓപ്പണിൽ പ്രസിദ്ധീകരിച്ച ആഗോള പഠനത്തിലാണ് ഈ വിവരങ്ങളുള്ളത്. ലോകമെമ്പാടുമായി നടപ്പിലാക്കിയ 110 ക്ലിനിക്കൽ ട്രയലുകളിൽ പങ്കെടുത്ത ഇരുപത്തിരണ്ടായിരത്തിലധികം രോഗികളുടെ ആരോഗ്യ വിവരങ്ങളാണ് ശാസ്ത്രജ്ഞർ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയത്.

ആശുപത്രി അന്തരീക്ഷത്തിൽ കുത്തിവെയ്പ്പിലൂടെ നൽകുന്ന ശക്തമായ ബ്രോഡ് സ്പെക്ട്രം ആന്റിബയോട്ടിക്കാണ് സെഫെപൈം. ന്യൂമോണിയ, മൂത്രശയ അണുബാധ, ചർമ്മത്തിലുണ്ടാകുന്ന ഗുരുതര ബാക്ടീരിയൽ രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി ഈ മരുന്ന് സാധാരണയായി ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട്.

എന്നാൽ ശാസ്ത്രീയ വിശകലനത്തിൽ സെഫെപൈം നൽകിയ രോഗികളിൽ മറ്റ് മരുന്നുകൾ നൽകിയവരെ അപേക്ഷിച്ച് മരണസാധ്യത 94.4 ശതമാനം വരെ കൂടുതലാണെന്ന വെളിപ്പെടുത്തൽ പുറത്തുവന്നു. മുൻനിര ജേണലുകളിൽ വന്ന പഠനങ്ങൾ മാത്രം പരിശോധിച്ചപ്പോൾ ഈ സാധ്യത 98.6 ശതമാനമായും ഉയർന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു.

പ്രത്യേകിച്ച് മുതിർന്ന രോഗികളിലും രക്തത്തിൽ ശ്വേതാണുക്കളുടെ അളവ് പെട്ടെന്ന് കുറയുന്ന ഫെബ്രൈൽ ന്യൂട്രോപീനിയ എന്ന അവസ്ഥയിലുള്ളവരിലുമാണ് മരണസാധ്യത വർദ്ധിച്ചതായി കണ്ടത്. കുട്ടികളേക്കാൾ മുതിർന്നവരിൽ ഈ പാർശ്വഫലം വളരെ പ്രകടമായി പ്രതിഫലിക്കുന്നുണ്ട്.

ന്യൂറോടോക്സിസിറ്റി അഥവാ നാഡീവ്യൂഹത്തെ ബാധിക്കുന്ന വിഷാംശം ഇതിന് കാരണമായേക്കാം എന്ന് ഗവേഷകർ കരുതുന്നു. രോഗിക്ക് നൽകുന്ന മരുന്നിന്റെ അളവിൽ വരുന്ന വ്യതിയാനങ്ങൾ നാഡീവ്യൂഹത്തിന് തരാറുകൾ ഉണ്ടാക്കാൻ ഇടയാക്കുന്നു.

അതേസമയം മരുന്നിന്റെ ഡോസ് കൃത്യമല്ലാതിരിക്കുന്നതും അണുബാധ നിയന്ത്രിക്കാൻ ആവശ്യത്തിന് മരുന്ന് ശരീരത്തിൽ എത്താത്തതും അപകടസാധ്യത വർദ്ധിപ്പിക്കും. അതിനാൽ രോഗിയുടെ ഭാരവും വൃക്കകളുടെ ആരോഗ്യവും കണക്കിലെടുത്ത് വേണം മരുന്നിന്റെ ഡോസ് നിശ്ചയിക്കാൻ. മരുന്ന് പെട്ടെന്ന് പൂർണ്ണമായി നിർത്തിവെക്കാൻ ഗവേഷകർ നിർദ്ദേശിക്കുന്നില്ല. എന്നാൽ ഓരോ രോഗിക്കും അനുയോജ്യമായ ഡോസേജ് കണ്ടെത്തി മാത്രം ഈ മരുന്ന് നൽകാൻ ഡോക്ടർമാർ ജാഗ്രത പാലിക്കണമെന്ന് വിദഗ്ധർ ആവശ്യപ്പെടുന്നു.

കുറഞ്ഞ അളവിൽ നൽകിയാൽ അണുബാധ മാറില്ലെന്നും കൂടിയ അളവിൽ നൽകിയാൽ അത് ഗുരുതര പാർശ്വഫലങ്ങളിലേക്ക് നയിക്കുമെന്നതുമാണ് സെഫെപൈമിന്റെ പ്രധാന വെല്ലുവിളി. ഭാവിയിൽ ഇത്തരം മരുന്നുകളുടെ അളവ് കൃത്യമായി നിർണ്ണയിക്കാൻ കൃത്രിമബുദ്ധി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താമെന്ന് ആരോഗ്യ വിദഗ്ധർ അഭിപ്രായപ്പെടുന്നു.

## രാത്രിയിൽ ഫ്രൂട്ട്സ് കഴിക്കാമോ? ഭക്ഷണത്തിന് ശേഷം ചായ കുടിക്കുന്നത് അപകടമോ?



നമ്മുടെ ദൈനംദിന ജീവിതത്തിൽ പിന്തുടരുന്ന പല ആരോഗ്യ ശീലങ്ങളും എത്രത്തോളം ശരിയാണെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? രാത്രിയിൽ പഴവർഗ്ഗങ്ങൾ കഴിക്കുന്നത് ദോഷകരമാണ്, ചൂടുള്ള ഭക്ഷണം പ്ലാസ്റ്റിക് പാത്രങ്ങളിൽ വെക്കരുത്, ഭക്ഷണത്തിന് തൊട്ടുപിന്നാലെ ചായ കുടിക്കരുത് തുടങ്ങിയ നിരവധി ധാരണകൾ നമുക്കിടയിലുണ്ട്. ഇത്തരം ചില ആരോഗ്യ നിയമങ്ങളുടെ ശാസ്ത്രീയ വശങ്ങളും അവയിലെ യഥാർത്ഥ വസ്തുതകളും വ്യക്തമാക്കുകയാണ് പ്രമുഖ ആരോഗ്യ വിദഗ്ധർ.

പല കുടുംബങ്ങളിലും രാത്രി സമയങ്ങളിൽ ഫ്രൂട്ട്സ് കഴിക്കുന്നത് ഒഴിവാക്കാറുണ്ട്. രാത്രിയിൽ പഴങ്ങൾ കഴിച്ചാൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂടുമെന്നും ശരീരഭാരം വർദ്ധിക്കുമെന്നുമുള്ള ധാരണയാണ് ഇതിന് പിന്നിൽ. എന്നാൽ ആരോഗ്യവാനായ ഒരു വ്യക്തിയെ സംബന്ധിച്ച് രാത്രി ഫ്രൂട്ട്സ് കഴിക്കുന്നത് ദോഷകരമല്ലെന്ന് ഡോക്ടർമാർ വ്യക്തമാക്കുന്നു. പഴങ്ങളിലെ നാരുകൾ പഞ്ചസാരയുടെ ആഗിരണം സാവധാനത്തിലാക്കാൻ സഹായിക്കും. എന്നാൽ പ്രമേഹമുള്ളവർ ഭക്ഷണത്തിലെ കാർബോഹൈഡ്രേറ്റിന്റെ അളവ് നിയന്ത്രിക്കേണ്ടതുണ്ട്.

ചൂടുള്ള ഭക്ഷണം പ്ലാസ്റ്റിക് പാത്രങ്ങളിൽ സൂക്ഷിക്കുന്നതും അതിൽ വെച്ച് ചൂടാക്കുന്നതും ആരോഗ്യത്തിന് ഹാനികരമാണെന്ന മുന്നറിയിപ്പും വിദഗ്ധർ നൽകുന്നു. മോശം നിലവാരമുള്ള പ്ലാസ്റ്റിക് പാത്രങ്ങളിൽ ചൂടുള്ള ഭക്ഷണപദാർത്ഥങ്ങൾ വയ്ക്കമ്പോൾ രാസവസ്തുക്കൾ ഭക്ഷണത്തിലേക്ക് കലരാനുള്ള സാധ്യത വളരെയധികമാണ്. മൈക്രോവേവ് സേഫ് അല്ലെങ്കിൽ ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക്കുകൾ മാത്രം ഇതിനായി ഉപയോഗിക്കുക. ചില്ല് പാത്രങ്ങളോ സ്റ്റീൽ പാത്രങ്ങളോ ഉപയോഗിക്കുന്നതാണ് ആരോഗ്യത്തിന് ഏറ്റവും അനുയോജ്യം.

ഭക്ഷണത്തിന് തൊട്ടുപിന്നാലെ ചായയോ കാപ്പിയോ കുടിക്കുന്ന ശീലം പലർക്കുമുണ്ട്. എന്നാൽ ഇത് ശരീരത്തിലെ ഇരുമ്പിന്റെ ആഗിരണത്തെ പ്രതികൂലമായി ബാധിച്ചേക്കാം. പ്രത്യേകിച്ച് അനീമിയ അഥവാ രക്തക്കുറവുള്ളവരും ഗർഭിണികളും ഇത്തരം ശീലങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്. ഭക്ഷണത്തിന് ശേഷം കുറഞ്ഞത് ഒരു മണിക്കൂർ കഴിഞ്ഞെങ്കിലും മാത്രം ചായയോ കാപ്പിയോ കുടിക്കാൻ ശ്രദ്ധിക്കുക.

ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ എന്നാൽ കർശനമായ വിലക്കുകളല്ല, മറിച്ച് ശരിയായ വിവരങ്ങൾ മനസ്സിലാക്കി ജീവിതശൈലി ക്രമീകരിക്കുകയാണ് വേണ്ടതെന്ന് വിദഗ്ധർ ഓർമ്മിപ്പിക്കുന്നു. കൃത്യമായ അളവിലും സമയത്തും കഴിക്കുന്ന ഏത് ഭക്ഷണവും ശരീരത്തിന് ഗുണം ചെയ്യും. അതുകൊണ്ടുതന്നെ അനാവശ്യ ഭയമില്ലാതെ ശരിയായ ശീലങ്ങൾ പിന്തുടരുക.

### ഹൃദയാഘാതവും അമിതവണ്ണവും തടയാം:

## ദിവസവും ഈ ഒരു ഭക്ഷണം കഴിച്ചാൽ ഹൃദയാരോഗ്യം ഇരട്ടിയാകുമെന്ന് പുതിയ പഠനം!



ഹൃദ്രോഗങ്ങളും അമിതവണ്ണവും മൂലം ബുദ്ധിമുട്ടുന്നവർക്ക് വലിയ ആശ്വാസം നൽകുന്ന പുതിയ ശാസ്ത്രീയ പഠന റിപ്പോർട്ട് പുറത്തുവന്നു. ദിവസവും നാല് മുതൽ ആറ് സെർവിംഗ് വരെ ധാന്യങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷണരീതി പിന്തുടരുന്നത് ഹൃദയാരോഗ്യം മെച്ചപ്പെടുത്തുമെന്നും ശരീരഭാരം നിയന്ത്രിക്കാൻ സഹായിക്കുമെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. യൂറോപ്യൻ ഹാർട്ട് ജേണലിൽ പ്രസിദ്ധീകരിച്ച പുതിയ ആഗോള വിശകലനത്തിലാണ് ഈ നിർണായക വിവരങ്ങളുള്ളത്. ലോകമെമ്പാടുമായി നടന്ന എൺപതിലേറെ ക്ലിനിക്കൽ ട്രയലുകളിൽ നിന്നുള്ള രോഗികളുടെ വിവരങ്ങളാണ് ശാസ്ത്രജ്ഞർ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയത്.

നവീകരിച്ച തവിട് കളയാത്ത ധാന്യങ്ങൾ അഥവാ ഹോൾ ഗ്രെയ്ൻസ് ആഹാരത്തിൽ ഉൾപ്പെടുത്തുന്നത് വഴി രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കാര്യമായി കുറയ്ക്കാൻ സാധിക്കും. പ്രത്യേകിച്ച് ശരീരത്തിന് ദോഷകരമായ എൽഡിഎൽ കൊളസ്ട്രോൾ നിയന്ത്രിക്കാൻ ഇത് ഏറെ സഹായകരമാണ്. ധാന്യങ്ങളിൽ ധാരാളമായി അടങ്ങിയിരിക്കുന്ന നാരിന്റെ സാന്നിധ്യം രക്തസമ്മർദ്ദം സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു. ഇതുവഴി ഹൃദയാഘാത സാധ്യതയും സ്ട്രോക്ക് ഭീഷണിയും വലിയ അളവിൽ കുറയ്ക്കാൻ കഴിയുമെന്നാണ് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നത്.

ദിവസേന 60 മുതൽ 100 ഗ്രാം വരെ തവിടുള്ള ധാന്യങ്ങൾ കഴിക്കുന്നവരിലാണ് ഏറ്റവും മികച്ച ആരോഗ്യ പരോഗതി കണ്ടെത്തിയിട്ടുള്ളത്. ഇത് ഏകദേശം നാല് മുതൽ ആറ് സെർവിംഗ് ധാന്യങ്ങൾക്ക് സമമാണ്. ഉദാഹരണത്തിന് തവിടുള്ള അരിയുടെ ചോറ്, ഓട്സ്, ഗോതമ്പ് റൊട്ടി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭക്ഷണത്തിൽ ഈ ധാന്യങ്ങൾ ഉൾപ്പെടുത്തുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് ഉയരുന്നത് തടയുന്നു. ദഹനം സാവധാനത്തിലാക്കുന്നതിലൂടെ വയർ നിറഞ്ഞ സംതൃപ്തി അനുഭവപ്പെടുകയും അനാവശ്യമായി ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുകയും ചെയ്യും.

ശരീരത്തിലെ വീക്കവും കൊഴുപ്പും കുറയ്ക്കാൻ ഈ ഭക്ഷണരീതി വളരെ പ്രയോജനകരമാണ്. അരക്കെട്ടിന്റെ അളവ് കുറയ്ക്കാനും ശരീരഭാരം ആരോഗ്യകരമായി നിലനിർത്താനും ഇത് സഹായിക്കുന്നു. ചോറ്, ഗോതമ്പ്, ഓട്സ്, ബാർലി തുടങ്ങിയ ശുദ്ധീകരിക്കാത്ത ധാന്യങ്ങൾ ദൈനംദിന ഭക്ഷണത്തിന്റെ ഭാഗമാക്കുന്നത് ദീർഘകാല ഹൃദയാരോഗ്യത്തിന് അടിത്തറയിടുമെന്ന് പഠനത്തിന് നേതൃത്വം നൽകിയ ശാസ്ത്രജ്ഞർ വ്യക്തമാക്കുന്നു.

എന്നാൽ പ്രോസസ്സ് ചെയ്ത വെളുത്ത അരിയും മൈദയും അടങ്ങിയ ഭക്ഷണങ്ങൾ പരമാവധി ഒഴിവാക്കേണ്ടതുണ്ട്. ധാന്യങ്ങളുടെ തൊലിയും നാരുകളും നീക്കം ചെയ്യുമ്പോൾ അവയിലെ പോഷകഗുണങ്ങൾ ഭൂരിഭാഗവും നഷ്ടപ്പെടുന്നു. ആരോഗ്യകരമായ ഭക്ഷണക്രമത്തിനൊപ്പം പതിവ് വ്യായാമവും പുകവലി ഒഴിവാക്കുന്നതും ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിന് അത്യാവശ്യമാണ്. പെട്ടെന്നുള്ള രോഗഭീതി ഒഴിവാക്കാൻ ഇത്തരം ലളിതമായ ഭക്ഷണ മാറ്റങ്ങൾ വരുത്തുന്നത് ഗുണം ചെയ്യും.

## അതിമാരക ബാക്ടീരിയ സാന്നിധ്യം: ന്യൂയോർക്കിൽ ഒരാൾ മരിച്ചു, വൻ ആരോഗ്യ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് അധികൃതർ!



ന്യൂയോർക്ക് നഗരത്തിൽ വൻ ഭീതി വിതച്ച് അതിമാരകമായ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തി. നഗരത്തിലെ പ്രമുഖ കെട്ടിട സമുച്ചയങ്ങളിലെ കൂളിംഗ് ടവറുകളിൽ ലെജിയോനെല്ല എന്ന മാരക ബാക്ടീരിയ സാന്നിധ്യം സ്ഥിരീകരിച്ചതിനെ തുടർന്ന് ആരോഗ്യ വകുപ്പ് അടിയന്തിര ജാഗ്രതാ നിർദ്ദേശം നൽകിയിരിക്കുകയാണ്. ബാക്ടീരിയ ബാധയെ തുടർന്ന് ഒൻപത് പേർക്ക് രോഗം സ്ഥിരീകരിക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾ ഗുരുതരമായതോടെ നഗരത്തിലെ പത്തോളം കൂളിംഗ് ടവറുകൾ അടിയന്തിരമായി ശുദ്ധീകരിക്കാൻ ആരോഗ്യ വിഭാഗം കർശന ഉത്തരവിട്ടു.

പ്രശസ്തമായ യാങ്കി സ്റ്റേഡിയം, ലിങ്കൺ ഹോസ്പിറ്റൽ തുടങ്ങിയ പ്രമുഖ കേന്ദ്രങ്ങളിലെ കൂളിംഗ് ടവറുകളിലും ഈ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട് എന്നത് ജനങ്ങളിൽ വലിയ ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിനായി വിപുലമായ പ്രതിരോധ നടപടികളാണ് നഗരത്തിൽ ആരംഭിച്ചിരിക്കുന്നത്. കൂളിംഗ് ടവറുകളിൽ നിന്നുള്ള ജലബാഷ്പം ശ്വസിക്കുന്നതിലൂടെയാണ് ലെജിയോനെല്ല ബാക്ടീരിയ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത്. ഇത് ലെജിയോണെയർസ് ഡിസീസ് എന്ന കടുത്ത ശ്വാസകോശ അണുബാധയ്ക്ക് കാരണമാകുന്നു. ന്യൂമോണിയക്ക് സമാനമായ അവസ്ഥയാണ് രോഗികളിൽ ഉണ്ടാകുന്നത്.

എന്നാൽ ഈ രോഗം ഒരാളിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് നേരിട്ട് പകരില്ലെന്ന് ആരോഗ്യ വിദഗ്ധർ വ്യക്തമാക്കുന്നുണ്ട്. കുടിവെള്ളത്തിലൂടെയോ അല്ലെങ്കിൽ രോഗിയുമായുള്ള സമ്പർക്കത്തിലൂടെയോ രോഗം പടരില്ലെന്നത് ആശ്വാസകരമായ കാര്യമാണ്. വേനൽക്കാലത്തിന്റെ അവസാനത്തിൽ നഗരത്തിൽ അനുഭവപ്പെട്ട ഉയർന്ന താപനിലയാണ് കൂളിംഗ് ടവറുകളിൽ ബാക്ടീരിയകൾ അതിവേഗം പെരുകാൻ കാരണമായത്. വ്യാവസായിക എയർ കണ്ടീഷനിംഗ് സംവിധാനങ്ങളിലെ ഈർപ്പമുള്ള അന്തരീക്ഷം ബാക്ടീരിയകൾക്ക് അനുകൂല സാഹചര്യമൊരുക്കുന്നു.

പ്രായമായവരെയും മറ്റ് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ അഥവാ പ്രമേഹം, ശ്വാസകോശ രോഗങ്ങൾ, പ്രതിരോധശേഷിക്കുറവ് എന്നിവയുള്ളവരെയുമാണ് ഈ രോഗബാധ ഏറ്റവും കൂടുതൽ അപകടത്തിലാക്കുന്നത്. അത്തരം ആളുകൾ പ്രത്യേക ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പുണ്ട്.

പെട്ടെന്നുണ്ടാകുന്ന കടുത്ത പനി, ശ്വാസതടസ്സം, നെഞ്ചുവേദന, ചുമയ്ക്കുമ്പോൾ രക്തം കലർന്ന കഫം വരിക തുടങ്ങിയവയാണ് രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഇത്തരം ലക്ഷണങ്ങൾ കാണുന്നവർ ഉടൻ തന്നെ വൈദ്യസഹായം തേടേണ്ടതാണ്.

ആദ്യഘട്ടത്തിൽ തന്നെ രോഗം കണ്ടെത്തിയാൽ ആന്റിബയോട്ടിക് ചികിത്സയിലൂടെ രോഗിയെ പൂർണ്ണമായി സൗഖ്യമാക്കാൻ സാധിക്കും. പ്രാഥമിക ലക്ഷണങ്ങൾ കണ്ടാൽ ഒട്ടും വൈകാതെ ഡോക്ടറെ കാണണമെന്ന് അധികൃതർ അഭ്യർത്ഥിക്കുന്നു. സൗത്ത് ബ്രോങ്ക്സ് മേഖലകളിൽ വസിക്കുന്നവരും ഈ പ്രദേശങ്ങൾ സന്ദർശിച്ചവരും ആരോഗ്യ കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തണം. സാംക്രമിക രോഗ പ്രതിരോധ സമിതി കെട്ടിട ഉടമകൾക്ക് കൂളിംഗ് സിസ്റ്റങ്ങൾ അണുവിമുക്തമാക്കാൻ പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

ന്യൂയോർക്ക് നഗരത്തിലെ ഉയർന്ന താപനിലയുള്ള സമയങ്ങളിൽ ഇത്തരത്തിലുള്ള ബാക്ടീരിയ ഭീഷണി പതിവായി ഉയരാറുണ്ട്. ഭാവിയിൽ ഇത്തരം അണുബാധകൾ തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധന ശക്തമാക്കാനാണ് തീരുമാനം. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ രോഗവ്യാപനം കൂടുതൽ സ്ഥലങ്ങളിലേക്ക് പടരാതിരിക്കാനുള്ള തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എന്നാൽ ജാഗ്രത അനിവാര്യമാണെന്നും അധികൃതർ കൂട്ടിച്ചേർത്തു.

# ഡിജിറ്റൽ ലോകത്തെ വിപ്ലവമാക്കാൻ മെറ്റാ വൺ! ഫീച്ചറുകളും സബ്സ്ക്രിപ്ഷൻ പ്ലാനുകളും അറിയാം

മെറ്റ ഉപയോക്താക്കൾക്കായി തങ്ങളുടെ ഏറ്റവും പുതിയ ഓൾഇൻവൺ സബ്സ്ക്രിപ്ഷൻ പ്ലാനായ 'മെറ്റാ വൺ' ആഗോളതലത്തിൽ പുറത്തിറക്കി. ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, മെറ്റാ എഐ എന്നിവയെല്ലാം ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതാണ് ഈ സേവനം. സാധാരണ ഉപയോക്താക്കൾക്കും കണ്ടന്റ് ക്രിയേറ്റർമാർക്കും ബിസിനസ് ഉടമകൾക്കും കൂടുതൽ പേഴ്സണലൈസേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഫീച്ചറുകൾ, സെക്യൂരിറ്റി എന്നിവ ലഭ്യമാക്കുകയാണ് ഇതിലൂടെ മെറ്റ ലക്ഷ്യമിടുന്നത്. ഇനി മെറ്റാ വൺ ഉപയോഗിച്ച് എങ്ങനെ കൂടുതൽ സവിശേഷതകൾ അനുഭവവേദ്യമാക്കാം എന്നും ഇതിന്റെ പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമായി പരിശോധിക്കാം.

**എന്താണ് മെറ്റാ വൺ?**

മെറ്റയുടെ നിലവിലുള്ള സൗജന്യ ആപ്പുകളിൽ (ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്) കൂടുതൽ ഫീച്ചറുകളും വിപുലമായ എഐ ശേഷികളും കൂട്ടിച്ചേർക്കുന്ന പുതിയ സബ്സ്ക്രിപ്ഷൻ മോഡലാണ് മെറ്റാ വൺ. നിങ്ങളുടെ നിലവിലുള്ള സൗജന്യ സേവനങ്ങൾ അതേപടി തുടരും; എന്നാൽ കൂടുതൽ ആഡ്ഓൺ ഫീച്ചറുകൾ ആവശ്യമുള്ളവർക്കായി അമ്പതിലധികം (50+) പുതിയ ടൂളുകളാണ് ഇതിലൂടെ ലഭിക്കുന്നത്.

**മെറ്റാ വണിന്റെ പ്രധാന നേട്ടങ്ങൾ**

1. **വിപുലമായ എഐ ആക്സസ്:** മെറ്റായുടെ ഏറ്റവും പുതിയ 'Muse' എഐ മോഡലുകൾ ഉപയോഗിച്ച് മികച്ച രീതിയിൽ ചിത്രങ്ങളും വീഡിയോകളും നിമിഷങ്ങൾക്കകം ക്രിയേറ്റ് ചെയ്യാനും എഡിറ്റ് ചെയ്യാനും സാധിക്കും.
2. **സോഷ്യൽ മീഡിയ പേഴ്സണലൈസേഷൻ:** നിങ്ങളുടെ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് പ്രൊഫൈലുകളും സന്ദേശങ്ങളും ഇഷ്ടാനുസരണം ഡിസൈൻ ചെയ്യാം.
3. **മെച്ചപ്പെട്ട ചാറ്റ് മാനേജ്മെന്റ്:** വാട്ട്സ്ആപ്പിൽ കൂടുതൽ സന്ദേശങ്ങളും മീഡിയകളും ബാക്കപ്പ് ചെയ്യാനും ഒരു നിശ്ചിത സമയത്തേക്ക് ചാറ്റുകൾ ഹൈഡ് ചെയ്യാനുമുള്ള ഫീച്ചറുകൾ.
4. **ക്രിയേറ്റർമാർക്ക് മികച്ച റീച്ച്:** റീൽസിൽ കൂടുതൽ പ്രോമിനന്റ് ആയ 'Follow' ബട്ടൺ, കണ്ടന്റുകളോട് പ്രതികരിക്കുന്നവർക്ക് ഓട്ടോമാറ്റിക് ഫോളോ ഇൻവിറ്റേഷൻ അയക്കാനുള്ള സൗകര്യം.
5. **ബിസിനസ് ഓട്ടോമേഷൻ:** വാട്ട്സ്ആപ്പ് ബിസിനസ് ഉപയോക്താക്കൾക്ക് 24/7 ഉപഭോക്താക്കളോട് സംവദിക്കാൻ സഹായിക്കുന്ന 'Meta Business Agent' സേവനം.
6. **സുരക്ഷയും വെരിഫിക്കേഷനും:** വ്യാജ അക്കൗണ്ടുകളിൽ നിന്ന് സംരക്ഷണം (Impersonation Protection), വെരിഫൈഡ് ബാഡ്ജ് എന്നിവ ലഭ്യമാകുന്നു.

**മെറ്റാ വൺ എങ്ങനെ സബ്സ്ക്രൈബ് ചെയ്യാം?**

മെറ്റാ വൺ സേവനങ്ങൾ നിങ്ങളുടെ സ്മാർട്ട്ഫോണിൽ സജീവമാക്കാൻ താഴെ പറയുന്ന ഘട്ടങ്ങൾ പാലിക്കുക:

1. **ആപ്പുകൾ അപ്ഡേറ്റ് ചെയ്യുക:**
നിങ്ങളുടെ ഫോണിലെ ഗൂഗിൾ പ്ലേ സ്റ്റോർ അല്ലെങ്കിൽ Apple App Store സന്ദർശിച്ച് Instagram, Facebook, WhatsApp എന്നീ ആപ്പുകൾ ഏറ്റവും പുതിയ വേർഷനിലേക്ക് അപ്ഡേറ്റ് ചെയ്യുക.
2. **അക്കൗണ്ട് സെറ്റിംഗ്സ് തുറക്കുക:**
ഇൻസ്റ്റാഗ്രാം അല്ലെങ്കിൽ ഫേസ്ബുക്ക് തുറന്ന് നിങ്ങളുടെ പ്രൊഫൈൽ പേജിലെ Settings & Privacy എന്ന വിഭാഗത്തിലേക്ക് പോകുക. അവിടെ നൽകിയിരിക്കുന്ന Account Cetnre തിരഞ്ഞെടുക്കുക.
3. **മെറ്റാ വൺ പ്ലാൻ തിരഞ്ഞെടുക്കുക:**
അക്കൗണ്ട് സെന്ററിൽ പുതിയതായി കാണുന്ന Meta One / Subscriptions ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. ഇവിടെ നിങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള പ്ലാനുകൾ (Single App Plan അല്ലെങ്കിൽ Core / Premium Bundles) കാണാം.
4. **പേയ്മെന്റ് പൂർത്തിയാക്കുക:**
നിങ്ങൾക്ക് അനുയോജ്യമായ പ്ലാൻ തെരഞ്ഞെടുത്ത ശേഷം (UPI, Debit/Credit Card, അല്ലെങ്കിൽ അപ്പ് Store / Google Pay വഴി) മാസാധിഷ്ഠിത തുക അടച്ച് സബ്സ്ക്രിപ്ഷൻ പൂർത്തിയാക്കുക.
5. **പുതിയ ഫീച്ചറുകൾ ആക്റ്റീവ് ചെയ്യുക:**
സബ്സ്ക്രിപ്ഷൻ പൂർത്തിയാകുന്നതോടെ ആപ്പിലെ എഐ സവിശേഷതകളും, ഫോണ്ടുകളും, കസ്റ്റം തീമുകളും ഓട്ടോമാറ്റിക്കായി അൺലോക്ക് ആകുകയും പ്രൊഫൈലിൽ ലഭ്യമാകുകയും ചെയ്യും.

**പ്ലാനുകളും നിരക്കുകളും**

അമേരിക്കയിൽ മെറ്റാ വൺ ഔദ്യോഗികമായി അവതരിപ്പിച്ചപ്പോൾ പ്രഖ്യാപിച്ച വിവിധ സബ്സ്ക്രിപ്ഷൻ പ്ലാനുകളും അവയുടെ പ്രതിമാസ നിരക്കുകളും (USD/$):

1. **സിംഗിൾ ആപ്പ് പ്ലാനുകൾ:**

ഏതെങ്കിലും ഒരു ആപ്പിൽ മാത്രം ഫീച്ചറുകൾ ആവശ്യമുള്ളവർക്കായി:

WhatsApp Plus: $2.99 / മാസം (എക്സ്ക്ലൂസീവ് തീമുകൾ, അധിക ചാറ്റ് പിന്നിംഗ്, കസ്റ്റം ആപ്പ് ഐക്കണുകൾ)

Instagram Plus: $3.99 / മാസം (ഡിഎം, സ്റ്റോറികൾ എന്നിവയ്ക്കുള്ള കസ്റ്റം ഫോണ്ടുകൾ, സ്റ്റോറി വ്യൂ നോട്ടിഫിക്കേഷനുകൾ, ഡിഎം പ്രിവ്യൂകൾ)

Facebook Plus: $3.99 / മാസം (മെസ്സഞ്ചർ കസ്റ്റമൈസേഷൻ, എക്സ്പാൻഡഡ് റീൽസ് ഇൻസൈറ്റുകൾ, സൂപ്പർ റിയാക്ഷനുകൾ)

2. **ബണ്ടിൽ പ്ലാനുകൾ (Individual & AI Power Users)**

എല്ലാ ആപ്പുകളിലെയും ഫീച്ചറുകളും എഐ ശേഷിയും ഒരുമിച്ച് ആഗ്രഹിക്കുന്ന വ്യക്തിഗത ഉപയോക്താക്കൾക്കായി:

Meta One Core: $7.99 / മാസം

Instagram Plus, Facebook Plus, WhatsApp Plus എന്നിവയിലെ എല്ലാ ഫീച്ചറുകളും ഇതിൽ ലഭിക്കും.

Meta AI ഉപയോഗിച്ച് വേഗത്തിലും കൂടുതലായും ഇമേജ്/വീഡിയോ ജനറേഷൻ ചെയ്യാനുള്ള സൗകര്യം.

Meta One Premium: $19.99 / മാസം

Core പ്ലാനിലെ എല്ലാ സൗകര്യങ്ങൾക്കും പുറമെ ഏറ്റവും ഉയർന്ന അളവിലുള്ള എഐ ആക്സസും നൂതന ജനറേറ്റീവ് എഡിറ്റിംഗ് ടൂളുകളും.

3. **ക്രിയേറ്റർ & ബിസിനസ് പ്ലാനുകൾ**

സ്ഥാപനങ്ങൾക്കും കണ്ടന്റ് ക്രിയേറ്റർമാർക്കും ബ്രാൻഡ് വളർച്ചയ്ക്കും സെക്യൂരിറ്റിക്കുമായി:

Essential: $14.99 / മാസം മുതൽ (വെരിഫൈഡ് ബാഡ്ജ്, ഇമ്പെർസണേഷൻ പ്രൊട്ടക്ഷൻ, മെറ്റാ ബിസിനസ് ഏജന്റ് ആക്സസ്)

Advanced: $49.99 / മാസം മുതൽ (30 ദിവസം മുമ്പേ സ്റ്റോറികൾ ഷെഡ്യൂൾ ചെയ്യാനുള്ള സൗകര്യം, ഓർഗാനിക് പോസ്റ്റുകളിലും റീൽസിലും ക്ലിക്കബിൾ ലിങ്കുകൾ, അഡ്വാൻസ്ഡ് അനലിറ്റിക്സ്)

Expert: $149 / മാസം മുതൽ (വലിയ ടീമുകൾക്ക് അനുയോജ്യമായ ഉയർന്ന ബിസിനസ് ഏജന്റ് ശേഷിയും അഡിഷണൽ ഹ്യൂമൻ സപ്പോർട്ടും)

Max: $499 / മാസം മുതൽ (വൻകിട ബിസിനസുകൾക്കും എന്റർപ്രൈസുകൾക്കുമുള്ള ഏറ്റവും ഉയർന്ന സവിശേഷതകൾ അടങ്ങിയ പ്ലാൻ)

സാധാരണ ഉപയോക്താക്കൾക്ക് തങ്ങളുടെ സോഷ്യൽ മീഡിയ അനുഭവം കൂടുതൽ ആകർഷകമാക്കാനും, കണ്ടന്റ് ക്രിയേറ്റർമാർക്കും ബിസിനസുകൾക്കും കൂടുതൽ ആളുകളിലേക്ക് എളുപ്പത്തിൽ എത്താനും മെറ്റാ വൺ വലിയൊരു അവസരമാണ് നൽകുന്നത്. നിലവിലുള്ള ഫ്രീ ഫീച്ചറുകൾ ഉപയോഗിക്കുന്നതിൽ യാതൊരു മാറ്റവുമില്ലെങ്കിലും, കൂടുതൽ വേഗതയും എഐ ശേഷിയും ആഗ്രഹിക്കുന്നവർക്ക് മെറ്റാ വൺ തീർച്ചയായും ഒരു മികച്ച അപ്ഗ്രേഡാണ്.

◗ റോബിൻസ് ആന്റണി

# 1.2 ട്രില്യൺ ഡോളർ മൂല്യം ലക്ഷ്യമിട്ട് ഓപ്പൺ എഐ: ഐപിഒ 2027 ലേക്ക് നീട്ടി!




കൃത്രിമബുദ്ധി സാങ്കേതിക വിദ്യാരംഗത്തെ ആഗോള ഭീമന്മാരായ ഓപ്പൺ എഐ പുതിയ ഫണ്ടിംഗ് സമാഹരണത്തിന് ഒരുങ്ങുന്നു. ടെക് ലോകത്തെ ഒന്നാകെ ഞെട്ടിച്ചുകൊണ്ട് 1.2 ട്രില്യൺ അമേരിക്കൻ ഡോളർ മൂല്യം ലക്ഷ്യമിട്ടാണ് കമ്പനി പുതിയ നിക്ഷേപ ചർച്ചകൾ ആരംഭിച്ചിരിക്കുന്നത്.

മൈക്രോസോഫ്റ്റും എൻവിഡിയയും ഉൾപ്പെടെയുള്ള പ്രമുഖ ആഗോള നിക്ഷേപകരിൽ നിന്ന് വൻതോതിൽ പണം സമാഹരിക്കാനാണ് ചാറ്റ് ജിപിറ്റിയുടെ സ്രഷ്ടാക്കളായ ഓപ്പൺ എഐ പദ്ധതിയിടുന്നത്. ഇതോടെ ലോകത്തിലെ ഏറ്റവും മൂല്യമുള്ള സ്വകാര്യ ടെക്നോളജി കമ്പനിയായി ഓപ്പൺ എഐ മാറും.

നേരത്തെ പബ്ലിക് ലിസ്റ്റിംഗ് അഥവാ ഐപിഒ ഈ വർഷം നടത്താൻ കമ്പനി ആലോചിച്ചിരുന്നു. എന്നാൽ നിലവിലെ നിക്ഷേപ അന്തരീക്ഷവും സുരക്ഷാ മാനദണ്ഡങ്ങളും മുൻനിർത്തി ഐപിഒ നടപടികൾ 2027 ലേക്ക് നീട്ടി വെക്കുകയാണെന്ന് സിഇഒ സാം ആൾട്ട്മാൻ സൂചന നൽകി.

ഐപിഒയ്ക്ക് മുൻപായി കമ്പനിയുടെ മൂല്യം ഇനിയും ഉയർത്തുകയാണ് പുതിയ ഫണ്ട് സമാഹരണത്തിലൂടെ ലക്ഷ്യമിടുന്നത്. നിലവിലെ നിക്ഷേപ ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണെന്നും മറ്റ് പ്രമുഖ കമ്പനികളും ഇതിൽ പങ്കാളികളാകുമെന്നും അന്താരാഷ്ട്ര സാമ്പത്തിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

നിർണ്ണായകമായ ഈ പുതിയ ഫണ്ടിംഗ് റൗണ്ട് പൂർത്തിയാകുന്നതോടെ ടെക് രംഗത്തെ ഓപ്പൺ എഐയുടെ ആധിപത്യം കൂടുതൽ ശക്തമാകും. കൂടുതൽ വിപുലമായ വലിയ എഐ മോഡലുകൾ വികസിപ്പിക്കാനും പുതിയ ഡാറ്റാ സെന്ററുകൾ സ്ഥാപിക്കാനുമാണ് ഈ തുക ഉപയോഗിക്കുക.

ചാറ്റ് ജിപിറ്റിയുടെ പ്രതിമാസ ഉപയോക്താക്കളുടെ എണ്ണം അടുത്തിടെ 100 കോടി കടന്നിരുന്നു. സാങ്കേതിക വിപണിയിൽ വൻ കുതിച്ചുചാട്ടം നടത്തുമ്പോഴും കമ്പനിയുടെ പ്രവർത്തന ചെലവുകൾ ഉയർന്ന നിലയിൽ തുടരുകയാണ്. അഡ്വാൻസ്ഡ് എഐ പ്രോസസിംഗിന് ആവശ്യമായ കമ്പ്യൂട്ടിംഗ് ശേഷിയും ഗ്രാഫിക്സ് ചിപ്പുകളും സ്വന്തമാക്കാൻ ഭീമമായ തുകയാണ് കമ്പനിക്ക് ആവശ്യമായി വരുന്നത്. ഇതാണ് വലിയ രീതിയിൽ ഫണ്ട് സ്വരൂപിക്കാൻ കമ്പനിയെ പ്രേരിപ്പിക്കുന്നത്.

മൈക്രോസോഫ്റ്റിന് നിലവിൽ കമ്പനിയിൽ വലിയ ഓഹരി പങ്കാളിത്തമുണ്ട്. എൻവിഡിയ തങ്ങളുടെ പ്രോസസറുകളും സാങ്കേതിക പിന്തുണയും നൽകിയാണ് ഓപ്പൺ എഐയുമായി സഹകരിച്ചു പ്രവർത്തിക്കുന്നത്.

എഐ സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്രീകൃത നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുമാണ് ഐപിഒ നീട്ടിവെച്ചതെന്നാണ് ലഭ്യമാകുന്ന വിവരം. സുരക്ഷാ മുൻകരുതലുകൾ പൂർണ്ണമായി സജ്ജമാക്കിയ ശേഷം മാത്രമേ പൊതു വിപണിയിലേക്ക് ഇറങ്ങുകയുള്ളൂ എന്ന് സാം ആൾട്ട്മാൻ വ്യക്തമാക്കിയിട്ടുണ്ട്.

മത്സരരംഗത്ത് ആൻത്രോപിക് ഉൾപ്പെടെയുള്ള മറ്റ് എഐ കമ്പനികൾ കടുത്ത വെല്ലുവിളി ഉയർത്തുന്നുണ്ട്. ഇതിനെ ചെറുക്കുന്നതിനായി കൂടുതൽ വിപ്ലവകരമായ മാറ്റങ്ങൾ എഐ മോഡലുകളിൽ കൊണ്ടുവരാൻ കമ്പനി തയ്യാറെടുക്കുകയാണ്.

പുതിയ നിക്ഷേപം വരുന്നതോടെ കമ്പനിയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കും വികസനത്തിനും വലിയ ഊർജ്ജം ലഭിക്കും. ടെക് വിപണിയിലും ആഗോള ഓഹരി വിപണിയിലും ഇത് സൃഷ്ടിക്കുന്ന തരംഗം വളരെ വലുതായിരിക്കും. വരും മാസങ്ങളിൽ നിക്ഷേപകരുമായുള്ള അന്തിമ കരാറുകൾ ഒപ്പിടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എഐ സാങ്കേതികവിദ്യയുടെ ഭാവി തന്നെ നിർണ്ണയിക്കുന്ന ഘട്ടത്തിലൂടെയാണ് ഓപ്പൺ എഐ കടന്നുപോകുന്നത്.

# ക്യാമറ വിപണിയിൽ വിപ്ലവം കുറിക്കാൻ കാനൻ! ഇൻബോഡി സ്റ്റെബിലൈസേഷനുള്ള ഏറ്റവും ഭാരം കുറഞ്ഞ ഫുൾ ഫ്രെയിം ക്യാമറ ഇതാ!




ഫോട്ടോഗ്രാഫി പ്രേമികളെയും കണ്ടന്റ് ക്രിയേറ്റർമാരെയും ആവേശത്തിലാക്കിക്കൊണ്ട് കാനൻ തങ്ങളുടെ ഏറ്റവും പുതിയ ഫുൾ ഫ്രെയിം മിറർലെസ് ക്യാമറ പുറത്തിറക്കി. കാനൻ ഇഒഎസ് ആർ8 മാർക്ക് കക എന്ന മോഡലാണ് കമ്പനി വിപണിയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇൻബോഡി ഇമേജ് സ്റ്റെബിലൈസേഷൻ അഥവാ ഐബിഐഎസ് സംവിധാനമുള്ള കാനന്റെ ഏറ്റവും ഭാരം കുറഞ്ഞ ഫുൾ ഫ്രെയിം ക്യാമറയാണിത്.

ക്യാമറയുടെ ഭാരം കുറവാണ് എന്നത് തന്നെയാണ് ഈ പുതിയ മോഡലിന്റെ ഏറ്റവും വലിയ പ്രത്യേകത. ദീർഘനേരം കൈയിൽ പിടിച്ച് ഫോട്ടോകളും വീഡിയോകളും പകർത്തുന്നവർക്ക് ഇത് ഏറെ ആശ്വാസകരമാകും. പ്രത്യേകിച്ച് യാത്രകൾ ചെയ്യുന്ന ഫോട്ടോഗ്രാഫർമാർക്കും വ്ലോഗർമാർക്കും ഇത് വളരെ സൗകര്യപ്രദമാണ്.

അത്യാധുനികമായ ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ സാങ്കേതികവിദ്യയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൈകൾ വിറച്ചാലും ഷേക്ക് ഇല്ലാതെ വ്യക്തതയുള്ള ചിത്രങ്ങളും വീഡിയോകളും പകർത്തുവാൻ ഇതിലൂടെ സാധിക്കും. കുറഞ്ഞ വെളിച്ചമുള്ള സാഹചര്യങ്ങളിലും മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ ക്യാമറയ്ക്ക് കഴിയും.

വേഗതയേറിയ പ്രോസസറും അഡ്വാൻസ്ഡ് ഓട്ടോഫോക്കസ് സംവിധാനവും ക്യാമറയുടെ പെർഫോമൻസ് വർദ്ധിപ്പിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും വാഹനങ്ങളുടെയും ചലനങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് ഫോക്കസ് ചെയ്യാൻ ഇതിലെ എഐ ഫോക്കസിംഗ് ടൂളുകൾ സഹായിക്കും. പ്രൊഫഷണൽ നിലവാരമുള്ള ഫോക്കസിംഗ് ഇതോടെ കൂടുതൽ എളുപ്പമായി മാറി.

ഉയർന്ന നിലവാരത്തിലുള്ള 4കെ വീഡിയോ റെക്കോർഡിംഗ് സൗകര്യവും ഈ മോഡൽ മുന്നോട്ടുവെക്കുന്നുണ്ട്. യൂട്യൂബർമാർക്കും ഇൻഫ്ലുവൻസർമാർക്കും ആവശ്യമായ എല്ലാ പ്രീമിയം ഫീച്ചറുകളും ഇതിൽ ലഭ്യമാണ്. കളർ ഗ്രേഡിംഗിന് അനയോജ്യമായ പ്രത്യേക പ്രൊഫൈലുകളും സിസ്റ്റത്തിൽ നൽകിയിട്ടുണ്ട്.

സ്മാർട്ട്ഫോണുകളുമായി എളുപ്പത്തിൽ ബന്ധിപ്പിക്കാൻ സാധിക്കുന്ന വൈഫൈ, ബ്ലൂടൂത്ത് കണക്റ്റിവിറ്റി ഫീച്ചറുകളും ഇതിലുണ്ട്. ഫോട്ടോകളും വീഡിയോകളും തത്സമയം ഫോണിലേക്ക് മാറ്റാനും സോഷ്യൽ മീഡിയയിൽ പങ്കുവെക്കാനും ഇത് സൗകര്യമൊരുക്കുന്നു. ഡിസൈനിലും വലിയ മുൻഗണന നൽകിയാണ് കമ്പനി നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്.

കൈകാര്യം ചെയ്യാൻ വളരെ എളുപ്പമുള്ള ബട്ടൺ ലേഔട്ടുകളും ശക്തമായ ഗ്രിപ്പുമാണ് ക്യാമറയ്ക്കുള്ളത്. മുൻഗാമിയായ ആർ8 മോഡലിനേക്കാൾ കൂടുതൽ ഫങ്ഷണൽ കൺട്രോളുകൾ പുതിയ പതിപ്പിൽ കാനൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി വേഗത്തിൽ സെറ്റിംഗ്സുകൾ മാറ്റാൻ സാധിക്കും.


വിപണിയിലെ മറ്റ് മുൻനിര ഫുൾ ഫ്രെയിം ക്യാമറകൾക്ക് ശക്തമായ മത്സരമാണ് കാനൻ ഇതിലൂടെ നൽകുന്നത്. മികച്ച സാങ്കേതികവിദ്യയും പോർട്ടബിലിറ്റിയും ആഗ്രഹിക്കുന്നവർക്ക് ഇതൊരു മികച്ച ചോയിസായിരിക്കും. ക്യാമറയുടെ കൃത്യമായ വിലയും ലഭ്യതയും സംബന്ധിച്ച വിവരങ്ങൾ കമ്പനി ഉടൻ ഔദ്യോഗികമായി അറിയിക്കും.

ക്രിയേറ്റീവ് രംഗത്തുള്ളവർക്ക് തങ്ങളുടെ കഴിവുകൾ പുറത്തെടുക്കാൻ സഹായിക്കുന്ന രീതിയിലാണ് ഈ ഡിവൈസ് ഡിസൈൻ ചെയ്തിരിക്കുന്നത്. തുടക്കക്കാർക്കും പ്രൊഫഷണലുകൾക്കും ഒരുപോലെ ഉപയോഗപ്രദമായ ഫീച്ചറുകൾ ഇതിൽ അടങ്ങിയിരിക്കുന്നു. പുതിയ മാറ്റങ്ങൾ വിപണിയിൽ കാനന്റെ ആധിപത്യം കൂടുതൽ ശക്തമാക്കും.

# യുഎസിൽ എണ്ണ ശേഖരം കുതിച്ചുയർന്നു; അന്താരാഷ്ട്ര വിപണിയിൽ എണ്ണവിലയിൽ പെട്ടെന്നുള്ള ഇടിവ്!



അന്താരാഷ്ട്ര വിപണിയിൽ എണ്ണവിലയിൽ പെട്ടെന്ന് അപ്രതീക്ഷിത ഇടിവ് രേഖപ്പെടുത്തി. അമേരിക്കയിൽ അസംസ്കൃത എണ്ണയുടെ കരുതൽ ശേഖരം കുത്തനെ ഉയർന്നതാണ് നിലവിൽ എണ്ണവില കുറയാൻ പ്രധാന കാരണമായത്. സൗദി അറേബ്യയിലെ പ്രധാന പൈപ്പ്ലൈനിന് നേരെയുണ്ടായ ഭീകരാക്രമണത്തെ തുടർന്ന് എണ്ണ വിതരണം തടസ്സപ്പെടുമെന്ന ആശങ്ക ലോകമെമ്പാടും ശക്തമായിരുന്നു. എന്നാൽ അമേരിക്കയിലെ വൻ എണ്ണ ശേഖര കണക്കുകൾ പുറത്തുവന്നതോടെ വിപണിയിൽ വില കുറയുകയായിരുന്നു.ബ്രെന്റ് ക്രൂഡ് ഓയിൽ വീപ്പ ഒന്നിന് 93 സെന്റ് അഥവാ 0.86 ശതമാനം ഇടിഞ്ഞ് 107.82 ഡോളറിലെത്തി. യുഎസ് വെസ്റ്റ് ടെക്സാസ് ഇന്റർമീഡിയറ്റ് (ഡബ്ല്യുടിഐ) ക്രൂഡ് നിരക്ക് 97 സെന്റ് കുറഞ്ഞ് വീപ്പ ഒന്നിന് 104.86 ഡോളറിലാണ് വ്യാപാരം നടക്കുന്നത്.കഴിഞ്ഞ ആഴ്ച അമേരിക്കൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട കണക്കുകൾ പ്രകാരം യുഎസിലെ അസംസ്കൃത എണ്ണ ശേഖരത്തിൽ 7.1 ദശലക്ഷം വീപ്പയുടെ വൻ വർദ്ധനവാണ് രേഖപ്പെടുത്തിയത്. കരുതൽ ശേഖരം കുറയുമെന്ന വിപണി വിദഗ്ധരുടെ കണക്കുകൂട്ടലുകളെ പൂർണ്ണമായും തെറ്റിച്ചുകൊണ്ടാണ് ഈ പുതിയ ഡാറ്റ എത്തിയത്.അമേരിക്കയിൽ ക്രൂഡ് ഓയിലിന് പുറമെ




ഗ്യാസോലിൻ, ഡീസൽ എന്നിവയുടെ ശേഖരത്തിലും വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ആഭ്യന്തര വിപണിയിൽ എണ്ണ ലഭ്യത ഉയർന്നതോടെ നിക്ഷേപകർ വ്യാപകമായി വിൽപന നടത്തിയത് ആഗോളതലത്തിൽ വില കുറയാൻ ഇടയാക്കി.അതേസമയം യമനിലെ ഹൂതി വിമതരുടെ ആക്രമണത്തെ തുടർന്ന് സൗദി അറേബ്യ തങ്ങളുടെ പ്രമുഖ ഈസ്റ്റ്-വെസ്റ്റ് പൈപ്പ് ലൈൻ വഴിയുള്ള എണ്ണ നീക്കം നിർത്തിവെച്ചിരുന്നു. ചെങ്കടൽ തീരത്തെ യാൻബു തുറമുഖം വഴിയുള്ള കയറ്റുമതി തടസ്സപ്പെട്ടത് മുൻദിവസങ്ങളിൽ എണ്ണവില കുതിച്ചുയരാൻ കാരണമായിരുന്നു.ലോകത്തിലെ എണ്ണ വിതരണത്തിന്റെ നാല് ശതമാനത്തോളം പ്രതിദിനം കൈകാര്യം ചെയ്യുന്നത് ഈ തന്ത്രപ്രധാന പൈപ്പ്ലൈൻ വഴിയാണ്. പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വിതരണം സാധാരണ നിലയിലാക്കാൻ ആഴ്ചകൾ എടുത്തേക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.ലിബിയയിലും എണ്ണ ഉൽപ്പാദന കേന്ദ്രങ്ങൾക്ക് നേരെ പ്രാദേശികമായ തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. എങ്കിലും ലിബിയൻ ദേശീയ എണ്ണക്കമ്പനിയുടെ പ്രവർത്തനങ്ങൾ രാജ്യത്തെ മൊത്തം കയറ്റുമതിയെ വലിയ രീതിയിൽ ബാധിച്ചിട്ടില്ലെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

## അമേരിക്കൻ കപ്പലുകളെ ആക്രമിക്കില്ലെന്ന് ഉറപ്പുനൽകി ഹൂതികൾ; റിപ്പോർട്ട് പുറത്ത്!

ചെങ്കടൽ തീരപ്രദേശങ്ങളിൽ ആധിപത്യം സ്ഥാപിച്ചതിന് തൊട്ടുപിന്നാലെ യമനിലെ ഹൂതി വിമത നേതാക്കളുമായി അമേരിക്കൻ ഉദ്യോഗസ്ഥർ ഒമാനിൽ വെച്ച് രഹസ്യ കൂടിക്കാഴ്ച നടത്തിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഒമാന്റെ തലസ്ഥാനമായ മസ്കറ്റിലെ യുഎസ് എംബസിയിൽ വെച്ചായിരുന്നു ഈ സുപ്രധാന യോഗം നടന്നത്.അമേരിക്കൻ കപ്പലുകൾക്ക് നേരെ ആക്രമണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും മേഖലയിലെ സുരക്ഷ ഉറപ്പാക്കുമെന്നും ഹൂതി പ്രതിനിധികൾ അമേരിക്കയ്ക്ക് ഉറപ്പുനൽകിയതായാണ് വിവരം. അമേരിക്കയുമായി മുൻപുണ്ടാക്കിയ വെടിനിർത്തൽ കരാർ പൂർണ്ണമായി പാലിക്കുമെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്.മധ്യപൂർവേഷ്യയിൽ നയതന്ത്ര മധ്യസ്ഥത വഹിക്കുന്ന ഒമാൻ സർക്കാരിന്റെ സഹകരണത്തോടെയാണ് ഈ കൂടിക്കാഴ്ച സാധ്യമായത്. ചെങ്കടൽ പാതയിലൂടെയുള്ള വാണിജ്യ കപ്പലുകളുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കാൻ ചർച്ചകൾ സഹായിക്കും.

ലോകമെമ്പാടുമുള്ള
വാർത്തകൾക്കും
വിശകലനങ്ങൾക്കും...




വായിക്കൂ!
വായിച്ചു
വളരൂ! സന്ദർശിക്കുക

വാചകം
VACHAKAM
News Portal for Malayalees Worldwide
www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ
അംഗമാകുന്നതിന്
ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ

A 24/7 Newspaper Focusing on
Malayalees Worldwide
Published from CHICAGO (USA)
and TORONTO (CANADA)

E-Paper നിങ്ങളുടെ ഇൻബോക്സിൽ
ലഭിക്കുവാൻ Email ID ഞങ്ങൾക്കയച്ചുതരിക
vachakamonline@gmail.com

# വർഷങ്ങളായി യമന്റെ മാത്രം പ്രശ്നമെന്ന് സൗദി കരുതി; ഒടുവിൽ വാതിലിൽ മുട്ടിയെത്തിയ ഹൂതി ഭീഷണികളും പശ്ചിമേഷ്യൻ സുരക്ഷാ മാറ്റിമറിച്ചിലുകളും!

ഏറ്റവും പുതിയ അന്താരാഷ്ട്ര സുരക്ഷാ റിപ്പോർട്ടുകൾ പ്രകാരം, യമനിൽ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന ഹൂതി വിമതരുടെ വളർച്ചയെ തങ്ങളുടെ മാത്രം ആഭ്യന്തര അതിർത്തി സങ്കീർണ്ണതയായി കണ്ടിരുന്ന സൗദി അറേബ്യ, ഇന്ന് ചരിത്രത്തിലെ ഏറ്റവും കടുത്ത സുരക്ഷാ പ്രഹരത്തിന് മുന്നിലാണ് നിൽക്കുന്നത്. 'യമന്റെ മാത്രം പ്രശ്നം' എന്ന് കരുതി തള്ളിക്കളഞ്ഞ ഹൂതി പോരാളികൾ, ഇറാന്റെ നേരിട്ടുള്ള സൈനിക സാങ്കേതിക വിദ്യകളും ആയുധ ശേഖരങ്ങളും ഉപയോഗിച്ച് ഇന്ന് സൗദിയുടെ വാതിൽപ്പടിയിൽ നേരിട്ടെത്തി ഭീഷണി മുഴക്കുന്ന അവസ്ഥയിലേക്ക് മാറി.

സൗദിയുടെ അതിർത്തികളിൽ സ്ഥിതി ചെയ്യുന്ന ഖമീസ് മുശൈത് സൈനിക താവളങ്ങൾക്ക് നേരെ ഹൂതികൾ നടത്തുന്ന ഡ്രോൺമിസൈൽ ആക്രമണങ്ങളും, ഈസ്റ്റ്‌വെസ്റ്റ് എണ്ണ പൈപ്പ്‌ലൈനുകൾ സ്തംഭിപ്പിച്ച നീക്കങ്ങളും റിയാദിന്റെ പരമ്പരാഗത പ്രതിരോധ തന്ത്രങ്ങളെ പൂർണ്ണമായും ചോദ്യം ചെയ്യുന്നവയാണ്. ബാബ് എൽമന്ദേബ് സമുദ്ര പാതയുടെ നിയന്ത്രണം കൈവശപ്പെടുത്തി ആഗോള എണ്ണ വിപണിയെയും പശ്ചിമേഷ്യൻ രാഷ്ട്രങ്ങളുടെ സമ്പദ്‌വ്യവസ്ഥയെയും ഹൈജാക്ക് ചെയ്യാൻ ഇറാൻ അച്ചുതണ്ട് നടത്തുന്ന ശ്രമങ്ങൾ പ്രസക്തമാണ്.

**ഹൂതി പോരാളികളുടെ വളർച്ചയും ഇറാന്റെ തന്ത്രപ്രധാന സൈനിക അച്ചുതണ്ടുകളും**

യമനിലെ ഒരു ഗോത്രവർഗ്ഗ പോരാട്ട വിഭാഗത്തിൽ നിന്നും ആഗോള കടൽപ്പാതകളെ വിറപ്പിക്കുന്ന സൈനിക വ്യൂഹമായി ഹൂതികൾ രൂപാന്തരപ്പെട്ടു.

**1. ഇറാന്റെ അത്യാധുനിക ഡ്രോൺമിസൈൽ സാങ്കേതികവിദ്യകളുടെ കൈമാറ്റം**

ഹൂതി വിമതർക്ക് സാമ്പത്തികസൈനിക സഹായങ്ങൾ നൽകി വളർത്തിയത് ഇറാനിയൻ റെവല്യൂഷണറി ഗാർഡ്സ് ആണ്. ദീർഘദൂര ക്രൂയിസ് മിസൈലുകൾ, ആത്മഘാതി ഡ്രോണുകൾ, നാവിക കപ്പലുകളെ ആക്രമിക്കാൻ ശേഷിയുള്ള ആന്റിഷിപ്പ് മിസൈലുകൾ എന്നിവ ഹൂതികൾക്ക് നിർമ്മിക്കാനും വിന്യസിക്കാനും സാധിച്ചത് ഇറാന്റെ ഈ തന്ത്രപ്രധാന പിന്തുണ കൊണ്ടാണ്. മുൻപ് ചെറിയ ആയുധങ്ങൾ മാത്രം കൈവശമുണ്ടായിരുന്ന ഇവർ ഇന്ന് ഗൾഫ് നാടുകളിലെ വൻകിട പ്രതിരോധ താവളങ്ങൾ ലക്ഷ്യമിടുന്നു.



**2. ബാബ് എൽമന്ദേബ് സമുദ്ര കവാടത്തിലെ സൈനിക ആധിപത്യങ്ങൾ**

ചെങ്കടലിനെയും ഏഡൻ ഉൾക്കടലിനെയും ബന്ധിപ്പിക്കുന്ന തന്ത്രപ്രധാനമായ ബാബ് എൽമന്ദേബ് സമുദ്ര പാതയ്ക്ക് സമീപമുള്ള പെരിം ദ്വീപ്, മോച്ച തുറമുഖം എന്നിവ ഹൂതികൾ പിടിച്ചെടുത്തത് ആഗോള വാണിജ്യത്തിന് വൻതിരിച്ചടിയായി. ലോകത്തിലെ മൊത്തം സമുദ്ര ചരക്ക് ഗതാഗതത്തിന്റെ വലിയൊരു പങ്ക് കടന്നുപോകുന്ന ഈ പാതയിൽ അധിനിപത്യം സ്ഥാപിച്ചതോടെ, വിദേശ കപ്പലുകൾക്ക് മേൽ നിർണ്ണായക സ്വാധീനം ചെലുത്താൻ ഹൂതികൾക്ക് സാധിച്ചു.

**3. 'ആക്സിസ് ഓഫ് റെസിസ്റ്റൻസ്' പ്രോക്സി ഗ്രൂപ്പുകളുടെ പുതിയ തന്ത്രങ്ങൾ**

ഇറാന്റെ നേതൃത്വത്തിലുള്ള അച്ചുതണ്ടിന് ഹോർമുസ് കടലിടുക്കിൽ അനുഭവപ്പെടുന്ന സൈനിക തടസ്സങ്ങൾക്ക് പകരം, ബാബ് എൽമന്ദേബിൽ പുതിയൊരു ഉപരോധ കവാടം സൃഷ്ടിക്കാൻ സാധിച്ചു. അമേരിക്കൻ-ഇസ്രായേൽ വ്യോമാക്രമണങ്ങൾ കൊടുമ്പിരി കൊള്ളുമ്പോൾ, തങ്ങളുടെ സഖ്യ രാജ്യമായ ഹൂതികളെ ഉപയോഗിച്ച് ഗൾഫ് സുരക്ഷയെ നിരന്തരം അസ്ഥിരപ്പെടുത്താനാണ് ടെഹ്റാൻ ശ്രമിക്കുന്നത്.

**4. പശ്ചിമേഷ്യൻ നയതന്ത്ര ചർച്ചകളിലെ തടസ്സങ്ങൾ**

ഒമാൻ മധ്യസ്ഥതയിൽ ഗൾഫ് രാജ്യങ്ങളും ഇറാനും തമ്മിൽ നടക്കേണ്ടിരുന്ന ഉച്ചകോടികളും സമാധാന ചർച്ചകളും ഹൂതികളുടെ നിരന്തര ആക്രമണങ്ങൾ കാരണം മാറ്റിവെക്കേണ്ടി വന്നു. റിയാദിനെയും മറ്റ് ഗൾഫ് നഗരങ്ങളെയും സമ്മർദ്ദത്തിലാക്കി തങ്ങൾക്ക് അനുകൂലമായ കരാറുകളിൽ ഒപ്പുവെപ്പിക്കാനാണ് ഈ ത്രിരാഷ്ട്ര നീക്കങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

**സൗദി സമ്പദ്‌വ്യവസ്ഥയ്ക്കും പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും മേലുള്ള ആഘാതങ്ങൾ**

ഹൂതി ആക്രമണങ്ങൾ തുടരുന്നത് സൗദി അറേബ്യയുടെ ദീർഘകാല സാമ്പത്തിക പദ്ധതികളെയും എണ്ണ കയറ്റുമതിയെയും ബാധിക്കുന്നു.

**1. എണ്ണ കയറ്റുമതി പാതകളുടെ സ്തംഭനാവസ്ഥ**

ഹോർമുസ് കടലിടുക്കിലെ ഉപരോധം മറികടക്കാൻ സൗദി അറേബ്യ ഉപയോഗിച്ചിരുന്ന 1200 കിലോമീറ്റർ നീളമുള്ള ഈസ്റ്റ്‌വെസ്റ്റ് എണ്ണ പൈപ്പ്‌ലൈനുകൾ ഡ്രോൺ ആക്രമണത്തിൽ തകർന്നത് വൻ തിരിച്ചടിയായി. പേർഷ്യൻ ഗൾഫിലെ എണ്ണപ്പാടങ്ങളിൽ നിന്നും ചെങ്കടൽ തുറമുഖങ്ങളിലേക്ക് എണ്ണ എത്തിച്ചിരുന്ന ഈ പ്രധാന പാത അടഞ്ഞതോടെ, സൗദിയുടെ പ്രതിദിന എണ്ണ കയറ്റുമതിയിൽ വലിയ ഇടിവാണ് രേഖപ്പെടുത്തിയത്.

**2. 'വിഷൻ 2030', നിയോം മെഗാ പദ്ധതികളിലെ അനിശ്ചിതത്വങ്ങൾ**

എണ്ണയെ മാത്രം ആശ്രയിക്കാതെ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ വികസിപ്പിക്കാൻ സൗദി കിരീടാവകാശി മുന്നോട്ടുവെച്ച നിയോം ഹൈടെക് നഗര പദ്ധതി ഉൾപ്പെടെയുള്ള വിദേശ നിക്ഷേപ പദ്ധതികൾക്ക് ഈ ആക്രമണങ്ങൾ മങ്ങലേൽപ്പിക്കുന്നു. അതിർത്തികളിൽ മിസൈൽ ഭീഷണികൾ നിലനിൽക്കുമ്പോൾ വിദേശ ആഗോള കമ്പനികൾ നിക്ഷേപങ്ങളിൽ നിന്നും പിന്നോട്ട് പോകാൻ ഇടയുണ്ട്.

**3. പ്രതിരോധ ബജറ്റുകളിലെ ഭീമമായ കുതിച്ചുചാട്ടങ്ങൾ**

ഹൂതിഡ്രോണുകളെയും മിസൈലുകളെയും തടയാൻ അത്യാധുനിക പാട്രിയറ്റ്, താഡ് പ്രതിരോധ സംവിധാനങ്ങൾ നിരന്തരം ഉപയോഗിക്കേണ്ടി വരുന്നത് സൗദിയുടെ സാമ്പത്തിക കവചത്തെ തളർത്തുന്നു. കുറഞ്ഞ ചിലവിൽ ഹൂതികൾ അയക്കുന്ന ഡ്രോണുകളെ വീഴ്ത്താൻ ശതകോടികളുടെ പേട്രിയറ്റ് മിസൈലുകൾ വിക്ഷേപിക്കേണ്ടി വരുന്നത് പ്രതിരോധ ബജറ്റ് ഇരട്ടിയാക്കുന്നു.

**4. ഗൾഫ് സഖ്യരാഷ്ട്രങ്ങൾക്കിടയിലെ ഭിന്നതകളും റിയാദിന്റെ മുന്നറിയിപ്പുകളും**

അമേരിക്കയിൽ നിന്നും പ്രതീക്ഷിച്ച രീതിയിലുള്ള നേരിട്ടുള്ള സൈനിക പിന്തുണ ലഭ്യമാകാത്തത് റിയാദിനെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. തങ്ങളുടെ ആഭ്യന്തര സുരക്ഷ സംരക്ഷിക്കാൻ പുതിയ പ്രാദേശിക പാക്ടുകളെ ആശ്രയിക്കാൻ സൗദി നിർബന്ധിതരാകുന്നു.

**ആഗോള വിപണിയിലെ തരംഗങ്ങളും ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ വിപണിയിലെ പ്രത്യാഘാതങ്ങളും**

പശ്ചിമേഷ്യൻ കടൽപ്പാതകളിലെ പോരാട്ടങ്ങൾ ലോക സമ്പദ്‌വ്യവസ്ഥയിൽ കടുത്ത പണപ്പെരുപ്പ തരംഗങ്ങളാണ് സൃഷ്ടിക്കുന്നത്.

**1. അന്താരാഷ്ട്ര വിപണിയിലെ എണ്ണവില വർദ്ധനവുകൾ**

സൗദി പൈപ്പ്‌ലൈനുകൾ അടയുകയും ചെങ്കടൽ പാത തടസ്സപ്പെടുകയും ചെയ്തതോടെ ബ്രെന്റ് ക്രൂഡ് ഓയിൽ നിരക്കുകൾ ബാരലിന് ഉയർന്ന നിലയിലേക്ക് കുതിച്ചു. ലോകത്തിലേക്ക് എത്തുന്ന ക്രൂഡ് ഓയിൽ വിതരണത്തിൽ 4 ശതമാനം വരെ കുറവ് വരുന്നത് ആഗോള ഇന്ധന ശൃംഖലയെ ബാധിക്കും.

**2. സമുദ്ര ഇൻഷുറൻസ് നിരക്കുകളിലെയും വാടകയിലെയും കുതിച്ചുചാട്ടം**

ചെങ്കടലിലൂടെയും ഗൾഫ് സമുദ്രങ്ങളിലൂടെയും സഞ്ചരിക്കുന്ന ചരക്കുകപ്പലുകൾക്ക് മേൽ വാർറിസ്ക് ഇൻഷുറൻസ് സർചാർജ്ജുകൾ കൂട്ടിയതും, ആഫ്രിക്കൻ ഭൂഖണ്ഡം ചുറ്റി സഞ്ചരിക്കേണ്ടി വന്നതും കപ്പൽ ചരക്ക് വാടക വർദ്ധിപ്പിച്ചു. ഇത് ഏഷ്യയിൽ നിന്നുള്ള കയറ്റുമതി സാമഗ്രികളുടെ വില കൂട്ടും.

**3. ഇന്ത്യൻ ഇന്ധന സുരക്ഷയും പ്രവാസി സാമ്പത്തിക സാഹചര്യങ്ങളും**

ഗൾഫ് മേഖലയിലെ യുദ്ധാന്തരീക്ഷവും എണ്ണവിലക്കയറ്റവും ഇന്ത്യയുടെ വിദേശ നാണയ ശേഖരത്തെ പ്രതികൂലമായി ബാധിക്കും. കൂടാതെ സൗദി അറേബ്യയിലും മറ്റ് ഗൾഫ് നാടുകളിലും ജോലി ചെയ്യുന്ന ദശലക്ഷക്കണക്കിന് പ്രവാസി കുടുംബങ്ങളുടെ റമിറ്റൻസ് തുകകളിലും സുരക്ഷയിലും അനിശ്ചിതത്വങ്ങൾ നിലനിൽക്കും.

**4. നയതന്ത്ര തലത്തിലുള്ള സമാധാന ആഹ്വാനങ്ങൾ**

ഹോർമുസ്, ബാബ് എൽമന്ദേബ് സമുദ്ര പാതകളിലെ തടസ്സങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര സമുദ്ര വാണിജ്യം പുനഃസ്ഥാപിക്കാൻ അടിയന്തിര വെടിനിർത്തൽ ഉണ്ടാകണമെന്ന് ഭാരതീയ വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു.

യമന്റെ മാത്രം ആഭ്യന്തര പ്രശ്നമായി ഹൂതികളെ കണ്ട് മാറ്റിനിർത്തിയ സൗദി അറേബ്യയ്ക്ക്, ഇന്ന് സ്വന്തം സമുദ്ര അതിർത്തികളും എണ്ണ പൈപ്പ്‌ലൈനുകളും കാത്തുസൂക്ഷിക്കുക എന്നത് വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു. ഇറാന്റെ പിൻബലത്തോടെ ഹൂതികൾ പശ്ചിമേഷ്യൻ എണ്ണ നയതന്ത്രങ്ങളെയും കടൽപ്പാതകളെയും വരിഞ്ഞുമുറുക്കുമ്പോൾ, അത് റിയാദിന്റെ മാത്രമല്ല, ലോകമെമ്പാടുമുള്ള ചരക്ക് വിപണികളുടെ സുരക്ഷയെയാണ് പ്രതിസന്ധിയിലാക്കുന്നത്.







"Does this object look odd to you? No wonder – it is a so-called Rubin vase. When you take a closer look at the picture you will see that the side contours of this container form the profiles of a man and a woman."

## NEXT GEN
The Future is New

Hey Next Gen, are you ready for a quick logic flexing? Most people look at this puzzle and confidently drop the wrong answer in the first 5 seconds. Let's see if you have that elite 'Gen Z' detective brain to crack it!

**The Scenario**

You are locked inside a futuristic digital escape room. To hack the system and open the main door, you need to guess a secret 3-digit master code. The AI system has given you 5 cryptic clues:

- 6 8 2 - One number is correct and well-placed.
- 6 1 4 - One number is correct but wrongly placed.
- 2 0 6 - Two numbers are correct but both are wrongly placed.
- 7 3 8 - Nothing is correct. (Total trash, forget these!)
- 3 8 0 - One number is correct but wrongly placed.

**Your Mission**

Can you decode the lock and escape? Leave your answers in the comments!

**(Psst... the system reveal will be dropped in the next edition. Don't look for cheat codes!)**

# പുതിയ അമേരിക്കൻ കുടിയേറ്റ നയങ്ങളുടെ സമഗ്ര വിവരങ്ങൾ



അമേരിക്കൻ സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് പുറപ്പെടുവിച്ച ഏറ്റവും പുതിയ നയരേഖകൾ അനുസരിച്ച്, അമേരിക്കയിലെ സ്ഥിര താമസത്തിനുള്ള ഗ്രീൻ കാർഡ് സ്വന്തമാക്കാനുള്ള പാത മുമ്പെന്നത്തേക്കാളും സങ്കീർണ്ണവും കഠിനവുമായി മാറുകയാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻ്റ് സെക്യൂരിറ്റി ആവിഷ്കരിച്ച ഭേദഗതി ചെയ്ത 'പബ്ലിക് ചാർജ് റൂൾ' 2026 സെപ്തംബർ 18 മുതൽ പൂർണ്ണമായി പ്രാബല്യത്തിൽ വരുന്നതാണ് ഈ അടിയന്തിര മാറ്റങ്ങൾക്ക് കാരണം.

അമേരിക്കൻ ഗവൺമെന്റിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ താൽക്കാലികമായെങ്കിലും കൈപ്പറ്റിയിട്ടുള്ളവർക്കോ ഭാവിയിൽ സാമ്പത്തികമായി ഗവൺമെന്റിനെ ആശ്രയിക്കാൻ സാധ്യതയുണ്ടെന്ന് ഉദ്യോഗസ്ഥർ കരുതുന്നവർക്കോ ഗ്രീൻ കാർഡ് വിസകൾ പൂർണ്ണമായി നിഷേധിക്കാൻ പുതിയ ചട്ടങ്ങൾ അനുമതി നൽകുന്നു. പെൻഡിംഗ് അപേക്ഷകരെയും ഭാരതത്തിൽ നിന്നുള്ള ലക്ഷക്കണക്കിന് ഐടി പ്രൊഫഷണലുകളെയും ബാധിക്കുന്ന ഈ പുതിയ അമേരിക്കൻ കുടിയേറ്റ തീരുമാനങ്ങളെക്കുറിച്ചും അതിലെ സങ്കീർണ്ണതകളെക്കുറിച്ചും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

## പുതിയ പബ്ലിക് ചാർജ് നിയമങ്ങളും അപേക്ഷകർ നേരിടുന്ന പ്രധാന നിബന്ധനകളും

യുഎസ് സിവിലിയൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഇനി മുതൽ ഗ്രീൻ കാർഡ് അപേക്ഷകൾ തള്ളാൻ പ്രധാന കാരണമാകും.

**1. അഞ്ച് പ്രധാന വ്യക്തിഗത ഘടകങ്ങളുടെ സമഗ്രമായ വിലയിരുത്തലുകൾ**

ഗ്രീൻ കാർഡിനായി സമർപ്പിക്കുന്ന ഫോം ഐ485 അപേക്ഷകളിൽ ഓരോ വ്യക്തിയുടെയും അഞ്ച് കാതലായ സവിശേഷതകൾ ഉദ്യോഗസ്ഥർ പരിശോധിക്കും. അപേക്ഷകന്റെ വയസ്സ്, ആരോഗ്യ സ്ഥിതി, കുടുംബ പശ്ചാത്തലം, ആസ്തിയും സാമ്പത്തിക നിലയും, ഒപ്പം വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യം എന്നിവ ഇതിൽ ഉൾപ്പെടും. ഏതെങ്കിലും ഒരു ഘടകത്തിൽ വ്യക്തി പിന്നാക്കമാണെന്ന് കണ്ടെത്തിയാൽ പോലും അത് ഗ്രീൻ കാർഡ് നിരസിക്കലിന് കാരണമായേക്കാം.

**2. ഗവൺമെന്റ് വെൽഫെയർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിലെ പുതിയ വിലക്കുകൾ**

സെപ്തംബർ 18 മുതൽ അപേക്ഷിക്കുന്നവരോ നിലവിൽ കേസുകൾ തീർപ്പാക്കാത്തവരോ ഗവൺമെന്റിന്റെ ഏതെങ്കിലും സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് കുറ്റകരമായി കണക്കാക്കും. ഫുഡ് സ്റ്റാമ്പുകൾ, ഹൗസിങ് സഹായങ്ങൾ, കോളേജ് വിദ്യാഭ്യാസ സാമ്പത്തിക ഗ്രാൻ്റുകൾ, മറ്റ് പ്രതിമാസ ഗവൺമെന്റ് പെൻഷനുകൾ എന്നിവ വാങ്ങിയവരെ പബ്ലിക് ചാർജ് പരിധിയിൽ ഉൾപ്പെടുത്തി അപേക്ഷകൾ തള്ളും.

**3. 'പബ്ലിക് ചാർജ് ബോണ്ട് (Form I-945) സമർപ്പിക്കാനുള്ള പുതിയ മാനദണ്ഡങ്ങൾ**

ഒരു അപേക്ഷകൻ പബ്ലിക് ചാർജ് പരിധിയിൽ പെടുമെന്ന് തോന്നുമ്പോഴും മറ്റ് നിബന്ധനകൾ തൃപ്തികരമാണെങ്കിൽ, ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിൽ അപേക്ഷകനോട് സാമ്പത്തിക ഗ്യാരണ്ടിയായി 'പബ്ലിക് ചാർജ് ബോണ്ട്' അടയ്ക്കാൻ ആവശ്യപ്പെടാം. തങ്ങൾ സാമ്പത്തിക ബാധ്യത വരുത്തില്ല എന്ന് തെളിയിക്കാൻ അയ്യായിരത്തിലധികം ഡോളറുകളുടെ ഭാരിച്ച സെക്യൂരിറ്റി ബോണ്ടുകൾ കെട്ടിവെക്കേണ്ടി വരുന്നത് സാധാരണക്കാരായ അപേക്ഷകർക്ക് അധിക സാമ്പത്തിക ഭാരമാകും.

**4. പൊരുത്തപ്പെടാത്ത അഫിഡവിറ്റ് ഓഫ് സപ്പോർട്ട് (Form I-864) കുരുക്കുകൾ**

കുടുംബാംഗങ്ങൾ സ്പോൺസർ ചെയ്യുന്ന ഗ്രീൻ കാർഡുകൾക്ക് നൽകേണ്ട അഫിഡവിറ്റ് ഓഫ് സപ്പോർട്ട് ഫോമുകൾ ഉദ്യോഗസ്ഥർ അതീവ കർശനമായി വിലയിരുത്തും. സ്പോൺസർ ചെയ്യുന്ന വ്യക്തിയുടെ വരുമാനം അപേക്ഷകനെ സംരക്ഷിക്കാൻ തക്കവിധം മതിയായതല്ല എന്ന് വിലയിരുത്തിയാൽ ഉടനടി അപേക്ഷ നിരസിക്കാനുള്ള നിർദ്ദേശമാണ് നിലവിലുള്ളത്.

## ഇന്ത്യൻ തൊഴിലധിഷ്ഠിത (EB-2, EB-3) അപേക്ഷകർക്ക് ഉണ്ടാകുന്ന തിരിച്ചടികൾ

എച്ച്-1ബി വിസകളിൽ അമേരിക്കയിൽ ജീവിക്കുന്ന ഇന്ത്യൻ ടെക് പ്രൊഫഷണലുകളുടെ ഗ്രീൻ കാർഡ് കാത്തിരിപ്പുകൾ കൂടുതൽ നീണ്ടുപോകാൻ ഈ പുതിയ ഭേദഗതി കാരണമാകും.

**1. പതിറ്റാണ്ടുകൾ നീളുന്ന വിസ ബാക്ക് ലോഗുകളും പുതിയ പ്രതിസന്ധികളും**

ഇവി-2, ഇവി-3 കാറ്റഗറികളിൽ ഗ്രീൻ കാർഡിനായി അപേക്ഷിച്ച് കാത്തിരിക്കുന്ന ഇന്ത്യൻ അപേക്ഷകരുടെ ബാക്ക്ലോഗ് ഇതിനോടകം തന്നെ 10 മുതൽ 20 വർഷം വരെ നീണ്ടതാണ്. പുതിയ ചട്ടങ്ങൾ അനുസരിച്ച് അപേക്ഷ തീയതികളിലോ പ്രോസസിംഗിലോ നേരിയ പിഴവ് സംഭവിച്ചാൽ പോലും പതിറ്റാണ്ടുകളുടെ കാത്തിരിപ്പ് നിഷ്ഫലമായി അപേക്ഷകൾ തള്ളപ്പെടാൻ സാധ്യതയേറെയാണ്.

**2. ഫോം ഐ–485 പുതിയ എഡിഷനുകളിലെ കർശനമായ മാറ്റങ്ങൾ**

സെപ്തംബർ 18 മുതൽ ഐ–485 അപേക്ഷയുടെ പഴയ എഡിഷനുകൾ യുഎസ്സിഐഎസ് സ്വീകരിക്കില്ല. പുതിയ അപേക്ഷയിൽ അപേക്ഷകന്റെ മുഴുവൻ സാമ്പത്തിക സ്രോതസ്സുകളും ക്രെഡിറ്റ് ഹിസ്റ്ററിയും നികുതി അടവുകളും വെളിപ്പെടുത്തേണ്ടത് നിർബന്ധമാണ്. ആസ്തി കുറവാണെന്ന് കണ്ടാൽ പോലും തൊഴിലധിഷ്ഠിത അപേക്ഷകൾ പ്രതിസന്ധിയിലാകും.

**3. ലേഓഫുകളും തൊഴിലില്ലായ്മ കാലഘട്ടങ്ങളും സൃഷ്ടിക്കുന്ന ഭീഷണികൾ**

അമേരിക്കൻ ടെക് മേഖലയിൽ നിലനിൽക്കുന്ന ലേഓഫുകൾ കാരണം ഇടക്കാലത്ത് ജോലി നഷ്ടപ്പെട്ട് ഗവൺമെന്റ് സഹായങ്ങൾ തേടേണ്ടിവന്ന ഇന്ത്യക്കാർക്ക് പുതിയ നയം വിനയാകും. ലേഓഫ് കാലയളവിലെ വരുമാനമില്ലായ്മ അപേക്ഷകനെ പബ്ലിക് ചാർജ് തരംതിരിവിൽ പെടുത്താൻ ഇമിഗ്രേഷൻ ഓഫീസർമാർക്ക് വലിയ അധികാരം നൽകുന്നു.

**4. എഫ്–1 വിദ്യാർത്ഥികൾക്ക് മേൽ ഏർപ്പെടുത്തിയ ഫിക്സഡ് അഡ്മിഷൻ തീയതികൾ**

സെപ്തംബർ 15 മുതൽ പ്രാബല്യത്തിൽ വന്ന വിദ്യാർത്ഥികളുടെ 'ഡ്യൂറേഷൻ ഓഫ് സ്റ്റാറ്റസ്' നിയമ ഭേദഗതി കാരണം വിദേശ വിദ്യാർത്ഥികൾക്ക് പരമാവധി 4 വർഷം മാത്രമേ അമേരിക്കയിൽ തങ്ങാൻ സാധിക്കൂ. ഇതോടെ പഠനത്തിന് ശേഷം എച്ച്-1ബി വിസയിലേക്കും പിന്നീട് ഗ്രീൻ കാർഡിലേക്കും മാറാൻ ശ്രമിക്കുന്ന ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് അത്യാവശ്യ സമയം ലഭ്യമാകാതെ വരും.

## ഗ്രീൻ കാർഡ് അപേക്ഷകർ അടിയന്തിരമായി സ്വീകരിക്കേണ്ട മുൻ കരുതലുകൾ

സങ്കീർണ്ണമാകുന്ന ഈ അമേരിക്കൻ ഇമിഗ്രേഷൻ നിയമങ്ങളിൽ നിന്നും രക്ഷനേടാൻ വിദഗ്ദ്ധമായ മുൻകരുതലുകൾ ആവശ്യമാണ്.

**1. മേൽനോട്ടമുള്ള ഇമിഗ്രേഷൻ അറ്റോർണിമാരുടെ ഉപദേശങ്ങൾ**

സ്വന്തമായി ഐ-485 ഫോമുകൾ പൂരിപ്പിച്ച് സമർപ്പിക്കുന്ന രീതി ഒഴിവാക്കി അംഗീകൃത കുടിയേറ്റ അഭിഭാഷകരുടെ സഹായം തേടേണ്ടതാണ്. സാമ്പത്തിക വിവരങ്ങളും ഇൻകം ടാക്സ് റിട്ടേണുകളും കൃത്യമായി പരിശോധിച്ച ശേഷം മാത്രം പുതിയ ഫോമുകൾ ഫയൽ ചെയ്യുക.

**2. അവശ്യ പൊതു സഹായങ്ങൾ സ്വീകരിക്കുന്നത് ഒഴിവാക്കൽ**

ഗ്രീൻ കാർഡ് പ്രോസസിംഗ് നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഗവൺമെന്റിന്റെ സൗജന്യ മെഡിക്കൽ ഇൻഷുറൻസുകൾ, ഫുഡ് ആനുകൂല്യങ്ങൾ, ഭവന സഹായ ഗ്രാൻ്റുകൾ എന്നിവ വാങ്ങുന്നത് പൂർണ്ണമായി തടയണം. ഇത് ഭാവി അപേക്ഷകളിൽ വലിയ തടസ്സമായി ഉയർന്നുവരാം.


**3. കൃത്യമായ ക്രെഡിറ്റ് റിപ്പോർട്ടുകളും ബാങ്ക് ബാലൻസും കാത്തുസൂക്ഷിക്കൽ**

അപേക്ഷകന് സ്വയം ജീവിക്കാൻ ആവശ്യത്തിന് ബാങ്ക് ബാലൻസും മികച്ച ആസ്തികളും അമേരിക്കയിലോ സ്വന്തം രാജ്യത്തോ ഉണ്ടെന്ന് കാണിക്കുന്ന സാമ്പത്തിക തെളിവുകൾ കൈവശം വെക്കണം. ക്രെഡിറ്റ് സ്കോറുകൾ ഉയർന്ന നിലയിൽ നിലനിർത്തുന്നത് ഓഫീസറുടെ വ്യക്തിഗത വിലയിരുത്തലുകളിൽ അനുകൂലമായ നിലപാടെടുക്കാൻ സഹായിക്കും.

**4. ഇളവുള്ള വിസ വിഭാഗങ്ങളെ തിരിച്ചറിയൽ**

അഭയാർത്ഥികൾ, ആഭ്യന്തര പീഡനങ്ങൾ അനുഭവിച്ചവർ, പ്രത്യേക ഹ്യൂമാനിറ്റേറിയൻ പ്രൊട്ടക്ഷൻ വിസയിലുള്ളവർ എന്നിവർക്ക് പബ്ലിക് ചാർജ് നിയമങ്ങൾ ബാധകമല്ല. സ്വന്തം കാറ്റഗറി ഇത്തരം നിബന്ധനകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതാണോ എന്ന് അപേക്ഷകർ മുൻകൂട്ടി സ്ഥിരീകരിക്കേണ്ടതുണ്ട്.




50th
WEDDING ANNIVERSARY
SEPT. 19, 2026
GEORGE JOSEPH &
JAYAMOL KOTTUKAPPALLY
DATE OF MARRIAGE
SEPTEMBER 19, 1976